032.3N114:11 J1 VENMADATHILE RANI BHARATI AMMA.

032.'3N114:11
J1

3 N114

MUL

165530

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

6 MAY 2002

19 MAY 1961

25 JUL 1961

7 AUG 1961

11 MAY 1965

3 AUG 1965

2 NOV 1966

6 MAY 2002

I

Venmadathile Rani

# വെൺമാടത്തിലെ റാണി

UNIVERSITY LIBRARY
29 MAR 1956
MADRAS

Bharati Amma K

ഗ്രന്ഥകർത്രി

കെ. ഭാരതിഅമ്മ

Sriram Vilas Press

പ്രകാശകർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണശാല

കൊല്ലം.

ഒന്നാംപതിപ്പ് കാപ്പി 1000.

**1951**

പകൎപ്പവകാശം പ്രകാശകൎക്ക്.

165530
38458
032:3N114:11
J1

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

# വെൺമാടത്തിലെ റാണി.

(ഒരു പുതിയ നോവൽ.)

## അദ്ധ്യായം 1.

ഉദ്ദേശം രണ്ടുമണിയായിക്കാണും. കടുംകുംഭമാസത്തിലെ പൊരിയുന്ന വെയിൽ. അതികഠിനമായ ഉദരാഗ്നിയെ ശമിപ്പിയ്ക്കുന്നതിന്ന് മററുമാർഗ്ഗങ്ങളൊന്നും ഇല്ലായ്കയാൽ യാചകവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ദയനീയവർഗ്ഗങ്ങൾ പോലും അത്യുഷ്ണകിരണങ്ങളെ പൊഴിച്ചുകൊണ്ടു് വിയന്മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ദിനകരഭഗവാന്റെ കഠോരരശ്മികളുടെ ആതപത്തെ സഹിയ്ക്കുവാൻ ശക്തരാകാതെ പടർന്നുപിടിച്ചുനില്ക്കുന്ന തരുപ്രവരന്മാരുടെ മൂലപ്രദേശത്തേയും വഴിയരുകിൽ സ്ഥിതിചെയ്യുന്ന തണ്ണീർപന്തലുകളുടെ വരാന്തകളേയും ആശ്രയിച്ചിരിയ്ക്കുന്നു. പക്ഷിമൃഗാദികളാകട്ടെ തങ്ങൾക്കു് ശീതാതപാദികളിൽ നിന്നു് രക്ഷനേടുന്നതിന്നു് ജഗദീശ്വരനാൽ ദത്തമായിരിയ്ക്കുന്ന രോമാഞ്ചകഞ്ചുകങ്ങളും ഈ സമയത്തു് നിരുപയോഗമാണെന്നുള്ള ബോധത്താൽ വൃക്ഷകോടരങ്ങളേയും കുററിക്കാടുകളേയും അഭയം പ്രാപിച്ചിരിക്കുന്നു. ഈസമയത്തു ഏകദേശം ഒരു പതിനാലു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലിക ഒരുചെമ്പുകുടം

നിറയെ വെള്ളവും ചുമലിലേന്തി തന്റെ ചുമടിന്റെ ഭാരം സഹിയ്ക്കുന്നതിന്നു അശക്തയെന്നമട്ടിൽ ഒരുവശത്തേയ്ക്കു മെല്ലെ ചരിഞ്ഞും രവിപുരം ആററുവക്കിലുള്ള പബ്ലിക്കുനിരത്തിൽക്കൂടി നടന്നുപോകുന്നു. കരിങ്കാർനിറമാൎന്ന് ചുരുണ്ടിടതൂൎന്ന കുന്തളഭാരം ബന്ധവിമുക്തമായി കണങ്കാലോളം നീണ്ടുകിടക്കുന്നതിനാലും അവൾ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ ഈറനാകയാലും അവളുടെ ഈയാത്ര സ്നാനാനന്തരമുള്ള മടങ്ങിവരവാണെന്ന് ഏവൎക്കും ഊഹിയ്ക്കാം. നിറകുടത്തെ താങ്ങിപ്പിടിച്ചിരിക്കുന്ന ബാഹുലതകളും മനോഹരമായ പുറങ്കാലുകളും അവളുടെ വൎണ്ണം കാഞ്ചനതുല്യമാണെന്ന് കാണികളെ മനസ്സിലാക്കുന്നുണ്ടെങ്കിലും അല്പം തുടുത്തുവീങ്ങിയ ആ വദനസരോജം ചെമ്പരുത്തിക്കുസുമസദൃശംഅരുണവൎണ്ണമാൎന്നിരിക്കുന്നു. നീലോല്പലതുല്യങ്ങളായ അവളുടെ ദീൎഘലോചനങ്ങൾ നിറഞ്ഞുകവിയുന്ന ബാഷ്പധാര സതതേ ഈറനായിരിക്കുന്ന ബ്ലൌസിൽ ഇടവിടാതെ പതിയ്ക്കുകയാൽ അതു് പങ്കജകോരകങ്ങളെ അമ്പരപ്പിക്കുമാറുള്ള സ്തനയുഗങ്ങളിൽ പററിപ്പിടിച്ചു കിടക്കുന്നു. അവളുടെ ഹൃദയത്തിൽനിന്നും ഉദ്ഗമിക്കുന്നതായ താപാനലന്റെ അസഹ്യതയാലൊ, അത്യുഷ്ണങ്ങളായ അരുണകിരണങ്ങളേററിട്ടൊ ഇടയ്ക്കിടെ ഉണങ്ങിപ്പോകുന്ന പവിഴാധരങ്ങളിൽ ഇററിററുവീഴുന്ന ബാഷ്പബിന്ദുക്കളെ വസ്ത്രാഞ്ചലത്താൽ തുടച്ചുകൊണ്ടും കാണികളുടെ ഹൃദയത്തെക്കൂടിസ്തംഭിപ്പിയ്ക്കുംവിധം ദീൎഘദീൎഘം നിശ്വസിച്ചുകൊണ്ടും ആ പൊരിയുന്ന വെയിലത്തു നടന്നുപോകുന്ന ഈ ബാലികാര

വിപുരം ഹൈസ്കൂളിലെ ഒന്നാമസിസ്റ്റൻറായ ശാന്തോദരിയമ്മയുടെ ഭർത്തൃസഹോദരിയായ ശാന്തകുമാരിയാണു്. ശാന്തകുമാരിക്കു ആറുവയസ്സുള്ളപ്പോൾ അവളുടെ മാതാപിതാക്കന്മാർ വിഷൂചികാബാധയാൽ ഇഹലോകവാസം വെടിഞ്ഞു. അന്നു് അവളുടെ പതിനെട്ടുവയസ്സുപ്രായമുള്ള സഹോദരൻ മാത്രമാണു് അവൾക്കു രക്ഷിതാവായിട്ടുണ്ടായിരുന്നതു്. അവക്കു് അന്നു സ്വന്തമായിട്ടുണ്ടായിരുന്ന സ്വത്തു് ഒരേക്കർ വിസ്തീർണ്ണമുള്ള ഒരു പറമ്പും ചെറിയതാണെങ്കിലും വളരെ വൃത്തിയും ഉറപ്പുമുള്ള ഒരു ഭവനവും മാത്രമായിരുന്നു. ശാന്തകുമാരിയുടെ സഹോദരനായ രാഘവൻകുട്ടി ചെറുപ്പമാണെങ്കിലും വളരെ സമർത്ഥനും സുശീലനും സുഭഗനുമായിരുന്നു. അയാൾ മതാപിതാക്കന്മാരുടെ മരണാനന്തരം തൻെറ സഹോദരിക്കു യാതൊരു സങ്കടങ്ങൾക്കും ഇടകൊടുക്കാതെ സുഖമായും സൂക്ഷിച്ചും വളർത്തിവന്നു. പുരയിടത്തിൽനിന്നും ലഭിക്കുന്ന ആദായത്തിനപ്പുറമെ ഒരുനൂൽകമ്പനിയിൽ ക്ലാക്കായിട്ടുചേന്നു് പ്രതിമാസം നാല്പതു ഉറുപ്പിക ശമ്പളവും അയാൾ വാങ്ങിയിരുന്നു. മാതാപിതാക്കന്മാർ മരിക്കുമ്പോൾ രണ്ടാംക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന സഹോദരിയെ അവരുടെ മരണാനന്തരവും നിഷ്കൃഷ്ടയായി പഠിപ്പിച്ചുകൊണ്ടുതന്നെയിരുന്നു. അവളുടെ ശുശ്രൂഷക്കും ഗൃഹഭരണത്തിനുമായി കുറെ പ്രായംചെന്ന ഒരു സ്ത്രീയെ ഗൃഹത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. ഈ സ്ത്രീക്കു് ഒരു അൻപത്തിയഞ്ചുവയസ്സു പ്രായമായിട്ടുണ്ടെങ്കിലും അവർ നല്ല ആരോഗ്യവതിയും ഗൃഹഭരണത്തിൽ അ

തിനിപുണയും വലിയ വിദ്യാസമ്പന്നയല്ലെങ്കിലും നല്ലലോകപരിജ്ഞാനമുള്ളവളുമായിരുന്നു. അവൾക്കു ശാന്തകുമാരിയോടും രാഘവൻകുട്ടിയോടും സ്വന്തം കുട്ടികളോടെന്നപോലെയുള്ള സ്നേഹമുണ്ടായിരുന്നു. അവൾക്കു ഒരുപുത്രനും ഒരുപുത്രിയും പുത്രിക്കു രണ്ടുസന്താനങ്ങളുമുണ്ടായിരുന്നു. അവർ ആ രാജ്യത്തിന്റെ തലസ്ഥാനമായ ദേവനഗരിയിലുള്ള സ്വന്തം ഗൃഹത്തിലാണ് വസിച്ചിരുന്നതു്. അവരുടെ പുത്രനു ദേവനഗരിയിൽതന്നെ ഒരു ചെറിയ ഉദ്യോഗവുമുണ്ടായിരുന്നു. ആണ്ടിലൊരിക്കൽ അവരെ കാണുന്നതിനായി ഈ സ്ത്രീ പോകാറുണ്ടെങ്കിലും രണ്ടുദിവസത്തിൽ കൂടുതൽ ശാന്തകുമാരിയെ പിരിഞ്ഞു് അവരവിടെ താമസിക്കുകയില്ല. അത്രമാത്രം വത്സലഹൃദയായ ആ സ്ത്രീയെ രാഘവൻകുട്ടിയും ശാന്തകുമാരിയും വലിയമ്മയെന്നാണ് വിളിച്ചിരുന്നതു്. ഇങ്ങനെ മാതാപിതാക്കന്മാരില്ലാത്ത ദുഃഖമറിയാതെ സുഖമായും സന്തോഷമായും ശാന്തകുമാരി പന്ത്രണ്ടുവയസ്സുവരെ വളൎന്നു. അങ്ങിനെയിരിക്കുമ്പോൾ അവൾ പഠിക്കുന്ന സ്കൂളിൽ ശാന്തോമറിയമ്മ എന്നുപേരായ ഒരു സ്ത്രീയെ അദ്ധ്യാപികയായി നിയമിച്ചു. അവൾക്കന്നു ഇരുപത്തിരണ്ടു വയസ്സു പ്രായമുണ്ടായിരുന്നു. കാഴ്ചയിൽ വളരെ ആകൎഷണീയമായ സൌന്ദൎയ്യവും ആൎക്കും സ്നേഹം തോന്നുന്നവിധം ശാന്തമായും സൌഹാൎദ്ദമായും സംസാരിക്കുന്നതിനും പെരുമാറുന്നതിനുമുള്ള സാമൎത്ഥ്യവും അവൾക്കുണ്ടായിരുന്നു. അവർ ആ സ്കൂളിൽ വന്നു് ഒരു മാസക്കാലം കഴിയുന്നതിനു മുൻപുതന്നെ ആ സ്കൂളിലു

ള്ള സകല വിദ്യാൎത്ഥിനികൾക്കും കൂടി അവരെ ജീവ നായിത്തീൎന്നു. ശാന്തകുമാരി സൌകൎയ്യമുള്ളപ്പോഴെല്ലാം അവരുടെ സമീപത്തുതന്നെ കൂടും. അവരും അവളോ ടു സ്നേഹപൂൎവ്വം പെരുമാറുകയും അവളുടെ ഗൃഹസംബ ന്ധമായ കാൎയ്യങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കുകയും ചെയ്യും. ഇങ്ങിനെ കുറെനാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം ശാന്തകുമാരി ശാന്തോദരിയമ്മയോടു് ഇപ്ര കാരം ചോദിച്ചു.

ശാന്ത: സാറേ! സാറെവിടെയാണു താമസിയ്ക്കുന്നതു്?

ശാന്തോ: ഇവിടെനിന്നും കുറച്ചകലെയുള്ള ഒരു വീട്ടിൽ ആണു്. എന്തിനാണു് ശാന്തം ചോദിച്ചതു്?

ശാന്ത: സ്കൂൾ ഒഴിവുള്ള ദിവസങ്ങളിൽ ഞാൻ അവി ടെ വന്നാൽ സാറെന്നെ പഠിപ്പിയ്ക്കാമൊ?

ശാന്തോ: ഞാൻ ശാന്തത്തിൻെറ ഭവനത്തിൽ വന്നു പഠിപ്പിയ്ക്കാമല്ലോ. ശാന്തം അവിടംവരെ വന്നു ബുദ്ധിമുട്ടേണമെന്നില്ല.

ശാന്ത: എന്നാൽ ഞാൻ ചേട്ടനോടു ചോദിയ്ക്കട്ടെ?

ശാന്തോ: അങ്ങിനെയാകട്ടെ.

ശാന്ത: എപ്പോഴാണു് സാറിനു സൌകൎയ്യം?

ശാന്തോ: കാലത്തോ വൈകുന്നേരമോ വരാം.

ശാന്ത: എന്നാൽ ഞാൻ നാളെ ചോദിച്ചുപറയാം.

ശാന്തോ: അങ്ങിനെയാകട്ടെ.

ശാന്തകുമാരി സന്തുഷ്ടഹൃദയയായി ഗൃഹത്തിലേ ക്കു മടങ്ങി അഞ്ചുമണിയായപ്പോഴവളുടെ സ ഹോദരൻ കമ്പനിയിൽനിന്നും വന്നു. ഉടനേ ശാന്തകുമാരി സഹോദരൻെറ സമീപത്തുചെന്നി ട്ടു പറഞ്ഞു.

ശാന്ത: ചേട്ടാ! പരീക്ഷയടുക്കാറായിട്ടുണ്ട്.

രാഘു: അതിനെന്തുവേണം ശാന്തം? ഫീസു മുൻകൂട്ടി അടയ്ക്കണോ?

ശാന്ത: അതൊന്നും വേണ്ട.

രാഘു: പിന്നെയെന്തുവേണം?

ശാന്ത: എല്ലാപേരും ററ്യൂഷൻ മാസ്റ്ററെവച്ചു പഠിയ്ക്കുന്നുണ്ട്.

രാഘു: അതുപോലെ ശാന്തത്തിനും ററ്യൂഷൻ മാസ്റ്റർ വേണോ? വേണമെങ്കിൽ നിയമിയ്ക്കാം. ആരെയാണ് വേണ്ടത്?

ശാന്തകുമാരിയ്ക്കു വലിയ സന്തോഷമായി. അവൾ പറഞ്ഞു. "ഞങ്ങളുടെ സ്കൂളിൽ ഇപ്പോൾ ഒരു പുതിയ സാർ വന്നിട്ടുണ്ട് അവർ മതി".

രാഘു: എന്നാൽ ഞാനവരെ ഏർപ്പാടു ചെയ്യാം. അവരെവിടെയാണ് താമസിയ്ക്കുന്നത്?

ശാന്ത: അവരെയന്വേഷിച്ചെങ്ങും പോകേണ്ട. ചേട്ടൻ അനുവദിച്ചാൽ അവരിങ്ങോട്ടു വരാമെന്നു പറഞ്ഞിട്ടുണ്ട്.

രാഘു: അല്ലാ! അപ്പോൾ ശാന്തം ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞോ?

ശാന്തം: ഞാനവരോടു പറഞ്ഞു. അപ്പോൾ ജേഷ്ഠനനുവദിയ്ക്കുകയാണെങ്കിൽ അവർ വരാമെന്നും പറഞ്ഞു. എന്നോട് അവർക്ക് വലിയ സ്നേഹമാണ്. ഞാൻ ചേട്ടനോടു ചോദിച്ചിട്ട് മറുപടി നാളെ പറയാമെന്നാണ് പറഞ്ഞിരിക്കുന്നത്.

രാഘ: അങ്ങിനെയാണോ? എന്നാൽ നാളെമുതല്ക്കു
തന്നെ വന്നുകൊള്ളട്ടെ. നാളെ എനിയ്ക്കൊഴിവു
ള്ള ദിവസമാകയാൽ ഞാനുമിവിടെയുണ്ടാകും.
ഞാനും വേണ്ടതുപോലെ എല്ലാമേർപ്പാടുചെയ്യാം.
ശാന്തകുമാരി സന്തോഷത്താൽ തുള്ളിത്തുടങ്ങി.
അവളുടനെ ഓടി വല്ല്യമ്മയുടെ സമീപത്തു ചെ
ന്നിട്ടു പറഞ്ഞു.

ശാന്ത: വല്ല്യമ്മേ! നാളെവൈകുന്നേരം ഞാൻ സ്കൂളി
ൽനിന്നു വരുമ്പോൾ എന്നോടൊരുമിച്ച് ഒരാൾ
കൂടിയുണ്ടാകും. അവൎക്കുകൂടി കുറച്ചു കാപ്പിയ്ക്കു കൊ
ടുക്കണം.

വല്ല്യ: ആരാ മോളേ വരണത് ?

ശാന്ത: എന്നെ പഠിപ്പിക്കുന്ന സാറാണ്.

വല്ല്യ: അവരെന്തിനാണു മോളേ ഇങ്ങോട്ടു വരണത്?

ശാന്ത: എന്നെ ഇവിടെയിരുന്നു പഠിപ്പിയ്ക്കുവാൻ.

വല്ല്യ: അപ്പഴിനി മോള് ഇസ്കോളിലേക്കു പോണി
ല്ലെ ?

ശാന്ത: ഉണ്ട് വല്ല്യമ്മെ സ്കൂളിൽനിന്നു വന്നിട്ട് ഇവി
ടെയിരുന്ന് പഠിയ്ക്കും. അങ്ങിനെ പഠിച്ചാൽ
വേഗം പരീക്ഷയിൽ പാസ്സാകും.

ഇങ്ങിനെ വല്ല്യമ്മയോടുമേർപ്പാടു ചെയ്തശേഷം
അവൾ ഒരു വിധത്തിൽ അന്നത്തെ ദിവസം കഴിച്ചു
കൂട്ടി. പിറേറന്നാൾ നാലുമണിക്ക് സ്കൂൾ വിട്ടപ്പോൾ
അവൾ ശാതോദരിയമ്മയേയും കൂട്ടിക്കൊണ്ട് ഗൃഹ
ത്തിലെത്തി. ആ സമയത്ത് രാഘവൻകുട്ടിയും അവി
ടെയുണ്ടായിരുന്നു. രാഘവൻകുട്ടിയും ശാതോദരിയമ്മ

യും തമ്മിൽ കണ്ടുമുട്ടിയപ്പോൾതന്നെ ഇരുവരുടേയും ഹൃദയങ്ങളിൽ എന്തോ ഒരു വികാരം ജനിച്ചു. ആ യുവതീയുവാക്കന്മാൎക്കു് അവരുടെ ആകാരസുഷമയിൽ പരസ്പരം ബഹുമാനംതോന്നി. രാഘവൻകുട്ടിയും ശാന്തകുമാരിയും ഒരേ നിറവും ഒരേ പ്രായവുമായിരുന്നു. യൌവ്വനം കൂടിയായപ്പോൾ അയാൾ കോമളനായ ഒരു യുവാവായിത്തീൎന്നു.

ശാന്തകുമാരി കൊണ്ടുവന്നിട്ട പുല്പായിൽ ശാന്തോദരിയമ്മ ഇരുന്നു. അപ്പോഴേയ്ക്കു് ചായയും പലഹാരങ്ങളുമായി വല്യമ്മയും ഹാജരായി. അതു കണ്ടപ്പോൾ ശാന്തോദരിയമ്മ ശാന്തകുമാരിയോടു ചോദിച്ചു.

ശാന്തോ: എന്തിനാണു ശാന്തം ഇത്രയെല്ലാം ബുദ്ധിമുട്ടിയതു്. ഇതിനു സമാധാനം പറഞ്ഞതു് രാഘവൻകുട്ടിയായിരുന്നു.

രാഘ: ഇതൊക്കെയൊരു ബുദ്ധിമുട്ടാണോ? ഞങ്ങളിതെല്ലാം പതിവായി ഉപയോഗിക്കാറുള്ളതാണു്. ആ സമയത്തു് ആരുവന്നാലും ഞങ്ങൾ അവരെ ഇതിൽ പങ്കുകൊള്ളിക്കാറുമുണ്ടു്.

ശാന്തോദരിയമ്മ ഒന്നു മന്ദഹസിച്ചതല്ലാതെ ഇതിനു മറുപടി ഒന്നും പറഞ്ഞില്ല. കാപ്പികുടിയ്ക്കുന്നതിനിടയ്ക്കു് രാഘവൻകുട്ടിയും മിസ് ട്രസ്സുമായി ശാന്തകുമാരിയെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു് കുറേ സംസാരിച്ചു. അതിനുശേഷം രാഘവൻകുട്ടി പുറത്തിറങ്ങി പോകുകയും ചെയ്തു.

---

# അദ്ധ്യായം 2.

ശാരോദരിയമ്മയെ ശാന്തകുമാരിയുടെ ററ്യൂഷൻ മിസ്ട്രസ്സായി നിയമിച്ച് ഏകദേശം ഒരു മാസം കഴിഞ്ഞപ്പോഴേക്ക് അവരും രാഘവൻകുട്ടിയും തമ്മിൽ ഗാഢമായ അനുരാഗ ബന്ധത്തിലേപ്പെട്ടുകഴിഞ്ഞു. എന്നു മാത്രമല്ല അവക്ക് പരസ്പരം പിരിഞ്ഞിരിക്കുന്നതുതന്നെ അത്യന്തം സങ്കടമായിത്തീൎന്നു. ചിലപ്പോഴെല്ലാം ശാരോദരിയമ്മ ശാന്തകുമാരിയെ പഠിപ്പിയ്ക്കുന്ന സമയം ദീൎഘിച്ചു ദീൎഘിച്ച് വളരെ രാത്രിയാകുന്നതുവരെ ഇരിയ്ക്കുകയും "ഇനിയിന്ന് ഈ അസമയത്ത് വാസസ്ഥലത്തേക്കു പോകണമെന്നില്ല" എന്നുള്ള രാഘവൻകുട്ടിയുടെ ക്ഷണനമനുസരിച്ച് അവിടെത്തന്നെ താമസിക്കുകയുംചെയ്യും. ഇതു് ശാന്തകുമാരിയ്ക്കു വളരെ സന്തോഷപ്രദമായിരുന്നുവെങ്കിലും വല്ല്യമ്മയ്ക്കു് അത്ര പിടിച്ചിരുന്നില്ല. അവർ ഇടയ്ക്കിടെ പിറുപിറുക്കും "ഇവൾ ഈ കുട്ടികളെ നശിപ്പിയ്ക്കുവാനാണു തുടങ്ങുന്നതു്. പാവം. ഒന്നുമറിഞ്ഞുകൂടാത്ത ആ സാധുവിനെ ഇവൾ വലയിൽ കുടുക്കും". ഇങ്ങിനെ ഒരു രണ്ടുമാസംകൂടി കഴിഞ്ഞപ്പോഴേക്കു് രാഘവൻകുട്ടി മിസ് ടേർസ്സിനെ വിവാഹം കഴിക്കുവാൻ തന്നെ തീൎച്ചയാക്കി. എന്നല്ല ആഘോഷപൂർവം ആ മംഗള കർമ്മം കൊണ്ടാടുകയുംചെയ്തു. ശാരോദരിയമ്മയ്ക്കു് സ്വന്തമായി ഒരു ജേഷ്ഠത്തിയും അവരുടെ രണ്ടു കുട്ടികളും മാത്രമേ ഉണ്ടായിരുന്നൊള്ളു. ജേഷ്ഠത്തി

യുടെ ഭത്താവിനു് ദേവനഗരിയിൽ ഒരു ഉദ്യോഗമുണ്ടായിരുന്നതിനാലും ഇവരുടെ സ്വന്തമായി ഒരു ചെറിയ കെട്ടിടവും പറമ്പുമുണ്ടായിരുന്നതു് ശാന്തോദരിയമ്മയുടെ വിദ്യാഭ്യാസത്തിലേക്കുവേണ്ടി പണയപ്പെടുത്തിയിരുന്നതിനാലും അവരുടെ ജ്യേഷ്ഠത്തിയായ നാരായണിയമ്മ പ്രിയതമനൊന്നിച്ചു് ദേവനഗരിയിൽത്തന്നെയാണു് വസിച്ചിരുന്നതു്. അവർ ഒരു മാതിരി സൌന്ദര്യവും നല്ല സൽസ്വഭാവവും സഹോദരിയോടു് വളരെ സ്നേഹവുമുള്ളവരായിരുന്നു. അനുജത്തിയുടെ വിവാഹത്തിനു് നാരായണിയമ്മയും കുട്ടികളും ഭത്തൃസമേതം ആഗതരായിരുന്നു.

വിവാഹാനന്തരം ശാന്തോദരിയമ്മയുടെ സ്ഥിരവാസം ഭത്തൃഗൃഹത്തിലേക്കു മാററി. അതോടുകൂടി വല്ല്യമ്മയ്ക്കു് അവിടത്തെ വാസം തീരെ അസഹ്യമായിത്തീരുകയുംചെയ്തു. എന്തെന്നാൽ ശാന്തോദരിയമ്മ ഭർത്തൃഗൃഹത്തിലേക്കു് താമസംമാററിയ ഉടനെ വല്ല്യമ്മയെ സംബന്ധിച്ചു് ചില ഭേദഗതികളെല്ലാം വരുത്തി. അതായതു് അവിടത്തെ ഗൃഹനായികയും ശാന്തകുമാരിയുടെ ധാത്രിയുമായി സർവസ്വാതന്ത്ര്യത്തോടെ ജീവിച്ചുവന്നിരുന്ന അവർ ഇപ്പോൾ കേവലം അവിടത്തെ ഒരു പരിചാരികയായിത്തീൎന്നു. ശാന്തോദരിയമ്മയുടെ ശാസനാപൂർവമുള്ള ദൃഷ്ടി സദാ അവരുടെമേൽ പതിച്ചുതുടങ്ങി. രാഘവൻകുട്ടി ഇതൊന്നുമറിയുകയോ വല്ല്യമ്മ ഇക്കാര്യങ്ങൾ അയാളെ അറിയിക്കണമെന്നു് ആശിക്കുകയോ ചെയ്തുമില്ല. ഈ വകകാര്യങ്ങൾ അയാളെ അറിയിക്കുന്നതു

കൊണ്ടു് ഇപ്പോൾ യാതൊരു പ്രയോജനവുമുണ്ടാകുക യില്ലെന്നുമാത്രമല്ല തന്മൂലം അവിടത്തെ തന്റെ നില കുറച്ചുകൂടി കഷ്ടമാകുമെന്നു് അവൎക്കറിയാമായിരുന്നു. അതിനാൽ "സ്വരം അധികം ചീത്തയാകുന്നതിനു മുൻപു് പാട്ടു നിൎത്തിക്കളയാം" എന്നുതന്നെ അവർ തീൎച്ചയാക്കി. ഒരുദിവസം അവർ രാഘവൻകുട്ടിയോടു് ഇങ്ങിനെ പറഞ്ഞു.

വല്ല്യ: മോനേ! വല്ല്യമ്മയ്ക്കു് വീട്ടിലേക്കൊന്നുപോണം. പിള്ളേരെയൊക്കെ കണ്ടിട്ടെത്രനാളായി?

രാഘ: വല്ല്യമ്മ പോയാലെത്രദിവസം താമസിയ്ക്കും?

വല്ല്യ: അതിപ്പഴെങ്ങിനെയാ പറയുന്നതു്?

രാഘ: രണ്ടുദിവസത്തിൽ കൂടുതൽ താമസിയ്ക്കയില്ലെങ്കിൽ വിടാം.

വല്ല്യ: ഇനിയെന്തിനാമോനെ വല്ല്യമ്മ വരണതു്?

രാഘ: അതെന്താണു് വല്ല്യമ്മേ അങ്ങിനെ ചോദിക്കുന്നതു്?

വല്ല്യ: മോനേ; വല്ല്യമ്മ വന്നകാലത്തു് മോൻ രാഘവൻകുട്ടിയായിരുന്നു. ഇപ്പഴെന്റെ മോൻ രാഘവൻനായരായില്ലെ? ഇനി വല്ല്യമ്മ പോട്ടെ.

ഇതു കേട്ടപ്പോൾ രാഘവൻകുട്ടി പൊട്ടിച്ചിരിച്ചുകൊണ്ടുപറഞ്ഞു.

രാഘ: വല്ല്യമ്മ ആളു തരക്കേടില്ല. അതൊന്നും പറഞ്ഞാൽ പററില്ല. വല്ല്യമ്മ എന്നും ഞങ്ങളുടെ വല്ല്യമ്മയായിട്ടു് ഇവിടെത്തന്നെ താമസിക്കണം.

ഇത്രയും പറഞ്ഞപ്പോഴേക്കു് ഇരു സംഭാഷണങ്ങ

ളെല്ലാം ശ്രദ്ധിച്ചുകൊണ്ടു് മുറിയ്ക്കകത്തുനിന്നിരുന്ന ശാന്തോദരിയമ്മ വെളിയിലേക്കു വന്നിട്ടു പറഞ്ഞു.

ശാന്തോ: അവക്കു പോകണമെങ്കിൽ പോകട്ടെ. വയസ്സായില്ലേ? ഇനിയെന്തു പണിയെടുക്കുവാനാണു. ഇനിയവർ കുറേനാൾ അവരുടെ മക്കളോടുകൂടി സുഖമായി താമസിയ്ക്കട്ടെ.

ഇതു് രാഘവൻകുട്ടിക്കത്ര സുഖമായില്ലെങ്കിലും അയാൾ പ്രിയതമയുടെ ഹിതത്തിനു വിപരീതമായി ഒന്നും പറഞ്ഞില്ല. എന്നാൽ വല്ല്യമ്മ ഇങ്ങിനെ പറഞ്ഞു.

വല്ല്യ: അങ്ങനെ പറയൂ മകളെ. ആ കുട്ടിക്കു മാത്രമേ വല്ല്യമ്മയോടു സ്നേഹമുള്ളു.

ഇതൊന്നും രാഘവൻകുട്ടിയ്ക്കു തീരെ ഹിതമായി തോന്നിയില്ലെങ്കിലും വല്ല്യമ്മയുടെ കലശലായ നിർബന്ധത്താൽ പിറേറന്നാൾതന്നെ അവക്കു പോകത്തക്കവിധമുള്ള ഏപ്പാടുകളെല്ലാമയാൾ ചെയ്തു. തങ്ങളെ സ്വന്തകുട്ടികളെപ്പോലെ ശുശ്രൂഷിച്ചു വളർത്തിയിരുന്ന ആ സ്ത്രീയെ പിരിച്ചയയ്ക്കുന്ന കാൎയ്യത്തിൽ രാഘവൻകുട്ടിയ്ക്കു് അത്യധികമായ സങ്കടമുണ്ടായിരുന്നുവെങ്കിലും വല്ല്യമ്മയുടേയും പ്രിയതമയുടേയും നിർബന്ധങ്ങൾ ആ സങ്കടം സഹിയ്ക്കുന്നതിനു് അയാളെ ശക്തനാക്കിത്തീക്കുകതന്നെ ചെയ്തു. അവർ യാത്രയ്ക്കു തയ്യാറായി ഇറങ്ങിയപ്പോൾ ശാന്തകുമാരി കരഞ്ഞു

കൊണ്ടു് ഓടിവന്നു് അവരുടെ അരയിൽ കെട്ടിപ്പിടിച്ചിട്ടു ചോദിച്ചു.

ശാന്ത: വല്ല്യമ്മെ! വല്ല്യമ്മെ ഞങ്ങളെ വിട്ടുംവച്ചു പോകുകയാണോ?

ശാന്തകുമാരിയുടെ രോദനത്തോടുകൂടിയ ഈ ചോദ്യം വല്ല്യമ്മയെ ഇതികർത്തവ്യതാമൂഢയാക്കി. അവരുടെ ധൈര്യമെല്ലാം ഓടിമറഞ്ഞു. സ്വതേ തന്നെ അവളെപ്പററി ചിന്തിച്ചു് ഉരുകിക്കൊണ്ടിരുന്ന അവരുടെ ഹൃദയം അപ്പോൾ ദഹിക്കുന്നതായി അവൎക്കുതോന്നി. അവർ പെട്ടന്നു തറയിലിരുന്നിട്ടു് അവളെ വാരിയെടുത്തു മടിയിൽ വച്ചു് അശ്രുധാരയാലഭിഷേകംചെയ്തു് മൂൎദ്ധാവിലും കപോലങ്ങളിലും, തെരുതെരെ ചുംബിച്ചുകൊണ്ടു് ഗൽഗദത്തോടുകൂടി ഇപ്രകാരംപറഞ്ഞു.

വല്ല്യ: തങ്കം! മോളേ! ശാന്തം! വല്ല്യമ്മ തങ്കത്തിനെ ഇട്ടേച്ചുപോവുല്ല. തങ്കത്തിനു് വല്ല്യമ്മെ എന്നു കാണണോന്നുവച്ചാലന്നു വല്ല്യമ്മവരാം. തങ്കം കരയല്ലെ. ഈയൊരുരംഗം രാഘവൻകുട്ടിയുടെ ഹൃദയത്തെ കഠിനമായി ഉലച്ചു. ആറുവൎഷം മുൻപു് തങ്ങൾ മാതാപിതൃവിഹീനരായിത്തീൎന്നവരാണെങ്കിലും ആ ദുഃഖമറിയുന്നതു് ഇപ്പോഴാണെന്നു് അയാൾക്കു മനസ്സിലായി. ആറുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന തന്റെ കൊച്ചു സഹോദരിയെ മാതാവിന്റെ മരണശയ്യയിൽ നിന്നുമെടുത്തുകൊടുത്തതു് ഈ വല്ല്യമ്മയുടെ കയ്യിലേക്കാണെന്നും അവരും തങ്ങളുടെമാതാവും

പുനർജ്ജീവിച്ചുവന്നതുപോലെയാണു് തങ്ങളോട പെരുമാറിയിട്ടുള്ളതെന്നും അയാളോൎത്തു. രാഘവൻകുട്ടിയുടെ നേത്രങ്ങളിൽനിന്നും ബാഷ്പധാര തടസ്ഥമററു പ്രവഹിച്ചു. യാതൊന്നും ശബ്ദിയ്ക്കുവാൻ ശക്തനാകാതെ ഒരു സാലഭഞ്ജികപോലെ അയാളവിടെനിന്നു. അപ്പോൾ അയാളുടെ പ്രിയതമ ഇപ്രകാരം പറയുന്നതു് അവരെല്ലാപേരും കേട്ടു.

ശാന്തോ: ഓ.....ഒരു വൃദ്ധപരിചാരികയുടെ വേർപാടിൽ ഇത്രവലിയ സങ്കടമോ ?

ഉടനെ വല്ല്യമ്മ പറഞ്ഞു. "അതെ മക്കളെ ഈ വൃദ്ധപരിചാരിക പോട്ടെ. മാറിനില്ക്കു."

അവർ ശാന്തകുമാരിയെ താഴത്തുനിറുത്തിയിട്ടു് എഴുന്നേററു. ഉടനെ രാഘവൻകുട്ടി അല്പംഉദ്വേഗപൂർവം പറഞ്ഞു. "ശാന്തോദരി! അവർ ഒരു പരിചാരികയല്ല". വല്ല്യമ്മ ഒന്നുംമിണ്ടാതെ മുൻപോട്ടുനടന്നു. ശാന്തകുമാരി കരഞ്ഞുകൊണ്ടു തന്നെ വീണ്ടും വിളിച്ചു. "വല്ല്യമ്മേ!" വല്ല്യമ്മ തിരിഞ്ഞുനിന്നു. അവൎക്കു് നില്ക്കുവാനും നടക്കുവാനും നിവൃത്തിയില്ലാതായി. പുറകോട്ടുള്ള ഗതിയെ ശാന്തോദരിയമ്മയും മുൻപോട്ടുള്ള ഗതിയെ ശാന്തകുമാരിയും തടയുകയാൽ വല്ല്യമ്മ വല്ലാതെ കുഴങ്ങി. ഉടനേ അവർ മടങ്ങിവന്നു് ശാന്തകുമാരിയെ തന്റെ ദേഹത്തോടു ചേൎത്തുപിടിച്ചു് പടിയ്ക്കു പുറത്തേക്കുകൊണ്ടുപോയി. അനന്തരം അവളെ ഗാഢാശ്ലേഷംചെയ്തുകൊണ്ടു് അവരിപ്രകാരം പറഞ്ഞു.

വല്ല്യ: മക്കളേ! വിധിയുള്ളതൊന്നും കൂടാതെ കഴിയില്ല. പക്ഷെ എൻെറ തങ്കത്തിന്നു ദൈവമുണ്ടാകും. എന്നാൽ ഒരുകാര്യം പ്രത്യേകമോൎത്തുകൊള്ളണം. എന്താണെന്നറിയാമോ? ജ്യേഷ്ഠത്തിയമ്മയ്ക്കു് അപ്രിയം ഒന്നുംതോന്നാതെ സൂക്ഷിച്ചോളണം. വല്ല്യമ്മ കൂടക്കൂടെ വരാം കരയാതെ വീട്ടിലേക്കുപോവൂ.

ഇങ്ങിനെ പറഞ്ഞുകൊണ്ടും ഒഴുകുന്ന മിഴിനീരിനെ തുടച്ചുകൊണ്ടും ശാന്തകുമാരിയുടെനേരേ വീണ്ടും വീണ്ടും തിരിഞ്ഞുനോക്കിക്കൊണ്ടും വത്സലഹൃദയായ വല്ല്യമ്മ മുൻപോട്ടുതന്നെ നടന്നു. അവർ കണ്ണിൽനിന്നു മറയുന്നതുവരെ നോക്കിനിന്നശേഷം ശാന്തകുമാരിയും ഭവനത്തിലേക്കുമടങ്ങി. അപ്പോഴും അവളുടെ ജ്യേഷ്ഠത്തിയമ്മ വരാന്തയിൽതന്നെ നിന്നിരുന്നു. വല്ല്യമ്മയെ ഒരു സഹായിയോടുകൂടി അവരുടെ സ്വദേശത്തേക്കു വണ്ടികയററിയശേഷം രാഘവൻകുട്ടിയും മടങ്ങിവന്നു. ധാരാളം പണവും വളരെ സമ്മാനങ്ങളുമെല്ലാം കൊടുത്താണു് അവരെ അയച്ചതെങ്കിലും അയാളുടെ മനഃസ്സുഖവും ആ "വൃദ്ധപരിചാരിക"യോടൊരുമിച്ചു പോയതായി അയാൾക്കുതോന്നി. വല്ല്യമ്മ പോയതിൽപിന്നെ ഗൃഹജോലികളെല്ലാം ശാന്തകുമാരിയും ശാന്തോദരിയമ്മയുംകൂടിയാണു് ചെയ്തിരുന്നതു്. വേറെയേതെങ്കിലുമൊരു പരിചാരകനേയോ പരിചാരകയേയോ താമസിപ്പിയ്ക്കുന്നതിന്നു് രാഘവൻകുട്ടി വളരെ നിർബന്ധിച്ചുവെങ്കിലും ശാന്തോദരിയമ്മ അതു സമ്മതിച്ചില്ല. വല്ല്യമ്മയെ പിരിച്ചയച്ചു കുറച്ചുദിവസം കഴിഞ്ഞപ്പോഴാണു് സത്യഭാമയും

സ്നേഹവതിയുമായ തന്റെ ജ്യേഷ്ഠത്തിയമ്മയുടെ സ്വഭാവം ശാന്തകുമാരിയ്ക്കു് അല്പാല്പം മനസ്സിലായിത്തുടങ്ങിയതു്. മനോഹരമായ മന്ദഹാസത്താലും അമൃതോപമങ്ങളായ ചാടുവാക്യങ്ങളാലും സ്നേഹപൂർവ്വമുള്ള ലാളനകളാലും തന്നെ വശീകരിച്ചിരുന്ന ആ പഴയ മിസ്ട്രസ്സല്ല അവരെന്നു് അവളറിഞ്ഞുതുടങ്ങി. ദുർമ്മുഖവും ശകാരവുമെന്നുള്ളതു് എങ്ങിനെയെന്നറിഞ്ഞിട്ടില്ലാതിരുന്ന ആ ഓമനക്കുട്ടിയ്ക്കു് ഇപ്പോൾ മിയ്ക്കസമയവും ഈ രണ്ടുകൂട്ടംതന്നെ തോഴികളായിത്തീൎന്നു. തന്റെ സഹോദരൻ സുശീലയും സുന്ദരിയുമായ ഈ മിസ്ട്രസ്സിനെ വിവാഹംചെയ്താൽ രാവും പകലും പിരിയാതെതന്നെ അവരോടു സഹവസിയ്ക്കാമല്ലൊ എന്നോൎത്തു് ആനന്ദിച്ചിരുന്ന ആ ബാലികയ്ക്കു് വിദ്യാഭ്യാസം വേണ്ടെന്നുവച്ചെങ്കിൽ അവർ സ്കൂളിൽപോകുന്ന സമയമെങ്കിലും ഈ ദുർമ്മുഖം കാണാതെ കഴിയ്ക്കാമായിരുന്നുവെന്നുള്ള ചിന്ത വിദ്യാഭ്യാസ വിഷയത്തിൽപോലും അവളെ വിമുഖയാക്കി. സദാ പ്രസരിപ്പോടുകൂടി വിദ്യാഭ്യാസാൎത്ഥം മുന്നോട്ടു കുതിച്ചുകൊണ്ടിരുന്ന അവളുടെ ചിത്തം ഒന്നിലും സ്ഥിരതയില്ലാതെ സദാ അലഞ്ഞുതിരിഞ്ഞുതുടങ്ങി. സഹപാഠികളുമായി കളിച്ചുതകൎക്കുന്നതിനു് സദാ ശ്രദ്ധാലുവായിരുന്ന ആ ഉത്സാഹശീല ഇപ്പോൾ മിയ്ക്കവാറും ഏകാന്തതയെ ആശ്രയിച്ചു. പതിമൂന്നുവയസ്സു തികയാത്ത ആ കോമളകുമാരിയുടെ ഹൃദയം വാൎദ്ധക്യത്തിലെത്തിച്ചേൎന്നവരുടെ നിലയെ ആശ്രയിച്ചുതുടങ്ങി. വികസിതമായ പൊൻതാമരപോലെ സദാ

പുഞ്ചിരിപ്പൂനിലാവിലാററാടിക്കാണുമാറുള്ള ആ ഓമന മുഖം ഇപ്പോൾ ചിന്താതാന്തമായി മങ്ങിമയങ്ങിക്കാണപ്പെട്ടു. ഇങ്ങിനെയൊക്കെയാണെങ്കിലും മതിശാലിനിയായ ആ ബാലികാരത്നം വല്യമ്മ അവളോടു പറഞ്ഞിരുന്ന ആ വാക്കുകൾ "ജ്യേഷ്ഠത്തിയമ്മയ്ക്കു് അപ്രിയമൊന്നും തോന്നാതെ സൂക്ഷിച്ചുകൊള്ളണം" എന്നുള്ള ആ വാക്കു് വേദവാക്യംപോലെ ആദരിച്ചു പ്രവർത്തിച്ചു. അവരെത്ര ശകാരിച്ചാലും അവൾ മറുപടി പറയുകയില്ല. എന്തുജോലിയും മടികൂടാതെ ചെയ്യും. അവരുടേയോ ജ്യേഷ്ഠന്റേയോ മുൻപിൽ അവളുടെ സങ്കടഭാവത്തെ അല്പംപോലും പ്രദർശിപ്പിക്കുകയില്ല. എന്നാൽ, രാവിലെ അഞ്ചുമണിക്കു പോയാൽ വൈകുന്നേരം അഞ്ചുമണിക്കുവരുന്ന രാഘവൻകുട്ടി അവിടുത്തെ ഈ പ്രകൃതി വ്യത്യാസങ്ങളൊന്നുമറിഞ്ഞിരുന്നതുമില്ല. ഇങ്ങിനെ ഒരു മൂന്നുമാസംകൂടി കഴിഞ്ഞപ്പോഴേക്കു് ശാന്തോദരിയമ്മയെ രവിപുരത്തേക്കു് സ്ഥലം മാററി. ഈ വിവരമറിഞ്ഞയുടനേ രാഘവൻകുട്ടി രവിപുരത്തുചെന്നു് തന്റെ പ്രിയതമയ്ക്കും സഹോദരിക്കും സുഖവാസത്തിന്നു യോജിച്ചതായ ഒരു ഭവനം വാടകയ്ക്കെടുത്തു് അവർ രണ്ടുപേരേയും അവിടെ കൊണ്ടുപോയി താമസിപ്പിച്ചു. പ്രിയതമയെ കൂടാതെ ശാന്തത്തിനെ ഒററയ്ക്കിവിടെ താമസിപ്പിക്കുവാൻ നിർവാഹമില്ലാത്തതിനാൽ ശാന്തത്തിന്റെ വിദ്യാഭ്യാസവും രവിപുരത്തുതന്നെയാക്കാമെന്നാണു് രാഘവൻകുട്ടി കരുതിയിരുന്നതു്. എന്നാൽ ശാന്തോദരിയമ്മയെ ഈ വിവരമറിയിച്ചപ്പോൾ അവരിൽനിന്നു ലഭിച്ച മറുപടി ഇങ്ങിനെയായിരുന്നു.

ശാന്തോ: അവളെ ഇനി സ്കൂളിലയക്കേണ്ട. ആവശ്യത്തിന്നു മാത്രമുള്ള വിദ്യാഭ്യാസമിപ്പോഴുണ്ടല്ലോ. അവൾക്കിപ്പോൾ പഠിക്കുന്നതിന്നശേഷമാശയില്ല. ക്ലാസിൽ വളരെ മോശമാണു്. പ്രായവുമായിത്തുടങ്ങിയില്ലെ?

രാഘവൻകുട്ടിയ്ക്കു് ഈ അഭിപ്രായമത്ര സമ്മതമായില്ല. അവൾ എത്രമാത്രം പഠിക്കണമെന്നാശിക്കുന്നുവോ അത്രയും പഠിപ്പിക്കണമെന്നാണു് അയാൾ നിശ്ചയിച്ചിരുന്നതു്. അതിനാൽ അവളുടെ അഭിപ്രായമെന്താണെന്നറിഞ്ഞതിന്നശേഷം അക്കാര്യത്തെപ്പററി തീർച്ചപ്പെടുത്താമെന്നു നിശ്ചയിച്ചുകൊണ്ടു് രാഘവൻകുട്ടി ശാന്തത്തിനെ വിളിച്ചിപ്രകാരം ചോദിച്ചു.

രാഘ: ശാന്തം! നിന്നെ ഇവിടത്തെ ഹൈസ്കൂളിൽ ചേർത്തു പഠിപ്പിക്കട്ടെ?

ശാന്ത: എനിക്കിനി പഠിക്കേണ്ട. എന്നെ ഒരു സ്കൂളിലും ചേർക്കുകയും വേണ്ട.

ശാന്തകുമാരിയുടെ ഈ വാക്കുകൾ രാഘവൻകുട്ടിയെ അതിയായ അത്ഭുതത്തിന്നും കഠിനമായ സങ്കടത്തിന്നും അധീനനാക്കി. അവളുടെ ആ വാക്കുകളിൽ എന്തെന്നില്ലാത്ത ഒരു നിരാശയുടെ ധ്വനിയുള്ളതായി അയാൾക്കു തോന്നി. അല്പ സമയം മൗനമായിരുന്നശേഷം അയാൾ വീണ്ടും ചോദിച്ചു.

രാഘ: എന്താണു് പഠിക്കേണ്ടെന്നു നിശ്ചയിച്ചതു്? നിന്നെപ്പോലെയുള്ള കുട്ടികളെല്ലാം പഠിക്കുന്നതു കണ്ടില്ലെ?

എന്നോപ്പോലെയുള്ള കുട്ടികൾക്കൊക്കെയും എന്നോപ്പോലെയുള്ള അനുഭവങ്ങളൊന്നുമില്ലല്ലൊ. എന്നു പറഞ്ഞെങ്കിലോ എന്നവളാലോചിച്ചു. പിന്നെയുണ്ടാകാവുന്ന അനുഭവങ്ങളെപ്പററി ചിന്തിച്ചപ്പോഴവളുടെ ജിഹ്വാഗ്രം ചലിച്ചില്ല. എങ്കിലും കുറച്ചുനാൾ മുൻപുവരെ തന്റെ ഹൃദയത്തിൽ സംഭരിച്ചുവച്ചിരുന്ന ആശകളെപ്പററി അവളാലോചിച്ചു. തന്റെ സഹപാഠികളായ വിദ്യാൎത്ഥിനികളെക്കാൾ പ്രശസ്തമായ വിജയം പരീക്ഷയിൽ തനിയ്ക്കു നേടണം. വലിയ പരീക്ഷകൾ പാസ്സായി ഉയൎന്ന ഉദ്യോഗം സമ്പാദിക്കണം. ഇതെല്ലാമായിരുന്നു ബാല്യംമുതല്ക്കേ അവൾക്കുള്ള ആശകൾ. ഇതെല്ലാം അവൾ വല്ല്യമ്മയോടും സഹോദരനോടും പലപ്പോഴും പറയാറുള്ളതുമാണു്. ഇതെല്ലാമാലോചിച്ചപ്പോൾ അവളുടെ നേത്രങ്ങളിൽ ജലം പെരുകി ഉടനേതന്നെ അവൾ അവിടെനിന്നും പോകുകയുംചെയ്തു. ശാന്തകുമാരി പറഞ്ഞതായ വാക്കുകളും തൽസമയത്തു് അവളുടെ വദനത്തിൽ പ്രത്യക്ഷമായ ഭാവങ്ങളും രാഘവൻകുട്ടിയുടെ ഹൃദയത്തിൽ പലേ ആലോചനകളേയും ജനിപ്പിച്ചു. "ശാന്തത്തിന്റെ ഈ ഭാവപ്പകൎച്ചയ്ക്കുള്ള ഹേതുവെന്തായിരിക്കും"മെന്നയാൾ വളരെയെല്ലാമാലോചിച്ചു. അയാൾക്കു് യാതൊരു പിടിയും കിട്ടിയില്ല. ഒടുവിൽ രാഘവൻകുട്ടി തന്റെ പ്രിയതമയോടു് ഇപ്രകാരം ചോദിച്ചു.

രാഘ: എന്താണു് ശാന്തം ആകപ്പാടെ വല്ലാതിരിയ്ക്കുന്നതു്. പഠിയ്ക്കുന്ന കാൎയ്യത്തെപ്പററി ചോദിച്ചു.

പ്പോഴവളുടെ കണ്ണുകളിൽ ജലം നിറയുകയാണ് ചെയ്തതു്. പഴയ പ്രസരിപ്പോ ഉത്സാഹമോ ഇപ്പോഴവളിൽ കാണുന്നില്ല. ദേഹത്തിനും കുറച്ചു ക്ഷീണമുണ്ടു്. ഇതിനൊക്കെയെന്താണു കാരണം?

ശാന്തോ: പഴയപോലെ എപ്പോഴും പ്രസരിച്ചുകൊണ്ടു നടക്കുവാനവളിപ്പോഴും കൊച്ചുകുട്ടിയാണോ? പഠിക്കുന്നകാര്യത്തെപ്പറ്റി ചോദിച്ചപ്പോൾ കണ്ണുകളിൽ വെള്ളം നിറഞ്ഞതു് പഠിക്കുവാനുള്ള സങ്കടംകൊണ്ടാണു്. ഞാനതേപ്പറ്റി അവളോടു പലപ്പോഴും സംസാരിച്ചുനോക്കി. അപ്പോഴെല്ലാം വളരെ മടിയായിട്ടാണെന്നോടും പറഞ്ഞതു്. അതാണു് അവളെ പഠിപ്പിക്കേണ്ടെന്നു ഞാൻ പറഞ്ഞതു്. പിന്നെ അവൾക്കു ക്ഷീണമുണ്ടാകുവാൻ യാതൊരു മാർഗ്ഗവുമില്ല. ദേഹത്തിൽ തട്ടത്തക്കവിധമുള്ള ജോലികളൊന്നുമവളെക്കൊണ്ടു ചെയ്യിക്കാറില്ല. ആഹാരകാര്യത്തിലാണെങ്കിൽ അവളുടെ ഹിതത്തിനു വിപരീതം പറയുവാനിവിടെയാരുണ്ടു്. ഇനി ഓരോ ദിവസവും കഴിയുന്തോറും അവളുടെ ദേഹവും അവയവങ്ങളും ഒതുങ്ങിയും പലതരത്തിലും വ്യത്യാസപ്പെട്ടുമേ വരികയുള്ളു. അതു ലോകത്തിൽ എല്ലാം പെൺകുട്ടികൾക്കും പതിവുള്ളതാണു്. പ്രിയതമ പറഞ്ഞതെല്ലാം കേട്ടപ്പോഴിതെല്ലാം ശരിയായിരിക്കാമെന്നു രാഘവൻ കുട്ടിക്കു തോന്നിയെങ്കിലും വിദ്യാഭ്യാസത്തെ

സംബന്ധിച്ച് ശാന്തത്തിനോട്ട് ഒരിയ്ക്കൽക്കൂടി ചോദിയ്ക്കണമെന്നുതന്നെ അയാൾ തീർച്ചയാക്കി. അനന്തരം വീണ്ടുമയാൾ ശാന്തകുമാരിയെ വിളിച്ച് ഇപ്രകാരം ചോദിച്ചു.

രാഘ: ശാന്തേ! നീ പഠിയ്ക്കുന്ന കാര്യത്തെപ്പററി എന്തു നിശ്ചയിച്ചു?

ശാന്ത: ഞാനിനി പഠിയ്ക്കുന്നില്ല.

രാഘ: നീ കുട്ടിക്കാലംമുതല്ക്കേ പറഞ്ഞിരുന്നതു് അങ്ങിനെയല്ലല്ലോ. നിനക്കു ബി. എ. പാസ്സാകണമെന്നും അതു കഴിഞ്ഞാൽ ലണ്ടനിലും കല്ക്കത്തയിലുമൊക്കെപ്പോയി പഠിയ്ക്കണമെന്നും വലിയ ഉദ്യോഗം സമ്പാദിയ്ക്കണമെന്നുമൊക്കെയാണല്ലോ. എന്നിട്ടു പിന്നെ ഇപ്പോൾ ഫോർത്തുഫാറത്തിൽ വച്ചുതന്നെ പഠിത്തം മതിയാക്കിക്കളഞ്ഞതെന്താണു്?

ശാന്ത: എനിയ്ക്കതിനൊന്നും ഭാഗ്യമില്ല. ഞാനിനി പഠിയ്ക്കുന്നുമില്ല.

രാഘ: എന്താണു് നിനക്കു ഭാഗ്യമില്ലെന്നു പറഞ്ഞതു്? ഞാനുള്ളടത്തോളംകാലം നീ ഭാഗ്യവതിയല്ലെ? നിൻെറ ആശകളെന്തെല്ലാമാണെന്നു പറഞ്ഞാൽ അതെല്ലാം എന്നാലാവുംവിധം സാധിച്ചുതരുവാൻ ഞാനെപ്പോഴുമൊരുക്കമാണു്.

ശാന്തകുമാരി ഒന്നും മിണ്ടിയില്ല. സഹോദരൻെറ സ്നേഹപൂർവമുള്ള വാക്കുകൾ ഒരു വിധത്തിലാക്കി നിർത്തിയിരുന്ന അവളുടെ കദനത്തെ പൂർവാധികം വർദ്ധിപ്പിച്ചു. എങ്കിലും അതു് അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടുപോകാതിരിപ്പാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു.

വീണ്ടും പഠിച്ചെങ്കിലോ എന്നവളാലോചിച്ചു. യഥാൎത്ഥത്തിൽ വിദ്യാഭ്യാസ വിഷയത്തിലവൾ അത്യന്തം ആസക്തയായിരുന്നു. എന്നാൽ ശാതോദരിയമ്മയെ സംബന്ധിച്ചുള്ള ഭയം അവളെ അക്കാൎയ്യത്തിൽ വിമുഖയാക്കിത്തീൎക്കുകയാണു് ചെയ്തതു്. സ്കൂളിൽ പോകുന്ന ദിവസം വളരെ നേരത്തെയെഴുന്നേററു് ഗൃഹജോലികളെല്ലാം കഴിയ്ക്കണം. അതിനിടയ്ക്കു് ജ്യേഷ്ഠത്തിയമ്മയുടെ ശകാരങ്ങൾ കേട്ടുസഹിയ്ക്കണം. അവൎക്കു് ശാന്തകുമാരിയെ പഠിപ്പിയ്ക്കുന്ന കാൎയ്യത്തിൽ വലിയ നിരസമാണുണ്ടായിരുന്നതു്. സ്കൂളിൽവച്ചു് അവർ അവളോടു പ്രദൎശിപ്പിച്ചിരുന്നക്രൂരത അവൾക്കു ലേശവും സഹിയ്ക്കത്തക്കതായിരുന്നില്ല. അതിനുംപുറമെ അവരെപ്പോഴും പറയും. “വീട്ടിലെങ്ങാനുമിരുന്നാലവിടെയുള്ള ജോലികളെങ്കിലും പരിചയിയ്ക്കരുതെ? ഈ മൺതലയുംകൊണ്ടു സ്ക്കൂളിൽവന്നിട്ടു് ടീച്ചേഴ്സുകളേക്കൂടി കഷ്ടപ്പെടുത്തുന്നതെന്തിനാണു്. ഇതെല്ലാമോൎത്തപ്പോൾ പഠിയ്ക്കുവാൻ കഴികയില്ലെന്നുതന്നെ അവൾ നിശ്ചയിച്ചു. അവളുടെ ആലോചനയോടുകൂടിയ നിലകണ്ടിട്ടു് രാഘവൻകുട്ടി വീണ്ടും ചോദിച്ചു.

രാഘ: എന്താണു് ശാന്തം മിണ്ടാത്തതു്?

ശാന്ത: ഞാനിനി പഠിയ്ക്കുന്നില്ല ചേട്ട.

രാഘ: തീച്ചപ്പെടുത്തിയോ ?

ശാന്ത: തീച്ചപ്പെടുത്തി.

രാഘ: എന്നാൽ നിൻെറ ഇഷ്ടംപോലെയാകട്ടെ.

# അദ്ധ്യായം 3.

ശാന്തോദരിയമ്മയുടേയും ശാന്തകുമാരിയുടേയും താമസം രവിപുരത്തേക്കുമാററി കുറച്ചുനാൾ കഴിഞ്ഞപ്പോൾ രാഘവൻകുട്ടിയും രവിപുരത്തേക്കുതന്നെ സ്ഥലം മാററം വാങ്ങിച്ചു. അയാൾ ജോലിചെയ്തിരുന്ന നൂൽ കമ്പനിയുടെ ഹെഡ്ഢാഫീസ് രവിപുരത്തായിരുന്നു. പക്ഷെ ആ സ്ഥലം ഇവരുടെ വാസസ്ഥലത്തുനിന്നും കുറെ അകലെയായിരുന്നതിനാൽ വെളുപ്പാൻകാലത്തു് (നാലുമണിയ്ക്കു) പോകുകയും രാത്രി പത്തുമണി വരെ അവിടെ ജോലിചെയ്യുകയും ചെയ്യേണ്ടിയിരുന്നു. എന്നുതന്നെയല്ല ഈ കമ്പനിവകയായി പല ബ്രാഞ്ചാഫീസുകളുമുണ്ടായിരുന്നതിനാൽ ഇടയ്ക്കിടെ ഈ ബ്രാഞ്ചാഫീസുകളിൽപോയി ഒന്നും രണ്ടും ആഴ്ചകൾ താമസിച്ചു് ജോലിയെടുക്കുകയും ചെയ്യേണ്ടിയിരുന്നു. എന്നാലും ഒററയ്ക്കു് സ്വദേശത്തു കഴിച്ചുകൂട്ടുന്നതിനുള്ള അസൌകര്യത്താലും ശാന്തോദരിയമ്മയുടെ നിർബന്ധത്താലും അയാളങ്ങോട്ടു സ്ഥലംമാറിയതാണു്. എന്നുമാത്രമല്ല രവിപുരം സുഖവാസത്തിനു പററിയ ഒരു രമണീയ പ്രദേശവുമായിരുന്നു. അവിടുത്തെ പരിശുദ്ധമായ ആററുവെള്ളത്തിന്റെ പ്രശസ്തി അയൽനാടുകളിലുള്ള പലരേയും വേനല്ക്കാലം മുഴുവൻ അതിന്റെ തീരപ്രദേശങ്ങളിൽതന്നെ കഴിച്ചുകൂട്ടുന്നതിനു് നിർബന്ധിതരാക്കിയിരുന്നു. അക്കാലങ്ങളിലെ ധനലാഭത്താൽ ആകർഷിതരായി ആഗതരുടെ സൌകര്യത്തിനുതകുംവിധം മനോഹരങ്ങളായ അനവധി കെട്ടി

ടങ്ങളും ആററുതീരം സംബന്ധിച്ച് പലരും പണി കഴിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ ആററുവക്കിൽനിന്നും ഒരു മുക്കാൽ ഫർലോങ്ങ് അകലെയാണ് രാഘവൻ കുട്ടി വാടകയ്ക്കെടുത്തിരുന്ന ഭവനം സ്ഥിതിചെയ്തിരുന്നതു്. ആ ഭവനത്തിൻെറ പടിപ്പുരയിറങ്ങുന്നതു് ഒരു ചെറിയ ഇടവഴിയിലേക്കാണ്. ആ ഇടവഴി പബ്ളിയ്ക്കുറോഡിൽ ചെന്നവസാനിയ്ക്കുന്നു. റോഡിൽക്കൂടി കുറച്ചുദൂരം നടന്നാൽ വിശാലമായ ഒരു വെളിപ്രദേശത്തേയ്ക്കിറങ്ങാം, ആ പ്രദേശം മുഴുവൻ നല്ല ധവളമായ മണൽകൊണ്ടു നിറയപ്പെട്ടതാണ്. ആ പ്രദേശം ചെന്നവസാനിയ്ക്കുന്നതു് ആററുവക്കത്തായിരുന്നു. ഇതാണ് ശാന്തോദരിയമ്മയ്ക്കും ശാന്തകുമാരിയ്ക്കും പുഴയിലേക്കു പോകുവാനുള്ളവഴി. എന്നാൽ ഇവരുടെ വാസസ്ഥലം ജനബാഹുല്യം കുറഞ്ഞു് ഒതുങ്ങിയ ഒരു പ്രദേശമായിരുന്നതിനാൽ അവരും അവരുടെ അയല്ക്കാരായ ചുരുക്കം ചില സ്ത്രീകളുമല്ലാതെ മററാരും അതിലെ പുഴയിലേക്കു പോകുന്നവരായി ഉണ്ടായിരുന്നില്ല. സർവപ്രകാരേണയും അവിടുത്തെ വാസം വളരെ സുഖമായിത്തോന്നിയതിനാൽ രാഘവൻകുട്ടി രവിപുരത്തേയ്ക്കു സ്ഥലംമാററം വാങ്ങിച്ചതോടുകൂടി അയാളുടെ വകയായി സ്വദേശത്തുണ്ടായിരുന്ന കെട്ടിടവും പറമ്പും വിററു് രവിപുരത്തു് വാടകയ്ക്കു വാങ്ങിയിരുന്ന കെട്ടിടവും പറമ്പും വിലയ്ക്കുവാങ്ങി അവിടെത്തന്നെ സ്ഥിരവാസമുറപ്പിച്ചു. എന്നാൽ, രവിപുരത്തേക്കുണ്ടായ ഈ മാററം ശാന്തകുമാരിയുടെ ഗൃഹപ്പിഴയ്ക്കു മകുടം ചാർത്തുകയാണുണ്ടായതു്. എന്തെ

ന്നാൽ അവിടെ ചെന്നതിൽപിന്നെ രാഘവൻകുട്ടിയുടെ ദൃഷ്ടി അവളുടെമേൽ പതിയുന്നതിന്നുള്ള സൌകര്യ്യം വളരെ കുറവായിരുന്നതിനാൽ ശാന്തോദരിയമ്മയുടെ ഉപദ്രവം അവൾക്കു നാൾക്കുനാൾ വൎദ്ധിച്ചുവന്നു. ഗൃഹസംബന്ധമായ സകലജോലികളും യാതൊരു മിസ്റ്റേക്കുകൾക്കുമിടവരാതെ ശാന്തോദരിയമ്മയുടെ ഹിതവും സൌകൎയ്യവുമനുസരിച്ചു ചെയ്തുകൊള്ളണം. അവർ ഏതെല്ലാം രീതിയിൽ എത്രമാത്രം ശകാരിച്ചാലും യാതൊരു മറുപടിയും പറയാതെ സകലതും കേട്ടു സഹിച്ചുകൊള്ളണം. അവർ കൊടുക്കുന്നതായ സാധനങ്ങൾ അവൾ വാങ്ങി ഉപയോഗിക്കുകയല്ലാതെ അവൾക്കു മറെറന്തെങ്കിലും ആവശ്യമുണ്ടെന്ന് അവരോടോ അവരുടെ ഭർത്താവിനോടോ ആവശ്യപ്പെടുവാൻ പാടില്ല. അവരുടെ ശയ്യോപകരണങ്ങളെല്ലാം അവരുടെ ഹിതാനുസരണം വിരിച്ചു തയ്യാറാക്കികൊടുക്കണം. എന്നുവേണ്ടാ, അഗതിയും അനാഥയുമായ ഒരു പരിചാരികയുടെനിലയിൽ കൂടുതലായി യാതൊരു സ്ഥാനങ്ങളുമവൾക്കു ആ ഗൃഹത്തിലുണ്ടായിരുന്നില്ല. അവൾക്കു ആകപ്പാടെ ലോകജീവിതം തന്നെ വെറുത്തു. എന്നാൽ ഇതുവല്ലതും അവളുടെ സഹോദരനറിയുകയോ അയാളെ അറിയിക്കുകയോ ചെയ്യുവാൻ യാതൊരുമാൎഗ്ഗവും ഉണ്ടായിരുന്നില്ല. എന്തെന്നാൽ അയാൾ ആഫീസിൽനിന്നും ഗൃഹത്തിലെത്തുമ്പോൾ രാത്രി പതിനൊന്നുമണി കഴിഞ്ഞിരിക്കും. രാവിലെ നാലുമണിക്കു പോകുകയും ചെയ്യും. അയാൾ വരുമ്പോഴേക്കു ശാന്തകുമാരി ഉറക്കമായിരി

കഴിയും. പോകുമ്പോഴുണൎന്നിരിയ്ക്കയുമില്ല. അഥവാ ഉണൎന്നിരുന്നാൽത്തന്നെ എന്താണു പ്രയോജനം? ദുഷ്ടയായ ഈ നയവഞ്ചകി പിരിയാതെയുള്ളപ്പോൾ ശോകബഹുലമായ തന്റെ ചരിത്രം അവളെങ്ങിനെ അയാളെ അറിയിയ്ക്കും? അഥവാ അറിയിച്ചാൽ തന്നെ എന്താണുണ്ടാകുക? പകൽമുഴുവനും ജോലി ചെയ്തു ക്ഷീണിച്ച് അല്പസമയത്തെ വിശ്രമത്തിനായി ഗൃഹലെത്തുന്ന സമയം ഈ വക സംഗതികൾകൂടി അദ്ദേഹത്തെ അറിയിച്ചാൽ അദ്ദേഹത്തിനുള്ള മനസ്സുഖംകൂടി നഷ്ടപ്പെടുത്താമെന്നല്ലാതെ അതുകൊണ്ടുള്ള ഫലമെന്താണ്? അദ്ദേഹമിതറിയുമ്പോൾ ഇങ്ങിനെയെല്ലാം പെരുമാറിയതിന് ഭാൎയ്യയെ കുറെ ശാകാരിയ്ക്കുകയും മേലിലീവിധമൊന്നും പ്രവൎത്തിയ്ക്കരുതെന്ന് ശാസിയ്ക്കുകയും ചെയ്യുമായിരിയ്ക്കും. അതുകൊണ്ട് തന്റെ ദുരിതം ഒന്നുകൂടി ഇരട്ടിയ്ക്കുമെന്നല്ലാതെ മററു ഗുണങ്ങളൊന്നുമുണ്ടാകയില്ല. ഈവകചിന്തകളിൽ അവൾ ഈശ്വരനൊഴികെ മററാരോടും പരാതി പറയാതെ സകലസങ്കടങ്ങളും ക്ഷമാപൂൎവ്വം സഹിച്ചു പോന്നു. അങ്ങിനെയിരിയ്ക്കെ ഒരു ദിവസം ശാന്തോദരിയമ്മ പുഴയിൽ കുളിച്ചുകൊണ്ടു നില്ക്കുമ്പോൾ അയല്ക്കാരിയായ ഒരു സ്ത്രീ കയ്യിൽ ഒരു കുടവുമായി പുഴയിലേയ്ക്കു വന്നു. കുടം കരയ്ക്കുവച്ചിട്ട് സ്ത്രീ പുഴയിലേയ്ക്കിറങ്ങിയപ്പോൾ ശാന്തോദരിയമ്മ അവരോടിപ്രകാരം ചോദിച്ചു.

ശാന്തോ: എന്തിനാണ് ചേച്ചി! കുളിയ്ക്കുവാൻ വന്നപ്പോൾ കുടവുംകൊണ്ടുവന്നതു്?

മനംമയക്കുന്ന മധുരവർത്തമാനം ശാന്തോദരിയമ്മയ്ക്ക് ഇപ്പോഴും വശമായിരുന്നു. ശാന്തകുമാരിയൊഴികെ മററെല്ലാപേരോടും യഥായോഗ്യം അവരതിനെ പ്രയോഗിയ്ക്കാറുമുണ്ട്. പക്ഷെ അയല്ക്കാരായമിയ്ക്കപേൎക്കും കുറച്ചുനാൾകൊണ്ടു "നാക്കിൽ തേനുള്ള ഈ സ്ത്രീയുടെ മനസ്സിൽ വിഷമാണെന്നു" അവർ ശാന്തകുമാരിയോടു പെരുമാറുന്ന രീതിയിൽനിന്നും മനസ്സിലായിട്ടുണ്ടായിരുന്നു. ശാന്തോദരിയമ്മയുടേയും ശാന്തകുമാരിയുടേയും സ്വഭാവങ്ങൾ മനസ്സിലായ നാൾമുതൽ അവൎക്കെല്ലാം ശാന്തകുമാരിയോട് നിഷ്കളങ്കമായ സ്നേഹവും ശാന്തോദരിയമ്മയോട് കലശലായ വെറുപ്പുമുണ്ടായിരുന്നുവെങ്കിലും അവരാരും അതൊന്നും പുറമെ പ്രകാശിപ്പിച്ചിരുന്നില്ല. ശാന്തോദരിയമ്മയുടെ ചോദ്യംകേട്ടപ്പോൾ അയൽക്കാരിയായ സ്ത്രീ പറഞ്ഞു.

അയൽക്കാരി: കുളികഴിഞ്ഞു പോകുമ്പോൾ ഒരു കുടം വെള്ളംകൂടി കൊണ്ടുപോകാമെന്നുകരുതി കുടവുംകൊണ്ടു പോന്നതാണ്.

ശാന്തോ: പുഴയിൽനിന്നു വെള്ളം കൊണ്ടുപോകുന്നതെന്താണ് ? നിങ്ങളുടെവീട്ടിൽ കിണറില്ലെ ?

അയൽ: കിണറില്ലാഞ്ഞിട്ടല്ല ഈ പുഴയിലെ വെള്ളത്തിനു് പ്രത്യേകമായ ഒരു സ്വാദും തണുപ്പുമുണ്ട്. ഞങ്ങളെല്ലാം ദാഹിയ്ക്കുമ്പോൾ കുടിയ്ക്കുവാനായി നിത്യവും ഓരോകുടം വെള്ളം ഇവിടെനിന്നും കൊണ്ടുപോകാറുണ്ട്. ഈ വെള്ളംശരീരത്തിനു് വളരെ ആരോഗ്യകരമാണ്.

ശാന്തോ: അങ്ങിനെയാണോ? ഞാനതറിഞ്ഞിട്ടില്ല.

അന്നു് അവർ പുഴയിൽനിന്നും മടങ്ങിഗൃഹത്തിലെത്തിയപ്പോൾ ശാന്തകുമാരിയെ വിളിച്ചിങ്ങനെ പറഞ്ഞു. "ഇന്നുമുതല്ക്കു് നീ കുളികഴിഞ്ഞുപോരുമ്പോൾ ആററിൽനിന്നും ഒരുകുടം വെള്ളംകൂടി കൊണ്ടുപോരണം. എനിയ്ക്കു കുടിയ്ക്കുവാനുള്ളതാകയാൽ പ്രത്യേകം സൂക്ഷിച്ചുവയ്ക്കണം; അന്നുമുതല്ക്കു് ശാന്തകുമാരിയ്ക്കു് വിശേഷാൽ ഒരു ജോലികൂടിയായി. അങ്ങിനെയുള്ള ഒരു ദിവസത്തെ ശാന്തകുമാരിയുടെ സ്നാനാനന്തരമുള്ള യാത്രയാണു് നാം ഒന്നാമദ്ധ്യായത്തിന്റെ ആരംഭത്തിൽകണ്ടതു്. അക്കാലങ്ങളിൽ അവളുടെ കുളി മദ്ധ്യാഹ്നസമയത്തായിരുന്നു നടത്തിയിരുന്നതു്. മിയ്ക്കവാറും അവൾക്കു് കുളിയ്ക്കുവാനപ്പോഴേ സൌകൎയ്യമുണ്ടാകുകയൊള്ളു. അഥവാ അതിനുമുൻപു സൌകൎയ്യമുണ്ടായാൽതന്നേയും ഈ നിറകുടവും ചുമന്നുകൊണ്ടുള്ളയാത്ര മററാരുടേയും ദൃഷ്ടിയിൽ പെടാതിരിയ്ക്കുവാൻവേണ്ടി ജനസഞ്ചാരം കുറഞ്ഞിരിയ്ക്കുന്ന ഈ സമയത്തേ അവൾ കുളിയ്ക്കുവാൻ പോകാറൊള്ളു.

---

## അദ്ധ്യായം 4.

ശാന്തകുമാരി കുടംനിറയെ വെള്ളവും വഹിച്ചുകൊണ്ടു് റോഡിൽനിന്നും ഇടവഴിയിലേയ്ക്കിറങ്ങിയപ്പോൾ അവരുടെ പടിപ്പുരയുടെ ഇറയത്തു് ആരോ ഒരാൾ തന്റെ ഉത്തരീയത്തെ തറയിൽവിരിച്ചു് അതിന്മേൽ കിടക്കുന്നതുകണ്ടു. വെയിലിന്റെ ചൂടനിമി

ത്തം വല്ല പാന്ഥന്മാരും തണലുള്ള സ്ഥലംനോക്കി വന്നുകിടക്കുകയായിരിയ്ക്കാമെന്നുകരുതി അവൾ പടിപ്പുരതുറന്ന് അകത്തേയ്ക്കുകടക്കുവാൻ ഭാവിച്ചപ്പോൾ അയാളവിടെ എഴുന്നേററിരുന്നുകൊണ്ടു ചോദിച്ചു.

പാന്ഥൻ: കുഞ്ഞേ: കുറച്ചുവെള്ളം കുടിയ്ക്കുവാൻ തരുമോ ?

ശാന്ത: തരാം. ഇങ്ങോട്ടുകടന്നുവരൂ.

ഉടനേ അയാളവളുടെ പുറകേ ഗൃഹത്തിലേക്കു കടന്നുചെന്നു. അവളകത്തുചെന്ന് ഒരു ഗ്ലാസ്സുനിറയെ വെള്ളമെടുത്ത് അയാളുടെ സമീപത്തു കൊണ്ടുവച്ചു. അയാളതെടുത്തു കുടിച്ചുശേഷം ഗ്ലാസ്സ താഴത്തുവച്ചിട്ട് അവളോടു ചോദിച്ചു.

പാന്ഥ: ഇവിടെ വേറെയാരുമില്ലേ ?

ശാന്ത: ഉണ്ട് എന്റെ സഹോദരനും ഭാര്യയുമുണ്ട്. നിങ്ങൾ എവിടുന്നുവരുന്നു ?

പാന്ഥ: ഞാൻ കുറെയകലെനിന്നും വരികയാണ്. ഇവിടെയെങ്ങും പരിചയമില്ല. ഇവിടംവരെ വന്നപ്പോഴേയ്ക്ക് വെയിലിന്റെ ചൂടുസഹിയ്ക്കുവാൻ വയ്യാതായതിനാൽ ഈ പടിപ്പുരയിൽ കയറികിടന്നതാണ്. ദാഹവും നല്ലപോലെയുണ്ടായിരുന്നു.

അയാൾ പറഞ്ഞതു മുഴുവനും പരമാർത്ഥമല്ലെന്നവൾക്കുതോന്നി. എന്തെന്നാൽ അവളിതിനുമുൻപും പലപ്പോഴുമയാളെ ഈ പ്രദേശങ്ങളിൽ കണ്ടിരുന്നു. അവൾ സ്നാനാർത്ഥമല്ലാതെ പുറത്തിറങ്ങുക പതിവി

ല്ലെങ്കിലും പുഴയിലേക്കു പോകുംവഴി പലദിവസവും ആറുവക്കിലും വഴിയിലുംമററും സാധാരണയായി അയാളെ കാണാറുണ്ടു്. ഈ മനുഷ്യനു് ഏകദേശം ഒരു ഇരുപത്തിനാലുവയസ്സു പ്രായമുണ്ടായിരുന്നു. നിറം നല്ല കറുപ്പാണെങ്കിലും അയാളുടെ ഓരോ അവയവങ്ങൾക്കും പ്രത്യേകമായ ഒരു കോമളത്വവും നേത്രങ്ങൾക്കു് അസാധാരണമായ തേജസ്സുമുള്ളതായി അവൾക്കു തോന്നി. അയാൾ ഒരു ഡബിൾ വേഷ്ടിയും ഫ്ലാനൽ കൊണ്ടുള്ള ഒരു ഷർട്ടും ധരിച്ചിരുന്നു. ഒരു നേര്യതു കൊണ്ടു് തലയിൽ ഒരു കെട്ടും കെട്ടിയിരുന്നു. ഇത്ര സുഭഗനായ ഒരു യുവാവിനെ അവളിതിനുമുൻപു കണ്ടിട്ടില്ലെന്നവൾക്കുതോന്നി. അയാളുടെ വാക്കുകൾ കേട്ടിട്ടു് അവൾ നിസ്തബ്ധയായി. അവിശ്വാസദ്യോതകമായി തന്റെ മുഖത്തേക്കുതന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു നിൽക്കുന്നതുകണ്ടിട്ടു് മന്ദഹാസം പൊഴിച്ചുകൊണ്ടു് അയാൾ ചോദിച്ചു.

പാന്ഥ: എന്താണു് ഞാൻ പറഞ്ഞതത്ര വിശ്വാസമായില്ലെന്നുണ്ടോ ?

ശാന്ത: എനിയ്ക്കു നിങ്ങളെ വിശ്വസിയ്ക്കുകയും അവിശ്വസിയ്ക്കുകയും ചെയ്യേണ്ടയാവശ്യമെന്താണു്? പക്ഷെ ഇപ്പോൾ നിങ്ങൾ പറഞ്ഞതു മുഴുവൻ പരമാർത്ഥമല്ലെന്നെനിയ്ക്കറിയാം.

പാന്ഥ: അതെന്താണു് ?

ശാന്ത: നിങ്ങളെ ഞാനിതിനുമുൻപു പലപ്പോഴും ഈ വഴിയിൽവച്ചു കണ്ടിട്ടുണ്ടല്ലോ.

പാറമ: അമൎത്തിയ ചിരിയോടെ പറഞ്ഞു. അതു ശരിയായിരിയ്ക്കാം. എന്തെന്നാൽ ഞാൻ കുറച്ചു നാൾക്കിടയിൽ ചില അത്യാവശ്യ കാൎയ്യങ്ങൾക്കായി പലപ്പോഴും ഇവിടങ്ങളിൽ വന്നിട്ടുണ്ട്. പക്ഷെ ഈ ഭാഗങ്ങളിലാരേയും പരിചയമില്ല. ഇപ്പോൾ വളരെയകലെനിന്നു വരികയുമാണു്.

ശാന്ത: എന്തെങ്കിലുമാകട്ടെ. നിങ്ങളുടെ ദാഹം മാറിയില്ലേ ? ഇനി പൊയ്ക്കൊള്ളുക.

പാറമ: ഞാൻ പോകുകയാണു്. എന്നാൽ ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ. കുഞ്ഞു പുറത്തുനിന്നു വെള്ളം കൊണ്ടുവരുന്നതുകണ്ടതെന്താണു്? ഇവിടെ കിണറുംമറവുമില്ലേ?

ശാന്ത: ആററിലെ വെള്ളം കുടിയ്ക്കുവാൻ കൂടുതൽ സുഖമുള്ളതിനാൽ കുളിയ്ക്കുവാൻപോയപ്പോഴൊരുകുടം വെള്ളംകൂടി കൊണ്ടുപോന്നതാണു്.

പാറമ: ഞാനൊരു കാൎയ്യംകൂടി ചോദിക്കട്ടെ. കോപിയ്ക്കല്ലെ. കുഞ്ഞ് വെള്ളവുംകൊണ്ടുവരുമ്പോൾ കരയുന്നതു കണ്ടല്ലോ. അതെന്തിനാണ്?

ഈ ചോദ്യം അല്പസമയത്തേയ്ക്കടങ്ങി കിടന്നിരുന്ന അവളുടെ സങ്കടത്തെ വൎദ്ധിപ്പിച്ചു. ഏകാന്തസമയങ്ങളിൽ പലതും ചിന്തിച്ചുകരയുന്നതു് അവളുടെ ഒരു പതിവായിരുന്നുവെങ്കിലും അതു മറെറാരാൾ മനസ്സിലാക്കിയെന്നറിയുന്നതു് ആ അഭിമാനനിധിയ്ക്കു് വലിയ അപമാനമായിരുന്നു. അതിലും അന്യനും അപരിചിതനുമായ ഒരു യുവാവു് ഇങ്ങിനെ ചോദിച്ചപ്പോൾ തനിയ്ക്കു് ഇപ്രകാരമുള്ള ഒരു വിധി വന്നുചേ

ന്നവല്ലോ എന്നോർത്തിട്ടുള്ള സങ്കടവും ഇയാളിതെല്ലാമ ന്വേഷിയ്ക്കുന്നതെന്തിനാണെന്നാലോചിച്ചിട്ടുള്ളം കോ പവും കലൎന്നു് അവൾ അയാളോടിങ്ങനെ ചോദിച്ചു.

ശാന്ത: നിങ്ങളെന്തിനാണിതെല്ലാമന്വേഷിയ്ക്കുന്നതു്? ദാഹം തീൎന്നെങ്കിൽ മടങ്ങിപ്പോകരുതെ?

പാന്ഥ: കുഞ്ഞേ! എനിയ്ക്കിതൊന്നുമന്വേഷിച്ചിട്ടാവശ്യമുണ്ടായിട്ടു ചോദിച്ചതല്ല. ഞാനും അമ്മയും സഹോദരങ്ങളുമുള്ളവനാണു്. ഈ പൊരിയുന്ന വെയിലത്തു് ഇത്ര വലിയകുടത്തിൽ വെള്ളവും ചുമന്നു് കരഞ്ഞുകൊണ്ടുള്ള ആ വരവുകണ്ടപ്പോൾ അന്യനായ എന്റെ ഹൃദയം പിളൎന്നുപോയി. അതുകൊണ്ടു ചോദിച്ചതാണു്. നിങ്ങൾക്കു് ഒരു സഹോദരനുണ്ടെന്നു പറഞ്ഞുവല്ലോ. ആ മനുഷ്യനിതെങ്ങിനെകണ്ടു സഹിയ്ക്കുന്നു?

ശാന്ത: അദ്ദേഹത്തിനിതൊന്നുമറിഞ്ഞുകൂടാ.

പാ: പിന്നെ കുഞ്ഞിനേക്കൊണ്ടിതെല്ലാം ചെയ്യിയ്ക്കുന്നതാരാണു്.

ശാന്ത: ദയവുചെയ്തു് നിങ്ങൾ നിങ്ങളുടെ വഴിയ്ക്കുപോകുക. എന്റെ ചരിത്രങ്ങളെല്ലാം നിങ്ങളെന്തിനന്വേഷിക്കുന്നു?

പാ: സഹോദരി! നിങ്ങൾക്കിഷ്ടമില്ലെങ്കിൽ ഒന്നും പറയുന്നതിനു ഞാൻ നിർബന്ധിയ്ക്കുന്നില്ല. പക്ഷെ നിങ്ങളെന്നെ ഒരു സഹായാളായിക്കരുതി നിങ്ങളുടെ ചരിത്രങ്ങളെന്നെ ധരിപ്പിയ്ക്കാമെങ്കിൽ എനിയ്ക്കതുകേൾക്കുവാനാശയുണ്ടു്. ചിലപ്പോൾ നിങ്ങൾക്കതുകൊണ്ടു വല്ല പ്രയോജനവുമുണ്ടായെക്കാം.

ശാന്ത: നിങ്ങളെസംബന്ധിച്ചു് യാതൊരു പരിചയവുമില്ലാത്ത സ്ഥിതിയ്ക്കു് നിങ്ങളെ ഞാനെന്റെ ചരിത്രം ധരിപ്പിയ്ക്കുന്നതു ശരിയാണോ?

പാ: മനുഷ്യർ സാധാരണയായി കണ്ടും പറഞ്ഞുമല്ലെ പരിചയപ്പെടുന്നതു്?

ശാന്ത: എനിയ്ക്കങ്ങിനേയും നിങ്ങളെ പരിചയമില്ലല്ലൊ?

പാ: ശരി, എന്നാൽ നിങ്ങൾ പലപ്പോഴുമിങ്ങിനെ വെള്ളവും ചുമന്നുകൊണ്ടുവരുന്നതും അപ്പോഴെല്ലാം കരയുന്നതും ഞാൻ കണ്ടിട്ടുണ്ടു്. നിങ്ങളീരീതിയിൽ ജീവിക്കേണ്ട ഒരു കുട്ടിയല്ലെന്നു് നിങ്ങളുടെ ബാഷ്പവർഷവും ആകൃപ്പാടെയുള്ള ലക്ഷണങ്ങളും വിളിച്ചുപറയുന്നുണ്ടു്. ഇതിനുമുൻപു് ഈ രീതിയിൽ ജീവിച്ചിട്ടുള്ളവളോ ഇങ്ങിനെ ജീവിയ്ക്കുന്നതിനു് ആവശ്യമോ ഉള്ള ഒരു കുട്ടിയാണെങ്കിൽ തീർച്ചയായും അതിനിങ്ങിനെ സങ്കടപ്പെടുകയില്ല. ഇങ്ങിനെ പല ദിവസവും കണ്ടിട്ടുള്ള സങ്കടം സഹിയ്ക്കവയ്യാതെയായിട്ടു് ഇതിന്റെ പരമാൎത്ഥമെന്തെന്നറിയണമെന്നുള്ള ഒററ യാശയാൽ പ്രേരിതനായിട്ടുമാത്രം ഇന്നു ഞാനിവിടെ കടന്നുവന്നിട്ടുള്ളതാണു്. ഇതിന്നെന്തെങ്കിലുമൊരു പരിഹാരമുണ്ടാകുവാനും ഒരു പക്ഷെ എന്നെക്കൊണ്ടു സാധിച്ചേക്കാം. ഇനി കുഞ്ഞിനിഷ്ടമുണ്ടെങ്കിൽ പറയുക.

അയാളുടെ വാക്കുകൾ കേൾക്കുകയും അതു പറയുമ്പോഴുള്ളമുഖഭാവം കാണുകയും ചെയ്തപ്പോൾ അയാൾ

പറഞ്ഞതെല്ലാം പരമാൎത്ഥമാണെന്നുള്ള ഒരു ബോധവും അയാളെ സംബന്ധിച്ച് ഒരു സ്നേഹവും അവളുടെ ഉള്ളിലുദിച്ചു. ഉടനെ തന്റെ ജീവചരിത്രം മുഴുവൻ ചുരുക്കത്തിൽ അയാളെ ധരിപ്പിച്ചു. അയാൾ അധോമുഖനായിരുന്നുകൊണ്ടു് അവൾ പറഞ്ഞതു മുഴുവനുംകേട്ടു. ഇതെല്ലാം പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കു് ശാന്തകുമാരിയുടെ വദനസരോജം ബാഷ്പധാരയിൽ മജ്ജനം ചെയ്തുകഴിഞ്ഞിരുന്നു. അവൾ പറഞ്ഞവസാനിപ്പിച്ചപ്പോൾ പാന്ഥനായ യുവാവു് ഉത്തമാംഗത്തെ ഉയൎത്തി അവളുടെ മുഖത്തേയ്ക്കുനോക്കി. ശാന്തകുമാരി പെട്ടെന്നു ഞെട്ടിപ്പോയി. എന്തെന്നാൽ കറുപ്പുനിറമാണെങ്കിലും എത്രയും ഹൃദയാകൎഷകമായിരുന്ന ആ യുവാവിന്റെ വദനകമലം ഇട്ടുടെ ചുമപ്പുനിറമാൎന്നു് നേത്രങ്ങൾ ഉരുണ്ടുകലങ്ങി നോക്കുവാൻവയ്യാത്തവിധം ഒരു തീക്ഷ്ണപ്രഭ പൂണ്ടിരിയ്ക്കുന്നതായി അവൾക്കുതോന്നി. അവളുടെ കണ്ണുനീരിൽ മുഴുകിയ മുഖവും പെട്ടെന്നുള്ള ഞെട്ടലുംകണ്ടു് യുവാവു് അല്പമൊന്നു വല്ലാതെയായി. ഉടനെ അയാൾ എത്രയും ശാന്തനായി അവളോടിപ്രകാരം പറഞ്ഞു.

യുവാ: ശാന്തകുമാരി! ഭവതിയശേഷം സങ്കടപ്പെടേണ്ട. എന്നെ ഭവതിയുടെ സ്വന്തയാളായിട്ടുതന്നെ കരുതിക്കൊള്ളുക. ഭവതിയുടെ ഏതു ദുഃഖങ്ങളേയും തട്ടിക്കളയുന്നതിനു് ഈ കൈകൾ ശക്തങ്ങളാണെന്നു് ഭവതി വിശ്വസിയ്ക്കുക. ഇങ്ങിനെ പറഞ്ഞുകൊണ്ടു് അയാൾ തന്റെ ബാഹുക്കൾ

രണ്ടും നീട്ടി അവളെ കാണിച്ചുകൊടുത്തു. ഇരുണ്ടു കൊഴുത്ത ആ കൈകൾക്കു് പ്രത്യേകമൊരു അഴകും ബലവുമുള്ളതായി അവൾക്കുതോന്നി.

യുവാവു വീണ്ടും പറഞ്ഞു. ഇന്നുമുതൽ ശാന്തത്തിനിഷ്ടമുള്ളജോലി മാത്രമിവിടെച്ചെയ്താൽമതി. ആററിൽനിന്നു വെള്ളം കൊണ്ടുവരേണ്ട. ആ നീചയെ ശാന്തം ക്രമത്തിലധികമായി ഭയപ്പെടേണ്ട. ഇതുകൊണ്ടെല്ലാം വരുന്നതായ ദോഷങ്ങളെന്താണെന്നറിയട്ടെ. അപ്പോഴതിനു പ്രതിവിധി തനിയേ ഉണ്ടായിക്കൊള്ളും. ഞാനിതുപോലെ അധികമായിട്ടിവിടെ വരികയില്ല. എന്നാൽ എപ്പോഴും ഞാൻ ശാന്തത്തിൻെറ പുറകിലുണ്ടെന്നു് ധൈര്യമായി വിശ്വസിച്ചുകൊള്ളു. ഇപ്പോൾ ഞാൻ പോകട്ടെ. ഇത്രയും പറഞ്ഞിട്ടു് അയാളവളുടെ മുഖത്തുനോക്കിക്കൊണ്ടു് സ്നേഹപൂർവ്വംചോദിച്ചു. "ആകട്ടെ. ശാന്തമെന്നെ അറിയുമോ?" അയാളുടെനോട്ടവും ചോദ്യവുംകൂടി അവളേക്കൊണ്ടു് "ഇല്ല" എന്നുപറയിച്ചു. കുറച്ചുമുൻപുകണ്ടതായ മുഖമല്ല അപ്പോൾ കാണുന്നതെന്നവൾക്കുതോന്നി. "എന്നാൽ ഞാനിപ്പോൾ പോകട്ടെ" എന്നു പറഞ്ഞുകൊണ്ടു് അയാൾ പോകാനായി തിരിഞ്ഞപ്പോൾ അല്പം സങ്കോചത്തോടെ ശാന്തകുമാരി പറഞ്ഞു.

ശാന്ത: നിങ്ങളുടെ പേരെന്താണെന്നുപോലുമെന്നോടു പറഞ്ഞില്ലല്ലൊ.

യുവാ: തിരിഞ്ഞുനിന്നിട്ടുപറഞ്ഞു. എൻെറപേർ ഗോപാലൻകുട്ടിയെന്നാണു്. ശാന്തത്തിൻെറ ഗോപാലൻകുട്ടി.

ശാന്തകുമാരി ലജ്ജാനമ്രമുഖിയായിനിന്നു. അയാൾ പടികടന്നു പോകയും ചെയ്തു.

---

# അദ്ധ്യായം 5.

യുവാവു് കണ്ണിൽനിന്നു മറഞ്ഞുകഴിഞ്ഞപ്പോൾ താനിപ്പോൾ കണ്ടതും കേട്ടതുമെല്ലാം സ്വപ്നമായിരിയ്ക്കുമോ എന്നവൾ സംശയിച്ചു. യാതൊരറിവും പരിചയവുമില്ലാത്ത ഈ മനുഷ്യനു് എന്നോടിത്ര ദയവു തോന്നുവാനെന്തായിരിയ്ക്കാം കാരണം? എന്റെ ഈ സങ്കടംകണ്ടിട്ടു സഹിയ്ക്കുവാൻവയ്യാതെ ഈശ്വരൻ തന്നെ ഈ വേഷത്തിൽ വന്നതായിരിയ്ക്കുമൊ? ഇങ്ങിനെ ഓരോന്നു ചിന്തിച്ചു ചിന്തിച്ചു് ഒടുവിലവൾക്കു് ഒരാലോചനയുണ്ടായി. ഇതു് എന്റെ വല്ല്യമ്മയുടെ മകനായിരിയ്ക്കുമൊ? അവർ പോകുന്നസമയത്തു് എന്നോടുപറഞ്ഞതായ വാക്കുകളെപ്പററിയാലോചിച്ചാൽ അങ്ങിനെവരുവാൻ മാർഗ്ഗമുണ്ടു്. ആളറിയിയ്ക്കാതെ വന്നു് എന്റെ സ്ഥിതിഗതികളറിവാനും എനിയ്ക്കു കഷ്ടതയുണ്ടെങ്കിൽ സഹായിയ്ക്കുവാനുമായി അവർ തന്റെ പുത്രനെ ഏർപ്പാടുചെയ്തയച്ചതായിരിയ്ക്കാം. അങ്ങിനെയാണെങ്കിൽ ആ വിവരമെന്നോടു പറഞ്ഞാലെന്താണു്? എന്നെ അറിയിയ്ക്കരുതെന്നു വല്ല്യമ്മ പറഞ്ഞിട്ടുണ്ടായിരിക്കാം. കഷ്ടം. എനിയ്ക്കീയാലോചനയാദ്യമേ തോന്നിയില്ലല്ലോ. ഏതായാലുമദ്ദേഹം പോയിട്ടധികം സമയമായില്ലല്ലോ. പടിയ്ക്കലൊ

ററാ ഉണ്ടോ എന്നു നോക്കട്ടെ. ഇങ്ങനെ ചിന്തിച്ചു കൊണ്ടു് അവൾ പടിയ്ക്കലേയ്ക്കോടി. അവിടെനിന്നാൽ കാണാവുന്നസ്ഥലംവരെ പരിശോധിച്ചു. അവിടെയെങ്ങുമയാളെ കണ്ടില്ല നിരാശാഭരിതയായി അവൾ മടങ്ങിപ്പോന്നു. അയാളുമായി അത്രയും സമയം സംസാരിച്ചപ്പോഴേക്കുതന്നെ അവൾക്കു് ആ യുവാവിൽ പ്രത്യേകമായ ഒരു വിശ്വാസവും സ്നേഹവുംതോന്നി എന്തെന്നാൽ അയാളുടെ സംസാരവും ഭാവചേഷ്ടകളും അത്ര നിഷ്കളങ്കവും സ്നേഹപൂർണ്ണവുമായിരുന്നു. അയാൾ വല്ല്യമ്മയുടെ മകനായിരിയ്ക്കുമെന്നുള്ള സംശയംകൂടിയായപ്പോൾ അവൾക്കു് അയാളെ വീണ്ടും കാണുവാനുള്ള ധൃതികലശലായി. അവളുടെ ബാഷ്പധാരയും മന്ദതയും മൌനവുമെല്ലാം പറന്നുപോയി. പഴയ ഉത്സാഹവും ചൊടിയുമൊക്കെ അല്പാല്പമായി അവളെ സമീപിച്ചുതുടങ്ങി. അയാൾ വല്ല്യമ്മയുടെ മകനല്ലാതെ മററാരുമല്ലെന്നുള്ള വിശ്വാസം അവളുടെ ഹൃദയത്തിൽ ദൃഢമായി പതിഞ്ഞു. അവളോടു് അയാൾ പറഞ്ഞിരുന്നതു് ഇനിമേലിൽ ആററിൽനിന്നും വെള്ളംകൊണ്ടുവരേണ്ടായെന്നാണെങ്കിലും അവളുടെ ആശമുഴുവനും പിറേറന്നാൾ മദ്ധ്യാഹ്നമായെങ്കിൽ കുടവുമെടുത്തു് പുഴയിലേക്കു പോകാമെന്നായിരുന്നു. എന്തെന്നാൽ അതു കാണുമ്പോൾ മേലാൽ വെള്ളം ചുമക്കരുതെന്നു പറവാനായിട്ടെങ്കിലും അയാൾ തന്റെ സമീപത്തെത്തുമല്ലൊ. എല്ലാദിവസവും കണ്ണുനീരിൽ മുഴുകി തലയുംകുനിച്ചു് ആരുടേയും മുഖത്തുനോക്കാതെ ചെമ്പുകുടവുമായി നദിയിലേ

ക്കപോകയും വരികയും ചെയ്യാറുള്ള ശാന്തകുമാരി പിറേറന്നാൾ വളരെ ഉത്സാഹത്തോടും ആരേയോ തിരയുന്നതുപോലെ നാലുപാടും നോക്കിക്കൊണ്ടുമാണു് ആററിലേക്കതിരിച്ചതു്. പുഴയിലെത്തുന്നതുവരേയും, എത്തിയിട്ടും അവൾ പലതരത്തിലും അന്വേഷിച്ചുവെങ്കിലും ആരെകാണുന്നതിനുവേണ്ടി അവളിത്രയെല്ലാം ബുദ്ധിമുട്ടുന്നുവോ, ആ ഒരാളെമാത്രം അതായതു് അവളുടെ വല്ല്യമ്മയുടെ മകനെ മാത്രം അവിടെയെങ്ങും കണ്ടില്ല. ശാന്തകുമാരി കുളികഴിഞ്ഞു് വെള്ളവുമായിമടങ്ങി. റോഡിൽനിന്നു് ഇടവഴിയിലേയ്ക്കിറങ്ങുന്നിടത്തു ചെന്നപ്പോൾ അവൾ ആശാപൂർവം തിരിഞ്ഞുനോക്കി. ആവൂ! അവളുടെ മനസ്സിനു് അല്പമൊരാശ്വാസംകിട്ടി. അതായതു് അവളുടെ വല്ല്യമ്മയുടെ മകൻ ഒരു സൈക്കിളിൽ കയറി വളരെയകലെക്കൂടെ ഓടിച്ചു പോകുന്നതവൾകണ്ടു. അയാളവളെ കണ്ടോ. ആവൊ. ഇല്ലെങ്കിൽ വേണ്ട. അവൾക്കയാളെ കാണുവാൻ സാധിച്ചുവല്ലൊ. അയാളിതരനല്ലെന്നും വല്ല്യമ്മയുടെ മകൻതന്നെയാണെന്നും അവൾക്കു ബോദ്ധ്യമായി. ആശ്വാസപൂർവം ഗൃഹത്തിലേക്കു പോകയുംചെയ്തു. പിറേറദിവസവും ശാന്തകുമാരി കുടവുമെടുത്തു് പുഴയിലേക്കതിരിച്ചു. അവൾ പടിപ്പുരയ്ക്കു പുറത്തിറങ്ങിയപ്പോൾമുതൽ മടങ്ങി ഗൃഹത്തിലെത്തുന്നതുവരെ അവളുടെ വല്ല്യമ്മയുടെ മകനെ, അവളുടെ ഗോപാലൻകുട്ടിയെ ഒന്നു കാണുന്നതിനായി പലയിടത്തുംതിരഞ്ഞു. പക്ഷെ അവളുടെ അന്നത്തെ അന്വേഷണം നിരാശയിൽ കലാശിച്ചുതല്ലാതെ അയാളെ

അവിടെയെങ്ങും കണ്ടെത്തിയില്ല. പിറേറന്നാളും ശാന്തകുമാരി ആശയോടെ പുഴയിലേക്കു തിരിയ്ക്കുകയും നിരാശയോടെ മടങ്ങുകയും ചെയ്തു. ഇങ്ങിനെ ദിവസങ്ങൾ നാലഞ്ചു കഴിഞ്ഞു. അവൾക്കു വലിയ വ്യസനമായി. അവൾക്കെപ്പോഴും ആലോചനയായി. ഇദ്ദേഹമെവിടെപ്പോയിരിയ്ക്കാം? സ്വദേശത്തേക്കു മടങ്ങിയിരിക്കുമൊ? ശരി, അതായിരിയ്ക്കാം ഇപ്പോൾ കാണാത്തതു്. എന്നെക്കണ്ടതും എന്റെ സ്ഥിതിഗതികളുമെല്ലാം വല്ല്യമ്മയെ അറിയിയ്ക്കുവാനായിപ്പോയതായിരിയ്ക്കാം. കഷ്ടം! വല്ല്യമ്മയുടെ വിവരങ്ങളൊന്നും അറിവാനെനിക്കു സാധിച്ചില്ലല്ലോ. ഇനി കാണുമ്പോഴാദ്യംതന്നെ അക്കാര്യം ചോദിക്കണം. ഇങ്ങിനെ പലതുമാലോചിച്ചുകൊണ്ടിരുന്നതിനാൽ ഒരു ദിവസം സമയംപോയതു് അവളറിഞ്ഞില്ല. മണി നാലടിക്കുന്ന ശബ്ദം കേട്ടാണു് അവൾ ഞെട്ടിയുണർന്നതു്. പരിഭ്രമത്തോടെ ശാന്തകുമാരി അടുക്കളയിലേയ്ക്കോടി. അവളുടെ ജ്യേഷ്ഠത്തിയമ്മ സ്കൂളിൽനിന്നും വരുന്നതിനു് ഇനി പതിനഞ്ചു മിനിറേറ താമസമൊള്ളൂ. അപ്പോഴേക്കു ചായയും പലഹാരവും തയ്യാറാക്കി ആഫീസുമുറിയിലെ മേശപ്പുറത്തു് ഹാജരാക്കണം. ശാന്തോദരിയമ്മയുടെ സ്കൂൾവക സാധനങ്ങൾ സൂക്ഷിക്കുന്നതിനും മററുസ്വന്താവശ്യങ്ങൾക്കുമായി ഒരു ചെറിയ മുറി അവർ ഉപയോഗിച്ചിരുന്നു. അവൎക്കുള്ള ലഘുഭക്ഷണസാധനങ്ങൾ ആ മുറിയ്ക്കുള്ളിലുള്ള മേശപ്പുറത്തു കൊണ്ടുവച്ചുകൊള്ളണമെന്നാണു് ശാന്തകുമാരിക്കു കൊടുത്തിരുന്ന കല്പന. ഈ വക ആവശ്യങ്ങൾക്കും മുറി തുറന്നു വൃത്തിയാക്കുവാനുമല്ലാതെ അവൾക്കവിടെ

കടക്കുവാനനുവാദവുമില്ല. ഈ മുറിയ്ക്കു ശാന്തോദരിയമ്മ കൊടുത്തിരുന്നപേർ ആഫീസുമുറി എന്നായിരുന്നു. ശാന്തകുമാരി അടുക്കളയിൽ കടന്നു് തിടുക്കത്തിൽ ദേഹണ്ഡം തുടങ്ങി. ദേഹണ്ഡമേകദേശം പകുതിയായപ്പോഴേക്കു് ശാന്തോദരിയമ്മ അടുക്കള വാതില്ക്കലെത്തിക്കഴിഞ്ഞു. അവർ വന്നയുടൻ ആഫീസുമുറിയിൽ ചെന്നുനോക്കി. അപ്പോൾ അവിടെ പത്രിവായിക്കാനാവുള്ള സാധനങ്ങളൊന്നുമെന്നല്ല ശാന്തകുമാരിയെത്തന്നെ കാണായ്കയാൽ അവർ കോപത്തോടുകൂടി അടുക്കള വാതില്ക്കലെത്തിയിരിയ്ക്കയാണു്. അൽപ്പസമയമവിടെ നോക്കിനിന്നശേഷം കോപസ്വരത്തിൽ അവരിപ്രകാരം ചോദിച്ചു.

ശാന്തോ: ഇന്നെന്തായിരുന്നു ഇവിടെ ഇത്ര വലിയ ജോലി?

ശാന്തകുമാരി ഒന്നും മിണ്ടിയില്ല. അവർ കുറെക്കൂടി ഉച്ചത്തിൽ വീണ്ടും ചോദിച്ചു "എടീ! നീ ഇന്നിവിടെ എന്താണെടുത്തിരുന്നതു്."

ശാന്ത: ഒന്നുമെടുത്തിരുന്നില്ല.

ശാന്തോ: പിന്നെയെന്താണു് ഇന്നു് അടുക്കളയിൽ കടക്കുവാനിത്ര വൈകിയതു്?

അപ്പോഴും ശാന്ത ഒന്നും മിണ്ടിയില്ല. അവർ കുറെക്കൂടി ഉച്ചത്തിൽ പറഞ്ഞുതുടങ്ങി.

ശാന്തോ: വെണ്മാടത്തിൽ കയറി കാററുംകൊണ്ടിരിയ്ക്കുകയായിരുന്നിരിയ്ക്കാം. ഏതു രാജകുമാരനാണു് പട്ടുംകച്ചയുമിട്ടിരിക്കുന്നതു്? നേരം വെളുക്കുമ്പോൾ തുടങ്ങി വൈകുന്നേരം വരെ ജോലി ചെയ്തു ക്ഷീണിച്ചു വീട്ടിലെത്തുമ്പോൾ ഊണും

കഴിഞ്ഞു വെറുതെയിരിയ്ക്കുന്നവൎക്ക് നാഴി വെള്ളം തിളപ്പിച്ചുവയ്ക്കുവാൻപോലും സൌക ൎയ്യമില്ല. റാണിയിങ്ങോട്ടുപൊയ്ക്കോളു. ഞാൻ തിളപ്പിച്ചുകുടിച്ചുകൊള്ളാം. ഇത്രനേരമിരുന്നി രുന്ന വെണ്മാടത്തിൽതന്നെപോയി കാററു ംകൊണ്ടിരുന്നോളു.

ഇതെല്ലാം കേട്ടിട്ടും ശാന്തകുമാരി യാതൊരു സ മാധാനവും പറഞ്ഞില്ല. അവളുടെ ശ്രവണേന്ദ്രിയ ങ്ങൾക്ക് ഈ വാക്കുകളൊന്നും പുത്തരിയല്ലായിരുന്നു. അവൾ ധൃതിയോടെ ചായവെള്ളത്തിൽ പാലും പഞ്ച സാരയും ചേൎത്തു കൂട്ടിത്തുടങ്ങി. അപ്പോൾ ശാതോദരി യമ്മ വീണ്ടും ചോദിച്ചു.

ശാതോ: ഇന്ന് ആററിൽനിന്നു വെള്ളംകൊണ്ടുവന്നി ട്ടുണ്ടോ?

ശാന്ത: ഉണ്ട്.

ശാതോ: ദൈവാധീനം. അതിൽനിന്നൊരുഗ്ലാസ് വെള്ളം തരാമൊ? എൻെറ നാക്കു കീഴ്പ്പോ ട്ടിറങ്ങിപ്പോകുന്നു.

ശാന്ത: ഇതാ ചായ കാലമായല്ലൊ.

ശാതോ: എനിയ്ക്കുനിൻെറ ചായയാവശ്യമില്ല. തിള യ്ക്കാത്ത വെള്ളത്തിൽ പാലുചേൎത്തുകുടിച്ചാൽ വല്ല രോഗങ്ങളും വന്നുകൂടും.

ശാന്ത: ഇതു നല്ലതുപോലെ തിളച്ചവെള്ളമാണ്.

ശാതോ: തിളയ്ക്കാത്തവെള്ളത്തിൽ ചായചേൎത്തുവാങ്ങു ന്നതു ഞാനിവിടെ കണ്ടുകൊണ്ടല്ലെനിന്നിരു

ന്നതു്? നിൻെറ കണ്ണുകളേക്കാൾ കാഴ്ച കുറഞ്ഞ തല്ല എൻെറ കണ്ണുകൾ. എന്നുതന്നെയല്ല വെണ്മാടത്തിലെറാണിയേക്കൊണ്ടു ചായ കാലമാക്കിച്ചു കുടിയ്ക്കുവാനുള്ള യോഗ്യതയുമെനിയ്ക്കില്ല. എനിയ്ക്കുവേണമെങ്കിൽ ഞാൻതന്നെ പാകപ്പെടുത്തിക്കൊള്ളാം. ഇങ്ങിനെ പറഞ്ഞുകൊണ്ടു് അവരവിടെനിന്നുപോയി. അന്നുമുഴുവനും ശാന്തകുമാരിയ്ക്കു് ശകാരംകൊണ്ടുള്ള അഭിഷേകം തന്നെയായിരുന്നു. അവൾക്കു് "വെണ്മാടത്തിലെ റാണി" എന്നുള്ള സ്ഥാനപ്പേരും സിദ്ധിച്ചു.

പിറേറന്നാൾ മദ്ധ്യാഹ്നസമയത്തു് ശാന്തകുമാരി കുടവുമെടുത്തു് പുഴയിലേക്കു യാത്രയായപ്പോൾ അവൾ വളരെ ദിവസമായി അത്യാശയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന അവളുടെ വല്ല്യമ്മയുടെ മകൻ "അവളുടെ" ഗോപാലൻകുട്ടി പടികടന്നു വരുന്നതുകണ്ടു. അന്നു് അയാൾ വിശേഷരീതിയിലുള്ള ഒരു കണ്ണടക്കൂടി ധരിച്ചിരുന്നു. ശാന്തം കുടം താഴത്തുവച്ചിട്ടു് അയാളുടെ സമീപത്തേക്കു് ഓടിച്ചെന്നു. അന്നു് അയാളവൾക്കു് അന്യനും അപരിചിതനുമായ ഒരു യുവാവല്ലായിരുന്നു. എത്രയും വാത്സല്ല്യപൂർവമെന്നു പറഞ്ഞാൽ പെററമ്മയ്ക്കു തുല്ല്യമവളെ ലാളിച്ചു വളത്തിയിരുന്ന ആ വല്ല്യമ്മയുടെ മകൻ, പോരെങ്കിൽ അവളെ ജീവതുല്ല്യം സ്നേഹിയ്ക്കുന്ന ഗോപാലൻകുട്ടി അവൾക്കു് അന്യനാകുന്നതെങ്ങിനെ. എന്നു മാത്രമല്ല എത്രദിവസം അയാളെ കാണുന്നതിനുള്ള അത്യാശയോടെ അവൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നുവൊ അത്ര

യധികം അവളുടെ ഹൃദയം അയാളോടടുത്തിരുന്നു. ശാന്തത്തിന്റെ ഓടിക്കൊണ്ടുള്ള വരവുകണ്ടു് അത്യാനന്ദപൂർവം ചിരിച്ചുകൊണ്ടു് ഗോപാലൻകുട്ടി ചോദിച്ചു.

ഗോപാ: എന്തെക്കെയാണു് ശാന്തം വിശേഷങ്ങൾ?

ശാന്ത: ഒ! ഞാനെത്രദിവസമായി നിങ്ങളെ ഒന്നു കാണ്മവാനാശിച്ചുകൊണ്ടു കാത്തിരിയ്ക്കുന്നു.

ഗോപാ: അതെന്തിനാണു്? ഞാനിവിടെനിന്നും പോയിട്ടു് അത്ര വളരെ ദിവസമായില്ലല്ലൊ.

ശാന്ത: ആരുപറഞ്ഞു ഇല്ലെന്നു്? അനവധി ദിവസമായെന്നാണെനിയ്ക്കുതോന്നുന്നതു്.

ഗോപാ: അതുവ്വൊ? എന്തിനാണെന്നെ കാണാനാശിച്ചതു്? വേഗമിവിടുന്നു പൊയ്ക്കൊള്ളുവാൻ പറഞ്ഞു ശകാരിയ്ക്കുവാനാണൊ?

കഴിഞ്ഞതവണ അയാൾ വന്നപ്പോൾ താൻ പറഞ്ഞതായവാക്കുകളെ സൂചിപ്പിച്ചാണു് ഇങ്ങിനെ പറഞ്ഞതെന്നു മനസ്സിലാകുകയാൽ അവൾ ലജ്ജിതയായി തലയുംതാഴ്ത്തി നിന്നുകൊണ്ടുപറഞ്ഞു.

ശാന്ത: അന്നെനിയ്ക്കാളെ മനസ്സിലാകാഞ്ഞിട്ടല്ലെ ഞാനങ്ങിനെ പറഞ്ഞതു്?

ഗോപാ: ഇപ്പോഴാളെ മനസ്സിലായോ?

ശാന്ത: ഇപ്പോഴെനിയ്ക്കു മനസ്സിലായി. ഇനിയെന്നെ പററിയ്ക്കുവാൻനോക്കേണ്ട.

ഗോപാ: എന്നാൽ ഞാനാരാണെന്നുപറയു.

ശാന്ത: (വിജയഭാവത്തോടെ) എന്റെ വല്ല്യമ്മയുടെ മകനല്ലെ?

ഗോപാ: ഏതുവല്ല്യമ്മയുടെ ?

ശാന്ത: ഞങ്ങളുടെവീട്ടിൽ താമസിച്ചിരുന്ന വല്ല്യമ്മയുടെ.

ഗോപാ: (മന്ദഹാസത്തോടെ) ശാന്തമിതെങ്ങിനെ മനസ്സിലാക്കി?

ശാന്ത: അല്ലാതെയെന്നോടിത്ര സ്നേഹംതോന്നുവാൻ വഴിയില്ലല്ലോ. നിങ്ങൾ പോയികഴിഞ്ഞപ്പോഴാണു് ഞാനതേപ്പററിയാലോചിച്ചതു്.

ഗോപാ: ശാന്തത്തിനോടെനിയ്ക്കു സ്നേഹമുണ്ടെന്നു് ശാന്തമെങ്ങിനെമനസ്സിലാക്കി ?

അവൾ തോററുപോയി. ഈ ചോദ്യത്തിനു സമാധാനം പറയേണ്ടതെന്താണെന്നവൾക്കുതോന്നിയില്ല. എന്നുതന്നെയുമല്ല അത്രയുംസമയം ആഹ്ളാദപൂർവം വികസിതമായ പൊൻതാമരപോലെ ഗോപാലൻകുട്ടിയുടെ മുഖത്തേയ്ക്കുയൎത്തിപ്പിടിച്ചിരുന്ന ആ വദനസരോജം ലജ്ജയാൽമെല്ലെ താഴ്ന്നുപോയി. അവൾ മൌനമായി കീഴ്പ്പോട്ടുനോക്കിനിന്നു. സമൎത്ഥനായ ഒരു ചിത്രകാരനപ്പോഴവിടെയുണ്ടായിരുന്നെങ്കിൽ ധാരാളമായ ധനലാഭത്തിനു മാൎഗ്ഗമുണ്ടാകാവുന്ന ആ നിലകണ്ടപ്പോൾ മതിമറന്നുപോയ ഗോപാലൻകുട്ടി ഒരു ആവേശത്തോടെ അവളുടെ അരികിലണഞ്ഞു് തൻെറ ഇരുകരങ്ങളാലും മിനുപ്പും ചുവപ്പും കലൎന്നു് മനോഹരമായ അവളുടെ ഗണ്ഡസ്ഥലങ്ങളിൽ പിടിച്ചു് ആ സുന്ദരവദനത്തെ തൻെറനേൎക്കുതന്നെ ഉയൎത്തി. അനന്തരം തൻെറ കരതലങ്ങൾക്കുള്ളിൽ

വിളങ്ങുന്ന ആ സാധനം ചെന്താമരയൊ പൊൻതാമരയൊ എന്നു പരിശോധിക്കുംപോലെ അൽപ്പസമയം നോക്കികൊണ്ടു നിന്നശേഷം, പുരുഷകരസ്പൎശത്താലുള്ള ലജ്ജയാലും പരിഭ്രമത്താലും അല്പാല്പം വിറയാൎന്നിരുന്ന ആ പവിഴാധരങ്ങളിൽ ആൎത്തിയോടെ ഒരു മുദ്രയെ അൎപ്പണംചെയ്തു. ശാന്തകുമാരിയുടെ ദേഹമെല്ലാം കോൾമയിർക്കൊണ്ടു. അവൾ അസഹ്യമായ ലജ്ജയാൽ ചൂളങ്ങികൊണ്ടു് ചൈതന്യമററതുപോലെ അവിടെ നിന്നു. തന്റെ പ്രവൎത്തി കുറച്ചവിവേകമായിപ്പോയെന്നു് ഗോപാലൻകുട്ടിക്കും തോന്നി. അവൾക്കു് തന്നോടു് നിഷ്കളങ്കമായ സ്നേഹമുണ്ടെന്നു് അവളുടെ വാക്കുകളും പെരുമാററവും വെളിപ്പെടുത്തുന്നുണ്ടെങ്കിലും അതു് സഹോദരഭാവത്തിലുള്ളതൊ മറേറതെങ്കിലും തരത്തിലൊ എന്നു് എങ്ങിനെ നിശ്ചയിക്കാം. ഒടുവിൽ അയാൾക്കൊരു സമാധാനം തോന്നി എന്തെന്നാൽ അന്യന്മാരായ ആരോടും പരിചയമില്ലാത്തവളും താരുണ്യത്തിന്റെ പ്രാരംഭഘട്ടത്തിലേയ്ക്കു മാത്രം പ്രവേശിച്ചിരിയ്ക്കുന്നവളുമായ ഈ ലോലഗാത്രി വികസ്വരാവസ്ഥയിലെത്തിയിരിക്കുന്ന തന്റെ ഹൃദയത്തെ മററാൎക്കും ദത്തം ചെയ്തിരിക്കയില്ലെന്നയാൾ നിശ്ചയിച്ചു. എന്നാലും അല്പമാത്ര പരിചിതയായ ഈ ബാലികാരത്നത്തിന്റെ ഹൃദയഗതി ഏതു വിധമെന്നറിയുന്നതിനു മുൻപുള്ള തന്റെ ഈ പ്രവൎത്തി കുറച്ചു കടന്നുപോയി എന്നു നിശ്ചയി[illegible] പ
ത്തോടെ അയാളിപ്രകാരം അ[illegible]

ഗോപാ: എന്താണു ശാന്തം! [illegible]ു്.

MUL
165530

അവളൊന്നും മിണ്ടിയില്ല. അവളുടെ ഈ മൌനം അയാളെ ഇതികർത്തവ്യതാമൂഢനാക്കി. അതിനാൽ അയാളവളോടു വീണ്ടുമിങ്ങനെ ചോദിച്ചു.

ഗോപാ: ശാന്തം! ഞാൻ പോകട്ടെ?

ശാന്തകുമാരി തലയുയർത്തി. അയാൾ പൊയ്ക്കളയുമെന്നോർത്തപ്പോഴവൾക്കു വലിയ വ്യസനമായി. അവൾ ചോദിച്ചു.

ശാന്ത: എന്തിനാണു വന്നതു്.

ഗോപ: ശാന്തത്തിനോടു ചിലസംഗതികൾ പറയണമെന്നുദ്ദേശിച്ചാണു വന്നതു്.

ശാന്ത: എന്നിട്ടോ? പറഞ്ഞുകഴിഞ്ഞുവോ?

ഗോപ: ഇല്ല.

ശാന്ത: പിന്നെയെന്താണു് പോകട്ടെയെന്നു ചോദിച്ചതു്.

ഗോപ: ശാന്തമിങ്ങനെ മൌനം ഭജിച്ചുകൊണ്ടു നിന്നാൽ പിന്നെയാരോടാണു് ഞാൻ സംസാരിക്കേണ്ടതു്.

ശാന്ത: ഇങ്ങോട്ടൊന്നും സംസാരിക്കാതിരുന്നാൽ പിന്നെ ഞാൻ മൌനം ഭജിയ്ക്കുയല്ലാതെ എന്താണു ചെയ്യേണ്ടതു്?

ഗോപ: എൻെറ സംസാരം കേൾക്കുന്നതിനു ശാന്തത്തിനു ഇഷ്ടമുണ്ടോ?

ശാന്ത: ഇല്ലെങ്കിൽ പിന്നെ ഇത്രനാളും ഞാനതിനുവേണ്ടി കാത്തിരിക്കുമോ?

ഗോപാലൻകുട്ടിക്കു കുറച്ചു സമാധാനമായി. അയാൾ ചോദിച്ചു.

ഗോപ: ഞാൻ പറയുന്നതുപോലെയെല്ലാം ശാന്തമനുസരിക്കുമെ?

ശാന്ത: ഇങ്ങിനെ ക്രാസുതുടങ്ങിയാൽ ഞാൻ വിഷമിക്കുകയേ ഉള്ളൂ.

ഗോപ: ശാന്തത്തിൻെറ ഉത്സാഹവും പ്രസന്നതയും പെട്ടന്ന കുറയുവാൻ കാരണമായ എൻെറ പ്രവൃത്തിയെ ശാന്തം ക്ഷമിക്കണം.

ശാന്ത: (അല്പംസങ്കോചത്തോടെ) സാധിക്കുകയില്ല.

ഗോപാ: പിന്നെയെന്തുചെയ്യും?

ശാന്ത: അതിന്നു തക്കതായ ശിക്ഷതരും.

ഗോപ: എന്നാൽ തരൂ.

ശാന്ത: അതുപിന്നെയാകാം.

ഇതു കേട്ടപ്പോൾ ഗോപാലൻകുട്ടിയുടെ പശ്ചാത്താപം തീൎന്നു. അവൾക്കു തന്നോട്ട് അപ്രിയമൊന്നുമില്ലെന്നും പെട്ടന്നും ഇദംപ്രഥമമായുമുള്ള പുരുഷസ്പൎശനത്താലുള്ള ലജ്ജയാണു അവളെ അധോമുഖിയും ലജ്ജാവിവശയുമാക്കിയതെന്നും അയാൾ ധരിച്ചു. അനന്തരം അയാൾ അവളോടിപ്രകാരം ചോദിച്ചു.

ഗോപ: ശന്തം കുടവുംകൊണ്ടു പുറപ്പെട്ടിരിക്കുന്നതെന്തിനാണു?

ശാന്ത: വെള്ളം കോരുവാൻ.

ഗോപ: ഇന്നുവെള്ളം കൊണ്ടുവരേണ്ട.

ശാന്ത: അവരതറിയുമ്പോഴിവിടെ കിടന്നു അറുകൊലതുള്ളുമല്ലോ.

ഗോപ: അപ്പോൾ ആ അറുകൊലയെ അമൎത്തുവാൻ മന്ത്രവാദിയുമുണ്ടാകും.

ശാന്ത: എന്നിട്ടിന്നലെ തുള്ളിയപ്പോഴാമന്ത്രവാദിയെവിടെ പോയിരുന്നു?

ഗോപ: ഇന്നലെ തുള്ളിയതുകൊണ്ടല്ലെ ഇന്നു മന്ത്രവാദി വന്നതു്.

ശാന്ത: ഇന്നലെ തുള്ളിയതു് എങ്ങിനെയറിഞ്ഞു?

ഗോപ: ബാധകൾ തുള്ളിയാലതറിയുവാൻ മന്ത്രവാദികൾക്കൊരു ശക്തിയുണ്ടു്.

ശാന്ത: എന്നാൽ ഇന്നലത്തെ തുള്ളലിൽ എനിയ്ക്കു നല്ല ഒരു സമ്മാനം കിട്ടിയിട്ടുണ്ടു്. അതെന്താണെന്നു പറയാമൊ?

ഗോപ: ഒരു നല്ല സ്ഥാനപ്പേരല്ലേ?

ഇതു കേട്ടപ്പോൾ ശാന്തത്തിനു് അത്ഭുതംതോന്നി. ഇദ്ദേഹമിതെങ്ങിനെയറിഞ്ഞു എന്നവൾ വിചാരിച്ചു. വല്ലതും ഊഹിച്ചു പറയുന്നതായിരിക്കുമൊ എന്നുള്ള സംശയത്താൽ അവൾ ഇങ്ങിനെ ചോദിച്ചു.

ശാന്ത: ആകട്ടെ. എന്നാൽ ആ സ്ഥാനപ്പേരെന്താണെന്നു പറയൂ. കേൾക്കട്ടെ.

ഗോപ: "വെണ്മാടത്തിലെറാണി" എന്നല്ലെ.? അവരുടെ ആക്ഷേപം ശാന്തത്തിനു് അനുഗ്രഹമായിത്തീരട്ടെ.

ശാന്തകുമാരി അത്യത്ഭുതത്തോടെ ചോദിച്ചു.

ശാന്ത: നിങ്ങളിതെങ്ങിനെയറിഞ്ഞു?

ഗോപ: ഞാനെപ്പോഴും ശാന്തത്തിന്റെ പുറകിലുണ്ടായിരിയ്ക്കുമെന്നു് അന്നുതന്നെ പറഞ്ഞില്ലെ?

ശാന്ത: എന്നിട്ടു ഞാൻ കണ്ടില്ലല്ലൊ.

ഗോപ: ശാന്തത്തിനു എന്നെ കാണുന്നതിനുള്ള ശക്തിയില്ലാത്തതുകൊണ്ടാണു് കാണാഞ്ഞതു്.

ശാന്ത: എന്നാൽ പിന്നെ ഇപ്പോൾ കണ്ടതെങ്ങിനെയാണു്?

ഗോപ: ഇപ്പോൾ ശാന്തം കണ്ടുകൊള്ളട്ടെയെന്നു ഞാൻ വിചാരിച്ചതു കൊണ്ടാണു് കണ്ടതു്.

ശാന്ത: ഇതുപോലെ എപ്പോഴും കണ്ടുകൊള്ളട്ടെ എന്നു വിചാരിക്കയാതെ?

ഗോപ: ഒരു പ്രാവശ്യം കണ്ടപ്പോൾതന്നെ മരവിച്ചു പോയ ആൾ എപ്പോഴും കണ്ടാലെന്താണുണ്ടാവുക.

ശാന്തകുമാരി മിണ്ടിയില്ല.

ഗോപ: ഇന്നലെ ചായ കാലമാക്കുവാൻ വൈകിയതെന്താണു്?

ശാന്ത: (മന്ദഹാസത്തോടെ) മന്ത്രവാദിയെപ്പററി ചിന്തിച്ചുകൊണ്ടിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല.

ഗോപ: ഇന്നലെ ചിന്തിച്ചുകൊണ്ടിരുന്നിട്ടു സമയം വൈകിപ്പോയി. അപ്പോഴിന്നിങ്ങനെ സംസാരിച്ചുകൊണ്ടിരുന്നാൽ സമയം വൈകുകയില്ലെ?

ശാന്തം: ഇന്നും വൈകട്ടെ.

ഗോപ: അപ്പോഴവരിന്നും ശകാരിക്കുകയില്ലെ?

ശാന്ത: അപ്പോൾ നാളെയും മന്ത്രവാദി വരുമല്ലൊ.

ഗോപ: ഞാനെന്നുമിങ്ങനെ വന്നുകൊണ്ടിരുന്നാൽ ശാന്തത്തിനെ ആളുകൾ അപവാദത്താൽ മൂടും.

ശാന്ത: എന്തുപറയും?

ഗോപ: ശാന്തവും ഒരു യുവാവുമായിട്ടു വലിയ സ്നേഹമാണു്. അവൾ മാത്രമുള്ളപ്പോഴെന്നുമയാളവിടെ പോകാറുണ്ടെന്നു്.

ശാന്ത: പറഞ്ഞുകൊള്ളട്ടെ. അതു കള്ളമല്ലല്ലൊ.

ഗോപ: അങ്ങിനെ ലോകരെക്കൊണ്ടു പറയിക്കുന്നതു് ശാന്തത്തിനു ദോഷമല്ലെ?

ശാന്ത: എന്താണു് ദോഷം?

ഗോപ: പിന്നെ ശാന്തത്തിന്നെയാരും വിവാഹം കഴിയ്ക്കയില്ല.

ശാന്ത: വേണ്ട.

ഗോപ: അപ്പോൾ ശാന്തത്തിന്നു ഒരു ഭർത്താവുവേണ്ടേ?

ശാന്തം തല താഴ്ത്തി മിണ്ടാതെ നിന്നു.

ഇതു കണ്ടപ്പോൾ മനസാ ചിരിച്ചുകൊണ്ടു് അയാൾ പറഞ്ഞു.

ഗോപ: ഏതായാലും ഞാനിപ്പോൾ പോകട്ടെ. ശാന്തം പോയി കുളിച്ചു വരു. ഇന്നു വെള്ളം കൊണ്ടു വരാത്തതെന്താണെന്നു ചോദിച്ചാൽ പതിവായി വെള്ളം ചുമന്നിട്ടു് ദേഹമെല്ലാം വേദനിക്കുകയാലിന്നു വെള്ളം കൊണ്ടുവന്നില്ലെന്നു പറഞ്ഞേക്കൂ. ഞാനിനിയും അടുത്തുതന്നെ വരാം.

ഇങ്ങിനെ പറഞ്ഞുകൊണ്ടയാൾ പോയി. കുടമെടുത്തു അകത്തുവച്ചു് വാതിൽ പൂട്ടിയിട്ടു് കുളിക്കുന്നതിനായി ശാന്തകുമാരിയുംപോയി. പടിപ്പുരയ്ക്കു പുറത്തു നിന്നുകൊണ്ടു് അയാൾ പോയതെങ്ങോട്ടാണെന്നറിവാനായി അവൾ വളരെയെല്ലാം ശ്രമിച്ചു. പക്ഷെ അവിടെയെങ്ങുമവൾ ഗോപാലൻകുട്ടിയെ കണ്ടില്ല. ഇപ്പോൾ തന്നെ ഇവിടെ നിന്നുംപോയ മനുഷ്യനെങ്ങോട്ടു പോയിരിക്കാമെന്നാശ്ചര്യപ്പെട്ടുകൊണ്ടു് അവൾ പുഴയിലേയ്ക്കും പോയി.

# അദ്ധ്യായം 6.

മണി നാലടിച്ചപ്പോഴേയ്ക്കു് ശാന്തകുമാരി ചായയും പലഹാരങ്ങളും തയാറാക്കി ആഫീസുമുറിയിലെ മേശപ്പുറത്തു ഹാജരാക്കീട്ടു് ജേഷ്ഠത്തിയമ്മയുടെ ആഗമനവും കാത്തുനില്പായി. അന്നു വെള്ളംകൊണ്ടുവരാത്തതിനേസംബന്ധിച്ചു് അവിടെനടക്കുവാനിരിയ്ക്കുന്ന ലഹളയേപ്പററിചിന്തിച്ചു് അവളുടെ ഹൃദയം ഭീതിയാൽ വിറയാന്നു. എന്നാൽ എന്തെങ്കിലും ലഹളയുണ്ടാകുന്നപക്ഷം പിറേറന്നാൾ ഗോപാലൻകുട്ടിയുടെ ദശ്നം സിദ്ധിയ്ക്കുമല്ലൊ എന്നോക്കുമ്പോൾ അതിയായ സന്തുഷ്ടിയും ഉളുതമായിരുന്നു. പക്ഷെ, ആ ആനന്ദം അനുഭവത്തിലെത്തുന്നതിനുമുൻപു് തനിയ്ക്കു കടന്നു പറേറണ്ടിയിരുന്ന വൈതരണിയേപററിയുള്ള ചിന്ത അവളുടെ ഹൃദയത്തെ മഥനംചെയ്തു. ഇങ്ങിനെ നാനാമുഖങ്ങളായ ചിന്തകളിൽ മുഴുകിക്കൊണ്ടു് ശാന്തകുമാരി ഗൃഹജോലികളിൽ വ്യാപൃതയായിരിയ്ക്കുമ്പോൾ അവളുടെ ജേഷ്ഠത്തിയമ്മ സ്കൂളിൽനിന്നുംവന്നു. അവർവന്നയുടൻ ചായകുടിയുംകഴിഞ്ഞു് ആഫീസുമുറിയിൽതന്നെഇരുന്നു് എന്തോ എഴുതിത്തുടങ്ങി. ശാന്തകുമാരി അഞ്ചുമണിയോടുകൂടി ഗൃഹജോലികളെല്ലാം മൊതുക്കി കണ്ടുസ്നാനവുംകഴിച്ചു് വിഭൂതിക്കുറിയുമണിഞ്ഞു് ഗൃഹത്തിൻെറ മുൻവശത്തുള്ളവരാന്തയിൽ വന്നിരുന്നു. അപ്പോൾശാതോദരിയമ്മ തനിയ്ക്കു കുടിയ്ക്കുന്നതിന്നായി ഒരു ഗ്ലാസുവെള്ളം കൊണ്ടുവരുവാനവളോടാവശ്യപ്പെട്ടു. ഉടനെ ശാന്തകുമാരിചോദിച്ചു.

ശാന്ത: എന്തുവെള്ളമാണ്‌വേണ്ടതു്? ചുക്കുവെള്ളമാണൊ?

ശാതോ: ഞാൻ നിത്യവും കുടിയ്ക്കാറുള്ളതു് ചുക്കുവെള്ളമാണൊ? ആറവുവെള്ളമല്ലെ?

ശാന്ത: ഇന്നു് ആറവുവെള്ളം കൊണ്ടുവന്നിട്ടില്ല.

ശാതോ: ആറവുവെള്ളം കൊണ്ടുവന്നിട്ടില്ലെ?

ശാന്ത: ഇല്ല.

ശാതോ: (ശാസനാരൂപത്തിൽ) എന്താണ്‌ ഇന്നു കൊണ്ടുവരാഞ്ഞതു്?

ശാന്ത: എനിയ്ക്കു ദേഹമെല്ലാം വേദനിച്ചിട്ടു് വെള്ളം ചുമക്കുവാൻവയ്യായിരുന്നു.

ശാതോ: നിന്റെദേഹമെന്താ വല്ല വെണ്ണയോമറേറാ ആണോ? വെള്ളം ചുമന്നാലുരുകിപ്പോകുമോ?

ശാന്തകുമാരി മിണ്ടിയില്ല. അവർ കുറേക്കൂടി ഉറച്ചസ്വരത്തിൽ തുടന്നു. "ഒ! വെണ്മാടത്തിലെറാണിയുണ്ടല്ലൊ അല്ലെ? ഞാനതോത്തില്ല. എനിയ്ക്കു ദാഹിച്ചിട്ടുംവയ്യല്ലൊ.

ശാന്ത: ദാഹിയ്ക്കുന്നുണ്ടെങ്കിൽ ചുക്കുവെള്ളമുണ്ടല്ലൊ. അതു കുടിയ്ക്കരുതെ?

പതിവിനു വിപരീതമായി ശാന്തകുമാരി തന്നോടു സമാധാനം പറയുന്നതുകേട്ടപ്പോൾ ശാതോദരിയമ്മയ്ക്കു് കോപംജ്വലിച്ചു. അതോടുകൂടി അവരുടെ ശബ്ദവുംഉയന്നു. അവർപറഞ്ഞു.

ശാതോ: എനിയ്ക്കു ചുക്കുവെള്ളം കുടിയ്ക്കുവാൻ മനസ്സില്ലെങ്കിലോ? നിന്നെയെന്തിനാണിങ്ങനെ തീററിപ്പോററി വച്ചിരിയ്ക്കുന്നതു്?

ശാന്ത: എന്നെ തീററിപ്പോററുന്നതു് നിങ്ങളാണോ?

ശാന്തോദരിയമ്മയ്ക്കു് കോപം സഹിയ്ക്കുവാൻ വയ്യാതായി. അവരെഴുന്നേററു് ഓടി ശാന്തകുമാരിയുടെ സമീപത്തുവന്നിട്ടു ചോദിച്ചു.

ശാന്തോ: എടീ! ആരാണുപിന്നെ നിനക്കു തീററിതരുന്നതു്? നിൻെറ അച്ഛനാണോടീ? ശവമേ!

ഇത്രയുംപറഞ്ഞിട്ടു് അവർ നോക്കിയതു് രാഘവൻകുട്ടിയുടെ മുഖത്തേയ്ക്കായിരുന്നു. ശാന്തോദരിയമ്മയുടെ നാക്കു പെട്ടെന്നുതാഴ്ന്നുപോയി. എങ്കിലും തൻെറപേരിൽ കുററമില്ലാതാക്കുന്നതിനുവേണ്ടി അവർ ഇങ്ങിനെപറഞ്ഞു. "അമ്മെടിപെണ്ണേ! നീയിത്രയല്ലെഉള്ളൂ. ഇത്രവളരെ ചീത്തകളെല്ലാമെന്നെ പറയുവാനുള്ള തൻേറടം നിനക്കുണ്ടായല്ലോ: തൻെറ പ്രിയതമയും സഹോദരിയുമായി വളരെ സൌഹാർദനിലയിലുള്ള ജീവിതമാണു് നയിയ്ക്കുന്നതെന്നുകരുതിയിരുന്ന രാഘവൻകുട്ടി അവിചാരിതമായ ഈ ബഹളങ്ങളെല്ലാംകേട്ടു് പരിഭ്രാന്തനായി നില്ക്കുകയായിരുന്നു. അയാളപ്പോഴവിടെ വരുമെന്നുള്ളവിചാരമില്ലാതിരുന്നതിനാലാണു് ശാന്തോദരിയമ്മ ഇത്രഉച്ചത്തിൽ സംസാരിച്ചതു്. പിറേറന്നാൾ രാവിലെ കുറച്ചകലെയുള്ള ഒരു ബ്രാഞ്ചാഫീസിലേക്കു പോകേണ്ടിയിരുന്നതിനാൽ രാഘവൻകുട്ടി അന്നു് കമ്പനിയിൽ നിന്നും നേരത്തേപോന്നതാണു്. ശാന്തോദരിയമ്മയുടെ വാക്കുകേട്ടപ്പോൾ അയാൾ ചോദിച്ചു.

രാഘ: എന്താണിവിടെയിത്ര വലിയബഹളം?

ശാന്തോ: അയ്യോ ഇതിൻെറ സ്വഭാവമിത്രുചിത്തയാണെന്നു ഞാൻ കരുതിയിരുന്നില്ല.

രാഘ: എന്താണതു്?

ഉചിതസമയത്തെത്തിയ സഹോദരനെകണ്ടു് സന്തോഷവും സന്താപവുംക്രൂടി മേളിയ്ക്കുകയാൽ മൌനംഭജിച്ചുനിന്നിരുന്ന ശാന്തകുമാരി പറഞ്ഞു.

ശാന്ത: ആററിൽനിന്നും വെള്ളം ചുമന്നുചുമന്നു് ദേഹമെല്ലാം വേദനിയ്ക്കുകയാൽ ഞാനിന്നുവെള്ളം കൊണ്ടുവന്നില്ല. അതിനാണു് എൻെറ അമ്മയുംകൂടി വിളിച്ചതു്.

രാഘ: ആററിൽനിന്നും വെള്ളം ചുമക്കുകയോ ? എന്തിനാണതു്? ഇവിടെ വെള്ളമില്ലെ?

ശാന്തോദരിയമ്മ ഇടയ്ക്കുകയറിപ്പറഞ്ഞു.

ശാന്തോ: കുറേനാളായിട്ടു് എനിയ്ക്കു ദേഹത്തിനു തീരെസുഖമില്ല. അതിനെപ്പററി വൈദ്യനോടു ചോദിച്ചപ്പോൾ കുറച്ചുദിവസം പതിവായി കുറേശ്ശ പുഴവെള്ളമുപയോഗിച്ചാൽ സുഖക്കേടുകൾമാറി നല്ല ആരോഗ്യമുണ്ടാകുമെന്നു പറഞ്ഞതിനാൽ ഇവൾ കുളികഴിഞ്ഞുപോരുമ്പോഴൊരു മൊന്തവെള്ളംക്രൂടി കൊണ്ടുപോരുവാൻ ഞാൻ പറഞ്ഞിരുന്നു. അതുകൊണ്ടുവന്നിട്ടു് അവളുടെ ദേഹമെല്ലാം വേദനിയ്ക്കുന്നുവത്രെ.

ശാന്ത: മൊന്തയിലുംമററുമല്ല കുടത്തിൽതന്നെയാണു് കൊണ്ടുവരണമെന്നുപറഞ്ഞിരുന്നതും കൊണ്ടുവരാറുള്ളതും.

ശാന്തോ: കേട്ടില്ലെ യാതൊരുക്രൂസലുംക്രൂടാതെ സമാ

ധാനം പറയുന്നതു്? ഞാൻ മൊന്തയിൽകൊണ്ടു വരാനേ പറഞ്ഞിരുന്നുള്ളു. ഒരാൾക്കു കുടിയ്ക്കുവാനൊരുകുടം വെള്ളംവേണോ?

രാഘ: അങ്ങിനെ ആറവുവെള്ളം കുടിയ്ക്കണമെങ്കിലതു കൊണ്ടുവരുന്നതിന്നു് വേറെയാരെയെങ്കിലുമേ ല്പ്പാടുചെയ്യണം?

ശാന്തേ: ഒരു മൊന്തവെള്ളം കൊണ്ടുവരുന്നതിന്നു് പ്രത്യേകമൊരു ശമ്പളക്കാരനെനിയമിയ്ക്കണൊ?

രാഘ: അതിനായിട്ടുമാത്രമൊരാളെ നിയമിയ്ക്കണ്ട. ഇവിടുത്തെ ജോലികളെല്ലാം ചെയ്യുന്നതിനായിട്ടു് ഒരു ഭൃത്യനേയോ ഭൃത്യയേയോ നിയമിയ്ക്കാമെന്നു് എത്രനാളായി ഞാൻ പറഞ്ഞുതുടങ്ങിയിട്ടു്?

ശാന്തേ: എന്നാൽ കേമമായി. കുറച്ചുനാൾകഴിയുമ്പോൾ കിടപ്പിടംകൂടി വേറെയന്വേഷിയ്ക്കണം.

രാഘ: അതെന്താണു്? ഭൃത്യന്മാരെ നിയമിയ്ക്കുന്നവരുടെയെല്ലാം കിടപ്പിടംപോകുമൊ?

ശാന്തേ: ഭൃത്യന്മാരെ നിയമിയ്ക്കുന്നവരുടെയെല്ലാം കിടപ്പിടം പോകുകയില്ല. ഇവിടുത്തെകാൎയ്യമാണു ഞാൻ പറഞ്ഞതു്.

രാഘ: എന്നാൽ ആറവുവെള്ളം കുടിയ്ക്കേണ്ടവർ തനിയെച്ചുമന്നുകൊണ്ടു വന്നുകൊള്ളണം. അവളേക്കൊണ്ടു വെള്ളവുംമററും ചുമപ്പിയ്ക്കുവാൻ പാടില്ല.

ശാന്തേ: അവൾ വെള്ളംചുമക്കുന്നതിൽ സങ്കടമുണ്ടു്. ഞാൻ ചുമക്കുന്നതിൽ സങ്കടമില്ല അല്ലെ? എനി

യ്യാരുമില്ലാഞ്ഞിട്ടല്ലെ ഇതു കേൾക്കേണ്ടിവന്നതു്? ഇങ്ങിനെ പറഞ്ഞുകൊണ്ടു് അവർ കരഞ്ഞു തുടങ്ങി. അവരുടെ കണ്ണുനീർകണ്ടപ്പോൾ രാഘവൻകുട്ടി വല്ലാതെയായി. എന്താണുവേണ്ടതെന്നു നിശ്ചയമില്ലാതായിട്ടു് അയാളിപ്രകാരം പറഞ്ഞു.

രാഘ: നിങ്ങൾ രണ്ടാളും യാതൊരുജോലിയും ചെയ്യേണ്ടെന്നു കരുതിയല്ലെ ഒരു ശമ്പളക്കാരനെ നിയമിയ്ക്കുവാൻ ഞാൻ പറഞ്ഞതു്? അതിനു സമ്മതിയ്ക്കുകയില്ലെങ്കിൽ പിന്നെ ഞാനെന്താണു് ചെയ്യേണ്ടതു്?

ശാന്തോ: എനിയ്ക്കുവേണ്ടി യാതൊരാളെയും നിയമിയ്ക്കേണ്ട. എനിയ്ക്കുവേണ്ടതായ ജോലികൾ ചെയ്യുവാനെനിയ്ക്കറിയാം. അല്ല, ഒരാളെ നിയമിയ്ക്കണമെന്നുണ്ടെങ്കിൽ അതിനുമിന്നൊന്നോക്കൊണ്ടു സാധിയ്ക്കും. അതില്ലാതാക്കുവാൻ നിങ്ങളെക്കൊണ്ടൊന്നുംസാധിയ്ക്കുകയുമില്ല.

രാഘ: ശാന്തോദരി! ഭവതിയെന്താണിങ്ങനെ പരിഭവവാക്കുകൾ പറയുന്നതു്?

ശാന്തോ: ഞാനാരോടു പരിഭവംപറയുന്നു? എനിയ്ക്കു പരിഭവംപറയുവാൻ സഹോദരന്മാരോ മാതാപിതാക്കന്മാരോ ഉണ്ടോ? ഒരുഗ്ലാസുപച്ചവെള്ളം ചോദിച്ചതിനിപ്പോൾ രണ്ടാളുടെ ശകാരംകേട്ടു. ഇന്നലെ സ്കൂളിൽനിന്നുംവന്നപ്പോൾ കാപ്പികാലമായിട്ടുണ്ടോ എന്നു ചോദിച്ചതന്നു് അപ്പോൾ കുറെ ശകാരംകേട്ടു. ഇങ്ങനെയൊക്കെ ജീവിയ്ക്കുന്നതിൽ ഭേദം മരിയ്ക്കുന്നതുതന്നെയാണു്.

ശാന്തകുമാരി ഇതെല്ലാംകേട്ടപ്പോൾ അത്ഭുതത്താൽ സ്തബ്ധയായിപ്പോയതിനാൽ യാതൊന്നും സംസാരിയ്ക്കുവാൻ ശക്തയാകാതെ സാലഭഞ്ജികപോലെ നില്ക്കുകയായിരുന്നു. ഈ രണ്ടുദിവസവും തന്നെ അസഹ്യമായ പരുഷവാക്കുകളാലഭിഷേകം ചെയ്തു ഈ സ്ത്രീ തന്നെ അരുകിൽനിറുത്തിക്കൊണ്ടു് തൻെറ സഹോദരനോടുചെയ്ത ഈ വ്യാജപ്രസ്താവം അവളെ അസ്തചൈതന്യയാക്കിതീർത്തു. ഉടനേ രാഘവൻകുട്ടിപറഞ്ഞു.

രാഘ: നിങ്ങൾ രണ്ടാളുംക്രുടി ഇങ്ങിനെ വഴക്കുതുടങ്ങിയാൽ ഞാൻ വിഷമിയ്ക്കുകയേഉള്ളു. നാളെരാവിലെ ഇവിടെനിന്നുംപോയാൽപിന്നെ നാലഞ്ചുദിവസംകഴിഞ്ഞിട്ടെ മടങ്ങിയെത്തുവാൻ തരപ്പെടുകയൊള്ളൂ. നിങ്ങളിങ്ങിനെ ശണ്ഠയും തകരാറും തുടങ്ങിയാൽ ഞാനെന്തു സമാധാനത്തോടുക്രുടിയാണു് പോകേണ്ടതു്?

ശാന്താ: ഞാനിവിടെ ശണ്ഠയ്ക്കും തകരാറിനും നിന്നാലെൻെറ ഉപജീവനമാർഗ്ഗംമുട്ടുമല്ലൊ. രാവിലെ ഒൻപതുമണിയ്ക്കുപോയാൽ വൈകുന്നേരംനാലരമണിയ്ക്കാണു് കുടുംബംകാണുന്നതു്. കുടുംബത്തിലെത്തുന്നതുതന്നെ ദേഹമെല്ലാം തളൎന്നുകൊകൊണ്ടാണു്. അങ്ങിനെയുള്ള ഞാൻ ശണ്ഠയ്ക്കു നില്ക്കുന്നോ ? എൻെറ ജോലിനോക്കുന്നോ?

രാഘ: ഭവതിയോടു് ദേഹമെല്ലാംതളൎന്നു ജോലിചെയ്യുന്നതിനാരു നിർബന്ധിയ്ക്കുന്നു. ഇപ്പോൾ ഭവതി ബുദ്ധിമുട്ടിയില്ലെങ്കിലും കഷ്ടിച്ചുപജീവനം കഴി

യ്യുന്നതിനുള്ളവക ഞാൻ സമ്പാദിയ്ക്കുന്നുണ്ട്. പിന്നെമാനമായിട്ടുള്ള ഒരു തൊഴിൽ ഞാനായിട്ടു കളയിച്ചുവെന്നുവേണ്ടെന്നു കരുതി ഞാൻ മൌനമവലംബിയ്ക്കുകയാണ്.

ശാന്തോ: അയ്യോ ദൈവമേ! എന്റെ ഉപജീവനത്തിനുള്ളവഴി എനിയ്ക്കുണ്ടായിട്ടുതന്നെ എനൊയിത്രത്തോളംതട്ടുന്നു. അപ്പോഴതുകൂടി ഇല്ലാതായാലത്തെ കഥ പിന്നെയെന്തായിരിയ്ക്കും?

രാഘ: പ്രിയേ! ഭവതിയെന്താണിങ്ങിനെപറയുന്നതു്? ഭവതിയുടെ ഹിതത്തിനുവിപരീതം പറയുവാനിവിടെയാരുണ്ടു്? ഭവതിയും ശാന്തവും മാത്രമല്ലെ ഇവിടെയൊള്ളൂ. അവൾ കൊച്ചുകുട്ടിയല്ലെ? അവളെ വേണ്ടതരത്തിലുപദേശിച്ചു് സന്മാർഗ്ഗത്തിലേയ്ക്കുനയിക്കേണ്ടതു് ഭവതിയല്ലെ?

അവിടുത്തെ ഭാവം ഈ രീതിയിൽ തിരിഞ്ഞപ്പോൾ ഇനിയവിടെ നില്ക്കാതിരിയ്ക്കുകയാണുഭേദമെന്നുകരുതി ശാന്തകുമാരി അകത്തേക്കുകടന്നുപോയി. അപ്പോൾ ശാന്തോദരിയമ്മ പറഞ്ഞു.

ശാന്തോ: അയ്യോ! എനിയ്ക്കവളെ ഉപദേശിയ്ക്കുവാനുള്ള ത്രാണിയുംമററുമില്ല. "കൊച്ചുകുട്ടിയാണ്" അവൾപറയുന്ന ഒററവാക്കിനുപോലും മറുപടി പറയുവാനെന്നേക്കൊണ്ടുസാദ്ധ്യമല്ല.

രാഘ: ആകട്ടെ. ഞാനവളോടു വേണ്ടതരത്തിൽ ഗുണദോഷിയ്ക്കാം.

എന്നുപറഞ്ഞു് അയാൾ ശാന്തകുമാരിയെവിളി ച്ചു് മേലാലീവിധമുള്ള വഴക്കുകൾ ഒന്നുമുണ്ടാകരുതെ ന്നും ജേഷ്ഠത്തിയമ്മ എന്തെങ്കിലും പറഞ്ഞാൽതന്നെ ശാന്തതവിട്ടു സംസാരിയ്ക്കരുതെന്നുംമററും ഗുണദോ ഷിച്ചു. കൌടില്ല്യമൂർത്തിയായ ഈ ദുഷ്ടയുടെവലയിൽ കുടുങ്ങിയിരിയ്ക്കുന്ന തൻെറ സഹോദരനോടു് ഒന്നും പറയാതിരിയ്ക്കുന്നതാണുത്തമമെന്നുകരുതി മൌന മായി തലയുംതാഴ്ത്തി ഇതെല്ലാം കേട്ടുകൊണ്ടുനിന്ന തല്ലാതെ ശാന്തകുമാരി ഒന്നും ശബ്ദിച്ചില്ല. പിറേറ ന്നാൾ രാവിലെ രാവൻകുട്ടി ബ്രാഞ്ചാഫീസിലേക്കും ശാതോദരിയമ്മ സ്കൂളിലേക്കുംപോയി. ശാന്തകുമാരി ഏകയായിബ്ഭവിച്ചപ്പോൾ ബഹുവിധചിന്തകളാല വളുടെ ചിത്തരംഗം വ്യാകുലീഭൂതമായിത്തീൎന്നു. അവ ളാലോചിച്ചു. "എത്രയോനാളായി ഞാനീസ്ത്രീയുടെ നാനാവിധങ്ങളായ ഉപദ്രങ്ങളെല്ലാം ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടു ജീവിയ്ക്കുന്നു. ഈ കാലത്തിനിടയ്ക്കു് ഒരിയ്ക്കലെങ്കിലും ഞാൻ വാക്കുകളാലൊ പ്രവൃത്തിക ളാലൊ അവരുടെ ഹിതത്തിനുവിപരീതം പ്രദർശിപ്പി ച്ചിട്ടില്ല. ഇന്നു് സഹനശക്തിവിട്ടുപോകയാൽ ഒരു വാക്കു് എൻെറ ജിഹ്വാഗ്രത്തിൽനിന്നും പതിച്ചപ്പോ ഴെന്താണുണ്ടായതു്? നിരപരാധിയായ ഞാൻ, ഈ കാലമത്രയും അവരുടെ അസഹ്യങ്ങളായ ഉപദ്രവങ്ങ ളെ അനുഭവിച്ചുകൊണ്ടു് ദുസ്സഹമായ ജീവിതത്തെ നയിച്ചുപോന്ന ഞാൻ അപരാധിയായി. കുടിലചി ത്തയായ ആ വഞ്ചകിയുടെ വലയിൽപെട്ടു് കാപട മറിയാത്ത എൻെറ സഹോദരൻ ഞാനാണു് തെററു

165530
38458
032:3N114:11
UNIVERSITY LIBRARY

കാരിയെന്നുധരിച്ച് എന്നെവിളിച്ചു ഗുണദോഷിച്ചു. ഇനിയും ഈ സ്ത്രീയിൽനിന്നുമെനിയ്ക്കുള്ള ഉപദ്രവങ്ങൾ ഏറിവരികയല്ലാതെ കുറയുവാൻതരമില്ല. ഇതിൻെറ പരമാൎത്ഥങ്ങളെങ്ങിനെ ഞാനദ്ദേഹത്തെ ധരിപ്പിയ്ക്കും ധരിപ്പിച്ചാൽതന്നെയെന്താണു പ്രയോജനം? ജ്യേഷ്ഠൻെറ നിൎമ്മലമായചിത്തത്തെ കലുഷിതമാക്കിത്തീൎക്കാമെന്നുമാത്രം. ഇല്ല, ഞാനാരേയുമൊന്നുമറിയിയ്ക്കുന്നില്ല. എൻെറ വിധിയെങ്ങിനെയാണെന്നുവച്ചാലങ്ങിനെയെല്ലാം വന്നുകൊള്ളട്ടെ. വല്യമ്മയെന്നെ പിരിഞ്ഞുപോകുന്നസമയത്തു പറഞ്ഞതായവാക്കുകളെപ്പററിയാലോചിച്ചാൽ ഇങ്ങിനെയെല്ലാം വന്നുചേരുമെന്ന് അവർ അന്നേകണക്കാക്കിയിരുന്നുവെന്നുള്ളതു തീൎച്ചയാണ്. അതുകൊണ്ടുതന്നെയാണല്ലൊ അവർ തൻെറ പുത്രനെ എനിയ്ക്കു സഹായത്തിനായി നിയോഗിച്ചതും. വല്യമ്മയുടെ മകൻെറ കാൎയ്യത്തെപ്പററി ചിന്തിച്ചപ്പോൾ സന്താപാഗ്നിയാൽ വാടിക്കരിഞ്ഞിരുന്ന അവളുടെ വദനകമലത്തിൽ സന്തോഷത്തിൻെറ കിരണങ്ങൾ സ്ഫുരിച്ചുതുടങ്ങി അവളാശയോടെ ചിന്തിച്ചു. അദ്ദേഹം ഇന്നുവരുമൊ എന്തോ? ഇന്നലത്തെ ലഹളകളദ്ദേഹമറിയാതിരിയ്ക്കുമൊ? അറിഞ്ഞിട്ടുണ്ടെങ്കിലിന്നു വരാതിരിയ്ക്കയില്ല. ഇതിനു മുൻപു കഴിഞ്ഞതെല്ലാം വളരെ സൂക്ഷ്മമായി അദ്ദേഹം ധരിച്ചുവല്ലൊ. അപ്പോഴിതുമറിയാതിരിയ്ക്കുമൊ? ഈ വകചിന്തകളോടുകൂടി ശാന്തകുമാരി പടിയ്ക്കലേയ്ക്കു നോക്കിക്കൊണ്ടിരിയ്ക്കുമ്പോൾ അവരുടെ അയല്ക്കാരിയും ശാന്തകുമാരിയോടു വളരെ സ്നേഹമുള്ളവരുമായ

ഈശ്വരിയമ്മ എന്ന സ്ത്രീ പടികടന്നുവരുന്നതുകണ്ടു. അവരുടെ ഭവനം ശാന്തത്തിന്റെ ഗൃഹത്തിനോടു് വളരെയടുത്തു് വടക്കുവശത്തായിരുന്നു. ഈശ്വരിയമ്മ വളരെ സത്സ്വഭാവിയും നല്ലമനഃസ്സംസ്കാരവും തന്റേടവുമുള്ള സ്ത്രീയായിരുന്നു. അവരുടെ ഭർത്താവു് ഒരു ഹൈക്കോർട്ടുവക്കീലാണു്. സാമാന്യം ധനസ്ഥിതിയുള്ള തന്റെ കുടുംബത്തിൽ ഭർത്താവും മൂന്നു സന്താനങ്ങളുമൊരുമിച്ചു് മാനമായും സുഖമായും ജീവിച്ചുവരുന്ന അവർ ഒരുമാതിരിസ്ത്രീകളെപ്പോലെ മിച്ചസമയവും അലസയായി പലേഗൃഹങ്ങളിലും കയറിയിറങ്ങിയും കണ്ടവരുടെ ദൂഷ്യങ്ങൾപറഞ്ഞും സമയം നയിക്കുന്ന ഒരു സ്വഭാവക്കാരിയായിരുന്നില്ല. ശാന്തോദരിയമ്മയുംമററും അവിടെവന്നു് വാസംതുടങ്ങിയകാലത്തു് എന്തോ ആവശ്യംപ്രമാണിച്ചു് അവർ ഗൃഹത്തിൽ ഒന്നു രണ്ടുതവണ വന്നിട്ടുണ്ടു്. എന്നാൽ കുറച്ചുനാൾകൊണ്ടു് ശാന്തോദരിയമ്മയുടെ സ്വഭാവം അവൾക്കു മനസ്സിലാവുകയാൽ അവരെ ഈശ്വരിയമ്മ കഠിനമായി വെറുക്കുകയും അതിനുപകരംകൂടി ശാന്തകുമാരിയെ അവർ സ്നേഹിക്കുകയുംചെയ്തു. ശാന്തോദരിയമ്മ ശാന്തകുമാരിയെ ശകാരിക്കുമ്പോഴെല്ലാം ഈശ്വരിയമ്മ അതെല്ലാം അവരുടെ ഗൃഹത്തിൽനിന്നു് ശ്രദ്ധിക്കാറുണ്ടു്. ഇരുകൂട്ടരുടെ ഭവനത്തിലും ഉറക്കെ സംസാരിച്ചാൽ പരസ്പരം കേൾക്കത്തക്കവിധം അവരുടെ ഭവനങ്ങളടുത്താകയാൽ ഈശ്വരിയമ്മയ്ക്കു് ഇവിടുത്തെ ബഹളങ്ങൾ മനസ്സിലാക്കുന്നതിനു് വിഷമമുണ്ടായിരുന്നില്ല. തല്ലേന്നാളും പതിവനുസരിച്ചു് ഇവിടുത്തെ ബഹളങ്ങളെ ശ്രദ്ധിച്ചുകൊണ്ടു് അവർ

അവരുടെ ഗൃഹത്തിന്റെ മുൻവശത്തുനില്ക്കുമ്പോൾ പതിവിൽ കൂടുതലായ ശണ്ഠ അവിടെ നടക്കുന്നതായും തൽസമയം രാഘവൻകുട്ടി അങ്ങോട്ടു ചെന്നതായും മനസ്സിലാവുകയാൽ അപ്പോഴെങ്കിലും തന്റെ പ്രിയതമ സഹോദരിയോടു ചെയ്യുന്ന ക്രൂരതകളെപ്പററി അയാൾ ധരിയ്ക്കുമല്ലോ എന്നുള്ള സന്തോഷത്താലവരുടെ ഹൃദയം തുടിച്ചു. എന്തെന്നാൽ അതുവരെ ഈ സംഗതികളൊന്നുമയാൾ ധരിച്ചിട്ടില്ലെന്നും ധരിച്ചാൽ പ്രിയതമയുടെ ഈൎഷ്യാസ്വഭാവം അയാൾക്കിഷ്ടപ്പെടുകയില്ലെന്നുമവൎക്കറിയാമായിരുന്നു. ഈശ്വരിയമ്മ ഇതിനുമുമ്പു് ശാന്തത്തിനോടു ചോദിച്ചു് ഈ സംഗതി മനസ്സിലാക്കിയിരുന്നു. അതിനാലീസമയത്തു് ദൈവഗത്യാ അയാളവിടെ ചെല്ലുവാനിടയായതിനാൽ അപ്പോഴെങ്കിലുമയാളിസംഗതികൾ ധരിയ്ക്കുകയും തന്നിമിത്തം ശാന്തത്തിന്റെ ഗൃഹപ്പിഴയ്ക്കു് അല്പം കുറവു കിട്ടുകയും ചെയ്യുമല്ലോ എന്നു കരുതിയാണു് അവർ സന്തോഷിച്ചതു്. എന്നാൽ അക്കാൎയ്യത്തെപ്പററി ചോദിയ്ക്കാമെന്നുദ്ദേശിച്ചാണു് അവൾ മാത്രമുള്ള ഈ സമയത്തു് അവരവിടെ ചെന്നതു്. സ്നേഹശീലയായ ഈശ്വരിയമ്മയെ കണ്ടയുടൻ ശാന്തകുമാരി ഉപചാരപൂർവമെഴുന്നേററു് അകത്തുചെന്നു് ഒരു പല്ലാത്തട്ടു കെട്ടെടുത്തുകൊണ്ടുവന്നിട്ടുകൊടുത്തിട്ടു പറഞ്ഞു.

ശാന്ത: ഇരിയ്ക്കു ചേച്ചീ. ഇന്നെന്താണു് ചേച്ചിയ്ക്കിങ്ങിനെ അബദ്ധം പററിപ്പോയതു്? (ശാന്തം ഈശ്വരിയമ്മയെ ചേച്ചി എന്നാണു വിളിച്ചിരുന്നതു്.)

ഈശ്വ: ഒന്നുമില്ല. വെറുതെ ഇങ്ങോട്ടിറങ്ങിയെന്നോ

ഉള്ളു. എന്നു പറഞ്ഞുകൊണ്ടു് അവർ തടുക്കിലിരുന്നു.

ശാന്ത: ചേച്ചി വെറുതെയെന്നല്ല വല്ലതുമാവശ്യമുണ്ടായാൽത്തന്നെ ഇവിടെ വരാറില്ലല്ലോ ?

ഈശ്വ: ഇവിടെയാരും വരുന്നതു് ശാന്തത്തിൻെറ ജ്യേഷ്ഠത്തിയമ്മയ്ക്കിഷ്ടമല്ലെന്നെനിയ്ക്കറിയാം. അതുകൊണ്ടാണു് ഞാൻ വരാത്തതു്.

ശാന്ത: (മന്ദസ്മിതത്തോടെ) അതെന്താണു് അവൾക്കിഷ്ടമില്ലാതെ വരുവാൻ കാരണം?

ഈശ്വ: വല്ലവരും കടന്നുവന്നാൽ ശാന്തത്തിൻെറ ജ്യേഷ്ഠത്തിയമ്മ ശാന്തത്തിനോടു പെരുമാറുന്നരീതി വരുന്നവരറിഞ്ഞേക്കുമെന്നു ഭയന്നിട്ടായിരിയ്ക്കും.

ശാന്തം ഇതുകേട്ടപ്പോൾ ദീർഘമായൊന്നു നിശ്വസിച്ചതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല. തൻെറ ഗൃഹത്തിലെ വിവരങ്ങൾ മററാരുമറിയരുതെന്നും, അറിയുന്നില്ലെന്നുമായിരുന്നു അവളുടെ വിചാരം. എന്നാൽ ഈശ്വരിയമ്മയ്ക്കു് ഏതാണ്ടെല്ലാമറിയാമെന്നും അവൾ ധരിച്ചിരുന്നു.

ഈശ്വ: ഇന്നലെ ജേഷ്ഠൻ വന്നിട്ടെന്തുപറഞ്ഞു?

ശാന്തം: എന്തു്? എന്തിനേപ്പററിയാണു് ചേച്ചി ചോദിയ്ക്കുന്നതു്?

ഈശ്വ: ഇന്നലെ ജേഷ്ഠത്തിയമ്മ ശാന്തത്തിനെ ലഹളയായി ശകാരിച്ചുകൊണ്ടുനില്ക്കുമ്പോഴാണല്ലൊ ജേഷ്ഠൻ വന്നതു്. എന്നിട്ടതേസംബന്ധിച്ചെന്തു പറഞ്ഞുവെന്നാണു് ഞാൻ ചോദിച്ചതു്.

ശാന്ത: ചേച്ചിയിതെല്ലാമെങ്ങിനെയറിഞ്ഞു?

ഈശ്വ: ഇവിടെയുണ്ടാകുന്നതൊന്നും ഞാനറിയുന്നില്ലെന്നാണൊ ശാന്തത്തിൻെറവിചാരം? എന്നാലതുശരിയല്ല. അവർ ശാന്തത്തിനോട്ട പെരുമാറുന്നരീതി എനിയ്ക്കു നല്ലപോലെയറിയാം. അവർ ശാന്തത്തിനെ ശകാരിച്ചുതുടങ്ങുമ്പോൾ ഞാൻ വീട്ടിലെ വരാന്തയിൽ വന്നുനില്ക്കുകയും ഇവിടെയുണ്ടാകുന്നതെല്ലാം ഞാനറിയുകയും ചെയ്യാറുണ്ട്. എന്നല്ല നമ്മുടെ അയല്ക്കാരായ മിയ്ക്ക പേൎക്കും അവരുടെ സ്വഭാവം നന്നായിട്ടറിയാം. പക്ഷെ ആരേയും കീഴ്‌വഴക്കമില്ലാത്ത ആ സ്ത്രീയോട്ട് ആരുമൊന്നും പറയാറില്ലന്നേയൊള്ളു. ഞാൻ ശാന്തത്തിൻെറ ജ്യേഷ്ഠനോടിതിനേപ്പററി കുറച്ചു സംസാരിച്ചെങ്കിലോ എന്നു പലപ്പോഴും വിചാരിയ്ക്കാറുണ്ട്. പക്ഷെ എനിയ്ക്കദ്ദേഹത്തെ വലിയ പരിചയമില്ലാത്തതിനാലങ്ങിനെ ചെയ്തില്ലെന്നേയൊള്ളു.

ശാന്ത: എന്തിനാണുചേച്ചീ വെറുതെ അദ്ദേഹത്തിൻെറ മനസ്സിനേക്കൂടി വേദനിപ്പിയ്ക്കുന്നതു്?

ഈശ്വ: ഇന്നലെ ആ ലഹളസമയത്താണല്ലൊ അദ്ദേഹം വരുന്നതുകണ്ടതു്. എന്നിട്ടൊന്നും പറഞ്ഞില്ലെ?

ശാന്ത: ജ്യേഷ്ഠൻവന്നായുടനെ ഇവിടെയിത്ര വലിയ ബഹളമെന്താണെന്നുചോദിച്ചു.

അപ്പോൾ പതിവ്രായി ആററിൽനിന്നും വെള്ളം ചുമന്നിട്ട് എൻെറ ദേഹമെല്ലാം വേദനിയ്ക്കുകയാലിന്നു വെള്ളം കൊണ്ടുവന്നില്ലെന്നും തന്നിമിത്തമാണു്

അവരെൻെറ അച്ഛനുംകൂടി വിളിച്ചതെന്നും ഞാൻ പറഞ്ഞു. അപ്പോഴാണു് വെള്ളം കൊണ്ടുവരാവുള്ള കാൎയ്യം ജ്യേഷ്ഠനറിഞ്ഞതു്. അപ്പോൾ ജ്യേഷ്ഠനതിനേപ്പററി അവരോടു കുറച്ചു ദ്വേഷ്യപ്പെട്ടു. അയ്യോ! ആ സമയത്തു് അവർ പറഞ്ഞതായ വാക്കുകൾകേട്ടു് എൻെറ ചേച്ചി! ഞാൻ മരവിച്ചുപോയി. ചുരുക്കിപ്പറഞ്ഞാൽ നിത്യവും ഞാനവരെ അസഹ്യമായ ചീത്ത വാക്കുകളാലഭിഷേകം ചെയ്യാറുണ്ടെന്നും എന്നോടുള്ള സ്നേഹത്താൽ അവരതൊന്നും ഗണ്യമാക്കാറില്ലെന്നും എന്നേപ്പോലെ അനുസരണയില്ലാത്ത കുട്ടികളെ ഒരിടത്തും കാണുകയില്ലെന്നുമെല്ലാമവർ ജ്യേഷ്ഠനെപ്പറഞ്ഞു വിശ്വസിപ്പിച്ചു. ജ്യേഷ്ഠനെ ഇതെല്ലാം വിശ്വസിപ്പിയ്ക്കുന്നതിനു് അവൎക്കൊരു സഹായികൂടിയുണ്ടായി. അതായതു് മനോഹരമായ അവരുടെ നേത്രങ്ങളിൽനിന്നും തടസ്ഥമററു പ്രവഹിച്ചഅശ്രുധാര ജ്യേഷ്ഠൻെറ ഹൃദയത്തിലേയ്ക്കുപ്രവേശിച്ചു. എൻെറ പൊന്നുചേച്ചി! എന്നെ നേരെനിറുത്തിക്കൊണ്ടു ചെയ്തതായ ഈ വ്യാജപ്രസ്താവന എന്നെ മരവിപ്പിച്ചുകളഞ്ഞതിനാൽ ശബ്ദിയ്ക്കുവാൻപോലുമെനിയ്ക്കു സാധിച്ചില്ല. അവസാനം ജ്യേഷ്ഠനെന്നെവിളിച്ചു് ഇനിമേലിൽ വഴക്കുകളൊന്നുമുണ്ടാക്കരുതെന്നും ജ്യേഷ്ഠത്തിയമ്മ എന്തുപറഞ്ഞാലും സമാധാനംപറയരുതെന്നുമെല്ലാം ഗുണദോഷിച്ചു. അപ്പോഴദ്ദേഹത്തെമിരട്ടുന്നതിനവൎക്കുള്ള സാമൎത്ഥ്യമെത്രമാത്രമാണെന്നു് ചേച്ചിതന്നെ ഒന്നാലോചിച്ചുനോക്കൂ. ഞങ്ങളുടെ അമ്മ മരിച്ചയുടനെ ഞങ്ങളുടെ ശുശ്രൂഷയ്ക്കും ഗൃഹജോലികൾക്കുമായി ജ്യേഷ്ഠൻ ഒരു വല്യമ്മയെ വീട്ടിൽകൊണ്ടുവന്നു താമ

സിപ്പിച്ചു. ചേച്ചി! പെററമ്മയുടെസുഖം വാസ്തവത്തിൽ ഞാനറിഞ്ഞിട്ടുള്ളതു് അവരിൽനിന്നാണു്. ഇത്ര സ്നേഹത്തോടെ ശുശ്രൂഷിയ്ക്കുവാൻ പെററമ്മയ്ക്കുപോലും സാധിയ്ക്കുമോ എന്നു സംശയമാണു്. അവർ ഞങ്ങളുടെ ഗൃഹത്തിൽ വസിച്ചിരുന്നകാലത്തു് ഞങ്ങളുടെ ഭവനം ഐശ്വര്യപൂർണ്ണമായിരുന്നു. സ്വന്തംമുതലുകൾപോലും ഇത്രഭദ്രമായി ആരും സൂക്ഷിക്കുകയില്ല. ഞാനും ജ്യേഷ്ഠനും അവരുടെ കണ്ണിലുണ്ണികളായിരുന്നു. ഈതരത്തിൽ ഞങ്ങളെ പരിപാലിച്ചുവന്ന ആ ശീലവതിയെ ഈ ദുർമ്മൂർത്തി ഞങ്ങളുടെ ഗൃഹത്തിൽ കുടിയേറി രണ്ടുമാസംകഴിയുന്നതിനുമുൻപു് ഇവർ അവിടെനിന്നും ഓടിച്ചു. ഇവരുടെ സ്വഭാവം ശരിയ്ക്കുമനസ്സിലാക്കിയിരുന്നതു് ആ വല്യമ്മമാത്രമായിരുന്നു. ഇവരെൻെറ ട്യൂഷൻമിസ്ററർസ്സായിവന്നു് കുറച്ചുദിവസം കഴിഞ്ഞപ്പോൾത്തുടങ്ങി അവർ പലപ്പോഴുമിങ്ങിനെ പിറുപിറുക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. "ഇവളികുട്ടികളെ നശിപ്പിയ്ക്കുകയേഉള്ളു. കളങ്കമറിയാത്ത ആ സാധുവിനെ ഇവൾ വലയിൽകുടുക്കും" ചേച്ചി! അന്നൊനിയ്ക്കതിൻെറ അത്ഥം മനസ്സിലായിരുന്നില്ല. എന്നാൽ ഇന്നു ഞാനാവാക്കുകളെപ്പററി ആലോചിയ്ക്കാതെ ഒരു ദിവസമെങ്കിലുമില്ല. അവർ പോകാനായി യാത്രയായപ്പോൾ എൻെറ വയററിൽ തീ കത്തുന്നതുപോലെതോന്നി. ഞാൻ കരഞ്ഞുകൊണ്ടോടിച്ചെന്നു് അവരുടെ അരയിൽ കെട്ടിപ്പിടിച്ചു് ഞങ്ങളെ വിട്ടുപോകരുതെന്നപേക്ഷിച്ചു. അവരും കരഞ്ഞുകൊണ്ടു് എന്നെ കെട്ടിപ്പിടിച്ചു് നിറുകയിൽ ചുംബിച്ചു് പടിയ്ക്കുപുറത്തുകൊണ്ടുപോയിട്ടു് എന്നോടിപ്ര

കാരം പറഞ്ഞു. "തങ്കം! വിധിയുള്ളതൊന്നുംകൂടാതെ കഴിയുകയില്ല. തങ്കം കരയരുതു്. നിനക്കു് ഈശ്വരനുണ്ടാകും. ജ്യേഷ്ഠത്തിയമ്മയ്ക്കു് അപ്രിയമൊന്നുമുണ്ടാകാതെ സൂക്ഷിച്ചുകൊള്ളണം". ചേച്ചീ! ആ വാക്കുകൾ, ആ സ്നേഹവതിയുടെ ഗൽഗദാക്ഷരങ്ങൾ ശിലാരേഖപോലെ എന്റെ ഹൃദയത്തിൽ പതിഞ്ഞുകിടക്കുന്നുണ്ടു്. അതിനെ ആദരിച്ചാണു് ഞാനീദുഃഖങ്ങളൊക്കെ സഹിക്കുന്നതു്. ഇത്രയുംപറഞ്ഞപ്പോഴേയ്ക്കു് ശാന്തകുമാരിയ്ക്കു് ഗൽഗദത്താൽ വാക്കുകൾ പുറപ്പെടാതായി. അവളുടെ നീലലോചനങ്ങൾ നിറഞ്ഞു കവിഞ്ഞ ബാഷ്പധാര മാറിടമെല്ലാംനനച്ചു. ഇതുകണ്ടു് ആർദ്രമനസ്കയായിത്തീർന്ന ഈശ്വരിയമ്മ അവളെ തന്റെ മാറോടുചേർത്തുപിടിച്ചു് വസ്ത്രാഗ്രത്താൽ കണ്ണുനീർ തുടച്ചുകൊണ്ടുപറഞ്ഞു.

ഈശ്വ: ശാന്തമിങ്ങിനെ സങ്കടപ്പെടല്ലെ. നിനക്കു് നല്ലതായ ഒരു ഭാവി ജഗദീശ്വരൻ തരാതിരിക്കയില്ല. ഇങ്ങിനെ പലതും പറഞ്ഞുകൊണ്ടിരിക്കയാൽ സമയംപോയതു രണ്ടാളുമറിഞ്ഞില്ല. മണിനാലടിക്കുന്ന ശബ്ദംകേട്ടു് ശാന്തകുമാരി പിടഞ്ഞെഴുന്നേററു. ഉടനേ ഈശ്വരിയമ്മചോദിച്ചു.

ഈശ്വ: എന്താണു് ശാന്തം പരിഭ്രമിച്ചെഴുന്നേററതു്?

ശാന്ത: ചേച്ചീ! മണി നാലടിച്ചതുകേട്ടില്ലെ? അവരിപ്പോൾ സ്കൂളിൽനിന്നുമെത്തും. അപ്പോഴേയ്ക്കു ചായ തയാറാക്കിയിട്ടില്ലെങ്കിൽ ഇന്നലത്തെ ലഹള ഒന്നുകൂടി ആവർത്തിയ്ക്കും.

"ഓ. വാസ്തവംതന്നെ. എന്നാൽ ഞാനിപ്പോൾ പോകട്ടെ". എന്നു പറഞ്ഞുകൊണ്ടു് ഈശ്വരിയമ്മ യുംപോയി. ശാന്തകുമാരി പാചകശാലയിൽചെന്നു് വെള്ളമടുപ്പത്തുകയററി തിളയ്ക്കാറായപ്പോഴേക്കു് ശാ ന്തോദരിയമ്മ എത്തിക്കഴിഞ്ഞു. അവർ വന്നായുടനെ ഒരു പാത്രത്തിൽ കുറച്ചുവെള്ളമൊഴിച്ചു് അടുപ്പത്തു വച്ചു. ഇതുകണ്ടപ്പോഴവർ തന്നിയേചായ തയ്യാറാക്കു വാനുള്ള ഭാവമാണെന്നു മനസ്സിലാകുകയാൽ അവരുടെ ഇഷ്ടംപോലെയാകട്ടെ എന്നുവിചാരിച്ചു് ശാന്തം മററു ജോലികൾക്കായിട്ടേപ്പോയി. വളരെസമയം കഴി ഞ്ഞിട്ടുംതന്നെ ചായകുടിയ്ക്കുവാൻ വിളിയ്ക്കുകയൊ ശാന്തോദരിയമ്മ പാചകശാലയിൽനിന്നും പുറത്തു കടക്കുകയൊ ചെയ്യുകാണായ്കയാൽ ശാന്തം അടുക്കള യിൽചെന്നുനോക്കിയപ്പോൾ അവളുടെ ജേഷ്ഠത്തിയമ്മ ചായകുടിയുംകഴിഞ്ഞു് അത്താഴം തയ്യാറാക്കുവാനുള്ള ഭാവമാണെന്നുകണ്ടു് തനിയ്ക്കുള്ള ചായ അവിടെവച്ചി ട്ടുണ്ടായിരിക്കുമെന്നുകരുതി അവളവിടെയെല്ലാം പരി ശോധിച്ചു. അവിടെയെങ്ങുമില്ലെന്നു കണ്ടപ്പോഴവ ളൊന്നുംമിണ്ടാതെ തൻെറ നിത്യകമ്മങ്ങൾക്കായി പ്പോയി. ശാന്തോദരിയമ്മ ആഹാരസാധനങ്ങൾ പാ കമാക്കിയശേഷം അവരുടെ നിത്യകമ്മങ്ങളുംകഴിഞ്ഞു് ഒരു എട്ടുമണിയായപ്പോൾ തന്നിയേപോയി ആഹാ രവുംകഴിച്ചു മടങ്ങിവന്നു. അവർവന്നു് ശയ്യോപകര ണങ്ങൾ തയ്യാറാക്കുന്നതുകണ്ടപ്പോൾ ശാന്തകുമാരി ആഹാരം കഴിയ്ക്കുന്നതിനായി അടുക്കളയിലേക്കു ചെന്നു. അപ്പോഴാണു് തനിയ്ക്കിന്നുപട്ടിണികിടക്കേണ്ട

തായിട്ടാണവന്നിരിയ്ക്കുന്നതെന്നാവൾക്കു മനസ്സിലായതു്. എന്തെന്നാൽ ശാന്തോദരിയമ്മ അവൾക്കുള്ള സാധനങ്ങൾമാത്രം പാകപ്പെടുത്തി തനിയേകഴിച്ചു തല്ലാതെ അവൾക്കൊന്നുംവച്ചിരുന്നില്ല. ശാന്തകുമാരിയ്ക്കുതുകണ്ടപ്പോൾ സാമാന്യത്തിലധികമായ സങ്കടവും കോപവും വിശപ്പുമൊക്കെക്കൂടി വലിയവിഷമം തോന്നി. അവൾ മടങ്ങിവന്നു് ശാന്തോദരിയമ്മയോടു ചോദിച്ചു.

ശാന്ത: എനിയ്ക്കു ചോറില്ലേ ?

ശാന്തോ: നിനക്കുചോറുണ്ടോ എന്നു ഞാനെങ്ങിനെയാണറിയുന്നതു് ? ഞാനാണോ നിനക്കുചോറു തരുന്നതു്?

ശാന്ത: ജേഷ്ഠത്തിയമ്മയല്ലേ ഇന്നു് ആഹാരസാധനങ്ങൾ പാകപ്പെടുത്തിയതു് ? അതിൽനിന്നൊനിയ്ക്കുവച്ചിട്ടുണ്ടോ എന്നാണുചോദിച്ചതു്.

ശാന്തോ: നിനക്കുവച്ചിരിയ്ക്കുവാനല്ല ഞാൻ പാകപ്പെടുത്തിയതു്. എനിയ്ക്കു കഴിയ്ക്കുവാനാണു്.

ശാന്ത: ഇവിടെയിതിനുമുൻപു് അവരവ൪ക്കാവശ്യമുള്ളതു് അവരവർതന്നെ പാകപ്പെടുത്തിക്കഴിയ്ക്കുകയല്ലല്ലൊപതിവു്. ഒരാൾപാകപ്പെടുത്തി എല്ലാപേരുംകൂടി കഴിയ്ക്കുകയല്ലേചെയ്യാറുള്ളതു്?

ശാന്തോ: അങ്ങിനെ എല്ലാപേൎക്കുംകൂടി പാകപ്പെടുത്തുവാനെനിയ്ക്കു മനസ്സുണ്ടായിരുന്നില്ല. ഞാൻ നിന്റെ വേലക്കാരിയല്ല നിനക്കുംപാകപ്പെടുത്തിത്തരുവാൻ.

ശാന്ത: ഞാനിത്രയുംകാലം നിങ്ങൾക്കുവേണ്ടതെല്ലാം

ചെയ്തിരുന്നതു് നിങ്ങളുടെ വേലക്കാരിയായിട്ടാണൊ ?

ശാന്തോദരിയമ്മ കോപോദ്വേഗത്തോടെ തലയുയൎത്തിപ്പിടിച്ചു് ശാന്തകുമാരിയുടെനേരെ വിരൽചൂണ്ടിക്കൊണ്ടുപറഞ്ഞു.

ശാന്തോ: മൎയ്യാദയ്ക്കിവിടെനിന്നു പോയിട്ടില്ലെങ്കിൽ ഒററയടിയ്ക്കു് നിന്റെ അഹങ്കാരമെല്ലാം ഞാൻ താഴത്തുവയ്പിയ്ക്കും.

ഇതുകേട്ടപ്പോൾ ശാന്തകുമാരിയ്ക്കും കോപം ജ്വലിച്ചുവെങ്കിലും അതിനെ അടക്കിക്കൊണ്ടു് അവൾ ശാന്തസ്വരത്തിൽ ചോദിച്ചു.

ശാന്ത: ഞാനിവിടെനിന്നെവിടേയ്ക്കാണു പോകേണ്ടതു്?

ശാന്തോ: നിന്റെ അച്ഛന്റെ വീട്ടിലേക്കു്.

ഇതുകൂടികേട്ടപ്പോൾ ശാന്തകുമാരിയുടെ ക്ഷമയെല്ലാമസ്തമിച്ചു. അവളുടെ അഭിമാനമുണൎന്നു. കോപത്താലവളുടെ ദേഹമെല്ലാംവിറപൂണ്ടു. പൊൻതാമരയ്ക്കു തുല്യമായിരുന്ന അവളുടെ മുഖം ചെമ്പരുത്തിക്കുസുമസദൃശമായി. അവൾ നിന്നിടത്തുനിന്നനങ്ങാതെ കഴിയുന്നത്ര ശാന്തതയെ അവലംബിച്ചുകൊണ്ടുപറഞ്ഞു.

ശാന്ത: നിങ്ങളിപ്പോൾ രണ്ടുപ്രാവശ്യമായി എന്റെ അച്ഛനെവിളിയ്ക്കുന്നു. ഇനിമേലിലീവിധം വിളിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെസ്ഥാനം താഴത്താണെന്നോൎത്തുകൊള്ളണം. "നിലയ്ക്കുനിന്നാൽ മലയ്ക്കു തുല്യമാണെന്നും; നിലവിട്ടാൽ വില താഴത്താ"ണെന്നും മനസ്സിലാക്കണം.

ഈ സമയത്തു് മേല്പറഞ്ഞ ഈശ്വരിയമ്മയുടെ ഗൃഹത്തിൽ അവൎക്കു് അപരിചിതനായ ഒരു യുവാവു കടന്നുചെന്നു. ഇന്നു് ശാന്തോദരിയമ്മയുടെ പക്കൽ നിന്നും എന്തെങ്കിലും സമ്മാനങ്ങൾ ശാന്തകുമാരിയ്ക്കു ലഭിയ്ക്കാതിരിയ്ക്കയില്ലെന്നു് നേരത്തേതന്നെ നിശ്ചയിച്ചിരുന്ന ഈശ്വരിയമ്മ ശാന്തത്തിന്റെ ഗൃഹത്തിൽ ശാന്തോദരിയമ്മയുടെ ശബ്ദം ഉയൎന്നരീതിയിൽ കേട്ടുതുടങ്ങിയപ്പോൾതന്നെ ഗൃഹത്തിന്റെ മുൻവശത്തു വന്നുനിന്നിരുന്നു. യുവാവുവന്നയുടനെ ഈശ്വരിയമ്മയോടു ചോദിച്ചു.

യുവാ: നൂൽകമ്പനിയിൽ ജോലിയുള്ള രാഘവൻകുട്ടിനായരെന്നയാളിന്റെ വീടേതാണു്?

ഈശ്വ: അതാ അവിടെയൊരു സ്ത്രീയുടെ ശബ്ദം ഉച്ചത്തിൽ കേൾക്കുന്നില്ലേ? അതുതന്നെയാണു്.

യുവാ: ശബ്ദംകേൾക്കുന്നുണ്ടു്. ആ സ്ത്രീ രാഘവൻകുട്ടിനായരുടെ ആരാണു്? ആരെയാണു് ഇവർ ശകാരിയ്ക്കുന്നതു്?

ഈശ്വ: രാഘവൻകുട്ടിനായരുടെ ഭാൎയ്യ അയാളുടെ സഹോദരിയെ ശകാരിയ്ക്കുകയാണു്.

യുവാ: ഈ രാത്രിസമയത്തു് ഇവരിത്രകഠിനമായി അവരെ ശകാരിയ്ക്കുന്നതെന്തിനാണു്?

ഈശ്വ: എന്റെ സഹോദരാ! അക്കാൎയ്യങ്ങളൊന്നു മന്വേഷിയ്ക്കാതിരിയ്ക്കുകയാണു് ഭേദം.

യുവാ: ഒരാളുടെ ശബ്ദമല്ലേ കേൾക്കുന്നൊള്ളു?

ഈശ്വ: അയാളുടെ സഹോദരിയെന്നുപറഞ്ഞതു് ഒരു പതിനാലുവയസ്സുപ്രായമുള്ള ഒരു കുട്ടിയാണു്.

അവൾ നല്ല കുലീനത്വമുള്ളവളാണു്. ഇവരുടെ ശകാരങ്ങളെല്ലാം നിശ്ശബ്ദയായിനിന്നുകേൾക്കുക യല്ലാതെ അവളിവരോടൊപ്പം തുള്ളുകയില്ല.

യുവാ: രാഘവൻകുട്ടിനായരവിടെയില്ലെ?

ഈശ്വ: അയാൾ കുറച്ചുകാലമെവിടെയോ പോയിരിയ്ക്കുകയാണു്. കുറച്ചുദിവസംകഴിഞ്ഞിട്ടേവരികയൊള്ളു. ഈ സമയത്തു് ഒരടിയുടെശബ്ദവും ശാതോദരിയമ്മ താഴെക്കാണുംവിധം പറയുന്നതുമവർകേട്ടു.

ശാതോ: അത്രയ്ക്കായോടീ! നിയെൻെറ വിലതാഴത്തുവയ്ക്കുന്നതു ഞാനൊന്നുകാണട്ടെ.

അപ്പോഴീശ്വരിയമ്മപറഞ്ഞു. "ആ ദുഷ്ട ആ സാധുവിനെ തല്ലി. ഈ ദുഷ്ടയുടെ മുഷ്കുശമിപ്പിയ്ക്കുവാനീശ്വരനുംകൂടിയില്ലാതായല്ലൊ". ഇതു കേട്ടുകൊണ്ടു് യുവാവവിടെനിന്നുമിറങ്ങിപ്പോയി. ഈശ്വരിയമ്മ അവടെത്തന്നെനിന്നു.

അടി കഴിഞ്ഞപ്പോൾ നിന്നിടത്തുനിന്നിളകാതെ തന്നെ ശാന്തകുമാരി ചോദിച്ചു.

ശാന്ത: കഴിഞ്ഞുവോ ? അതോഇനിയുമുണ്ടോ?

ശാതോദരിയമ്മ കോപത്താൽ വിറച്ചുകൊണ്ടു് ഇങ്ങിനെ അലറി. "വയ്ക്കിയ്ക്കുടി എൻെറ വില താഴത്തു്. എടീ! എൻെറ വില താഴത്തുവയ്ക്കുവാനല്ലെപറഞ്ഞതു്? ഇങ്ങിനെ ചോദിച്ചുകൊണ്ടു് അവർ അവളുടെ കരണത്തു് ഒന്നുകൂടി പ്രഹരിച്ചു. ശാന്തത്തിൻെറ ക്ഷമപറന്നുപോയി. അവൾ പറഞ്ഞു. "ച്ഛീ" നായേ! ഇനിയെന്നെ തൊട്ടുപോകരുതു്. ഇത്ര

യും ഞാനെന്റെ ജ്യേഷ്ഠനെവിചാരിച്ചു ക്ഷമിച്ചു. ഇനിയെന്നെതൊട്ടുപോയിട്ടുണ്ടെങ്കിൽ പിന്നത്തെയനുഭവം വേറെയാണു്. ശാന്തോദരിയമ്മയ്ക്കു് കോപംകൊണ്ടു് കണ്ണുകൾകാണാതായി. അവർ നിന്നെതൊട്ടാൽ നീയെന്തുകാണിയ്ക്കുമെടീ! ശവമെ? എന്നു ചോദിച്ചുകൊണ്ടു് അവളുടെ കഴുത്തിൽപിടിച്ചുതള്ളി പടിപ്പുരയ്ക്കുപുറത്തുകൊണ്ടാക്കി പടിപ്പുരയുടെ കതകുമടച്ചു സാക്ഷയിട്ടിട്ടു് അസഹ്യങ്ങളായ അസഭ്യവാക്കുകളേയും വർഷിച്ചുകൊണ്ടു് മടങ്ങിപ്പോയി.

---

## അദ്ധ്യായം 7.

സമയമാണെങ്കിൽ പത്തുമണികഴിഞ്ഞിരിയ്ക്കുന്നു. കണ്ണിൽ കുത്തിയാൽപോലുമറിയാത്തവിധം ഭയങ്കരമായ അന്ധകാരം. അതികഠിനമായ വിശപ്പ്. ശിരസ്സിലെ ഞരമ്പുകൾപോലും കിടുങ്ങുമാറു് ശാന്തോദരിയമ്മ നിർദ്ദയംനൽകിയ പ്രഹരത്തിന്റെ വേദന. ഈവക പരിവാരങ്ങളോടുകൂടിയാണു് ശാന്തകുമാരി പടിപ്പുരയുടെ പുറന്തിണ്ണയിലിരുന്നിരുന്നതെങ്കിലും ആ അഭിമാനനിധിയുടെ അപമാനവേദനയാണു് അവൾക്കപ്പോഴസഹ്യമായിത്തോന്നിയതു്. ഇനി തന്റെ ജീവിതത്തിനിടയ്ക്കു് ഈദൃശമായ ഒരപമാനം സംഭവിയ്ക്കാതിരിയ്ക്കുന്നതിനായി തന്റെ അനാഥമായ ജീവിതമവസാനിപ്പിച്ചെങ്കിലോ എന്നവളാ

ലോചിച്ചു. അവളുടെ ഹൃദയത്തിൽ വിവിധവിചാരങ്ങളും വികാരങ്ങളും തള്ളിക്കയറി. അവൾ ചിന്തിച്ചു. ഇനി ഞാൻ ജീവിച്ചിരുന്നിട്ടുള്ളപ്രയോജനമെന്താണ്? എൻെറ മാതാപിതാക്കന്മാർ ബാല്യത്തിലേ തന്നെ പാപിയായ എന്നെ വെടിഞ്ഞു. പിന്നെ വാത്സല്യപൂർവ്വം എന്നെ ലാളിച്ചു വളർത്തിക്കൊണ്ടുവന്ന എൻെറ പ്രിയസഹോദരനും ആ നീചയുടെ വലയിൽപ്പെട്ടു. ഇതിനെല്ലാററിനുംപുറമെ അല്പസമയത്തെയ്ക്കെങ്കിലും എനിയ്ക്കാശ്വാസദായകനായി ഈശ്വരതുല്യം പ്രത്യക്ഷപ്പെട്ട ആ മഹാത്മാവുമെന്നെയുപേക്ഷിച്ചു. ഇനിയെന്തിനായിട്ടു ഞാൻ ജീവിച്ചിരിയ്ക്കണം? എന്നാലും ഇന്നലെ അദ്ദേഹം വരാമെന്നുപറഞ്ഞിട്ടുപിന്നെ അമാന്തിയ്ക്കുന്നതിനുള്ള കാരണമെന്തായിരിയ്ക്കും? ഞാനന്ന് അദ്ദേഹത്തിനു് അഹിതം പ്രദർശിപ്പിച്ചതുകൊണ്ടായിരിയ്ക്കുമൊ? അങ്ങിനെയാണെങ്കിൽ അദ്ദേഹത്തെസംബന്ധിച്ച് എന്തെങ്കിലുമപ്രിയമെനിയ്ക്കുണ്ടെങ്കിൽ വീണ്ടും വരുന്നതിനു് ഞാനങ്ങോട്ടാവശ്യപ്പെടുകയില്ലെന്നദ്ദേഹത്തിനറിയരുതൊ? അദ്ദേഹവുമായി അല്പപരിചയമേ എനിയ്ക്കൊള്ളുവെങ്കിലും ആ, മൃദുസ്മേരവദനം ദൃഷ്ടിപഥത്തിലെത്തുമ്പോഴേയ്ക്കു് എന്തൊരാനന്ദമാണെനിയ്ക്കുണ്ടാകുന്നതു്? അദ്ദേഹത്തിൻെറ സമീപത്തുനില്ക്കുമ്പോൾ സ്വർഗ്ഗമെന്നു പറയുന്നതു് മറെറങ്ങുമല്ലെന്നെനിയ്ക്കു തോന്നിപ്പോകുന്നു. എന്തോ ഒരു ദിവ്യതേജസ്സ് ആ ദീർഘനേത്രങ്ങളിൽനിന്നും സ്ഫുരിയ്ക്കുന്നതായിതോന്നുന്നു. പ്രഭാപൂരിതമായ ആ വദനചന്ദ്രൻ എൻെറ മുഖത്തോടു

സമീപിച്ചപ്പോൾ എന്റെ ശരീരത്തിൽ വിദ്യുൽപ്രപാതമേററതുപോലെ എനിയ്ക്കുതോന്നി. എന്റെ ഹൃദയവല്ലഭാ! എന്റെ ജീവിതമിതാ ആ വന്ദ്യപാദങ്ങളിൽ ഞാൻ സമപ്പിച്ചിരിയ്ക്കുന്നു. ഒരിയ്ക്കൽക്കൂടി ആ, ശ്രുതിമധുരമായശബ്ദം ശ്രവിച്ചാനന്ദിയ്ക്കുന്നതിന് എനിയ്ക്കുഭാഗ്യമുണ്ടാകുമൊ ? ഈ സമയത്ത് ആരോ തന്റെ പിന്നിൽനിന്നുകൊണ്ട് "ശാന്തം!" എന്നു വിളിച്ചതായി അവൾക്കുതോന്നി. അവൾ ആരെപ്പററിചിന്തിച്ച് ദീഘദീഘം നിശ്വസിച്ചുകൊണ്ടിരുന്നുവോ, ആരുടെ ശ്രുതിമധുരമായശബ്ദം, ശ്രവിച്ചാനന്ദിക്കുന്നതിന്ന അവൾ ആശിച്ചുവോ, ആ ശബ്ദം, അവളുടെ ഗോപാലൻകുട്ടിയുടെ ശബ്ദമാണ് അവളുടെ ശ്രോത്രേന്ദ്രിയങ്ങൾക്ക് ജന്മസാഫല്ല്യം നൽകിയതെന്നവൾക്കു മനസ്സിലായി. അവൾ പിടഞ്ഞെഴുന്നേററ് നാലുപാടും ദൃഷ്ടികളെപായിച്ചു. ആ, ഭയജനകമായ കൂരിരുട്ടിൽ യാതൊന്നുമവൾക്കു കാണ്മാൻകഴിഞ്ഞില്ല. സവ്വത്രഅന്ധകാരമയം. തന്റെ മതിഭ്രമത്താലുണ്ടായ തോന്നലായിരിയ്ക്കാമതെന്നുകരുതി അവൾ വീണ്ടും ആ തിണ്ണയിൽതന്നെയിരുന്നുകൊണ്ടു ചിന്തിച്ചു. "അയ്യോ, ലജ്ജാകരം. എന്റെ മതിമോഹത്തിന്റെ ശക്തി അവണ്ണനീയംതന്നെ". ഇങ്ങിനെ ചിന്തിച്ചുകൊണ്ടിരിയ്ക്കവെ വീണ്ടും ആ ശബ്ദം അവളുടെ ശ്രവണപുടങ്ങൾക്ക് ആനന്ദമരുളി. ഇത്തവണ അവൾക്ക് മതിഭ്രമമൊന്നുമില്ലെന്നും യഥാത്ഥത്തിൽ, തന്നെ യാരോ വിളിയ്ക്കുന്നതു തന്നെയാണെന്നും ഈ സമയത്ത് ഇത്ര ധൈയ്യവും വാത്സല്ല്യവുംകലന്നസ്വരത്തിൽതന്നെ സംബോധനചെയ്യുന്നത് തന്റെ പ്രാണാധിപനായ

ഗോപാലൻകുട്ടിയല്ലാതെ മററാരുമല്ലെന്നും ശാന്തകുമാരിയ്ക്കു മനസ്സിലായി. അവൾ ധൃതിയിലെഴുന്നേററു കുരുടന്മാരെപ്പോലെ ഇരുകരങ്ങളും നീട്ടി ആ ഇരുട്ടത്തു് തപ്പിത്തുടങ്ങി. അങ്ങിനെ തപ്പിനടക്കുമ്പോൾ അതുപോലെതന്നെ നീട്ടിപ്പിടിച്ചിരിയ്ക്കുന്ന ബലമേറിയ രണ്ടു ബാഹുക്കളിൽ അവളുടെ മൃദുകരങ്ങൾമുട്ടി. അവൾ ആർത്തിയോടെ ആ കരങ്ങളിൽ കടന്നുപിടിച്ചിട്ടു് ഇങ്ങിനെ ചോദിച്ചു.

ശാന്ത: ആരാണിതു് ? അപ്പോഴവളുടെ ചെവിയിൽ ഒരു മധുരശബ്ദംപതിച്ചു. "ശാന്തത്തിന്റെ ഗോപാലൻകുട്ടി" വീണ്ടും അയാളവളുടെ ചെവിയിൽ മന്ദസ്വരത്തിൽചോദിച്ചു.

ഗോപാ: ഞാൻതൊട്ടാൽ ശാന്തം മരവിയ്ക്കുമൊ ?

വാസ്തവത്തിൽ ആ ചോദ്യം അവൾ ശരിയ്ക്കുകേട്ടില്ല. എന്തെന്നാൽ ഗോപാലൻകുട്ടി സമീപത്തെത്തിയപ്പോഴാണു് വിവിധവികാരങ്ങൾ തള്ളിക്കയറി അവളുടെ ഹൃദയം പിളൎന്നുപോയതു്. അല്പംമുൻപുകഴിഞ്ഞതായ സംഭവങ്ങളെല്ലാം ഒന്നായി അവളുടെ ഹൃദയത്തിൽ തള്ളിക്കയറി. അവൾ തന്റെ വദനശശാങ്കനെ ഗോപാലൻകുട്ടിയുടെ കരകമലങ്ങളിൽ സമൎപ്പിച്ചുകൊണ്ടു് തേങ്ങിക്കരഞ്ഞു. അയാളവളെ ഒരു ചെറുശിശുവിനെയെന്നപോലെ ഇരുകൈകളാലും വാരിയെടുത്തു് തന്റെ ശരീരത്തോടുചേൎത്തുപിടിച്ചുകൊണ്ടു ചോദിച്ചു.

ഗോപാ: ശാന്തം എന്നോടൊരുമിച്ചുപോരാമൊ ?

ശാന്ത: ഇനിയിവരുടെ സമീപത്തേയ്ക്കു വിടാതിരിയ്ക്കാമെങ്കിൽ പോരാം.

ഗോപാ: ഇനി ശാന്തമിവരുടെ സമീപത്തേയ്ക്കു വരികയില്ല. ഇവർ ശാന്തത്തിൻെറ കാല്ക്കൽപതിയ്ക്കും. ഇങ്ങിനെപറഞ്ഞുകൊണ്ട് അയാളവളെ താഴത്തുനിറുത്തിയിട്ട് തൻെറ ടൌവ്വൽകൊണ്ട് ബാഷ്പധാരയിൽമുഴുകിയിരുന്ന അവളുടെ സുന്ദരവദനം മെല്ലെമെല്ലെതുടച്ചു. അനന്തരം ഗോപാലൻകുട്ടി അവളോടുചോദിച്ചു.

ഗോപാ: എവിടെയാണ് അവർ പ്രഹരിച്ചത് ?

അവൾ അയാളുടെ കരതലങ്ങളെ തൻെറ കപോലങ്ങളിൽചേർത്തു. അയാളവിടെ മന്ദമന്ദം തലോടിനോക്കിയപ്പോൾ ശാന്തോദരിയമ്മയുടെ പ്രഹരമേല്ക്കുകയാൽ മനോമോഹനങ്ങളായ ആ കവിൾത്തടങ്ങൾ വിങ്ങിത്തുടുത്തിരിയ്ക്കുന്നതായി അയാൾക്കു മനസ്സിലായി. അല്പസമയത്തേക്ക് അയാൾ നിശ്ചഞ്ചലനായി സ്ഥിതിചെയ്തു. തൻെറ കപോലയുഗങ്ങളിൽ തടകിനോക്കിയശേഷം അയാളനങ്ങാതെ നില്ക്കുന്നതുകണ്ടപ്പോൾ അയ്യാളുടെപക്കലുണ്ടായിരുന്ന ടോർച്ച് എടുത്ത് ലൈററടിച്ചുകൊണ്ട് ശാന്തം ഗോപാലൻകുട്ടിയുടെ മുഖത്തേക്കുനോക്കി. തൽക്ഷണം അവളുടെ സർവാംഗങ്ങളും തളരുകയും ശരീരമാകെ ഒരു വിറ ബാധിയ്ക്കുകയുംചെയ്കയാൽ ശാന്തകുമാരിയുടെ കയ്യിൽനിന്നും ടോർച്ചുതാഴെപതിച്ചു. എന്നുമാത്രമല്ല അവൾ പെട്ടന്ന് ആ നിലത്തുതന്നെഇരിയ്ക്കുകയുംചെയ്തു. എന്തെന്നാൽ അവൾ ലൈററടിച്ചുനോക്കിയസമയത്ത് ആ യുവാവിൻെറ വദനത്തിൽ പ്രത്യക്ഷീഭവിച്ചു

ഞന്നാരൌദ്രത അത്യന്തംഗംഭീരമായിരുന്നു. അനാറ്റപ്രാദിതവും സ്വച്ഛതേ അരുണിമകലൎന്നതുമായ അയാളുടെ ദീൎഘനയനങ്ങളിൽനിന്നും തീപ്പൊരിപറക്കുന്നതായും വിശാലമായ അയാളുടെ ഫാലദേശം സ്വേദകണങ്ങളാൽനിറയപ്പെട്ടും അല്പംഉയൎന്ന് അഗ്രഭാഗത്ത് അഴകേറിയ ഒരു വളവോടുകൂടിയ നാസികയും അല്പം തടിച്ച് ശോണിമകലൎന്ന അധരങ്ങളും വിറയ്ക്കുന്നതായും അത്യാകൎഷകമായ സൌകുമാൎയ്യംകളിയാടികൊണ്ടിരുന്ന വദനകമലത്തെ അത്യുജ്ജ്വലമായ ഒരു തേജസ്സ് വലയംചെയ്തിരിയ്ക്കുന്നതായും അവൾക്കതോന്നി. ഈ കാൎയ്യമാണു് ശാന്തത്തിനെ ഇത്രമാത്രം പരവശയാക്കിത്തീൎത്തു്. ശാന്തത്തിൻെറ ഈയവശതമനസ്സിലാക്കിയ യുവാവു് ഉടനേ അവളുടെ അരികിൽതന്നെഇരുന്ന് അവളുടെപുറത്തു് മെല്ലെ തലോടികൊണ്ടുചോദിച്ചു.

ഗോപാ: എന്താണുശാന്തം? എന്തുപററി? ഈ വെറും നിലത്തു് പെട്ടെന്നിരുന്നുകളഞ്ഞതെന്താണു് ?

ശാന്തം അധോമുഖിയായിരുന്നുകൊണ്ടുപറഞ്ഞു. “അയ്യോ! എനിയ്ക്കു നിങ്ങളോടുസംസാരിയ്ക്കുവാൻ ഭയംതോന്നുന്നു. യുവാവു് ചിരിച്ചുകൊണ്ടുചോദിച്ചു. അതെന്താണു് ?

ശാന്ത: നിങ്ങളുടെ മുഖഭാവം എന്നെ ഭയവിഹ്വലയാക്കിത്തീൎത്തു.

ഗോപാ: ആ നീചൻ, ശാന്തത്തിനോടുചെയ്ത കടുംകൈ ഓൎത്തപ്പോഴെനിയ്ക്കു കോപംജ്വലിച്ചുപോയി. കോപംവരുന്നസമയത്തു്. എൻെറ മുഖഭാവം

ഭയങ്കരമായിരിയ്ക്കുമെന്നു് ഇതിനുമുൻപും പലരുമെന്നോടുപറഞ്ഞിട്ടുണ്ടു്.

ശാന്ത: അപ്പോഴിനി വല്ലപ്പോഴുമെന്നോടു കോപം തോന്നിയാലീമുഖഭാവം ഞാനെങ്ങിനെസഹിയ്ക്കും ?

യുവാവു് അവളുടെ നെററുകയിൽ ചുംബിച്ചുകൊണ്ടുചോദിച്ചു. "എന്തിനാണു് ഞാൻ ശാന്തത്തിനോടു കോപിക്കുന്നതു്" ?

ശാന്ത: മനുഷ്യാവസ്ഥയല്ലെ ? എന്തെങ്കിലും കാരണമുണ്ടായാലൊ ?

ഗോപാ: അപ്പോൾ ശാന്തത്തിൻെറ ഈ മൃദുലസ്വഭാവത്തെപ്പററി എനിക്കു നിശ്ചയമുള്ളതിനാൽ ഞാൻ കോപിയ്ക്കയില്ല. ശാന്തകുമാരി ഒന്നുംമിണ്ടിയില്ല. അനന്തരം യുവാവു് ശാന്തകുമാരിയോടുപറഞ്ഞു.

ഗോപാ: ശാന്തം! നമുക്കിവിടെനിന്നും കുറച്ചുദൂരംവരെ നടന്നുപോകേണ്ടതായിട്ടുണ്ടു്. ഈ ഭയങ്കരഇരുട്ടത്തു് പരിചയമില്ലാത്ത വഴികളിൽക്കൂടി നടക്കുവാൻ ശാന്തത്തിനു വലിയ ബുദ്ധിമുട്ടാകും. അതിനാൽ ഞാൻ ശന്തത്തിനെ എടുത്തുകൊണ്ടുപോകട്ടയൊ ?

ഈ ചോദ്യംകേട്ടപ്പോൾ ഇരുട്ടാണെങ്കിലും സങ്കോചത്താലവളുടെ ഉത്തമാംഗം താഴ്ന്നുപോയി, അവൾപറഞ്ഞു. "വേണ്ട. ഞാൻ നടന്നുകൊള്ളാം.

ഗോപാ: പരിചയമില്ലാത്ത പന്ഥാവിൽക്കൂടി കഠിന

മായ ഈ ഇരുട്ടത്ത് തപ്പിതപ്പിനടക്കുന്നതിൽ ഭേദമല്ലെ ഒരാളെടുത്തുകൊണ്ടുപോകുന്നതു് ?

ശാന്ത: തനിയേനടക്കുവാൻ ക്ലേശമായ ആ വഴിയിൽ കൂടി ഒരു ചുമട്ടംവഹിച്ചുകൊണ്ടു നടക്കുന്നതെങ്ങിനെയാണു് ?

ഗോപാ: എനിയ്ക്കീവഴികളെല്ലാം സുപരിചിതങ്ങളാണു്. എന്നുതന്നേയുമല്ല ഈ ചുമട്ടംവഹിച്ചുകൊണ്ടുനടക്കുന്നതെനിയ്ക്കു വളരെസുഖവുമാണു്.

ശാന്ത: ഏതായാലുമതുവേണ്ട. എൻെറ കയ്യിൽപിടിച്ചാൽമതി. ഞാൻ നടന്നുകൊള്ളാം.

ഗോപാ: എന്നാൽ ശാന്തത്തിൻെറ ഇഷ്ടംപോലെയാകട്ടെ,

ഇങ്ങിനെപറഞ്ഞുകൊണ്ടു് അയാളുവളുടെ മൃണാളസദൃശമായ വാമഹസ്തത്തെ തൻെറ ദക്ഷിണഹസ്തത്തിൽ വഹിച്ചുകൊണ്ടു് മെല്ലെമെല്ലെനടന്നുതുടങ്ങി. ഇടയ്ക്കിടെ ഗോപാലൻകുട്ടി ടോർച്ച് തെളിച്ചുകൊണ്ടിരുന്നതിനാൽ ശാന്തത്തിന്നനടക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ലെങ്കിലും വിശപ്പിൻേറയും ക്ഷീണത്തിൻേറയും ആധിക്യത്താൽ അവളുടെ പാദങ്ങൾ മുന്നോട്ടുനീങ്ങുന്നതിന്നു് നിമിഷംപ്രതി അശക്തമായി ഭവിച്ചുതുടങ്ങി. കുറച്ചുനടന്നപ്പോൾ ശാന്തം ചോദിച്ചു.

ശാന്ത: നമ്മളെവിടേയ്ക്കാണുപോകുന്നതു് ?

ഗോപാ: എൻെറ ഗൃഹത്തിലേക്കു്.

ശാന്ത: വല്ല്യമ്മയുടെ വീട്ടിലേയ്ക്കോ ?

ഗോപാ: ഞാൻ വല്ല്യമ്മയാണോ ?

ഇതുകേട്ടപ്പോൾ ശാന്തം പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു.

ശാന്ത: വല്യമ്മയല്ലെങ്കിലും വല്യമ്മയുടെ മകനല്ലേ ?

ഗോപാ: അതുശരി.

ശാന്ത: ഇനിയെത്രദൂരം നടക്കണം ?

ഗോപാ: എന്താണ്. ശാന്തത്തിന്റ കാലുകൾ കുഴഞ്ഞു തുടങ്ങി അല്ലേ? ഇതു ഞാൻ മുമ്പേതന്നെ പറഞ്ഞതല്ലേ ?

ഇങ്ങിനെപറഞ്ഞുകൊണ്ടു് അയാളവളെ വാരിയെടുത്തു. "അയ്യോ. എന്നെ എടുക്കേണ്ട. എന്നെ എടുക്കേണ്ട". എന്നവൾ തെരുതെരെ പറഞ്ഞുവെങ്കിലും അയാളതൊന്നും ഗണ്യമാക്കാതെ അവളെ തന്റെ വിശാലവക്ഷസ്സാലും കൊഴുത്തുരുണ്ട കൈത്തണ്ടുകളാലും താങ്ങിക്കൊണ്ടു വേഗത്തിൽനടന്നുതുടങ്ങി. ഇങ്ങിനെ കുറേദൂരംചെന്നപ്പോൾ ഗോപാലൻകുട്ടി ശാന്തത്തിനെ താഴെനിറുത്തിയിട്ടു് ഒരു പൊതിയെടുത്തു് അവളുടെ കയ്യിൽകൊടുത്തുകൊണ്ടുപറഞ്ഞു.

ഗോപാ: ശാന്തം ഇന്നു് ഊണ്കഴിച്ചിട്ടില്ലല്ലോ. ഇതാ. ഇതിൽ കുറച്ചു പഴങ്ങളുണ്ടു്. ഇതുതിന്നോളു.

ശാന്ത: ഇതെല്ലാമറിഞ്ഞിട്ടും അവരെന്നെതല്ലി പിടലിയ്ക്കുപിടിച്ചു പുറത്തുതള്ളുന്നതുവരെ മൌനം ഭജിച്ചുകളഞ്ഞതെന്താണ് ?

ഗോപാ: അത്രയുംകൂടി അവരുടെ കയ്യിൽനിന്നുകിട്ടിയാലേ നമുക്കുരക്ഷയൊള്ളു. ശാന്തം തനിയേ ഇറങ്ങിപ്പോയെന്നുവന്നാൽ തെററു ശാന്തത്തിന്റെ പക്കലാകയില്ലേ ?

ശാന്ത: പാവം. എന്റെ ജ്യേഷ്ഠൻ എന്നെ കാണാതായെന്നറിഞ്ഞാൽ വല്ല സാഹസവും പ്രവൎത്തിച്ചേക്കും.

ഗോപാ: അതുകൂടാതെ കഴിയുന്നതിനുവേണ്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാം. പക്ഷെ ശാന്തമൊരു കാൎയ്യംചെയ്യണം. ഇവിടെയിപ്പോഴൊരുകുതിരവണ്ടിയുംകൊണ്ടൊരാൾവരും. അദ്ദേഹം വളരെ മാന്യനായ ഒരു മനുഷ്യനാണ്. ശാന്തമദ്ദേഹത്തെ എന്നേപ്പോലെതന്നെ വിശ്വസിച്ച് അദ്ദേഹത്തോടൊരുമിച്ചുപോകണം. ശാന്തത്തിന് വളരെ സുഖമായി ജീവിയ്ക്കുന്നതിനുപററിയതായ ഒരു സ്ഥലത്തു് ശാന്തത്തിനെ ഭദ്രമായി അദ്ദേഹം കൊണ്ടെത്തിയ്ക്കും. അതിനുവേണ്ടതായ ഏൎപ്പാടുകളെല്ലാം ഞാൻ ചെയ്തിട്ടുണ്ടു്. ശാന്തം തിടുക്കത്തോടും ഗൽഗദത്തോടുംപറഞ്ഞു.

ശാന്ത: നിങ്ങളില്ലെങ്കിൽ ഞാനെങ്ങുംപോകുന്നില്ല.

ഗോപാ: ശാന്തമങ്ങിനെപറയരുതു്. ഞാൻ ശാന്തത്തിനോടൊരുമിച്ചുപോന്നാൽ ശാന്തത്തിൻെറ സഹോദരനു വല്ല അപായവുംനേരിടും. അതിനുവേണ്ടതായ പ്രതിവിധികൾചെയ്യാനും ആ ദുഷ്ടയെ ഒരു പാഠം പഠിപ്പിയ്ക്കുവാനുമായി എനിയ്ക്കു രണ്ടുദിവസമിവിടെ താമസിയ്ക്കാതെ നിവൃത്തിയില്ല.

ശാന്ത: രണ്ടുദിവസമൊ ?

ഗോപാ: അതെ. ചിലപ്പോൾ ഒരാഴ്ചയുംവേണ്ടിവന്നേക്കാം. അതിൽ ശാന്തം ക്ലേശിയ്ക്കരുതു്.

അല്പസമയം ആലോചനയോടെ ഇരുന്നശേഷം അനല്പമായ സന്തോഷത്തോടെ ശാന്തം ചോദിച്ചു.

ശാന്ത: അവിടെ വല്ല്യമ്മയുണ്ടായിരിയ്ക്കയില്ലെ ?

ഗോപാ: ഉണ്ടാകും.

ശാന്ത: എന്നാൽ ഞാൻ താമസിച്ചുകൊള്ളാം പക്ഷെ നിങ്ങൾ കഴിയുന്നതും വേഗത്തിൽ വരണം. എനിയ്ക്കിവിടുത്തെ വിവരങ്ങളറിവാൻ ധൃതിയുണ്ട്.

ഗോപാ: (മന്ദഹാസപൂൎവ്വം) ഇവിടുത്തെ വിവരങ്ങളാരോടെങ്കിലും പറഞ്ഞയച്ചാൽപോരെ ?

ശാന്ത: അതെന്താണ് അപ്പോൾ നിങ്ങൾ വരികയില്ലെ ?

ഗോപാ: ഞാൻ വരുന്നതെന്തിനാണ് ? ശാന്തത്തിനിവിടുത്തെ വിവരങ്ങൾ അറിയുകയല്ലെവേണ്ടു ?

ശാന്തം മിണ്ടിയില്ല. അവളുടെ അപ്പോഴത്തെ ഭാവചേഷ്ടകളെ കാണുന്നതിനുവേണ്ടി ഗോപാലൻകുട്ടി ശാന്തത്തിൻെറമുഖത്തേക്കുലെററടിച്ചു. അപ്പോൾ അവൾ അധോമുഖിയായിരിയ്ക്കുന്നതുകണ്ടു് അയാളവളുടെ ഉത്തമാംഗത്തെ മെല്ലെ ഉയൎത്തി. ഉടനെ ശാന്തം ഗോപാലൻകുട്ടിയുടെ ഇരുകരങ്ങളേയും തൻെറ മൃദുലങ്ങളായ പാണിപത്മങ്ങൾക്കിടയിൽ ബന്ധിച്ചുകൊണ്ടു ചോദിച്ചു.

ശാന്ത: നിങ്ങളെന്നുവരും ? സത്യംപറയൂ.

ഗോപാ: എന്നുവരണം ? അതുപറയൂ.

ശാന്ത: കഴിയുന്നവേഗത്തിൽ വരണം.

ഗോപാ: അങ്ങിനെയാകാം.

ശാന്ത: എന്നോടൊരുമിച്ചു പോരുന്നയാളാരാണ് ?

ഗോപാ: എൻെറ ഒരു സ്നേഹിതനാണ്. സ്നേഹിതനെന്നുവച്ചാൽ അദ്ദേഹത്തിനെൻെറ നിലയെ

ന്നമല്ല. വലിയ ഒരു പ്രഭുകുമാരനാണ്. അദ്ദേഹത്തിൻെറ സഹായംകൊണ്ടാണ് ഞാനിതെല്ലാം സാധിയ്ക്കുന്നതു്. അവിടെച്ചെന്നാൽ ശാന്തത്തിൻെറ ഏതാവശ്യങ്ങളുമദ്ദേഹത്തെയറിയിയ്ക്കുവാൻ മടിയ്ക്കരുതു്. എന്തുസംഗതിയായാലും സംശയിയ്ക്കാതെ പറയണം. മനസ്സിലായോ ?

ശാന്തമൊന്നുംമിണ്ടിയില്ല. അവളുടെ ഹൃദയഗതി അപ്പോഴേതുവിധമായിരുന്നുവെന്ന് അവൾക്കു തന്നെ നിശ്ചയമില്ലാതായി. ഒടുവിലവളിങ്ങിനെ സമാധാനപ്പെട്ടു. "ഏതായാലും വല്ല്യമ്മയുണ്ടാകുമല്ലൊ". ഉടനെ ഗോപാലൻകുട്ടി അവിടെ എഴുന്നേററുനിന്നു് വേണുനാദംപോലെ ഒരുശബ്ദം പുറപ്പെടുവിച്ചു. അല്പംകഴിഞ്ഞപ്പോഴതേവിധംതന്നെ മറെറാരുശബ്ദം കേട്ടു. അനന്തരം ഒരു കാൽ മണിക്കൂർകഴിഞ്ഞപ്പോൾ രണ്ടു കുതിരകളെപൂട്ടിയതും പ്രഭുജനോചിതമായ രീതിയിൽ അതിമനോഹരവുമായ ഒരു വണ്ടി ശാന്തവും ഗോപാലൻകുട്ടിയുമിരിയ്ക്കുന്നതിനടുത്തുവന്നുനിന്നു. വിവിധങ്ങളായ വിചിത്രപ്പണികളാലും അലങ്കാരസാമഗ്രികളാലും അഴകൊഴുന്ന ആ വാഹനത്തെനോക്കി അത്ഭുതപ്പെട്ടുകൊണ്ടുനില്ക്കുമ്പോൾ, അവളുടെ ഗോപാലൻകുട്ടിയുടെ സമവയസ്കനും ആജാനുബാഹുവും സുന്ദരനുമായ ഒരു യുവാവു് അതിൽനിന്നുമിറങ്ങി. ഉടനേ വണ്ടിയിൽനിന്നിറങ്ങിയ യുവാവും ഗോപാലൻകുട്ടിയുമായി വണ്ടിയുടെ സമീപത്തുനിന്നു് കുറേനേരം എന്തൊക്കെയോ പതുക്കെസംസാരിച്ചു. ആ സമയത്തു് ശാന്തകുമാരി അവളുടെ ഹൃദയവല്ലഭൻേറയും അപ്പോഴാഗതനായ യുവാവിൻേറയും ആകാരസുഷമകളെ

ളുലനംചെയ്യുകയായിരുന്നു. അപ്പോഴാഗതനായ യുവാവിന്ന് ആരേയുംവശീകരിയ്ക്കത്തക്ക രൂപസൌഭാഗ്യവും ഏവരേയും കുമ്പിടുവിയ്ക്കുത്തക്ക ഗാംഭീര്യവും സർവരാലുമാദരിയ്ക്കപ്പെടേണ്ടുന്ന മാന്യതയുമുണ്ടെങ്കിലും അതെല്ലാമവളുടെ ഗോപാലൻകുട്ടിയോടു സാമ്യപ്പെടുത്തിനോക്കിയാൽ ഗോപാലൻകുട്ടി ചന്ദ്രനും മറേറയുവാവു നക്ഷത്രവുമാണെന്നും ഗോപാലൻകുട്ടിയുടെ ആ നീണ്ട നയനങ്ങളിലെ അത്ഭുതതേജസ്സ് മററാക്കുമില്ലെന്നുമവൾക്കുതോന്നി. കുറച്ചുസമയംകഴിഞ്ഞപ്പോൾ ഗോപാലൻകുട്ടി ശാന്തത്തിൻെറ സമീപത്തു വന്നിട്ട് അവളോടുചോദിച്ചു.

ഗോപ: ഞാൻ പറഞ്ഞതെല്ലാം ശാന്തത്തിന്ന മനസ്സിലായില്ലെ?

ശാന്ത: മനസ്സിലായി.

ഗോപാ:എന്നാലിമനുഷ്യനോടൊരുമിച്ച് ശാന്തംപൊയ്ക്കോളു. ഇനിമേൽ യാതൊരു ദുഃഖവും ശാന്തത്തിന്നുണ്ടാകയില്ല. അയാൾ പറയുന്നതെല്ലാം ശാന്തമനുസരിക്കണം. ശാന്തത്തിൻെറ ഹിതത്തിന വിപരീതമായിട്ടൊന്നുമയാൾ പറയുകയൊ പ്രവൎത്തിക്കുകയൊ ഇല്ല. ഞാൻ കഴിയുന്നതും വേഗത്തിൽ വരാം, ഇങ്ങിനെ പറഞ്ഞുകൊണ്ടയാളവളെ വണ്ടിയുടെ സമീപത്തേക്കു കൊണ്ടുപോയി. അനന്തരം അവളെ മെല്ലെ താങ്ങി വണ്ടിയിൽ കയററിയിരുത്തിയശേഷം "ഇനി വണ്ടി വിട്ടുകൊള്ളു" എന്നു യുവാവിനോടും "ശാന്തം സങ്കടപ്പെടരുതു്" എന്നു ശാന്തകുമാരിയോടും പ

റഞ്ഞിട്ടു് ഗോപാലൻകുട്ടി വണ്ടിയുടെ സമീപത്തുനിന്നുമല്പമകലെയായി മാറിനിന്നു. ഉടനെ യുവാവു് വണ്ടിയിൽ കയറിയിരുന്നുകൊണ്ടു് കുതിരകളെ പായിച്ചു.

ശാന്തകുമാരി വണ്ടിയിലിരുന്നുകൊണ്ടു് അതിനകമെല്ലാം ഒന്നു പരിശോധിച്ചു. ഹാ! നോക്കുന്തോറുമവൾക്കു് അത്ഭുതവും കൗതുകവും വർദ്ധിച്ചുവന്നു. വിചിത്രരീതികളിൽ പലജാതി ലതകളും പൂക്കളും തുന്നിപ്പിടിപ്പിച്ചിരുന്ന വിവിധവർണ്ണത്തിലുള്ള പട്ടുവസ്ത്രങ്ങളാൽ അതിനകമെല്ലാം ഭംഗിയായി അലങ്കരിച്ചിരുന്നു. മനുഷ്യനിർമ്മിതങ്ങളെന്നു് ആർക്കും തോന്നാത്ത രീതിയിലുള്ള പലവിധ പൂക്കുലകളും പക്ഷികളും നാലുമൂലയിലും മററു പലഭാഗങ്ങളിലും ഇണക്കിയിരുന്നു. തോക്കുംവഹിച്ചുകൊണ്ടുനില്ക്കുന്ന രണ്ടു പട്ടാളക്കാരുടെ പ്രതിമകൾ കാല്ക്കലും തലയ്ക്കലും നിന്നിരുന്നതിനു് ജീവനുണ്ടോ ഇല്ലയോ എന്നുതീർമാനിയ്ക്കുന്നതിനു ശാന്തകുമാരിയ്ക്കു വളരെ സമയം വേണ്ടിവന്നു. വക്കിലെല്ലാം കസവുതുന്നിപിടിപ്പിച്ചിരുന്ന വിലയേറിയ ഒരു പട്ടുമെത്തവിരിച്ചിരുന്നതിലാണു് ശാന്തകുമാരിയിരുന്നിരുന്നതു്. അവളിരിയ്ക്കുന്നതിനടുത്തു തന്നെ ഒരു ചെറിയ വെള്ളിക്കുടവും, പച്ചലതകളാലും മഞ്ഞപ്പൂക്കളാലും അലംകൃതമായ ചുവപ്പുവർണ്ണത്തിലുള്ള ഒരു പൂക്കുടയുമിരുന്നിരുന്നു. ഒരു ചെറിയ ഇലക്ട്രിക്കുവിളക്കു് വണ്ടിയുടെ മുകൾത്തട്ടിൽ നടുവിലായി ഘടിപ്പിച്ചിരുന്നു. വണ്ടിയുടെ പിൻഭാഗം പട്ടുപടുതയാൽ മറയ്ക്കപ്പെട്ടിരുന്നു. ശാന്തമിതെല്ലാം നോക്കിയാനന്ദിച്ചുകൊണ്ടിരിയ്ക്കുമ്പോൾ വണ്ടിയോടിച്ചുകൊണ്ടിരുന്ന

യുവാവു് അവളോടു പറഞ്ഞു. "ആ കൂടയിൽ ആഹാര സാധനങ്ങളും കുടത്തിൽ പാനീയ പദാൎത്ഥവുമുണ്ടു്. ഇഷ്ടംപോലെയെടുത്തു് കഴിക്കാം." ശാന്തമൊന്നും മിണ്ടിയില്ല. അവൾക്കു് താനെവിടേയ്ക്കാണു പോകുന്നതെന്നൊ തന്റെ സഹോദരന്റെ സ്ഥിതിയെന്താകുമെന്നൊ ഉള്ള ചിന്തയേ ഉണ്ടായിരുന്നില്ല. എന്തെന്നാൽ അവൾ പോകുന്നതു വല്ല്യമ്മയുടെ വീട്ടിലേയ്ക്കാണെന്നും ജ്യേഷ്ഠനെ സംബന്ധിച്ചുവേണ്ടതെല്ലാം ഗോപാലൻകുട്ടി ചെയ്തുകൊള്ളുമെന്നുള്ള സമാധാനം അവൾക്കുണ്ടായിരുന്നു. കുറച്ചു സമയംകൂടി കഴിഞ്ഞാൽ തനിക്കെത്രയും പ്രിയപ്പെട്ട വല്ല്യമ്മയെ കാണാമല്ലൊ എന്നുള്ള സന്തോഷമാണവൾക്കപ്പോഴുണ്ടായിരുന്നതു്. കുറച്ചു സമയം വണ്ടിയുടെ അലങ്കാരങ്ങൾ കണ്ടാനന്ദിച്ചുശേഷം അവൾ ആ പട്ടുമെത്തയിൽ കിടന്നു സുഖമായുറങ്ങി.

പിറേറന്നാൾ രാവിലെ എട്ടുമണിയ്ക്കാണു് ശാന്തകുമാരി നിദ്രയിൽ നിന്നുണൎന്നതു്. ഉണൎന്നയുടനെ സമയമെന്തായെന്നറിവാനായി അവൾ പിൻഭാഗത്തുള്ള പട്ടതാ പൊക്കി പുറത്തേക്കു ദൃഷ്ടികളെ പായിച്ചു. അപ്പോൾ ബാലഭാസ്കരന്റെ ഇളംകതിരുകൾ നാലുംപാടും വിതറിയിരിയ്ക്കുന്നതും വണ്ടി വിജനമായ ഒരു ചെറുവനപ്രദേശത്തു നില്ക്കുന്നതുമാണവൾ കണ്ടതു്. ആ കാഴ്ച അവളെ പലവിധശങ്കകൾക്കും തെല്ലൊരു പരിഭ്രമത്തിനുമധീനയാക്കി. അവളാലോചിച്ചു. എന്തായിരിക്കാം ഇതിന്റെ അൎത്ഥം? ഈ വിജനപ്രദേശത്തു കൊണ്ടുവന്നു വണ്ടി നിറുത്തുവാനുള്ള കാരണമെന്താണു്? വാസ്തവത്തിൽ എന്റെ പ്രവൃത്തി ആലോചനാശൂന്യമല്ലെ? വിശ്വാസയോഗ്യമായ പരിചയങ്ങ

ളൊന്നുമില്ലാത്ത പുരുഷന്മാരോടൊരുമിച്ച് അദ്ധരാത്രി സമയത്തു് ഒളിച്ചുപോകുക, കഷ്ടം, അപമാനകരം തന്നെ. ഇവരാരായിരിയ്ക്കാം? ഈശ്വരാ! എന്തായിരിക്കുമെൻറ ഈ പ്രവൎത്തിയുടെ പയ്യവസാനം. ശാന്തകുമാരി ഈ വിധചിന്തകളോടുകൂടി പുറത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കുമ്പോൾ വണ്ടിയുടെ മുൻഭാഗത്തിരുന്നിരുന്ന യുവാവു് ഇപ്രകാരം പറയുന്നതവൾകേട്ടു.

യുവാ: ഇവിടെ ഇറങ്ങണമെങ്കിലിറങ്ങാം. അതാ, കാണുന്നതു് ഒരു പുഴയാണു്. അതിൽ പോയി ദന്തശുദ്ധിയും സ്നാനവും കഴിക്കാം.

ശാന്തകുമാരിയ്ക്കിതുകേട്ടപ്പോൾവളരെയാശ്വാസം തോന്നി. അവൾ ചോദിച്ചു.

ശാന്ത: ഗൃഹത്തിലെത്തുന്നതിനു് ഇനിയെത്ര സമയം വേണം.

യുവാ: വേഗത്തിൽ പോയാൽ സന്ധ്യയോടുകൂടി എത്താം.

"ഒ! ഇത്രയകലമൊ" എന്നുവിചാരിച്ചു കൊണ്ടവൾ പറഞ്ഞു.

ശാന്ത: എന്നാലിവിടെയിറങ്ങാം. പക്ഷെ എങ്ങിനെയാണിതിൽനിന്നിറങ്ങുന്നതു്? വണ്ടിക്കു വളരെ പൊക്കമുണ്ടല്ലൊ?

യുവാ: ഞാൻ കുതിരകളെ അഴിച്ചു് വണ്ടി മെല്ലെ ചായ്ച്ചു തരാം. കുതിരകളുമൊന്നു വിശ്രമിക്കട്ടെ.

ശാന്തം താഴെ ഇറങ്ങിയ ഉടനെ യുവാവു് ഒരു ഭാഗത്തേയ്ക്കു വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു. "അതാ, ആ കാണുന്നതാണു് കുളിക്കുവാനുള്ള കടവു്. അവിടെ

ദന്തശുദ്ധിക്കുള്ള സാധനങ്ങളും സ്നാനാനന്തരം ധരിക്കുവാനുള്ള വസ്ത്രങ്ങളും അല്പം ചില ആഭരണങ്ങളും വച്ചിട്ടുണ്ട്. ഇപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ കുളി കഴിഞ്ഞു പോരുമ്പോൾ അവിടെയുള്ള കല്ലിന്മേൽ വച്ചിട്ടു പോന്നാൽ മതി.

ഉടനേ ശാന്തകുമാരി, യുവാവു ചൂണ്ടിക്കാണിച്ച ദിക്കിലേയ്ക്കു നടന്നു. കുറച്ചു നടന്നപ്പോൾ നിർമ്മല ജലത്താൽനിറയപ്പെട്ട ഒരു പുഴയും അതിൻെറകടവിൽ ദന്തശുദ്ധിക്കുള്ള സാധനങ്ങളും ഒരു പെട്ടിയുമിരിക്കുന്നതവൾ കണ്ടു. ശാന്തം നിത്യകർമ്മങ്ങളും കുളിയും കഴിച്ചുവന്ന് പെട്ടി തുറന്നു നോക്കിയപ്പോൾ കസവുപൂക്കളാൽ നിറയപ്പെട്ട റോസ്നിറത്തിലുള്ള ഒരു സാരിയും തദനുസരണമായി പച്ചവർണ്ണത്തിലുള്ള ഒരു ബ്ലൗസും അനഘങ്ങളായ കുറെ രത്നാഭരണങ്ങളും അതിലിരിക്കുന്നതുകണ്ടു. അത്യധികമായ അത്ഭുതത്തോടും അതിലുമുപരിയായ സങ്കോചത്തോടും കൂടിയാണെങ്കിലും ശാന്തമതെല്ലാമെടുത്തുധരിച്ചു. അപ്പോഴവളെകണ്ടാൽ ഒരു വനദേവതയാണെന്നല്ലാതെ മനുഷ്യ കന്യകയാണെന്ന് ആരും സംശയിക്കുമായിരുന്നില്ല. വ്രീളാഭാരത്താൽ അധോമുഖിയായി മെല്ലെമെല്ലെ നടന്നു വരുന്ന ആ കന്യകാരത്നത്തെ കണ്ടപ്പോൾയുവാവ് ഇപ്രകാരം മനസ്സിൽ വിചാരിച്ചു. "പുഛിച്ചാണെങ്കിലും ആ സ്ത്രീ ഇട്ടപേര് യോജിച്ചതുതന്നെ. വെണ്മാടത്തിലെറാണിയെന്നുള്ള സ്ഥാനം ഭരിക്കേണ്ടയാൾതന്നെ."

ശാന്തം വന്നുവണ്ടിയിൽ കയറിയ ഉടനെ യുവാവ് കുതിരകളെ വണ്ടിയിൽ പൂട്ടിവണ്ടി അതിവേഗം

പായിച്ചുതുടങ്ങി. ശാന്തം കൂടയിലിരുന്ന പലഹാരങ്ങളും പഴങ്ങളും മററും ഭക്ഷിച്ചു വിശപ്പു തീൎത്തു സുഖമായി വണ്ടിയിലിരുന്നു. രാത്രി ഏകദേശം പതിനൊന്നുമണിയായപ്പോൾ വണ്ടി ഒരിടത്തു നിന്നു. ഉടനേ യുവാവു് ശാന്തത്തിനോടു പറഞ്ഞു, "ഇനി ഇറങ്ങാം" യുവാവു് കുതിരകളെ വണ്ടിയിൽ നിന്നഴിച്ചു മാററിയപ്പോൾ ശാന്തം താഴത്തിറങ്ങി. അവളവിടെ നിന്നുകൊണ്ടു് പരിസരങ്ങളെയെല്ലാമൊന്നു പരിശോധിച്ചു. അവൾക്കു താൻ സ്വപ്നാവസ്ഥയിൽപ്പെട്ടിരിക്കുകയൊ സിനിമാ കാണുകയൊ എന്താണെന്നു നിശ്ചയമില്ലാതായി. എന്തെന്നാൽ സൎവ്വത്ര വൈദ്യുതദീപങ്ങളാൽ പ്രശോഭിതവും സ്വൎഗ്ഗലോകസദൃശവുമായ ഒരു സൌധത്തിൻെറ മുൻപിലാണു് അവൾ നിന്നിരുന്നതു്. ഇമ്മാതിരി ശില്പവിധാനങ്ങളോടും അലങ്കാരസാമഗ്രികളോടുംകൂടിയ ഒരു നിലയനം പുരാണങ്ങളിൽ വൎണ്ണിച്ചിട്ടുള്ള ദേവലോകത്തുപോലുമുണ്ടായിരിയ്ക്കുകയില്ലെന്നവൾ നിശ്ചയിച്ചു. എത്ര വലിയ കവികൾ ആയിരുന്നാൽതന്നെയും ആ സൌധവൎയ്യൻെറ ഏതെങ്കിലുമൊരുഭാഗം മാത്രമെങ്കിലും വൎണ്ണിക്കണമെന്നുദ്ദേശിച്ചു പുറപ്പെട്ടാൽ ആ സൌധത്തിനു് അതൊരു ആക്ഷേപമെന്നല്ലാതെ ശരിയായി വൎണ്ണിക്കുവാൻ സാധിക്കുന്നതല്ലെന്നവൾക്കുതോന്നി. ശാന്തത്തിൻെറ നാലുപുറവും പകച്ചുനോക്കിക്കൊണ്ടുള്ള നില്പുകണ്ടു് യുവാവു് മന്ദഹാസം പൊഴിച്ചുകൊണ്ടവളോടുചോദിച്ചു.

യുവാ: എന്താണു് പകച്ചു പോയോ?

ശാന്ത: ഈ സ്ഥലമേതാണു്?

യുവാ: ഇതാണു് റാണിയുടെവാസസ്ഥലമായവെണ്മാടം.

ശാന്ത: ഏതു റാണിയുടെ?

യുവാ: ഈ വെണ്മാടത്തില റാണി ഭവതി തന്നെ.

ശാന്ത: നിങ്ങളെന്തിനാണെന്നൊ ഈ വേഷങ്ങളെല്ലാം കെട്ടിയ്ക്കുന്നതു്?

യുവാ: അതിന്നു കുറച്ചാവശ്യമുണ്ടു്.

ശാന്ത: ഒടുവിൽ മററുള്ളവരെന്നെ പരിഹസിക്കുകയില്ലേ?

യുവാ: ഇത്രയെല്ലാം സാധിക്കുവാൻ ത്രാണിയുള്ളവക്കു് അതു കൂടാതെ കഴിക്കുന്നതിന്നും സാധിക്കയില്ലേ.

ശാന്തം മിണ്ടിയില്ല. വല്ല്യമ്മയുടെ ചെറുഭവനത്തെ പ്രതീക്ഷിച്ചിരുന്ന അവൾ ഇത്ര വലിയ രമണീയസൌധത്തിലെത്തിച്ചേന്നപ്പോൾ അത്ഭുതപ്പെട്ടുപോയതിലതിശയമില്ലല്ലൊ. "ഈവെണ്മാടത്തിലെറാണി ഭവതിതന്നെ"എന്നുള്ള യുവാവിൻെറവാക്കുകേട്ടപ്പോൾ "വണ്മാടത്തിലെറാണി"എന്നു ശാതോദരിയമ്മ പുച്ഛസ്വരത്തിൽ തന്നെ, വിളിച്ചിട്ടുള്ളതും, "അവരുടെ ആ ആക്ഷേപം ശാന്തത്തിന്നനുഗ്രഹമായിത്തീരട്ടെ" എന്നുള്ള ഗോപാലൻകുട്ടിയുടെ അന്നത്തെവാക്കും അവളോമ്മിച്ചു. അതിനെ യഥാത്ഥമാക്കുവാൻ വേണ്ടിയെടുത്തിരിയ്ക്കുന്ന വിദ്യയാണിതെന്നു മനസ്സിലായതിനാലാണു് "ഒടുവിൽ മററുള്ളവരെന്നെ പരിഹസിക്കുകയില്ലേ" എന്നവൾ ചോദിച്ചതു്. യുവാവുവീണ്ടും അവളോടു പറഞ്ഞു.

യുവാ: ഇവിടത്തെ റാണിയായിട്ടുതന്നെ ഭവതിയിവിടെ വസിച്ചുകൊള്ളുക. അതിന്നു വേണ്ടതായ ഏപ്പാടുകളെല്ലാമിവിടെ ചെയ്തിട്ടുണ്ടു്. ഇന്നു മുതൽ

എല്ലാപേരും ഭവതിയെ "റാണി" എന്നുതന്നെ വിളിക്കുകയും ചെയ്യും. ഭവതിയതിന്നു യാതൊരു വിരസതയും പ്രദൎശിപ്പിക്കരുതു്. ഇവിടത്തെ പരിചാരികവൃന്ദങ്ങളോടെന്നല്ല ആരോടുംതന്നെ ഭവതിയുടെ ജീവചരിത്രങ്ങളൊന്നും മിണ്ടിപ്പോകരുതു്. നിത്യവും ഈസമയത്തു് ഞാനിവിടെ വരാം. എന്തെങ്കിലുമാവശ്യമുണ്ടെങ്കിലൊ ഇവിടെ വല്ലവിശേഷസംഭവങ്ങളും ഉണ്ടായാലൊ ഒന്നും മറയ്ക്കാതെ എന്നെ അറിയിക്കണം. ഈ കെട്ടിടത്തിലുള്ള സകലമുറികളുടെ ചുമരിന്മേലും ഓരോ ബട്ടൻ പിടിപ്പിച്ചിട്ടുണ്ടു്. അതൊന്നമൎത്തിയാലുടനെ ഒരു മണിയടിയ്ക്കും. അപ്പോൾപരിചാരികമാർ വരും. അവരോടു് എന്താണുവേണ്ടതെന്നുവച്ചാൽ ആജ്ഞാപിക്കണം. അപ്പോൾ അവരതു ചെയ്തുകൊള്ളും. അവരുടെ മുൻപിൽ ഒരു റാണിയുടെ ഗാംഭീൎയ്യത്തോടും പ്രതാപത്തോടും കൂടിപെരുമാറിക്കൊള്ളണം. ഇതെല്ലാം കേട്ടുകൊണ്ടു് സ്തബ്ധയായി നില്ക്കുവാനല്ലാതെ യാതൊന്നും ശബ്ദിക്കുവാൻപോലും ശാന്തകുമാരി ശക്തയായില്ല. യുവാവ് വീണ്ടുംപറഞ്ഞു. "ഈ സൌധത്തിന്റെ മുകൾഭാഗംവെണ്മാടമാണു്. വേണമെന്നു തോന്നുമ്പോഴവിടെപ്പോയികാററുംകൊണ്ടിരിയ്ക്കാം. അതിന്നുരാത്രിയിൽമാത്രമേ പോകുവാൻ പാടൊള്ളൂ. ആ ഭാഗങ്ങളെല്ലാം പരിചാരികമാർ പരിചയപ്പെടുത്തിത്തരും. അവരെ വിളിയ്ക്കുവാൻ ബട്ടൻ അമൎത്തേണ്ടരീതി ഞാൻ കാണിച്ചുതരാം. നോക്കികൊള്ളുക" എന്നു പറഞ്ഞുകൊണ്ടു് അവർ നിന്നിരുന്നതിന്റെ അടുത്തുള്ള ചുമരിന്മേൽ പിടിപ്പിച്ചിരുന്ന ബട്ടൺ യുവാവ് ഒരുവിരൽ

കൊണ്ടു് ഒന്നമത്തി. ഉടനെ രണ്ടു പരിചാരികമാർ അവിടെ ഹാജരായി. അവർ ശാന്തത്തിനേയും യുവാവിനേയും മൂന്നുപ്രാവശ്യംവീതം ആചാരപൂർവം തൊഴുതുകൊണ്ടു് വിനീതരായി ഒരുഭാഗത്തേയ്ക്കൊതുങ്ങി കല്പനകാത്തു നിന്നു. അപ്പോൾ യുവാവ് അവരോടു പറഞ്ഞു.

യുവാ: ഞാൻ പറഞ്ഞതെല്ലാം ഓമ്മയുണ്ടല്ലൊ. വളരെ ഉജാറായി ഇരുന്നുകൊള്ളണം. കുമാരിയെകൊണ്ടു പോയി അമൃതേത്തു കഴിപ്പിച്ചു് പള്ളിയറയിൽ കൊണ്ടുപോയി കിടത്തണം. നിങ്ങൾനാലുപേർ കുമാരിക്കു തുണയായി അവിടെ കിടക്കണം. പള്ളിയറ കാവൽക്കാർ അലസരായിപ്പോകരുതു്, നാളെ ഈ സൌധത്തിൻെറ സകലഭാഗങ്ങളും കുമാരിയ്ക്കു് സൌകര്യംപോലെ പരിചയപ്പെട്ടുകണം.

പരി: കൽപനപോലെ.

യുവാ: അനുവാദം കൂടാതെ അടുത്തുചെന്നു് കുമാരിയെ അസഹ്യപ്പെടുത്തരുതു്.

പരി: കൽപനപോലെ.

യുവാ: (ശാന്തകുമാരിയോടു്) എന്നാൽ ദേവി അകത്തേയ്ക്കെഴുന്നള്ളണം. ഈ ആചാരവാക്കുകളും മററുംകേട്ടു് ലജ്ജിതയായിട്ടാണെങ്കിലും മററു നിവ്വാഹങ്ങളൊന്നുമില്ലായ്കയാൽ പരിചാരികമാരുടെ അകമ്പടിയോടുകൂടി ശാന്തകുമാരി അന്തഃപ്പുരത്തിലേക്കുപോയി.

# അദ്ധ്യായം 8.

ശാന്തകുമാരിയെ പടിപ്പുരയ്ക്കുപുറത്താക്കി കവാടവും ബന്ധിച്ച് ഗ്രഹത്തിലേയ്ക്കുപോയ ശാന്തോദരിയമ്മ "അവൾ അവിടെ ഇരുന്നൊരു പാഠം പഠിയ്ക്കട്ടെ ഇനിമേൽ അവളുടെ ധിക്കാരം എന്നോടെടുക്കുകയില്ലെന്നു സത്യം ചെയ്യല്ലാതെ ഈവീട്ടിൽ ഞാൻ അവളെ കടത്തുകയില്ല" എന്നുനിശ്ചയിച്ചുകൊണ്ടു് മുറിയ്ക്കകത്തു കയറിയിരുന്നു. അല്പസമയം ഭയങ്കരമായ ആ ഇരുട്ടത്തു് തനിയെ ഇരിയ്ക്കുമ്പോൾ ശാന്തകുമാരി ഭയന്നു നിലവിളിയ്ക്കുകയും ഗ്രഹത്തിലേക്കു കയററി കൊണ്ടുപോകുന്നതിന്നായി തന്നെ വിളിച്ചു യാചിയ്ക്കുകയും ചെയ്യുമെന്നായിരുന്നു അവരുടെ വിചാരം. എന്നാൽ ശാന്തോദരിയമ്മ പോയി വളരെ സമയം കഴിഞ്ഞിട്ടും ശാന്തകുമാരി വിളിയ്ക്കുകയൊ കരയുകയൊ ഒന്നും ചെയ്യാതിരിക്കുന്നതു കണ്ടപ്പോൾ അവരിങ്ങനെ ചിന്തിച്ചു തുടങ്ങി. "അമ്പടീ, ധിക്കാരി, കണ്ടില്ലെ അവളുടെ ധൈര്യം. നിന്റെ ധൈര്യമെല്ലാം തീരുന്നതുവരെ നീയവിടെയിരിയ്ക്കു്. ഞാൻ വന്നു കാലുപിടിക്കണമെന്നായിരിക്കും നിന്റെ വിചാരം. അതിന്നു് ശാന്തോദരി ഒന്നുകൂടി ജനിക്കണം." ഇങ്ങിനെ നിശ്ചയിച്ചുകൊണ്ടവർ വാതിലും ബന്ധിച്ചു മുറിക്കകത്തു കിടന്നുറങ്ങി. ധൈര്യമെല്ലാം നടിച്ചുകൊണ്ടു കിടന്നുവെങ്കിലും സുഖമായി നിദ്രചെയ്യുന്നതിനൊ അസുഖനിദ്രയാണെങ്കിലും അധികസമയമനുഭവിക്കുന്നതിനൊ അവൎക്കു സാധിച്ചില്ല. എന്തെന്നാൽ രാഘവൻകുട്ടി ഈ

കാൎയ്യങ്ങൾ വല്ലതുമറിവാനിടയായാലുണ്ടാകാവുന്ന അനുഭവത്തെപ്പററി അസാമാന്യമായ ഭയമവൎക്കുണ്ടായിരുന്നു. അയാളോടു ശാന്തകുമാരി, തലേന്നാൾ തന്നെ സംബന്ധിച്ചു പറഞ്ഞതായ വാക്കുകൾക്കു് പ്രതീകാരമായി അവരിങ്ങിനെ പ്രവൎത്തിച്ചതാണു്. അയാൾ കുറച്ചു ദിവസത്തേക്കു വരികയില്ലെന്നും വരുമ്പോൾ ശാന്തമിതൊന്നും പറയുകയില്ലെന്നും അഥവാ പറഞ്ഞാൽ തന്നെ തന്റെ വാക്സാമൎത്ഥ്യത്താലും നാട്യവൈഭവത്താലും രക്ഷനേടിക്കൊള്ളാമെന്നുമുള്ള വിശ്വാസമാണു് ഇപ്രകാരമെല്ലാം പ്രവൎത്തിക്കുന്നതിനവരെ ധീരചിത്തയാക്കിത്തീൎത്തതു്. എന്നാൽ ഇത്രസമയമായിട്ടും ശാന്തത്തിന്റെ ശബ്ദംപോലും കേൾക്കായ്കയാൽ അവൎക്കു വലുതായ ഒരു ഭയം ജനിച്ചു. ഉടനെ അവർ വിളക്കുമായി പടിപ്പുരയ്ക്കൽ ചെന്നു് വാതിൽ തുറന്നുനോക്കി.അവിടെയാരെയും കണ്ടില്ല. അവൎക്കു എന്തെന്നില്ലാത്ത പരിഭ്രമമായി. അവർ ആലോചിച്ചു. "എന്നാലും അവൾ എവിടെപ്പോയിരിയ്ക്കാം. എന്നെ വിളിക്കുന്നതു കുറച്ചിലാണെന്നു കരുതി അയൽവീടുകളിലെങ്ങാനും പോയിരിയ്ക്കുമോ? ശരി, അങ്ങിനെയായിരിയ്ക്കും. എന്നാൽ നേരം വെളുക്കുമ്പോൾവരും. ഇങ്ങോട്ടുവരാതെ പിന്നെയെവിടേയ്ക്കുപോകുന്നു." ഇങ്ങിനെധൈൎയ്യപ്പെട്ടുകൊണ്ടു് അവർ മടങ്ങിപ്പോയി, എങ്കിലും അന്നു പിന്നെ നിദ്രാദേവി അവരെ സമീപിച്ചില്ല. ശാന്തകുമാരി അയൽവീട്ടിൽ പോയിരിക്കുമെന്നോൎത്തപ്പോഴവൎക്കു് ഭയവും പരിഭ്രമവുമധികമായി. എന്തെന്നാൽ അവർ അവളെ ഉപദ്രവിച്ചതെല്ലാം ആ വീട്ടുകാർകൂടി അറിയുകയില്ലേ. ആകപ്പാടെ അവർ ഇതികൎത്തവ്യതാ

മൂഢയായിത്തീൎന്നു. ഒരു വിധത്തിൽ പ്രഭാതമാകുന്നതുവരെ അവർ കഴിച്ചുകൂട്ടി. ശാന്തകുമാരി ഇപ്പോൾവരും, ഇപ്പോൾവരുമെന്നു കരുതി ഇടയ്ക്കിടെ പടിക്കലേക്കു നോക്കിക്കൊണ്ടു് അവർ ഗൃഹജോലികളോരോന്നായി ചെയ്തുതുടങ്ങി. ശാതോദരിയമ്മയുടെ ജോലികളെല്ലാം ഒതുങ്ങിയിട്ടും ശാന്തകുമാരി വന്നുചേൎന്നില്ല. നേരവും കുറെ പുലൎന്നു. ഓരോ നിമിഷം കഴിയുന്തോറും ശാതോദരിയമ്മക്കു ഭയവും പരിഭ്രമവും വൎദ്ധിച്ചുവന്നു. ഒടുവിൽ അയൽവീടുകളിൽ പോയി ഒന്നന്വേഷിച്ചു നോക്കാമെന്നു തന്നെ തീൎച്ചയാക്കി. അവർ മേൽപറഞ്ഞ ഈശ്വരിയമ്മയുടെ ഗൃഹത്തിലേയ്ക്കു തിരിച്ചു. ശാതോദരിയമ്മ അവിടെച്ചെല്ലുമ്പോൾ ഈശ്വരിയമ്മ ഗൃഹഭരണം, ശിശുപരിചരണം മുതലായ ജോലികളിൽ വ്യാപൃതയായിരിയ്ക്കുകയായിരുന്നു. ശാതോദരിയമ്മ ഗൃഹത്തിന്റെ മുൻവശത്തുനിന്നുകൊണ്ടു് ഈശ്വരിയമ്മയെ വിളിച്ചു. പതിവില്ലാത്തവിധം ശാതോദരിയമ്മയുടെ ശബ്ദമവിടെ കേൾക്കുകയാലീശ്വരിയമ്മ പുറത്തുവന്നു നോക്കുമ്പോൾ പരിഭ്രമയുക്തമായ മുഖഭാവത്തോടുകൂടി നില്ക്കുന്ന ശാതോദരിയമ്മയെ കണ്ടു. അവരവരുടെ ഗൃഹത്തിൽ വരുന്നവരെ സംബന്ധിച്ചു് ഗൃഹനായികയനുഷ്ഠിയ്ക്കേണ്ടതായ മൎയ്യാദയെ സംബന്ധിച്ചു് നല്ല നിശ്ചയമുണ്ടായിരുന്ന ഈശ്വരിയമ്മ, ശാതോദരിയമ്മയെ സംബന്ധിച്ചു്, തന്റെ മനസ്സിലുള്ള നീരസത്തെ പുറത്തു പ്രകാശിപ്പിക്കാതെ അവരോടിങ്ങിനെ കുശലപ്രശ്നം ചെയ്തു.

ഈശ്വ: ഇന്നെന്താണു് പതിവില്ലാത്തതുപോലെ ഇങ്ങോട്ടിറങ്ങിയതു്? ആ ചെയാറിലിരിയ്ക്കൂ.

ശാന്തോ: ഇരിയ്ക്കുവാനംമററും സമയമില്ല, ശാന്തകുമാരി ഇങ്ങോട്ടു വന്നിട്ടുണ്ടോ എന്നറിവാനായി വന്നതാണു്.

ഈശ്വ: ശാന്തകുമാരി ഇവിടെ വന്നില്ലല്ലോ. ആ കുട്ടി ഇവിടെ വരാറുമില്ല. ശാന്തമെവിടെപ്പോയി?

ശാന്തോ: എവിടെപ്പോയെന്നറിഞ്ഞുകൂടാ. നേരം വെളുത്തിട്ടിതുവരെ അവളെയവിടെ കാണുന്നില്ല.

ഈശ്വ: ഇന്നലെയവൾ കിടന്നിരുന്നതെവിടെയാണു്?

ശാന്തോ: അവൾ എൻെറ മുറിയിലാണിന്നലെ കിടന്നിരുന്നതു്. അവളുടെ ജ്യേഷ്ഠനിവിടെയില്ലാത്തപ്പോൾ ഞങ്ങളൊരുമിച്ചാണു് കിടക്കുക പതിവു്.

ഈശ്വ: നിങ്ങളൊരുമിച്ചാണവൾ കിടന്നിരുന്നതെങ്കിൽ പിന്നെ നിങ്ങളറിയാതെ അവളെവിടേയ്ക്കു്, എങ്ങിനെപോകും?

ശാന്തോ: എനിയ്ക്കൊന്നുമറിഞ്ഞുകൂടാ. ഞാൻ കിടന്നായുടനെ ഉറങ്ങിപ്പോയി. പിന്നെ നേരം വെളുത്തപ്പൊഴേ ഉണർന്നൊള്ളു. ഉണർന്നുനോക്കിയപ്പോഴവളെ കണ്ടുമില്ല. അവിടെത്തന്നെ എവിടെയെങ്കിലുമുണ്ടായിരിക്കുമെന്നുകരുതി ഇതുവരെ ഇരുന്നു. ഇത്രനേരമായിട്ടും കാണായ്കയാലിവിടെയോ മററൊ വന്നിട്ടുണ്ടോ എന്നന്വേഷിയ്ക്കുവാനായി പോന്നതാണു്. പകലാണെങ്കിലവൾ തനിച്ചുല്ലേ അവിടെ കഴിച്ചുകൂട്ടുന്നതു്. അവളുടെ പ്രവൃത്തികളെന്തൊക്കെയാണെന്നാർക്കറിയാം?

ശാന്തോദരിയമ്മയുടെ ഈ വാക്കുകൾ കേട്ടപ്പോഴീശ്വരിയമ്മയ്ക്കു കോപംജ്വലിച്ചു. ഈ ദുഷ്ട തൻെറ

ദുഷ്പ്രവൃത്തികളെ മറച്ചുകൊണ്ടു് ശാന്തത്തിന്റെ പേരിൽ കുററം ചുമത്തുന്നതിനുള്ള പുറപ്പാടാണിതെന്നവൾക്കു മനസ്സിലായി. ശാന്തത്തിനെ കാണുന്നില്ലെന്നു പറഞ്ഞപ്പോൾതന്നെ ഈ ദുഷ്ട അവളെ പടിയ്ക്കു വെളിയിലാക്കി വാതിലും ബന്ധിച്ചു പോയിക്കഴിഞ്ഞപ്പോൾ അവൾ എങ്ങിനെയോ അകത്തുകടന്നു് ഇവർ കാണാതെ അവിടെയെങ്ങാനും ഒളിച്ചിരിക്കുകയാണെന്നാണു് ഈശ്വരിയമ്മ വിചാരിച്ചതു്. ശാദോദരിയമ്മ തലേന്നാളവളോടു ചെയ്ത ദ്രോഹങ്ങളൊന്നുമാരുമറിഞ്ഞിട്ടില്ലെന്നാണവരുടെ വിചാരമെന്നും അതിനാലവർക്കെല്ലാം സമ്മാനം കൊടുത്തുവേണമയയ്ക്കുവാനെന്നും നിശ്ചയിച്ചുകൊണ്ടു് ഈശ്വരിയമ്മ ഇപ്രകാരം ചോദിച്ചു.

ഈശ്വ: ഇന്നലെ രാത്രി നിങ്ങളവളെ പടിയ്ക്കു പുറത്താക്കി വാതിൽ ബന്ധിച്ചുപോയതിൽപിന്നെയെപ്പോഴാണു് വിളിച്ചുകൊണ്ടുപോയതു് ?

ശാദോ: (ഒന്നുമറിയാത്തഭാവത്തിൽ) ആരു് ആരെ പുറത്താക്കി ?

ഈശ്വ: നിങ്ങൾ ശാന്തത്തിനെ പുറത്താക്കിയില്ലെ ?

ശാദോ: നിങ്ങളോടിതാരു പറഞ്ഞു ?

ഈശ്വ: എന്നോടാരും പറഞ്ഞതല്ല ഞാൻ കണ്ടതാണു്.

ശാദോ: ഉണ്ടാകാത്തസംഭവം നിങ്ങൾ കാണുന്നതെങ്ങിനെയാണു് ? നിങ്ങളുമവളുംകൂടി ഒത്തുകൊണ്ടു് ഈ വക പൊളികൾ പറഞ്ഞുണ്ടാക്കിയാൽ

നിങ്ങൾതന്നെ ഇതിനു സമാധാനം പറയേണ്ടി വരും.

ഈശ്വരാ: ദുഷ്ടേ! എന്തുപറഞ്ഞു? ഞാനുമവളുംകൂടി ഒത്തുകൊണ്ടുപറഞ്ഞുണ്ടാക്കുന്ന പൊളികളോ? മര്യാദയ്ക്കിവിടെനിന്നിറങ്ങി പോയിട്ടില്ലെങ്കിൽ ഇന്നലെ നിങ്ങളവൾക്കു കൊടുത്തതെല്ലാം ഇന്നൊന്നോടു പലിശസഹിതം വാങ്ങിയ്ക്കും. ഇവിടെനിന്നുകൊണ്ടു് അനാവശ്യംപറയുന്നോ? സമാധാനം പറയേണ്ടതാരാണെന്നു ഞാൻ കാണിച്ചുതരും.

“അതു ഞാൻതന്നെ കാണിച്ചുതരാമെന്നുപറഞ്ഞുകൊണ്ടു് കിട്ടിയ സമ്മാനവുമായി ശാന്തോദരിയമ്മ മടങ്ങിപ്പോയി. അവരന്നു് സ്കൂളിലേക്കുള്ള യാത്ര വേണ്ടെന്നുവച്ചു. ശാന്തകുമാരിയെ കാണായ്കയാലും താനവളോടു പ്രവൎത്തിച്ചതായ നീചകൃത്യങ്ങൾ എല്ലാപേരുമറിഞ്ഞുപോയതിനാലുമുള്ള ഭയവും പരിഭ്രമവും അവൾക്കു് ഇത്രയെന്നു പരിച്ഛേദിയ്ക്കുവാൻ വയ്യാതായി. ശാന്തത്തിന്റെ പ്രയാണത്തെപ്പററി ആരോടാണന്വേഷിയ്ക്കേണ്ടതെന്നവൾക്കു നിശ്ചയമില്ലാതായി. ആദ്യമായിട്ടന്വേഷിച്ചയാളിൽനിന്നു കിട്ടിയ സമ്മാനം മറെറാരാളോടന്വേഷിയ്ക്കുന്നതിനവരെ ഭയാകുലയാക്കിത്തീൎത്തു. ഇങ്ങിനെ ബഹുമുഖങ്ങളായ വിഷമങ്ങളോടുകൂടി അവർ അന്നത്തെദിവസം കഴിച്ചുകൂട്ടി. പിറേറന്നാൾ നേരത്തെ സ്കൂളിലേക്കുതിരിച്ചു അവിടെച്ചെന്നപ്പോഴതിലും വലിയ വിഷമമായി. സ്കൂൾ പരിശോധനയ്ക്കു് തലേനാളിൻസ്പെക്ടർ വന്നിരുന്നു

വിവരം സ്കൂളിൽ ചെന്നപ്പോഴാണറിഞ്ഞതു്. ഇൻസ്പെക്ടർ വന്നപ്പോൾ ഒന്നാമസിസ്റ്റൻറ് മിസ്ട്രസ്സ് ഹാജരില്ലെന്നുമാത്രമല്ല അവർ അവധിയ്ക്കപേക്ഷിക്കുക കൂടി ചെയ്യാതെയാണു് മേൽപ്രകാരം പ്രവൃത്തിച്ചിരിയ്ക്കുന്നതെന്നറിഞ്ഞു് അവരെ സംബന്ധിച്ചു് അദ്ദേഹം വളരെ ഗൌരവത്തിലാണു പോയിരിയ്ക്കുന്നതെന്നറിഞ്ഞപ്പോൾ ഇനിയുണ്ടാകുവാൻ പോകുന്നതെന്തൊക്കെയായിരിയ്ക്കാമെന്നാലോചിച്ചിട്ടു് അവരുടെ മനസ്സിനു് യാതൊരു സ്വസ്ഥതയുമില്ലാതായി. ഇങ്ങിനെ ഒരു മൂന്നു ദിവസം കൂടി കഴിഞ്ഞു. നാലാം ദിവസം അതായതു് ശാന്തകുമാരിയെ കാണാതായതിൻെറ ആറാം ദിവസം ശാതോദരിയമ്മ സ്കൂളിൽ ചെന്നപ്പോൾ അവരുടെ പേരിൽ പലപരാതികളും ഡയറക്ടർ ആഫീസിൽ ചെന്നിരിയ്ക്കുന്നതിനാലും അന്വേഷണത്തിൽ അതെല്ലാം ശരിയാണെന്നു ബോദ്ധ്യപ്പെട്ടിരിയ്ക്കയാലും ഇനിയൊരു കല്പനയുണ്ടാകുന്നതുവരെ അവരെ ഉദ്യോഗത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നുവെന്നുള്ള കല്പനയും കയ്യിൽ വാങ്ങിച്ചുകൊണ്ടു മടങ്ങിപ്പോന്നു. ശാതോദരിയമ്മയ്ക്കു വല്ല ചിത്തഭ്രമവും പിടിപെട്ടേക്കുമോ എന്നു സംശയമായി. ഇനി രാഘവൻകുട്ടി വരുമ്പോഴെന്തൊക്കെയായിരിക്കും ബഹളങ്ങൾ ? അവർ ഇതികർത്തവ്യതാമൂഢയായിത്തീർന്നു. അങ്ങിനെ അന്നത്തെ ദിവസവും കഴിഞ്ഞു. പിറേറന്നാൾ ഒരു മൂന്നുമണി സമയത്തു് ഈശ്വരിയമ്മ പുഴയിൽനിന്നു് കുളിയും കഴിഞ്ഞു മടങ്ങിവരുമ്പോൾ നമ്മുടെ രാഘവൻകുട്ടി നടന്നു ക്ഷീണിച്ചു് വാടിവിയർത്തു വരുന്നതുകണ്ടു. അയാൾ സാധാരണയായി എവിടെയെങ്കിലും പോകുന്ന

മെങ്കിൽ സൈക്കിളിലല്ലാതെ നടന്നുപോകുക എന്ന പതിവുണ്ടായിരുന്നില്ല. എന്നാലകലേക്കുള്ള യാത്രകളിൽ സൈക്കിൾ കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ റയിലാഫീസിൽനിന്നോ ബസ്സ്റ്റാൻറിൽനിന്നോ ഗൃഹത്തിലെത്തുന്നതുവരെ നടക്കുകയല്ലാതെ യാതൊരു ഗത്യന്തരവുമുണ്ടായിരുന്നില്ല. രാഘവൻകുട്ടിയ്ക്ക് അധികദൂരം നടക്കുകയെന്നുള്ളതു് വലിയ സങ്കടമായിരുന്നു. ഇങ്ങിനെ വിഷമിച്ചു വരുന്ന രാഘവൻകുട്ടിയെ കണ്ടപ്പോൾ ഈ മനുഷ്യനെയിപ്പോഴയാളുടെ ഗൃഹത്തിലേക്കുവിടുന്നതു ശരിയല്ലെന്നുകരുതി ഈശ്വരിയമ്മ ഇപ്രകാരം ചോദിച്ചു.

ഈശ്വ: ഇപ്പോൾവരുന്നവഴിയായിരിയ്ക്കാം. അല്ലെ ?

അവർതമ്മിൽ പരസ്പരം പരിചയമുണ്ടെങ്കിലും ഇതിനുമുൻപ് സംസാരിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ ആദ്യമായി ഈശ്വരിയമ്മ ചെയ്തതായ ഈ കുശലപ്രശ്നം സഹൃദയനായ രാഘവൻകുട്ടിയെ സന്തുഷ്ടചിത്തനാക്കിത്തീർക്കുകയാണുചെയ്തതു്. അയാൾ മന്ദഹാസപൂർവം മറുപടി പറഞ്ഞു.

രാഘ: അതെ. ഞാനിപ്പോൾ വരുന്നവഴിയാണു്.

ഈശ്വ: എന്നാലെനിയ്ക്കൊരു ചെറിയ അപേക്ഷയുണ്ടു്. അതൊന്നു സാധിച്ചുതരുമൊ ?

രാഘ: എന്നെക്കൊണ്ടുകഴിയുന്നതാണെങ്കിൽ യാതൊരു വിഷമവുമില്ല. എന്താണുവേണ്ടതു് ?

ഈശ്വ: മറ്റൊന്നുമല്ല നിങ്ങളെന്റെ ഗൃഹത്തിൽ വരെ ഒന്നു വന്നിട്ടുപോകണം.

രാഘ: എന്താണവിടെ വിശേഷം ?

ഈശ്വ: അവിടെ വിശേഷങ്ങളുംമററുമൊന്നുമില്ല. ചില സംഗതികളെക്കുറിച്ച് എനിയ്ക്കു നിങ്ങളോട്ടു സ്വല്പം സംസാരിയ്ക്കുവാനുണ്ട്.

ഇതുകേട്ടപ്പോൾ രാഘവൻകുട്ടിയ്ക്ക് പല സംശയങ്ങളുംതോന്നി. എങ്കിലും അതൊന്നും പുറത്തു പ്രദർശിപ്പിക്കാതെ അയാളിങ്ങനെ ചോദിച്ചു.

രാഘ: അതിന് ഞാൻ സ്വല്പമാഹാരംകഴിച്ചിട്ടു വന്നാൽപോരെ ? എനിയ്ക്കു വല്ലാതെ വിശക്കുന്നുണ്ട്.

ഈശ്വ: അതു മനസ്സിലായതുകൊണ്ടാണ് ഇപ്പോൾ തന്നെവരേണമെന്നു ഞാൻ നിർബന്ധിയ്ക്കുന്നത്. ഞങ്ങളും ആഹാരംകഴിച്ചു ജീവിയ്ക്കുന്നവർതന്നെയാണ്.

"എന്നാലങ്ങിനെയാകട്ടെ" എന്നു പറഞ്ഞുകൊണ്ട് അയാളവരോടൊന്നിച്ചുതന്നെ ഈശ്വരിയമ്മയുടെ ഗൃഹത്തിലേക്കുതിരിച്ചുവെങ്കിലും ഈശ്വരിയമ്മ പറഞ്ഞതായ വാക്കുകളുടെ ആശയത്തെപ്പററിയാലോചിച്ചുകൊണ്ടാണയാൾ നടന്നത്. "എനിയ്ക്കു നല്ലതുപോലെ വിശക്കുന്നുണ്ടെന്നറിഞ്ഞതുകൊണ്ടാണ് ഇപ്പോൾതന്നെയങ്ങോട്ടു ചെല്ലുവാൻപറഞ്ഞത്" എന്നുള്ള അവരുടെ വാക്കിന്റെയർത്ഥമെന്തായിരിക്കും ? എന്റെ ഗൃഹത്തിൽ എനിയ്ക്കു വിശപ്പു മാററുവാനിപ്പോൾ നിർവാഹമില്ലെന്നോ ? എന്താണതിന്റെ കാരണം? ഏതായാലുമവിടെ ചെല്ലുമ്പോഴറിയമല്ലോ.

ഇങ്ങിനെ പലവിധ ചിന്തകളോടും ശങ്കകളോടും കൂടി രാഘവൻകുട്ടി ഈശ്വരിയമ്മയുടെ ഭവനത്തിൽ ചെന്നുകയറി. ഉടനേ രാഘവൻകുട്ടിയോട് അവിടെ കിടക്കുന്ന ചെയാറിലിരിയ്ക്കുവാൻ പറഞ്ഞിട്ട് ഈശ്വരിയമ്മ അകത്തുചെന്ന് ഒരു തട്ടംനിറയെ പലവിധ പലഹാരങ്ങളും ഒരു പാത്രത്തിൽ കുറെ കാച്ചിയ പാലും കൊണ്ടുവന്ന് അയാളുടെ മുമ്പിൽവച്ചു. അപ്പോൾ രാഘവൻകുട്ടി ചോദിച്ചു.

രാഘ: ഇതെല്ലാംമെനിയ്ക്കുവേണ്ടി കാലേക്കൂട്ടി തയാർ ചെയ്തിരുന്നുവോ ?

ഈശ്വ: ഇതൊന്നും നിങ്ങൾക്കുവേണ്ടി പ്രത്യേകം തയാർ ചെയ്തതല്ലെങ്കിലും നിങ്ങളെ വരുന്നവഴി തന്നെ ഒന്നു കാണണമെന്ന് ഞാനാശിച്ചിരുന്നു.

രാഘ: അതെന്തിനാണ് ?

ഈശ്വ: നിങ്ങൾ ആഹാരംകഴിയ്ക്കൂ; എന്നിട്ടുപറയാം കാര്യങ്ങൾ.

ഉടനെ രാഘവൻകുട്ടി പാലും പലഹാരങ്ങളും കഴിച്ചു തൃപ്തനായി ഈസിചെയാറിൽ മലൎന്നുകിടന്നുകൊണ്ടുപറഞ്ഞു. "എന്നാലിനിപ്പറയൂ. കാര്യമെന്താണെന്ന്".

ഈശ്വ: ഞാൻ പറവാൻ ഭാവിയ്ക്കുന്നകാര്യങ്ങൾ ഒരുപക്ഷേ നിങ്ങൾ നീരസത്തെ ഉളവാക്കിയേക്കാമെങ്കിലും നിങ്ങളെ ഹൃദയപൂർവം സ്നേഹിക്കുകയും ബഹുമാനിയ്ക്കുകയുംചെയ്യുന്ന ഒരു സഹോദരിയാണ് ഞാനെന്നുകരുതി നിങ്ങൾ ഞാൻ പറയുന്നകാര്യങ്ങൾ അവസാനംവരെ കേൾക്കണം.

രാഘ: നിങ്ങളുടെ മുഖവുരതന്നെ എന്നെ അതിയായ ഭയസംഭ്രമങ്ങൾക്കു് അധീനനാക്കിത്തീൎക്കുന്നു. ദയവുചെയ്തു് കാൎയ്യമെന്തെന്നു തുറന്നുപറയൂ.

ഈ സമയത്തു് ശാന്തോദരിയമ്മ ശാന്തകുമാരിയെ പടിക്കു പുറത്താക്കിയസമയത്തു് ഈശ്വരിയമ്മയുടെ ഗൃഹത്തിൽ രാഘവൻകുട്ടിയുടെ ഭവനമന്വേഷിച്ചുവന്നിരുന്ന യുവാവു് അവിടെ കടന്നുവന്നു. ഈശ്വരിയമ്മ അയാളെനോക്കി ചിരിച്ചുകൊണ്ടുപറഞ്ഞു. "കൊള്ളാം. ഉചിതസമയത്തുതന്നെ നമ്മുടെ സാക്ഷി വന്നുചേൎന്നു.

യുവാ: അതെന്താണു്?

ഈശ്വ: കുറച്ചുദിവസങ്ങൾക്കുമുൻപു് ഒരു ദിവസം രാത്രി നിങ്ങൾ രാഘവൻകുട്ടിനായരുടെ ഭവനമന്വേഷിച്ചിവിടെ വന്നിരുന്നില്ലേ?

യുവാ: വന്നിരുന്നു. കമ്പനിയിൽനിന്നും ആ മനുഷ്യനു കൊടുക്കുവാനായി ഒരു കത്തു് എന്റെ പക്കൽ തന്നയച്ചിരുന്നു. അതു കൊടുക്കുവാനാണു് ഞാനന്നിവിടെ വന്നിരുന്നതു്. അപ്പോഴല്ലെ അവിടെ വലിയ ലഹളകളൊക്കെ കേട്ടതു്? ആ മനുഷ്യനവിടെയില്ലെന്നറിഞ്ഞയുടനെ ഞാൻ മടങ്ങിപ്പോകയുംചെയ്തു. അന്നത്തെകാൎയ്യങ്ങൾ പിന്നെയെങ്ങിനെയായി?

ഈശ്വ.: ആയകാൎയ്യമൊക്കെപറയാം. നിങ്ങളന്വേഷിച്ചുവന്നതായ ആ രാഘവൻകുട്ടിനായരാണി

യിരിക്കുന്നതു്. അദ്ദേഹം അന്നുപോയിട്ടിന്നു മടങ്ങി
വരുന്നവഴിയാണു്: വഴിയ്ക്കുവച്ചുകണ്ടപ്പോൾ ഞാനി
ങ്ങോട്ടു കൂട്ടിക്കൊണ്ടുപോന്നതാണു്.

രാഘ: എന്താണു് ലഹളയുടെ കാൎയ്യം പറഞ്ഞതു്? എ
വിടെയാണു് ലഹളയുണ്ടായതു്?

ഈ: ലഹളയുണ്ടായതു നിങ്ങളുടെ ഗൃഹത്തിൽതന്നെ
യാണു്.

രാഘ: എന്റെ ഗൃഹത്തിലൊ? ആരു ലഹളകൂട്ടി? എ
ന്തിനുവേണ്ടി ലഹളകൂട്ടി?

ഈ: ഞാൻ ചുരുക്കിപ്പറഞ്ഞേയ്ക്കാം. നിങ്ങൾ പോയ
ദിവസം നിങ്ങളുടെ ഭാൎയ്യ ശാന്തകുമാരിയ്ക്കു ചോ
റുകൊടുത്തില്ല. വിശപ്പു സഹിക്കുവാൻ വയ്യാതാ
യപ്പോൾ നിങ്ങളുടെ ഭാൎയ്യയോടു കുറച്ചു ചോറു
കൊടുക്കുവാനാവശ്യപ്പെട്ടു. അവരതിനു അവളെ
കുറെയധികം ശകാരിച്ചുശേഷം രണ്ടുനാലു പ്രഹ
രങ്ങളും കൊടുത്തു പിടലിയ്ക്കു പിടിച്ചുതള്ളി പ
ടിയ്ക്കു പുറത്താക്കിയിട്ടു് പടിപ്പുരയടച്ചു സാക്ഷ
യുമിട്ടു് അവരുടെ മുറിയിൽ കയറി കതകുമടച്ചു
കിടന്നു. രാത്രി ഏകദേശം പതിനൊന്നുമണി സ
മയത്തു ഭയങ്കരമായ ക്രൂരിരുട്ടത്താണു് അവരീകടും
കൈ ചെയ്തതു്. ആ സമയത്താണു് ഈ യുവാവു
നിങ്ങളെയന്വേഷിച്ചുവിടെ വന്നിരുന്നതു്. ആ
കൊച്ചുകുട്ടിയെ ധീരന്മാരായ പുരുഷന്മാർ പോ
ലുംഭയപ്പെടുന്ന ഇരുട്ടത്തു്, രാത്രി പതിനൊന്നു മ
ണി സമയത്തു് പടിയ്ക്കുപുറത്താക്കി കതകുമടച്ചി
ട്ടുപോയ സ്ത്രീ പിറേറന്നാൾ രാവിലെയാണു്

ആ കുട്ടിയെ പിന്നെയന്വേഷിക്കുന്നതു്. അപ്പോഴെന്നല്ല അതിൽ പിന്നെയിതുവരെ ശാന്തത്തിന്റെ യാതൊരു വിവരവുമില്ല.

രാ: (പരിഭ്രമത്തോടെ) എന്തു? ശാന്തത്തിനെ കാണ്മാനില്ലേ?

ഈ: ശാന്തമെവിടെപ്പോയെന്നോ എന്തുചെയ്തുവെന്നോ ഇതുവരെ യാതൊരറിവുമില്ല.

രാ: (മാറത്തു കൈവച്ചുകൊണ്ടു്) അയ്യോ! സഹോദരീ! എന്താണു് ഞാനീകേൾക്കുന്നതു്?

ഈ: എന്താണു കേൾക്കുന്നതെന്നോ? അവൾ വല്ല ആത്മഹത്യയോമററൊ ചെയ്തിരിക്കുമെന്നാണെനിക്കു തോന്നുന്നതു്. അവൾ അങ്ങനെ ചെയ്തിരുന്നാൽ തന്നെ അതിലശേഷം അതിശയിപ്പാനുമില്ല. നിങ്ങളുടെ ഭാര്യയോടൊരുമിച്ചു ജീവിക്കുന്നതിൽഭേദം ആത്മഹത്യചെയ്യുന്നതു തന്നെയാണു്.

രാ: അയ്യോ! അവളത്ര ദുസ്വഭാവിയാണെന്നോ?

ഈ: സഹോദരാ! ഞാൻ പറയുന്നതിൽ നിങ്ങൾ മുഷിയരുതു്. ലോകത്തിലിന്നു കാണുന്ന ദുഃശീലങ്ങളെല്ലാം നിങ്ങളുടെ ഭാര്യ വിതരണം ചെയ്തിരിക്കുന്നതാണെന്നു പറഞ്ഞാലതിൽ ലേശം അതിശയോക്തി ഉണ്ടെന്നുതോന്നുന്നില്ല. സുശീലത്വങ്ങൾക്കിരിപ്പിടമായ ആ പെൺകുട്ടി നിമിഷംപ്രതി നിങ്ങളുടെ ഭാര്യയിൽ നിന്നനുഭവിച്ചിരുന്ന ദുരിതങ്ങളോർത്താൽ മററാരായിരുന്നാലും ഇതിനെത്രയോ മുൻപുതന്നെ ജീവനുപേക്ഷിക്കുമാ

യിരുന്നു. ഈ ഇളംപ്രായത്തിൽതന്നെ ഇത്രയും ക്ഷമ അവൾക്കുണ്ടായതിലതിശയിയ്ക്കാതിരിപ്പാൻ നിവൃത്തിയില്ല. ആ ഭവനത്തിലെ സകലജോലികളും അവൾ തനിയെ ചെയ്തുകൊള്ളണം. ആഹാരസാധനങ്ങൾ അവരുടെ ഹിതപ്രകാരംപാകപ്പെടുത്തി സമയവും കാത്തുനിന്നു കൊള്ളണം. അവരുടെ വസ്ത്രങ്ങൾ അവൾ അടിച്ചു നനച്ചു കൊടുക്കണം. അവൎക്കു കുടിക്കുന്നതിന്നു നിത്യവും ആററിൽനിന്നു വെള്ളം ചുമക്കണം. ദൈവമേ! വെള്ളവും ചുമന്നു് കണ്ണുനീരും വാൎത്തുകൊണ്ടുള്ള വരവുകണ്ടു കരയാത്തവരീനാട്ടിലാരുമില്ല.

ഇത്രയും കേട്ടപ്പോഴേയ്ക്കു് രാഘവൻകുട്ടിയുടെ ഉത്തമാംഗം പുകഞ്ഞുതുടങ്ങി. നോക്കുന്ന ദിക്കെല്ലാം മഞ്ഞനിറമായി അയാൾക്കുതോന്നി. ദേഹമെല്ലാം വിയൎത്തുകുഴഞ്ഞു് ആ കസേരയിൽതന്നെ ബോധരഹിതനായി അയാൾ കിടന്നു. അസ്പഷ്ടമായി ഇങ്ങിനെ പിറുപിറുക്കുന്നതു അവർ കേട്ടു "അയ്യോ ശാന്തേ! എന്റെ തങ്കം!" ഇതുകേട്ടു് ഈശ്വരിയമ്മയും യുവാവും നോക്കുമ്പോൾ രാഘവൻകുട്ടി പ്രജ്ഞയററു കിടക്കുകയാണെന്നു മനസ്സിലാകുകയാൽ ഈശ്വരിയമ്മ കുറച്ചു തണുത്തവെള്ളം കൊണ്ടുവന്നു അയാളുടെ മുഖത്തു തളിച്ചിട്ടു വിശറിയെടുത്തു വീശിത്തുടങ്ങി. അല്പംകഴിഞ്ഞപ്പോൾ രാഘവൻകുട്ടി കണ്ണുതുറന്നു. അപ്പോൾ ഈശ്വരിയമ്മ ചോദിച്ചു.

ഈ: വെള്ളം കുടിക്കണമെന്നുണ്ടോ?

രാ: ഇല്ല. ഞാൻ പോകട്ടെ.

ഈ: വരട്ടെ. നിങ്ങളുടെ മനസ്സിന്ന കുറച്ചുകൂടി സ്വ സ്ഥതലഭിച്ചിട്ടുപോയാൽമതി.

രാ: എന്റെ മനസ്സിന്ന ശാന്തത ലഭിയ്ക്കണമെങ്കിൽ എന്റെ ശകുന്തളത്തിനെ കാണണം. ഇതെല്ലാം ശ രിയാണെങ്കിൽ ആ പാപിഷ്ടയ്ക്കു തക്കതായ ശി ക്ഷയും കൊടുക്കണം.

ഈ: അവൾക്കുള്ള ശിക്ഷകൾ ഈശ്വരൻതന്നെ ഓരോ ന്നായികൊടുത്തു തുടങ്ങിയിട്ടുണ്ട്

ഇവരുടെ സംസാരങ്ങളെല്ലാം കേട്ടുകൊണ്ട് അ തുവരെ മിണ്ടാതെ നിന്നിരുന്ന യുവാവ് ഈ വാക്കുകൾ കേട്ടപ്പോൾ ഈശ്വരിയമ്മയോടു ചോദിച്ചു

യുവാ: അവക്കെന്തുപററി?

ഈ: അവരെ ഉദ്യോഗത്തിൽനിന്നും ഒഴിവാക്കിയത്രെ.

യുവ: എന്താണുകാരണം?

ഈ: കാരണം ഈശ്വരശിക്ഷതന്നെ അല്ലാതെന്താണു. പലതുമാലോചിച്ചുകൊണ്ട് അധോമുഖനായി സ്ഥിതിചെയ്തിരുന്ന രാഘവൻകുട്ടി പെട്ടെന്നു തലയുയ ർത്തിയിട്ടു ചോദിച്ചു.

രാ: എന്റെ കുഞ്ഞിനെ കാണാതെ പോയിട്ടിപ്പോഴെ ത്ര ദിവസമായി

ഈ: നിങ്ങൾ പോയദിവസം രാത്രിയിലാണിസംഭവ മുണ്ടായത്

രാ: എന്നിട്ട് ഇതുവരെ അവൾ എവിടെപ്പോയെന്നു യാതൊരറിവുമില്ലെ?

ഈ: ആരന്വേഷിച്ചു? പിറേറന്നാൾ രാവിലെ ഒരു എ ട്ടു മണി സമയത്തു് നിങ്ങളുടെ ഭാര്യ ഇവിടെ വ

ന്നു് ശാന്തകുമാരി ഇവിടെ വന്നിട്ടുണ്ടോ എന്നു ചോദിച്ചു. ഇവിടെ വന്നില്ലെന്നും അവളിവിടെ വരാറില്ലെന്നും ഞാൻ മറുപടി പറഞ്ഞു.

അപ്പോൾ തലേന്നാൾ രാത്രി അവരും ശാന്തവുമൊരുമിച്ചാണവിടെകിടന്നിരുന്നതെന്നും നേരം വെളുത്തപ്പോഴവളെ കാണുന്നില്ലെന്നുമവർ പറഞ്ഞു. നിങ്ങളുടെ മുറിയിൽ കിടന്നിരുന്ന കുട്ടി നിങ്ങളറിയാതെവിടേയ്ക്കുപോയെന്നു ഞാൻ ചോദിച്ചപ്പോൾ അവരാകുട്ടിയെക്കൊണ്ടു് അപവാദം പറവാനാണു് തുടങ്ങിയതു്. എനിക്കതു കേട്ടപ്പോൾ സാമാന്യമായ കോപമാണുണ്ടായതു്. ഞാൻ ചോദിച്ചു. നിങ്ങൾ അവളെ പിടലിക്കപിടിച്ചു തള്ളി പുറത്താക്കിയിട്ടു് പിന്നെ വിളിച്ചുകൊണ്ടുപോയതെപ്പോഴാണു്? അപ്പോഴവർ പറയുന്നു. അതെല്ലാം ഞാനും ശാന്തയുംകൂടി യോജിച്ചു് അവരേക്കൊണ്ടുപറഞ്ഞുണ്ടാക്കിയിരിക്കുന്ന പൊളികളാണെന്നു്. എന്നെക്കൊണ്ടവർ സമാധാനം പറയിക്കുമത്രെ. ഇത്രയും കേട്ടയുടനെ "ഞാൻ പോകട്ടെ"യെന്നു പറഞ്ഞുകൊണ്ടു് രാഘവൻകുട്ടി എഴുന്നേററുനടന്നു തുടങ്ങി. ഉടനെ ഈശ്വരിയമ്മ യുവാവിനോടുപറഞ്ഞു "ഇപ്പോഴിദ്ദേഹത്തെതന്നെ അയക്കുന്നതു ശരിയല്ല. അതിനാൽ നിങ്ങൾക്കൂടി അദ്ദേഹത്തോടൊരുമിച്ചു പോകുക" ഇതു കേട്ടപ്പോൾ യുവാവും രാഘവൻകുട്ടിയോടൊരുമിച്ചു പോയി അവർ രണ്ടാളുംകൂടി രാഘവൻകുട്ടിയുടെ ഭവനത്തിലെത്തിയപ്പോൾ ശാന്തോദരിയമ്മ ഗൃഹത്തിന്റെ മുൻവശത്തെ വരാന്തയിൽതന്നെ നിന്നിരുന്നു. രാഘവൻകുട്ടി ചെന്നയുടനെ ചോദിച്ചു.

രാ: ശാന്തോദരി! ശാന്തമെവിടെ?

ഈ ചോദ്യം കേട്ടപ്പോഴവരൊന്നു ഞെട്ടി. എങ്കിലും അവരൊന്നും മിണ്ടിയില്ല. അയാൾ വീണ്ടും ചോദിച്ചു.

രാ: ശാതോദരി! ശാന്തമെവിടെ?

ശാ: ശാന്തത്തിന്നെ കാണ്മാനില്ല.

രാ: ശാന്തത്തിന്നെ കാണ്മാനില്ലെ? അവളെവിടെപ്പോയി?

ശാ: എനിയ്ക്കറിഞ്ഞുകൂടാ.

രാ: അവളെ കാണാതായതു് എന്നാണു്? അങ്ങിനെ കാണാതാകുവാനെന്താണു് കാരണം?

അവരൊന്നും മിണ്ടാതെ കണ്ണുനീർ വാൎക്കുവാൻ തുടങ്ങി. രാഘവൻകുട്ടി ദൃഢസ്വരത്തിൽ പറഞ്ഞു.

ദുഷ്ടേ! നിന്റെ ഈ പിത്തലാട്ടങ്ങൾ ഇനിയുമെന്റെയടുക്കൽ ചിലവാകുമെന്നാണൊ നിന്റെ വിചാരം. മൎയ്യാദയ്ക്കു് നീയെന്റെ കുട്ടിയെ എന്തുചെയ്തുവെന്നു പറഞ്ഞാൽ നിനക്കു രക്ഷയുണ്ടു്. ഇല്ലെങ്കിൽ പറയിയ്ക്കുവാനെനിയ്ക്കറിയാം?

ശാ: നിങ്ങളെയാരൊ ഏഷണി കയററി വിട്ടിരിക്കയാണു്.

രാഘവൻകുട്ടിയുടെ ദേഹമെല്ലാം ആലില പോലെ വിറച്ചു തുടങ്ങി, അയാളുടെ മുഖവും നേത്രങ്ങളും രക്തംപോലെ ചുവന്നു. അയാൾ അവരുടെ കൈയ്ക്കു കടന്നുപിടിച്ചിട്ടു് ഉച്ചസ്വരത്തിൽ ചോദിച്ചു.

രാ: നീയവളെ എന്തുചെയ്തുവെന്നു് സത്യം പറയുമൊ ഇല്ലയൊ? ദുഷ്ടയാണെങ്കിലും ശുദ്ധാഹൃദയനും സത്യതൽപരനുമായ രാഘവൻകുട്ടിയുടെ മുഖത്തുനോക്കി

അസത്യം പറയുവാൻ ശാന്തോദരിഅമ്മയ്ക്കു ആ സമ
ത്തു സാധിച്ചില്ല. അവർ പറഞ്ഞു.

ശാ: അവളെന്നെ അനവധിചീത്തവാക്കുകൾ പറഞ്ഞു
എനിക്കു ദേഷ്യംവന്നപ്പോൾ ഞാനവളെ പിടി
ച്ചൊന്നുതള്ളി. അവളിവിടെ നിന്നുമിറങ്ങിപ്പോ
കുകയുംചെയ്തു.

രാഘവൻകുട്ടി കോപത്താൽ അന്ധനായിപ്പോ
യി. അയാൾ ചോദിച്ചു. "ഇങ്ങിനെയെല്ലാമാണൊ ഉ
ണ്ടായതു്? നീ എന്റെ കുഞ്ഞിനെ അർദ്ധരാത്രി സമ
യത്തു് പിടലിക്കുപിടിച്ചു പുറത്തുതള്ളി കതകടച്ചു സാ
ക്ഷയിട്ടുകയല്ലെ ഉണ്ടായതു്" ഈ ചോദ്യംകേട്ടപ്പോൾ
സത്യമെല്ലാം അയാൾ അറിഞ്ഞുകഴിഞ്ഞുവെന്നും, ഇ
തെല്ലാം അയാളെ ധരിപ്പിച്ചതു് ഈശ്വരിയമ്മയായി
രിക്കാമെന്നുമവർ നിശ്ചയിച്ചു. അപ്പോഴവർക്കു കോപ
മാണുയർന്നുവന്നതു്. അവർ കുറച്ചു ചൊടിയോടും ഉയ
ന്ന സ്വരത്തിലും പറഞ്ഞു.

ശാ: ഞാനങ്ങിനെ ചെയ്തുവെങ്കിൽ അതിനു തക്കതായ
ധിക്കാരമെന്നോടു് കാണിച്ചിട്ടാണു്. ഞാനവളു
ടെ ഭൃത്യയാണൊ? ഇതുപറഞ്ഞു കഴിഞ്ഞതും അ
വരുടെ കവിൾത്തടവും രാഘവൻകുട്ടിയുടെ കരതല
മായി ഒരു കൂട്ടിക്കാഴ്ച നടന്നതുമൊന്നിച്ചുകഴിഞ്ഞു. സ
മാധാനത്തിനായി പുറകെ പോന്നിരുന്ന യുവാവ് ഇ
കണ്ടു രസിച്ചുകൊണ്ടു നിന്നതല്ലാതെ നിന്നിടത്തു നി
ന്നും അനങ്ങിയതേയില്ല. അടികൊണ്ടപ്പോൾ ശാന്തോ
ദരിയമ്മയ്ക്കു ധൈര്യം കുറച്ചുകൂടികൂടി. അവർ പറഞ്ഞു
"നിങ്ങൾക്കു എന്നെ തല്ലേണ്ട ആവശ്യമില്ല. എനിക്കു
നിങ്ങളുടെ ചിലവൊന്നുമില്ല. ഇതു പറഞ്ഞു കഴിഞ്ഞ

പ്പോൾ രണ്ടാമത്തും ശാന്തോദരിയമ്മയുടെ കവിൾത്തടത്തിന്നു രാഘവൻകുട്ടിയുടെ കൈമുദ്ര അലങ്കാരമായിഭവിച്ചു. അനന്തരം അയാൾ ചോദിച്ചു.

രാ: നിനക്കു പിന്നെയാരുടെ ചിലവാണ്?

ശാ: എനിക്കു ചിലവിന്നുള്ള വകയ്ക്കു ഞാൻ ജോലി ചെയ്യുന്നുണ്ട്:

രാ: നീ എവിടെ നിന്നുകൊണ്ടാണ് സംസാരിക്കുന്നതു്. ഇങ്ങിനെ ചോദിച്ചുകൊണ്ടു മൂന്നാമത്തും അവരെ പ്രഹരിക്കുവാനായി അയാൾ കയ്യോങ്ങി. ഉടനെ യുവാവു് തടുത്തുകൊണ്ടുപറഞ്ഞു. കഷ്ടം! കഷ്ടം! സ്ത്രീകളെ തല്ലുന്നതു ലജ്ജാവഹമല്ലെ? ഉടനെ ശാന്തോദരിയമ്മ ചോദിച്ചു.

ശാ: യാതൊരധികാരവുമില്ലാതെയാണൊ ഞാനിവിടെ നില്ക്കുന്നതു്.

രാ: നായേ! എന്റെ കുഞ്ഞിനെ കഴുത്തിൽ പിടിച്ചു തള്ളി പുറത്താക്കിയിട്ടു് നിനക്കിവിടെ നില്ക്കുവാനെന്താണധികാരം? കടക്കു് പുറത്തു്. എന്റെ കുഞ്ഞിനെ വേഗത്തിലന്വേഷിച്ചു കൊണ്ടുവന്നില്ലെങ്കിൽ നിനക്കു് ഗവമ്മേൺറുകെട്ടിടത്തിലാണ് വാസമെന്നോർത്തുകൊള്ളുക എന്നുപറഞ്ഞു കൊണ്ടു് രാഘവൻകുട്ടി, ശാന്തോദരിയമ്മയെ കഴുത്തിൽ പിടിച്ചുതള്ളി പടിക്കു പുറത്തുകൊണ്ടാക്കി. അവരിതെല്ലാം നേരത്തേ തന്നെ കണക്കാക്കിയിരുന്നതാകയാൽ അവിടെയുണ്ടായിരുന്ന പണം പണ്ടങ്ങളുമെല്ലാം നേരത്തേതന്നെയെടുത്തു് അവരുടെവസ്ത്രത്തിന്നടിയിൽ സൂക്ഷിച്ചിരുന്നതുംകൊണ്ടു് ദേവനഗരിയിൽ താമസിച്ചിരുന്ന അവരുടെ ജ്യേഷ്ഠത്തിയുടെ സമീപത്തേയ്ക്കു അപ്പോൾതന്നെ വണ്ടികയറുകയുംചെയ്തു.

---

# അദ്ധ്യായം ൭.

നമ്മുടെ ശാന്തകുമാരി വെണ്മാടത്തിലെ റാണിയായി വാസം തുടങ്ങിയിട്ട് ആഴ്ച ഒന്നുകഴിഞ്ഞു. അവിടെ ഒരു റാണിയുടെ പദവിയും സുഖവുമവൾക്കു ലഭിച്ചിരുന്നുവെങ്കിലും അവിടെ ചെന്നിട്ട് ഇതുവരെ അവൾക്ക് ഗോപാലൻകുട്ടിയുടെ ദർശനം സിദ്ധിച്ചില്ല. "ചിലപ്പോൾ ഒരാഴ്ച വേണ്ടിവന്നേയ്ക്കും അതുകൊണ്ട് ശാന്തം ക്ലേശിക്കരുത്" എന്നുള്ള അയാളുടെ വാക്കിനെ ചിന്തിച്ച് ഇത്രനാളും അവൾ കഴിച്ചുകൂട്ടി. രാത്രി മണി പത്തടിച്ചാൽ അവളോടൊന്നിച്ചുപോന്ന യുവാവ് അവളുടെ സമീപത്തു ചെല്ലുകയും അവളുടെ ക്ഷേമാദികളെപ്പററി അന്വേഷിക്കുകയും ചെയ്യുക പതിവായിരുന്നു. അദ്ദേഹവും ഗോപാലൻകുട്ടിയെ സംബന്ധിച്ചുള്ള യാതൊരു വിവരവുമവളോടു പറയാറില്ല. ലജ്ജാവതിയായ ശാന്തകുമാരി അയാളോടൊന്നും ചോദിക്കയും പതിവില്ല. എന്നാൽ ഗോപാലൻകുട്ടി ദീർഘാവധിയായി നിശ്ചയിച്ചിരുന്ന ഒരാഴ്ചയും കഴിഞ്ഞപ്പോൾ അവളുടെ ക്ഷമയെല്ലാമസ്തമിച്ചു. അവളുടെ ഹൃദയഗതി ലജ്ജയെ ജയിച്ചു. പതിവനുസരിച്ച് ശാന്തത്തിന്റെ ക്ഷേമാവസ്ഥകളന്വേഷിക്കുന്നതിനായി ചെന്ന യുവാവിനോട് ശാന്തകുമാരി ഒരുദിവസം ഇപ്രകാരം ചോദിച്ചു.

ശാ: നിങ്ങളുടെ സ്നേഹിതനെന്താണ് ഇത്രദിവസമായിട്ടും വരാത്തത്?

യു: ആരു്? ഗോപാലൻകുട്ടിയൊ?

ശാ: അതേ.

യു: ഗോപാലൻകുട്ടിയുടെ രവിപുരത്തെ ജോലി അവസാനിക്കണമെങ്കിൽ ഒരാഴ്ചകൂടികഴിയണമത്രെ.

ശാ: അവിടെയെന്താണിത്ര വലിയ ജോലി?

യു: അല്ലാ! ഭവതി അക്കാൎയ്യമറിഞ്ഞിട്ടില്ലേ?

ശാ: ഇല്ല.

യു: ഗോപാലൻകുട്ടി സ്പെഷ്യൽ പോലീസു ഡിപ്പാൎട്ടുമെൻറിൽ ജോലിയുള്ള ആളാണു്. അയാളെ രവിപുരം ഇൻസ്പെക്ടരായി മാററിയിട്ടു മൂന്നുമാസമായി അക്കാലത്താണു് ഭവതിയെ സംബന്ധിച്ചുള്ള ഈയിടപാടെല്ലാം ചെയ്തതു്. ഈയൊരുസംഗതിനിമിത്തം ഗോപാലൻകുട്ടിയ്ക്കു വലുതായ സമ്മാനങ്ങളും ഉദ്യോഗക്കയററവും കിട്ടും.

ശാ: അതെന്താണു്?

യു: രാജ്യത്തിൽ നടക്കുന്ന അഴിമതികളെ ഗൂഢമായി അന്വേഷിച്ചറിഞ്ഞു് അതിനുവേണ്ടതായ പ്രതിവിധികൾ ചെയ്യുന്നതിനായി യുവരാജാവിനാൽ നിയുക്തമായ ഒരു വകുപ്പാണു് സ്പെഷ്യൽപോ പോലീസ്. ഇതിൽ ഒരു കാൺസ്റ്റബിൾ ആയിട്ടാണു് ഗോപാലൻകുട്ടി ആദ്യം ചേൎന്നതു്. അയാളുടെ സാമൎത്ഥ്യത്താൽ യുവരാജാവിൻെറ പ്രത്യേകപ്രീതിയ്ക്കും അഭിനന്ദനത്തിനും പാത്രമായിത്തീരുകയാൽ അയാൾ കയറിക്കയറി ഇൻസ്പെക്ടർവരെ ആയതാണു്. എന്നുതന്നെയല്ല അയാളുടെ ഈ വക പ്രവൎത്തികൾക്കു വേണ്ടതായ സഹായസഹകരണങ്ങളെല്ലാം ചെയ്തു കൊടുക്കുന്നതിനായി എന്നേയും ചുമതലപ്പെടുത്തിയിട്ടു

ണ്ടു്. ഇതിനുമുമ്പും ഇതുപോലെതന്നെ ചെയ്തു ഒന്നുരണ്ടു കാൎയ്യങ്ങളാണു് ഗോപാലൻകുട്ടിയെസംബന്ധിച്ച യുവരാജാവിനു ഇത്രയും മതിപ്പുണ്ടാക്കി തീൎത്തതു്. പക്ഷെ ഇതൊന്നും ആരോടും പറയാവുന്ന കാൎയ്യങ്ങളല്ല. വളരെ രഹസ്യമാണു്.

ശാ: അദ്ദേഹമിനിയെന്നുവരും?

യു: യുവരാജാവിൻെറ എഴുന്നള്ളത്തിനെത്താതിരിക്കയില്ല.

ശാ: യുവരാജാവെവിടെയാണു് പോയിരിക്കുന്നതു്?

യു: അദ്ദേഹം പാശ്ചാത്യപൎയ്യടനത്തിനു പോയിരിക്കയാണു്. അടുത്തുതന്നെ പള്ളികെട്ടും പട്ടാഭിഷേകവുമുണ്ടാകും. അതിനുമുമ്പായി അന്യരാജ്യങ്ങളിലെ ഭരണരീതികളെല്ലാം ഒന്നു മനസ്സിലാക്കണമെന്നുദ്ദേശിച്ചു് എഴുന്നെള്ളിയിരിക്കയാണു്.

ശാ: എന്നത്തേക്കു മടങ്ങിയെത്തും?

യു: ഒരാഴ്ചയ്ക്കകമുണ്ടാകും. കപ്പൽ കയറിയതായി അറിവു ലഭിച്ചിട്ടുണ്ടു്. എഴുന്നെള്ളിയാലുടനെ പള്ളികെട്ടുണ്ടാകും. അപ്പോൾ ഗോപാലൻകുട്ടിക്കും ധാരാളം സമ്മാനങ്ങൾ ലഭിക്കും.

ശാ: ഏതു രാജകുമാരിയെയാണു പള്ളികെട്ടു കഴിക്കുന്നതു്?

യു: ഏതുരാജകുമാരിയെയാണെന്നറിഞ്ഞുകൂടാ. ഇപ്പോൾ രാജ്യം വാഴുന്നതമ്പുരാനു് വാൎദ്ധക്യമായതിനാൽ മരുമകനെക്കൊണ്ടു വിവാഹം കഴിപ്പിച്ചു പട്ടാഭിഷേകവും നടത്തിക്കാണുവാൻ ധൃതിയായിട്ടാണു് അദ്ദേഹമിരിക്കുന്നതു്. അതിനാൽമടങ്ങി എഴുന്നള്ളിയാലുടനെ പള്ളികെട്ടു നടക്കമെന്നുള്ളതു തീൎച്ചയാണു്?

ശാ: ഈ സൌധം ആരുടെ വകയാണ്?

യു: ഈ സൌധം യുവരാജാവിന്റെ വകയാണ്. ഞങ്ങൾക്കു ഈവക ഉപയോഗങ്ങൾക്കായി വിട്ടു തന്നിരിയ്ക്കുകയാണ്.

ശാ: എന്നെ ഇവിടെയിങ്ങനെ താമസിപ്പിച്ചിരിക്കുന്നതു് എന്തിനാണ്?

യ: അതെല്ലാം ഗോപാലൻകുട്ടി വന്നാലെ അറിയാവൂ അയാളുടെ ആശയങ്ങൾ മററാക്കുമറിഞ്ഞുകൂടാ.

ഈ സംഭാഷണത്തിനുശേഷം ശാന്തകുമാരിയുടെ ഹൃദയം പലവിധ ചിന്തകൾക്കു് അധീനമായിത്തീൎന്നു. അവളാലോചിച്ചു. "കഷ്ടം, ഞാൻ മററുള്ളവരുടെ കളിപ്പാട്ടമായി തീരാനാണൊ സംഗതിയായതു്. ഇതിനുമുമ്പും ഇതുപോലെ പലസംഗതികളും ഗോപാലൻകുട്ടി പ്രവൎത്തിച്ചിട്ടുണ്ടെന്നാണല്ലൊ ആ യുവാവു് പറഞ്ഞതു്. അതുപോലെതന്നെ ആയിരിക്കുമൊ എന്റെ കാൎയ്യവും. എന്നെ വീണ്ടും രവിപുരത്തേയ്ക്കു് അയയ്ക്കുവാനായിരിക്കുമൊ ഇവർ നിശ്ചയിച്ചിരിക്കുന്നതു്? അങ്ങിനെയാണെങ്കിൽ ഏതു തരത്തിലുമെന്റെ ജീവനുപേക്ഷിയ്ക്കുകയല്ലാതെ ഈ രീതിയിൽ ഞാനിനിരവിപുരത്തേയ്ക്കു മടങ്ങുകയെന്നുള്ളതുണ്ടാകയില്ലാ, തീൎച്ചതന്നെ. അദ്ദേഹത്തിന്റെ ഓരോ വാക്കുകളും പ്രത്യേകം പ്രത്യേകമാലോചിച്ചാലും അങ്ങിനെ വിചാരിക്കുവാൻ വഴി കാണുന്നില്ല. അതെല്ലാം സ്വാൎത്ഥതൽപ്പരതയാലുള്ള നാട്യങ്ങളായിരുന്നിരിയ്ക്കുമൊ? എന്തെങ്കിലുമാകട്ടെ. ഏതായാലുമൊരുകാൎയ്യം ഞാൻ നിശ്ചയിച്ചിട്ടുണ്ടു്. അതിനെ ഇളക്കി മാററുവാൻ ഇവ

രെക്കൊണ്ടൊന്നും സാധിയ്ക്കുകയില്ല” ശാന്തകുമാരി ഇങ്ങനെയെല്ലാം ചിന്തിച്ചുകൊണ്ടു് അവിടെയങ്ങനെ ജീവിയ്ക്കട്ടെ. നമുയ്ക്കു ശാതോദരിയമ്മയുടെ സ്ഥിതി എന്തെന്നന്വേഷിക്കാം.

അവർ രവിപുരത്തുനിന്നും തിരിച്ചു് ദേവനഗരിയിൽ താമസിക്കുന്ന അവരുടെ ജേഷ്ഠത്തിയുടെ വസതിയിലെത്തിച്ചേൎന്നു. ശാതോദരിയമ്മയുടെ ചരിത്രങ്ങളെല്ലാം കേട്ടപ്പോൾ നാരായണിയമ്മ പറഞ്ഞു.

നാ: നിൻെറ പ്രവൎത്തി വളരെ സാഹസമായിപ്പോയി. ആ കുട്ടിയെ സ്വന്തപുത്രിയെപ്പോലെ പരിപാലിക്കേണ്ടവളല്ലേ നീ. എത്ര വലിയകട്ടംകയ്യാണു് അവളോടു പ്രവൎത്തിച്ചതു്?

ശാ: അവളെത്ര ധിക്കാരിയാണെന്നു ചേച്ചിക്കറിയാമോ?

നാ: അവളെത്ര ധിക്കാരിയെങ്കിലുമാകട്ടെ. അവളെന്തു ധിക്കാരം പ്രവൎത്തിച്ചാലും വേണ്ടിവന്നാൽ അവളുടെ സഹോദരനോടു പറഞ്ഞു ശിക്ഷിപ്പിക്കുകയല്ലാതെ നിനക്കീവിധം പ്രവൎത്തിക്കാമോ? എത്രയോ വിലയും നിലയുമുള്ള ഒരു ജീവിതമാണു് നിൻെറ വിചാരശൂന്യതയാൽ കൈവിട്ടു കളഞ്ഞതു്.

ശാ: എൻെറ വിലയ്ക്കുനിലയ്ക്കുമിപ്പോഴും ഒരു കുറവും വന്നിട്ടില്ല പിന്നെ എൻെറ ഉദ്യോഗത്തിൽനിന്നുമെന്നെ പിരിച്ചുവിട്ടതിലാണു് എനിക്കു തോൽവിപററിയതു്. അതു വീണ്ടും കിട്ടുന്നതിനു ചേച്ചി എന്നെ ഒന്നു സഹായിച്ചാൽമതി. അതായതു് ഇവിടെയുള്ള വലിയവലിയ ഉദ്യോഗ

സ്ഥന്മാരെയെല്ലാം ചേട്ടനു പരിചയമുണ്ടായിരിക്കുമല്ലോ?

നാ: എന്നാലാകുന്നതു ഞാൻ ശ്രമിയ്ക്കാം. ഇവിടെ കൊട്ടാരത്തിനടുത്തുതന്നെ ഒരു ജമിന്ദാർ കുടുംബസമേതം താമസിയ്ക്കുന്നുണ്ട്. അദ്ദേഹം നാടുവാഴിക്കു തുല്യനായ ഒരു പ്രഭുവും യുവരാജാവിന്റെ ഗുരുവുമാണ്. അദ്ദേഹത്തിന്റെ പുത്രൻ യുവരാജാവിന്റെ ഒരു സ്നേഹിതനാണ്. ജമിന്ദാരുടെ ഭാര്യ വളരെ ദാക്ഷിണ്യശീലയായ ഒരു സ്ത്രീരത്നമാണ്. ഞാനവരുടെ ഗൃഹത്തിൽ ചിലപ്പോഴെല്ലാം പോയിട്ടുണ്ട്. അന്നത്തെ അവരുടെ പെരുമാററംകൊണ്ട് അവർ മുഖാന്തിരം നമ്മുടെ കാര്യം സാധിയ്ക്കാമെന്നെനിയ്ക്കൊരാശ തോന്നുന്നുണ്ട്. അതായതു് അവരുടെ പുത്രനെക്കൊണ്ട് യുവരാജാവിനോടൊന്നു ശുപാർശചെയ്യിച്ചാൽ കാര്യം പററിയേക്കും. ഇങ്ങിനെ പറഞ്ഞു് അവർ അനുജത്തിയെ ആശ്വസിപ്പിച്ചു.

പിറേറന്നാൾ ഉച്ചതിരിഞ്ഞു് ഒരു മൂന്നുമണി സമയത്തു് നാരായണിയമ്മ സഹോദരീസമേതം ജമിന്ദാരുടെ ഭവനത്തിലേയ്ക്കു തിരിച്ചു. നമ്മുടെ ശാന്തകുമാരി താമസിച്ചിരുന്ന വെണ്മാടത്തിന്റെ മുൻഭാഗത്തുണ്ടായിരുന്ന പന്ഥാവിൽക്കൂടിയാണ് അവർക്കു പോകേണ്ടിയിരുന്നതു്. അത്യുന്നതവും അതിമനോഹരവുമായ ആ വിശിഷ്ടസൌധത്തിന്റെ മുൻഭാഗത്തെത്തിയപ്പോൾ ശാന്തോദരിയമ്മ ജ്യേഷ്ഠത്തിയോടു ചോദിച്ചു.

ശാ: ഇതാരുടെയാണു ചേച്ചീ! ഈ കൊട്ടാരം?

നാ: ഇതു യുവരാജാവ് തിരുമനസ്സിലേക്ക വിശ്രമാവസരങ്ങളിൽ ഉപയോഗിയ്ക്കുന്നതിനായി അദ്ദേഹം തന്നെ പണിയിച്ചിരിക്കുന്ന വെണ്മാടമാണ്.

ശാ: അതിലാരോ താമസമുണ്ടെന്നു തോന്നുന്നുവല്ലോ? ഗാട്ടുകാരും മററും ഉജ്ജാറായി നില്ക്കുന്നു.

നാ: അവിടെ ഇപ്പോൾ ഒരു രാജകുമാരി എഴുന്നള്ളി താമസിക്കുന്നുണ്ട്. "റാണി" എന്നാണെല്ലാപേരും അവരെ വിളിക്കുന്നതു്.

ശാ: എവിടത്തെ റാണിയാണ്?

നാ: എവിടുത്തെയാണെന്നറിഞ്ഞുകൂടാ. വളരെ ചെല്പമാണെന്നും അസാമാന്യ സുന്ദരിയും അതിസുശീലയുമാണെന്നൊക്കെ പറയുന്നതു കേട്ടു.

ശാ: ചേച്ചി ഇതെല്ലാം എങ്ങിനെ അറിഞ്ഞു?

നാ: നമ്മുടെ കിഴക്കേ വീട്ടിലെ മാലതിക്ക ആ കൊട്ടാരത്തിലാണ് ജോലി. അവൾ നിത്യവും പള്ളിയറയിൽ കൂട്ടുകിടക്കണമത്രെ. അവർ നാലാളാണ് കൂട്ടുകിടക്കുന്നതു്. മാലതിയ്ക്കു ഒരു സാരിയും ഒരു ബ്ലൌസും കൊടുത്തു. അവൾ അതെന്നെ കാണിച്ചു. എൻെറ ശാതോദരി! അതു കാണേണ്ടതുതന്നെയാണ്. ഞാനിത്രനല്ല സാരിയും ബ്ലൌസും കണ്ടിട്ടില്ല. പുതിയതാണ് ഉപയോഗിച്ചിട്ടേയില്ല. അവൾ റാണിയുടെ സ്വഭാവത്തേയും സൌന്ദര്യത്തേയുംപററി എപ്പോഴും പുകഴ്ത്തുന്നതു കേൾക്കാം.

ഇങ്ങിനെ സംസാരിച്ചുകൊണ്ടവർ ജമിന്ദാരുടെ വാസസ്ഥലത്തിൻെറ ഗേററിനു സമീപമെത്തി. അ

വിടെ കാവൽ നിന്നിരുന്ന ശിപായിയോടു അനുവാദം വാങ്ങി അവർ അകത്തു പ്രവേശിച്ചു. രാജമന്ദിരത്തിനു തുല്യമായ ആ ഗംഭീരസൌധത്തിൻെറ മുൻഭാഗത്തെത്തിയപ്പോൾ ശാതോദരിയമ്മ വിചാരിച്ചു. "ഓ! ദൈവമേ! ഇവിടെയൊക്കെ താമസിയ്ക്കുന്ന സ്ത്രീകൾ എത്ര ഭാഗ്യവതികൾ. ഈ മാതിരിയുള്ള കെട്ടിടങ്ങൾ കാണുവാൻതന്നെ നിശ്ചയമായും ഭാഗ്യം ചെയ്യണം." അവിടേയും നാലുഗാട്ടുകാർ നിന്നിരുന്നു. നാരായണിയമ്മ അവരിലൊരാളോട്ട് തങ്ങൾക്കു കൊച്ചമ്മയെ ഒന്നു കാണണമെന്നാവശ്യപ്പെട്ടു. അപ്പോൾ അയാൾ അവിടെ തൂക്കിയിരുന്ന വട്ടത്തളികപോലെയുള്ള ഒരു മണിയിന്മേൽ ഗദപോലെയുള്ള ഒരു സാധനംകൊണ്ടു് ഒന്നടിച്ചു. ഉടനെ ഒരു പരിചാരിക പുറത്തുവന്നു. അപ്പോൾ മണിയടിച്ചയാൾ അവരോടു പറഞ്ഞു. "ഈ സ്ത്രീകൾക്കു കൊച്ചമ്മയെ ഒന്നുകാണണമത്രെ. സമയമുണ്ടോ എന്നുചോദിച്ചു വരൂ." ഉടനെ പരിചാരിക അകത്തേയ്ക്കുപോയി. കുറച്ചുസമയംകഴിഞ്ഞപ്പോൾ മടങ്ങിവന്നു് സ്ത്രീകൾ രണ്ടാളേയും കൂട്ടിച്ചുകൊണ്ടു് അകത്തേയ്ക്കുപോയി. അവർ വിശാലങ്ങളും അലംകൃതങ്ങളുമായ പലമുറികളും ഇടനാഴികളും കടന്നു് അതിവിസ്തൃതവും മനോഹരവുമായ ഒരു തളത്തിൽ പ്രവേശിച്ചു. അവിടെ പച്ചവില്ലീസുമെത്തയാൽ അലംകൃതമായ ഒരു സോഫായിൽ കറുത്ത സൂക്ഷ്മപടച്ചാവട്ടമേൽ ഉത്തമാംഗത്തെ അണച്ചുകൊണ്ടു് ഏകദേശം അൻപതു വയസ്സുപ്രായംവരുന്ന ഒരു സ്ത്രീ ചാരിക്കിടന്നിരുന്നു. സ്ഥൂലിച്ച ശരീരവും സൌന്ദര്യത്തിനപറയത്തക്ക കോട്ടമൊന്നും തട്ടീട്ടില്ലാത്ത വട്ടമുഖവും കാഞ്ചനവർണ്ണവുംചേ

ന്ന് ഈ പ്രഭാവതിയാണ് ജമീന്ദാരുടെ ഭാര്യ. അഹങ്കാരപ്രേരിതത തീണ്ടിയിട്ടുപോലുമില്ലെങ്കിലും തൻെറ അന്തസ്സിന്ന അനുയോജ്യമാംവിധം വസ്ത്രാഭരണാദ്യലങ്കാരങ്ങളാൽ പ്രശോഭിതയായിരുന്ന ആ മഹിളാമണി ആഗതരായ സ്ത്രീകളെ മന്ദഹാസത്താലുപചരിച്ചുകൊണ്ട് ആ സോഫായിൽത്തന്നെ എഴുന്നേററിരുന്നു. അനന്തരം അവരിരിയ്ക്കുന്ന സോഫായിൽനിന്നും അധികം അകലെയല്ലാതെ കിടന്നിരുന്ന രണ്ടു ബെഞ്ചുകളെ ചൂണ്ടികാണിച്ചുകൊണ്ടു പറഞ്ഞു.

പ്രഭാ: ആ ബെഞ്ചിന്മേലിരിയ്ക്കൂ.

നാരാ: വേണ്ട. ഞങ്ങളിവിടെ നിന്നുകൊള്ളാം.

പ്രഭാ: എന്താണ് പോന്നത്? ഈ സ്ത്രീയേതാണ്?

നാരാ: ഇവളെൻെറ അനുജത്തിയാണ്. രവിപുരത്തായിരുന്നു താമസം ഇവിടെ വന്നിട്ടു രണ്ടുമൂന്നു ദിവസമേ ആയിട്ടുള്ളു. ഞങ്ങളിവിടുത്തെയടുക്കൽ ഒരു സങ്കടം ബോധിപ്പിക്കുവാനായി വന്നതാണ്.

പ്രഭാ: എന്താണ് സങ്കടം?

നാരാ: ഇവൾ രവിപുരം ഹൈസ്കൂളിലെ ഒരു അദ്ധ്യാപികയായിരുന്നു. ഉദ്യോഗം കിട്ടിയിട്ടാണെങ്കിൽ അഞ്ചാറു കൊല്ലമായി. ഇതുവരെ യാതൊരു കുഴപ്പങ്ങളും കൂടാതെ അവളതു ഭരിച്ചുവന്നു. ഇപ്പോഴേതോ വിരോധികൾ ഏഷണികൾ കൂട്ടി അവളെ ഉദ്യോഗത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. കിടക്കുന്ന കിടപ്പിടം പണയമെഴുതിയാണ് പഠിപ്പിച്ചതു്. അതു് ഇതുവരെ വീണ്ടെടുത്തിട്ടി

ല്ല. എന്തെങ്കിലും കാരണമുണ്ടാക്കിയിട്ടു ശിക്ഷിച്ചതാണെങ്കിൽ സങ്കടമില്ല. അതുകൊണ്ടു് കൊച്ചമ്മ ദയവുചെയ്തു് കൊച്ചെജമാനൻ മുഖാന്തിരമൊ എങ്ങിനെയെങ്കിലും ഞങ്ങളുടെ ഈ സങ്കടത്തിന്നൊരു പരിഹാരമുണ്ടാക്കിത്തരണം.

പ്രഭാ: അങ്ങിനെയാകട്ടെ. രാജപ്പൻ വരുമ്പോൾ ഞാൻ പറയാം.

നാരാ: കൊച്ചെജമാനൻഇവിടെയില്ലായിരിയ്ക്കുമൊ?

പ്രഭാ: അവൻ യുവരാജാവിനോടൊരുമിച്ചു പോയിരിയ്ക്കയാണ്. നാലഞ്ചു ദിവസത്തിനകം മടങ്ങിയെത്തുമെന്നാണ് കേട്ടതു്. എഴുന്നള്ളത്തു സംബന്ധിച്ചുള്ള ഒരുക്കങ്ങളെല്ലാം ഒരു വിധം പൂർത്തിയായിക്കഴിഞ്ഞു.

നാരാ: എന്നാൽ ഞങ്ങൾ പോകട്ടെ?

പ്രഭാ: അങ്ങിനെയാകട്ടെ. എഴുന്നള്ളത്തിനുശേഷം ഒരു ദിവസമിങ്ങോട്ടുവരു. അപ്പോൾമറുപടിപറയാം.

അങ്ങിനെയാകാമെന്നു സമ്മതിച്ചുകൊണ്ടു് സ്ത്രീകൾ രണ്ടാളും മടങ്ങിപ്പോന്നു. പോരുന്ന വഴിയ്ക്കു ശാന്തോലരിയമ്മ ജ്യേഷ്ഠത്തിയോടു ചോദിച്ചു.

ശാന്തോ: രാജപ്പൻ എന്നു പറഞ്ഞതു് അവരുടെ മകനാണ്. അല്ലേ ചേച്ചീ!

നാരാ: അതേ! രാജശേഖരനെന്നാണ് അദ്ദേഹത്തിന്റെ പേര്. ഇവർ രാജപ്പനെന്നും തമ്പുരാൻ ശേഖരനെന്നുമാണ് വിളിയ്ക്കുന്നതെന്നൊക്കെ ചേട്ടൻ പറയുന്നതു കേൾക്കാം.

ശാന്തോ: എന്താണ് എഴുന്നള്ളത്തു സംബന്ധിച്ചുള്ള ഒരുക്കങ്ങളെന്നു പറഞ്ഞതു്?

നാരാ: കണ്ടില്ലെ, തെരുവുകൾതോറും കൊടികൾതോരണങ്ങൾ പലരീതിയിലും വർണ്ണത്തിലുമുള്ള കടലാസ്സു വിളക്കുകൾ, തെങ്ങിൻകുലകൾ, പഴക്കാക്കുലകൾ, പലതരത്തിലുള്ള ആർച്ചുകൾമുതലായവകളൊക്കെകെട്ടിയലങ്കരിച്ചിരിയ്ക്കുന്നതു്.

ശാന്താ: ഇതെല്ലാമെഴുന്നള്ളത്തുസംബന്ധിച്ചുള്ളതാണല്ലേ? ഞാൻ വിചാരിച്ചതു്, രാജധാനി ആയതിനാൽ നിത്യവുമിങ്ങനെയെല്ലാമുണ്ടായിരിയ്ക്കുമെന്നാണ്.

നാരാ: തരക്കേടില്ല നിത്യവുമിങ്ങിനെ ഈ സ്ഥലങ്ങളെല്ലാമലങ്കരിച്ചു വയ്ക്കുവാൻ സാധിയ്ക്കുന്ന കാര്യമാണൊ? ഇതിനുപുറമെ സകലക്ഷേത്രങ്ങളിലും വലിയ വഴിപാടുകളും ധർമ്മക്കഞ്ഞിയും മററുമുണ്ടു്. ഇങ്ങിനെ പലതും സംസാരിച്ചുകൊണ്ടു് അവർ ഗൃഹത്തിൽ ചെന്നുചേർന്നു.

ഇതു കഴിഞ്ഞു നാലാംദിവസംരാത്രി ശാന്തകുമാരി യുവാവുമായി സംസാരിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേ യുവാവ് അവളോടിങ്ങിനെ പറഞ്ഞു.

യുവാ: ഇനി രണ്ടു ദിവസത്തേയ്ക്കു എനിയ്ക്കിവിടെ വരുവാൻ തരപ്പെടുകയില്ല. അതിനാൽ ഭവതിയ്ക്കു് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഇന്നു പറയണം.

ശാ: ഇനി രണ്ടുദിവസത്തേയ്ക്കു് എന്താണ് വിശേഷിച്ചുജോലി?

യുവ: നാളെ രാത്രി പത്തു മണിക്കാണ് യുവരാജാവിന്റെ എഴുന്നള്ളത്തു്. അതു സംബന്ധിച്ചു കുറച്ചു

ജോലികളെല്ലാമുള്ളതിനാൽ ഇനി രണ്ടു ദിവസത്തേക്ക എനിയ്ക്കിവിടെ വരുവാൻ തരപ്പെടുകയില്ല.

ശാ: എനിയ്ക്കിപ്പോൾ വിശേഷിച്ചൊന്നുമാവശ്യമില്ല. നിങ്ങളുടെ സ്നേഹിതൻ വന്നാലിങ്ങോട്ടുകൂട്ടിക്കൊണ്ടു വന്നാൽമതി. "അങ്ങിനെയാകാ"മെന്നോറവു കൊണ്ടയാൾ തിരിച്ചുപോയി.

പിറേറന്നാൾ രാത്രി എട്ടു മണിയായപ്പോഴേയ്ക്ക് എഴുന്നള്ളത്തു സംബന്ധിച്ചുള്ള വാദ്യങ്ങൾ, കതിനാവെടികൾ, ആർപ്പുകൾ, ചീയ്യേഴ്സ് വിളികൾ മുതലായതെല്ലാം കേട്ടുതുടങ്ങി. വെണ്മാടത്തിലെ പരിചാരകവൃന്ദങ്ങൾപോലും അത്യുൽസുകരും തങ്ങളുടെ ജോലികളിൽ അതിശ്രദ്ധാലുക്കളുമായി കാണപ്പെട്ടു. ഉടനെ ശാന്തകുമാരി തൻെറ വിശ്വസ്തപരിചാരികയായ മാലതിയെ വിളിച്ചുചോദിച്ചു.

ശാ: എപ്പോഴാണ് മാലതി! എഴുന്നള്ളത്ത്?

മാ: പത്തുമണിയ്ക്കാണെഴുന്നള്ളുന്നത്.

ശാ: എതിലെയാണെഴുന്നള്ളുന്നത്.

മാ: ഈ വഴിയിൽകൂടിത്തന്നെയാണ്?

ശാ: എന്നാൽ നമുക്കും കാണാമല്ലൊ?

മാ: തിരുമനസ്സുകൊണ്ട് ആ സമയത്ത് വെണ്മാടത്തിൻെറ മുകളിൽ എഴുന്നള്ളി നിന്നാൽ നല്ലപോലെ തൃക്കൺപാക്കാം

ശാ: എന്നാലങ്ങിനെയാകാം സമയമാകുമ്പോൾ എന്നെ അറിയിച്ചാൽ മതി.

മാ: കല്പനപോലെ. ഈ സംഭാഷണം കഴിഞ്ഞ് ഏകദേശം ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ മാലതി ശാന്തത്തിൻെറ മുമ്പിൽ വന്നുതൊഴുതു.

ശാ: എന്താണ്? സമയമായൊ?

മാ: ഞാൻ. എഴുന്നള്ളത്ത് അടുത്തുവന്നു തുടങ്ങി. മുക
ളിലേയ്ക്കെഴുന്നള്ളുന്നുണ്ടെങ്കിൽ എഴുന്നള്ളാം.

ഉടനെ ശാന്തകുമാരി നാലു പരിചാരികമാരോ
ടു കൂടി വെണ്മാടത്തിലേയ്ക്കുപോയി. അവരവിടെ ചെ
ന്നതിനു് സ്വല്പസമയം കഴിഞ്ഞപ്പോൾ പലവിധമാ
യ ആഘോഷങ്ങളോടും അനവധി ഉദ്യോഗസ്ഥന്മാർ
പട്ടാളക്കാർ മുതലായവരുടെ അകമ്പടികളോടുംകൂടി യു
വരാജാവ് വെണ്മാടത്തിൻെറ മുൻവശത്തുള്ള തെരു
വീഥിയിൽകൂടി എഴുന്നള്ളി. രാജകുമാരൻ എഴുന്നള്ളി
യതു് സ്വന്തം കാറിലായിരുന്നതിനാൽ അലംകൃതമാ
യ കാർ കാണ്മാൻ സാധിച്ചുവെന്നല്ലാതെ അതിനുള്ളി
ലിരുന്ന ആളിനെ കാണ്മാൻ ശാന്തകുമാരിക്കു സാധി
ച്ചില്ല. ശാന്തത്തിൻെറ കുവലയനയനങ്ങൾ പ്രധാന
മായും അന്വേഷിച്ചതു് അവളുടെ ഹൃദയനാഥനായ
ഗോപാലൻകുട്ടിയുടെ വദനപങ്കജം ആ ജനസഞ്ചയ
ത്തിലെങ്ങാനുമുണ്ടോ എന്നായിരുന്നു. എന്നാൽ ആ
അന്വേഷണവും വിഫലമായിത്തീരുകയാൽ ദ്വിഗുണീ
ഭവിച്ച നിരാശയോടെ മടങ്ങിപ്പോരുവാനാണവൾക്കു
സംഗതിയായതു്. വെണ്മാടത്തിൽ നിന്നിറങ്ങി താ
ഴെ വന്നപ്പോൾ മാലതിയോടു് അവൾ ഇങ്ങനെ പ
റഞ്ഞു.

ശാ: വെറുതെ അവിടെപ്പോയിനിന്നു അല്ലേ, മാലതി!

മാ: തിരുമനസ്സുകൊണ്ടു് കാറിലായിരുന്നതിനാൽ
നല്ലതുപോലെ കാണ്മാൻ സാധിച്ചില്ല.

ശാ: നല്ലപോലെയെന്നല്ല ഒരു തരത്തിലും കാണ്മാൻ
കഴിഞ്ഞില്ലല്ലൊ.

മാ: അവിടുന്നു് തിരുമേനിയെ തൃക്കൺപാൎത്തയില്ലേ?

ശാ: ഞാൻ കണ്ടേയില്ല.

മാ: തിരുമനസ്സുകൊണ്ടു് ഈ ഭാഗത്തെത്തിയപ്പോൾ കാറിൻെറ പള്ളയ്ക്കുള്ള കണ്ണാടിച്ചില്ലിൽ കൂടി ഇങ്ങോട്ടു തൃക്കൺപാൎക്കുന്നതടിയൻ കണ്ടു.

ശാ: അദ്ദേഹം നമ്മളെക്കണ്ടോ?

മാ: ഉവ്വ്. തൃക്കൺപാൎത്തു.

ശാ: ആകപ്പാടെ കഷ്ടമായി. ന മുക്കവിടെപ്പോയി നില്ക്കേണ്ടായിരുന്നു. മാലതി ചിരിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല. എഴുന്നള്ളത്തു കഴിഞ്ഞു മൂന്നാം ദിവസം പഴയപതിവനുസരിച്ചു് യുവാവു് ശാന്തകുമാരിയുടെ സമീപത്തു ഹാജരായി. അയാളുടെ മുഖത്തു അന്നു വിശേഷാൽ ഒരു പ്രസന്നത കളിയാടുന്നതായി അവൾക്കു തോന്നി. എന്നാൽ അന്നും ഗോപാലൻകുട്ടിയെ കൂടാതെ ഏകനായിത്തന്നെ വന്നതിൽ ശാന്തകുമാരിയ്ക്കു നീരസമാണുണ്ടായതു്. യുവാവു് ശാന്തത്തിനെ കണ്ടയുടൻ മന്ദസ്മേരവദനനായി അവളോടിപ്രകാരം ചോദിച്ചു.

യുവാ: ഭവതി എഴുന്നള്ളത്തു സമയത്തു് സൌധത്തിൻെറ മുകളിൽ നിന്നിരുന്നുവോ?

ശാന്ത: യുവരാജാവിനെ കാണാമെന്നുദ്ദേശിച്ചു് അവിടെ വന്നുനിന്നു. പക്ഷെ അദ്ദേഹത്തിൻെറ കാറു മാത്രം കണ്ടുതൃപ്തിപ്പെടേണ്ടിവന്നു.

യുവാ: അതെന്താണു്? ഭവതിയദ്ദേഹത്തെ കണ്ടില്ലേ?

ശാന്ത: ഞാൻ കണ്ടില്ല.

യുവാ: രാജകുമാരൻ ഭവതിയെ കണ്ടുവല്ലോ?

ശാന്ത: അതു് നിങ്ങളെങ്ങിനെയറിഞ്ഞു?

യുവാ: അദ്ദേഹം ഇന്നാലെ എന്നേയും ഗോപാലൻകുട്ടി
യേയും വിളിച്ച് അതിനെപ്പററി സംസാരിച്ചു.

ശാന്ത: അദ്ദേഹം വന്നിട്ടുണ്ടോ?

യുവാ: ഗോപാലൻകുട്ടി വന്നിട്ടുണ്ട്.

ശാന്ത: എന്നിട്ടു പിന്നെ ഇങ്ങോട്ടു വരാത്തതെന്താണ്?

യുവാ: ഇന്നിങ്ങോട്ടു വരണമെന്നാണ് കരുതിയിരുന്നതു്. അപ്പോഴാണ് കൊച്ചുതമ്പുരാൻ പുതിയ ചില ജോലികളിൽ അയാളെ ഏൎപ്പെടുത്തിയതു്.

ശാന്ത: എന്താണ് പുതിയ ജോലികൾ?

യുവാ: പള്ളികെട്ടു സംബന്ധിച്ചുള്ള ജോലികളാണ്.

ശാന്ത: പള്ളികെട്ടു നിശ്ചയിച്ചുവോ?

യുവാ: നിശ്ചയിച്ചു.

ശാന്ത: എന്നാണ് പള്ളികെട്ട്?

യുവാ: ഇന്നേയ്ക്കെട്ടാം ദിവസമാണ്. അതായതു അടുത്ത തിങ്കളാഴ്ച രാവിലെ ഒൻപതു മണിയ്ക്കു്.

ശാന്ത: ഏതു കൊട്ടാരത്തിൽ നിന്നാണ് പള്ളികെട്ടു കഴിക്കുന്നതു്.

യുവാ: ഈ കൊട്ടാരത്തിൽ നിന്നുതന്നെ.

ശാന്ത: (അത്ഭുതഭാവത്തിൽ) ഈ കൊട്ടാരത്തിൽ നിന്നോ?

യുവാ: അതേ! ഈ കൊട്ടാരത്തിൽ നിന്നുതന്നെ.

ശാന്ത: നിങ്ങളെന്നെ കളിയാക്കുകയാണൊ?

യുവാ: ഒരിയ്ക്കലുമല്ല. എന്താണങ്ങിനെ സംശയിക്കുവാൻ കാരണം?

ശാന്ത: പിന്നെയെന്താണ് ഈ കൊട്ടാരത്തിൽ നിന്നാണ് പള്ളികെട്ടു കഴിക്കുന്നതെന്നു പറഞ്ഞതു്.

യുവാ: ഞാൻ പറഞ്ഞതെത്രയും പരമാൎത്ഥമാണ്. എഴുന്നള്ളത്തു സമയത്തു ഭവതി മുകളിൽ നില്ക്കുന്നതദ്ദേഹം കണ്ടു. ഇന്നലെ എന്നേയും ഗോപാലൻകുട്ടിയേയും വിളിച്ച് ഭവതിയുടെ ചരിത്രങ്ങളെപ്പററി അദ്ദേഹം അന്വേഷിച്ചു. ഞങ്ങൾ സകലതും വിസ്തരിച്ചു പറഞ്ഞു. അപ്പോൾ അദ്ദേഹം ഗോപാലൻകുട്ടിയെ സംബന്ധിച്ച് വളരെ സന്തോഷമായി പലതും കല്പിയ്ക്കുകയും അയാളുടെ പ്രയത്നത്തെ സഫലമാക്കുന്നതിനു വേണ്ടി ഭവതിയെ വിവാഹം കഴിച്ചുകൊള്ളാമെന്നേല്ക്കുകയുംചെയ്തു. ഇപ്പോൾ ഞാൻ ഭവതിയെ കളിയാക്കുകയല്ല ചെയ്തതെന്നു മനസ്സിലായോ?

ശാന്ത: ഈശ്വരാ! പാപി ചെല്ലുന്നിടമെല്ലാം പതാളമാണെന്നു പറയുന്നതു് എത്രയുംപരമാൎത്ഥമാണ്.

യുവാ: ഭവതിയെന്താണിങ്ങനെ പറയുന്നതു്?

ശാന്ത: ഞാൻ പോകുന്നിടത്തെല്ലാം ആപത്തുകളുമെന്നെ പിൻതുടരുന്നു.

യുവാ: (ആശ്ചൎയ്യഭാവത്തിൽ) യുവരാജാവ് ഭവതിയെ പള്ളിക്കെട്ടു കഴിക്കുന്നതു ഭവതിക്കു ആപത്താണൊ? ഭവതിയുടെ സ്ഥിതിയെന്തു്? തിരുമനസ്സിലെ സ്ഥിതിയെന്തു്?

ശാന്ത: എന്റേയും യുവരാജാവിന്റേയും സ്ഥിതികളെപ്പററിയാലോചിച്ചാൽ അദ്ദേഹമെന്നെ വിവാഹം കഴിയ്ക്കുന്നതു് ഞാൻ എത്രയൊ ജന്മങ്ങളായി ആൎജ്ജിച്ചിട്ടുള്ള പുണ്യങ്ങളുടെ ഫലമാണെന്നുവേണം വിചാരിക്കുവാൻ. പക്ഷേ വിവാഹത്തെ സംബന്ധിച്ചു ഞാൻ വിലമതിയ്ക്കുന്നതു് ധനമൊ സ്ഥാനമാനങ്ങളൊ അല്ല.

യുവാ: പിന്നെയെന്താണ്?

ശാന്ത: നളനെക്കാൾ യോഗ്യത കുറഞ്ഞവരായിട്ടാണോ വിദർഭരാജകുമാരിയായ ദമയന്തി സ്വർഗ്ഗാധിപനായ ദേവേന്ദ്രൻ മുതലായവരെ ഉപേക്ഷിച്ച് വീരസേനാത്മജനായ നളനെ സ്വീകരിച്ചതു്?

യുവാ: അതുപോലെ ഭവതി യുവരാജാവിനെ ഉപേക്ഷിച്ചിട്ട് സ്വീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന നൈഷധനേതാണ്? ശാന്തകുമാരി അധോമുഖിയായി മൌനമവലംബിച്ചുനിന്നു. യുവാവ് വീണ്ടും ചോദിച്ചു.

യുവാ: അങ്ങിനെ ഭവതി മനസാ വരിച്ചിരിയ്ക്കുന്ന ആ നളൻ ഭവതിയെ സ്വീകരിക്കുമെന്നു ഭവതിക്കു നിശ്ചയമുണ്ടോ?

ശാന്ത: അദ്ദേഹമെന്നെ സ്വീകരിയ്ക്കുന്നില്ലെങ്കിൽ വേണ്ട. എനിയ്ക്കു മററാരേയും സ്വീകരിയ്ക്കാതിരിക്കുവാൻ സാധിക്കുമല്ലോ.

യുവാ: ശരി. എന്നാൽ അത്ര ഭാഗ്യവാനായ ഭവതിയുടെ ആ നളൻ ഏതാണെന്നു പറയുന്നതിൽ വിരോധമുണ്ടോ? അപ്പോഴും ശാന്തം മിണ്ടിയില്ല. അല്പസമയം ഇങ്ങിനെ മൌനമായി നിന്നശേഷം അവൾ യുവാവിനോടു ചോദിച്ചു.

ശാന്ത: നിങ്ങളുടെ സ്നേഹിതനോട് ഇങ്ങോട്ടൊന്നു വരാൻ പറയാമോ?

യുവാ: ഗോപാലൻകുട്ടിക്കു് ഇനി പള്ളിക്കെട്ടു കഴിഞ്ഞല്ലാതെ ഒരിടത്തും പോകുവാൻ സൌകര്യം ഉണ്ടാകുകയില്ല.

ശാന്ത: യുവരാജാവിനെ ഒന്നു മുഖം കാണിയ്ക്കുവാൻ സൌകൎയ്യം ഉണ്ടാക്കിത്തരാമൊ?

യുവാ: അദ്ദേഹവും ഇനി പള്ളികെട്ടു കഴിയാതെ ആരേയും മുഖം കാണിക്കുന്നതിന്നു അനുവദിയ്ക്കയില്ല.

ശാന്ത: (കോപവും നൈരാശ്യവും ഇടകലൎന്ന സ്വരത്തിൽ) യുവരാജാവിനെകൊണ്ടു് എന്നെ പള്ളികെട്ടുകഴിപ്പിക്കുന്നതിന്നുള്ള നിൎബ്ബന്ധംക്രൂരതയും നിങ്ങൾക്കാണെന്നു തോന്നുന്നുവല്ലൊ?

യുവാ: (പൊട്ടിചിരിച്ചുകൊണ്ടു്) ഭവതിപറഞ്ഞതിൽ പരമാൎത്ഥമൊട്ടുമില്ലെന്നില്ല. ഞങ്ങളിത്രയെല്ലാം ബുദ്ധിമുട്ടിയസ്ഥിതിയ്ക്കു് അതു വേണ്ടതരത്തിൽ തന്നെ സഫലമായാൽ കൊള്ളാമെന്നുള്ള ആശ എനിയ്ക്കുണ്ടു്.

ശാന്ത: ഈ കാൎയ്യത്തെപററി നിങ്ങളുടെസ്നേഹിതൻെറ അഭിപ്രായമെന്താണ്?

യുവാ: ഗോപാലൻകുട്ടിയ്ക്കു് ഇതിൽപരമൊരാനന്ദമുണ്ടാകാനിടയില്ലെന്നാണു പറഞ്ഞതു്. അയാളുടെ പ്രവൎത്തികളിൽ ഇത്രത്തോളം സഫലമായിട്ടു് ഇതിന്നുമുമ്പൊന്നുമുണ്ടായിട്ടില്ലത്രേ?

ശാന്ത: അപ്പോൾ എനിയ്ക്കാരുമൊരു സഹായികളില്ലാതായി.

യുവാ: ഭവതി അജ്ഞാനികളെപ്പോലെ സംസാരിക്കുന്നതെന്താണ്? ഭവതി രാജ്ഞിയായികഴിഞ്ഞാൽ ഈ രാജ്യവാസികളായ സകലപേരും ഭവതിയുടെ കല്പനകാത്തു നില്ക്കുന്ന ദാസന്മാരല്ലേ?

ശാന്ത: ആരേയും ദാസന്മാരാക്കുന്നതു എനിക്കിഷ്ടമല്ല.

യുവാ: പക്ഷെ, ഭവതിയുടെ ഭാഗ്യത്താൽ ഇങ്ങനെയാണല്ലൊ വന്നു സംഭവിച്ചതു്?

ശാന്ത: ആകട്ടെ, നിങ്ങളെനിക്കു ഒരു ഉപകാരം ചെയ്യുമോ?

യുവാ: എന്താണ് വേണ്ടതു്?

ശാന്ത: ഞാൻ നിത്യകന്യകയായി ജീവിക്കുന്നതിനു നിശ്ചയിച്ചിരിക്കുകയായതിനാൽ, ഈ വിവാഹത്തിൽ നിന്നുമെന്നെ ഒഴിവാക്കുവാൻ ഞാൻ അപേക്ഷിക്കുന്നതായി യുവരാജാവിനെ ധരിപ്പിയ്ക്കാമോ?

യുവാ: ഭവതിക്കു നിർബന്ധമാണെങ്കിലങ്ങനെ ചെയ്യാം

ശാന്ത: എന്നാൽ വലിയ ഉപകാരം.

യുവാ: ശരി, എന്നാൽ ഞാനിപ്പോൾ പോകട്ടെ. സൌകര്യമുള്ളപക്ഷം ഗോപാലൻകുട്ടിയുമായി അടുത്തുതന്നെ ഞാൻ വരാം. ഇങ്ങനെ പറഞ്ഞുകൊണ്ടു് യുവാവ് പോയി. ശാന്തകുമാരി വിവിധ വികാരവിചാരങ്ങളാൽ അസ്വാസ്ഥഹൃദയയായി അന്തഃപുരത്തിലേയ്ക്കുംപോയി.

യുവരാജാവെഴുന്നള്ളിയതിന്റെ നാലാംദിവസം പകൽ മൂന്നുമണി സമയത്തു് ശാന്തോദരിയമ്മ ജ്യേഷ്ഠത്തിയോടുകൂടി ജമിന്ദാരുടെ ഭവനത്തിൽപോയി പ്രഭ്വിയെകണ്ടു് തങ്ങൾ പറഞ്ഞതായ കാര്യത്തിനു് വല്ല തീരുമാനവുമുണ്ടോ എന്നുചോദിച്ചു. അപ്പോൾ അടുത്തതിങ്കളാഴ്ച രാവിലെ ഒൻപതുമണിക്കു യുവരാജാവ് വെണ്മാടംകൊട്ടാരത്തിൽ വസിക്കുന്ന രാജകുമാരിയെ പള്ളിക്കെട്ടു കഴിയ്ക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും അതിന്റെ നാലാംദിവസം വെണ്മാടംകൊട്ടാരത്തിൽ

റാണിയോടുകൂടി എഴുന്നള്ളിയിരുന്ന തിരുമനസ്സുകൊണ്ടു് നേരിട്ടുതന്നെ സങ്കടക്കാരുടെ പരാതികളെല്ലാം കേട്ടു് സമാധാനം ഉണ്ടാക്കുന്നതാണെന്നും കല്പനയുണ്ടായിട്ടുണ്ടെന്നും അതിനാൽ അവിടെച്ചെന്നു സങ്കടമുണർത്തിക്കുന്നതാണു നല്ലതെന്നും അന്നു് തിരുമുമ്പിലേക്കു സങ്കടക്കാരെ കടത്തിവിടുന്ന ചുമതലയേററിരിക്കുന്നതു് തന്റെ പുത്രനാകയാൽ അവൎക്കു വേണ്ടതായ സഹായങ്ങളെല്ലാം അദ്ദേഹം ചെയ്തു കൊടുക്കുന്നതാണെന്നും മറുപടി പറഞ്ഞു് പ്രഭ്വി അവരെ മടക്കി അയച്ചു. ഗൃഹത്തിലെത്തിയപ്പോൾ ശാന്തോദരിയമ്മ ജ്യേഷ്ഠത്തിയോടു ചോദിച്ചു.

ശാന്തോ: തിരുമനസ്സിലെ സാന്നിധ്യത്തിൽ നേരിട്ടു സങ്കടമുണർത്തിക്കുന്നതാണു് നമുക്കു നല്ലതു്. അല്ലേ ചേച്ചീ!

നാരാ: നല്ലതൊക്കെയാണു്. പക്ഷെ, തിരുമുമ്പിൽ നിന്നു് ഇതെല്ലാം പറയുണ്ടേ?

ശാന്തോ: പറഞ്ഞാലെന്താണു്? അദ്ദേഹം നമ്മളെപ്പോലെ ഒരു മനുഷ്യനല്ലേ?

നാരാ: മനുഷ്യനാണു്. പക്ഷെ, ഒന്നാമതു രാജസാന്നിധി. രണ്ടാമതു നമ്മൾ സ്ത്രീകൾ.

ശാന്തോ: അതിനൊന്നും സാരമില്ല. അതിലൊന്നും എനിക്കു പേടിയില്ല.

നാരാ: തിരുമുമ്പിൽ ചെന്നാൽ പറയേണ്ടതെല്ലാം നീ തന്നെ പറഞ്ഞുകൊള്ളണം. എന്നെക്കൊണ്ടൊന്നും പറവാൻ സാധിയ്ക്കയില്ല.

ശാന്തോ: അതൊക്കെ ഞാൻ പറഞ്ഞുകൊള്ളാം. ചേച്ചി കൂട്ടത്തിലൊന്നു പോന്നാൽ മതി.

നാരാ: ഞാനും വരാം. എനിക്കു രാജ്ഞിയെ കാണ്മാനും കാൎയ്യം ചെയ്യാമല്ലൊ?

യുവരാജാവിന്റെ മറുപടി അറിയുവാനായി യുവാവിന്റെ വരവും പ്രതീക്ഷിച്ചിരുന്ന ശാന്തകുമാരിയ്ക്കു യുവരാജാവിന്റെ മറുപടിയെന്നല്ല യുവാവിനെ തന്നെ പിന്നീടു കാണ്മാൻ സാധിച്ചില്ല. ഇന്നുവരും നാളെവരുമെന്നു വിചാരിച്ചു കാത്തിരുന്നു് വിവാഹത്തിന്റെ തലേദിവസമായ ഞായറാഴ്ചയും ആഗതമായി. പള്ളിക്കെട്ടു സംബന്ധിച്ചു കൊട്ടാരത്തിൽ നടക്കുന്ന ബഹളങ്ങളൊന്നും ശാന്തകുമാരി അറിയുന്നതേയില്ല. പരിചാരികമാരോടൊ മറ്റൊ എന്തെങ്കിലും ചോദിക്കാമെന്നുവെച്ചാൽ ലജ്ജ അവളെ അതിന്നനുവദിച്ചില്ല. പരിചാരികമാരുടെ പ്രധാനമായ ജോലി പള്ളിക്കെട്ടുസംബന്ധിച്ചു കൊട്ടാരത്തിൽ നടക്കുന്ന ഒരുക്കങ്ങളേയും ബഹളങ്ങളേയും പട്ടണമൊട്ടുക്കുള്ള അലങ്കാരങ്ങളേയും പററിയുള്ള വൎണ്ണനയാണെങ്കിലും ശാന്തകുമാരിയുടെ മുമ്പിൽവെച്ചു് അവരാരും യാതൊന്നും അതേപററി ശബ്ദിച്ചിരുന്നില്ല. അന്നുരാത്രി പത്തുമണി ആയപ്പോൾ പഴയപടി യുവാവു് ശാന്തകുമാരിയുടെ മുമ്പിൽ ആഗതനായി. അയാളെ കണ്ടപ്പോൾ ഹൃദയക്ഷോഭത്താൽ അവശയായിത്തീൎന്ന ശാന്തകുമാരി നിശ്ശബ്ദയായി അധോമുഖിയായി അയാളുടെ മുമ്പിൽ നിന്നു. ആ നില്പുകണ്ടു് മന്ദസ്മിതം പൊഴിച്ചുകൊണ്ടു് യുവാവ ചോദിച്ചു.

യുവാ: ഞങ്ങളുടെ രാജ്ഞിയാകുവാൻ പോകുന്ന തിരുമനസ്സിലേക്കു കുശലം തന്നെയൊ?

ശാന്തകുമാരിയുടെ നയനങ്ങളിൽനിന്നും ഉതിൎന്നുവീണ ബാഷ്പകണങ്ങളാണു് അതിന്നു സമാധാനം പറ

ഞ്ഞതു്. അതു കണ്ടപ്പോൾ സഹതാപസമ്പാത്തിൽ യുവാവ് പറഞ്ഞു.

യുവാ: ഭവതിയ്ക്കെന്നോടു നീരസമൊന്നും തോന്നരുതു്. ഭവതിയുടെ സന്ദേശം ഞാനതുപോലെ തന്നെ യുവരാജാവിനെ ധരിപ്പിച്ചു. അപ്പോഴദ്ദേഹം കല്പനയായതു് "എന്റെ ഹിതത്തിനു വിപരീതം ചെയ്യുന്ന ഒരു പ്രജ എന്റെ രാജ്യത്തു ജീവിച്ചിരിക്കുമൊ" എന്നാണു്.

ശാന്ത: എന്റെ ജീവൻ അദ്ദേഹം സ്വീകരിച്ചുകൊള്ളട്ടെ. എന്റെ ദേഹം മാത്രം ഒഴിവാക്കിത്തന്നാൽ മതിയായിരുന്നു.

യുവാ: ഞാനിതെല്ലാമദ്ദേഹത്തെ അറിയിച്ചു. പക്ഷെ എന്തുപറഞ്ഞിട്ടുമദ്ദേഹം സമ്മതിക്കുന്നില്ല.

ശാന്ത: പരപുരുഷനു ഹൃദയത്തെ ദത്തം ചെയ്തിരിക്കുന്ന ഒരു കന്യകയെ ബലാല്ക്കാരമായി സ്വീകരിക്കുന്നതു അദ്ദേഹത്തിന്റെ രാജനീതിക്കു ചേർന്നതാണോ?

യുവാ: ഭവതിയുടെ ഹൃദയത്തെ ആൎക്കാണു് ദത്തം ചെയ്തിരിക്കുന്നതു്?

ശാന്ത: നിങ്ങളുടെ സ്നേഹിതനായ ഗോപാലൻകുട്ടിയെ അല്ലാതെ ആരേയും ഭത്താവായി സ്വീകരിയ്ക്കുകയില്ലെന്നു ഞാൻ നിശ്ചയിച്ചുപോയി.

യുവാ: എന്നാൽ ആ ഗോപാലൻകുട്ടിതന്നെയാണു്, നാളത്തെ വിവാഹത്തിനു വധൂസ്ഥാനം സ്വീകരിക്കുവാൻ സന്തോഷസമേതം ഒരുങ്ങിയിരുന്നുകൊള്ളുന്നതിനു ഭവതിയ്ക്കറിവ് തരുന്നതിനായി ഇപ്പോൾ എന്നെ നിയോഗിച്ചിരിക്കുന്നതു്.

ശാന്തകുമാരി ഒന്നും മിണ്ടിയില്ല. യുവാവ് വീണ്ടും പറഞ്ഞു.

"എനിയ്ക്കിവിടെ അധികനേരം നില്ക്കുവാൻ തരമില്ല. വെളുപ്പാൻകാലത്തു നാലുമണിക്കു ഭവതിയെ ഇവിടെനിന്നും വലിയകൊട്ടാരത്തിലേക്കു കൊണ്ടുപോകുവാൻ അമ്മറാണി തിരുമനസ്സുകൊണ്ടും അകമ്പടിക്കാരും ഇവിടെയെത്തും. ഭവതി അഹിതമൊന്നും പ്രദർശിപ്പിക്കാതെ തയ്യാറായി ഇരുന്നുകൊള്ളണം" ഇങ്ങിനെ പറഞ്ഞിട്ടു യുവാവ് അവിടെനിന്നും പോയി. ആ സമയത്തു് ശാന്തകുമാരിയുടെ ഹൃദയഗതി ഏതുവിധമായിരുന്നുവെന്നു് പറവാൻ അവൾക്കുതന്നെ സാദ്ധ്യമായിരുന്നില്ല. ഗോപാലൻകുട്ടി തന്റെ നേരെ വരാതിരിയ്ക്കുവാനുള്ള കാരണം എന്താണെന്നവൾ ആലോചിച്ചു. "അദ്ദേഹത്തിന്നു എന്നോടു അനുരാഗമില്ലായിരിക്കുമോ? അദ്ദേഹത്തിന്റെ പെരുമാററവും വാക്കുകളും അങ്ങിനെയല്ലല്ലൊ എന്നെ മനസ്സിലാക്കിയതു്. യുവരാജാവിന്റെ അപ്രീതിയെ ഭയന്നു് അദ്ദേഹം തന്റെ ഹൃദയഗതി ഗോപനം ചെയ്തതായിരിയ്ക്കാം. അതായിരിക്കും അദ്ദേഹം എന്റെ മുമ്പിൽ വരാൻ മടിക്കുന്നതു്. ഹാ! ജഗദീശാ! ഞങ്ങളുടെ പരിശുദ്ധമായ അനുരാഗം പൂർണ്ണഫലത്തെ പ്രാപിയ്ക്കുന്നതിന്നു എന്തുകൊണ്ടു് അവിടുന്നു അനുവദിയ്ക്കുന്നില്ല" ഇങ്ങിനെ പലതും ചിന്തിച്ചുകൊണ്ടു് നിദ്രാവിഹീനയായിതന്നെ അവൾ നാലുമണിവരെ കഴിച്ചുകൂട്ടി. അപ്പോഴേയ്ക്കും അമ്മറാണി തിരുമനസ്സുകൊണ്ടു് വലിയകൊട്ടാരത്തിൽനിന്നും വെണ്മാടം കൊട്ടാരത്തിലേക്കു പുറപ്പെട്ടുന്നതാ

യ വാദ്യഘോഷങ്ങളും വെടികളും കേട്ടുതുടങ്ങി. ഉടനെ പരിചാരികമാർ ശാന്തകുമാരിയുടെ സമീപത്തു ചെന്നു തൊഴുതുകൊണ്ടിങ്ങനെ അറിയിച്ചു.

പരി: തിരുമേനി! അമ്മറാണി തിരുമനസ്സുകൊണ്ടു് വലിയകൊട്ടാരത്തിൽനിന്നും ഇങ്ങോട്ടു എഴുന്നള്ളുന്നുണ്ടു്. ഇനി പള്ളിമെത്തയിൽ നിന്നെഴുന്നേല്ക്കണം.

ഉടനെ ശാന്തകുമാരി എഴുന്നേററു കണ്ഠസ്നാനം ചെയ്തപ്പോഴേക്കും അമ്മറാണിയും അകമ്പടിക്കാരോടും വെണ്മാടംകൊട്ടാരത്തിലെത്തിക്കഴിഞ്ഞു. തന്നെക്കണ്ടു് ഉപചാരപൂർവം എഴുന്നേററു നില്ക്കുന്ന ശാന്തകുമാരിയോടു അമ്മറാണി ഇങ്ങിനെ കല്പിച്ചു. "മകളേ! നമുക്കു കൊട്ടാരത്തിലേക്കു പോകാം. കുളിയും മററുമവിടെ ചെന്നിട്ടാകാം." ഇങ്ങിനെ പറഞ്ഞു് ശാന്തകുമാരിയുടെ കൈയ്യുംപിടിച്ചു് തന്നോടൊപ്പം പല്ലക്കിൽ കയററി ഇരുത്തികൊണ്ടു് വലിയകൊട്ടാരത്തിലേക്കു എഴുന്നള്ളുകയുംചെയ്തു. വലിയകൊട്ടാരത്തിൽ നടക്കുന്ന ആഘോഷങ്ങളെപ്പററി വർണ്ണിക്കുവാനൊരുങ്ങിയാൽ ഒരുങ്ങുന്നവർ വിഡ്ഢികളായിത്തീരുമെന്നല്ലാതെ അതിന്റെ ഏകദേശവർണ്ണനപോലും സാദ്ധ്യമല്ല. അമ്മറാണിതിരുമനസ്സിലെ ഏകസന്താനവും മഹാരാജാവുതിരുമനസ്സിലെ വത്സല ഭാഗിനേയനും അനന്തരരാജ്യാവകാശിയുമായ യുവരാജാവുതിരുമനസ്സിലെ വിവാഹമഹോത്സവത്തെ സംബന്ധിച്ചു് അവിടെ നടക്കാവുന്ന ആഘോഷങ്ങൾ എപ്രകാരമെല്ലാമായിരിക്കുമെന്നൂഹിച്ചുകൊള്ളുകയാണു് നല്ലതു്.

മണി എട്ടടിച്ചപ്പോഴെയ്ക്കു വിവാഹപന്തലിൽ കല്യാണമണ്ഡപത്തിന്ന ചുററുമുള്ള ആസനങ്ങളിൽ വലിയതമ്പുരാൻ മുതൽ ശിപായിമാർവരെയുള്ള ഉദ്യോഗസ്ഥന്മാരും മാന്യന്മാരായ മററു് അതിഥികളുമെല്ലാം യഥാസ്ഥാനങ്ങളിലുപവേശിച്ചു. അമ്മതമ്പുരാട്ടി മുതലായ സ്ത്രീജനങ്ങൾ ഒരു നേരിയതിരശ്ശീലയ്ക്കുള്ളിൽ അവൎക്കു നിശ്ചയിച്ചിരുന്ന സ്ഥാനങ്ങളിലും ആസനസ്ഥരായി. അവിടെ കൂടിയിരുന്ന സർവജനങ്ങളും തങ്ങൾ ദേവേന്ദ്രന്റെ ദിവ്യസഭയായ സുധൎമ്മയിലൊ കുബേരരാജധാനിയായ അളകാപുരിയിലൊ എവിടെയാണിരിയ്ക്കുന്നതെന്നുള്ള ആലോചനയാൽ വിഭ്രമചിത്തരായിരിയ്ക്കെ, എന്തു ബഹളങ്ങൾ അവിടെ നടന്നാലും ആരുടേയും ശ്രവണപുടങ്ങളിലെത്താത്തവിധം വാദ്യഘോഷങ്ങൾപൊടിപൊടിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ ഗുരുപുത്രനും പ്രിയസഖാവുമായ രാജശേഖരന്റെ അകമ്പടിയോടുകൂടി പരിജനസേവിതനായി സർവലക്ഷണസമ്പന്നനും ശൌൎയ്യഗാംഭീൎയ്യനിലയനവുമായ യുവരാജാവു് വിവാഹവേദിയിൽ എഴുന്നരുളി. അനന്തരം വധുവിന്റെ ആഗമനമായി. എല്ലാവരുടേയും കണ്ണുകൾ വിവാഹവേദിക്കു പുറകിലുള്ള കവാടദ്വാരത്തിലേയ്ക്കു തിരിഞ്ഞു. അപ്പോൾ ആർപ്പു്, കുരവ മുതലായ മംഗളധ്വനികളാലും അനവധി താലങ്ങൾ അഷ്ടമംഗല്യം മുതലായതുകളുടെ അകമ്പടിയോടുകൂടി പൂമാതിന്റെ എഴുന്നള്ളത്തുപോലെ സർവാഭരണവിഭൂഷിതയും സൌന്ദൎയ്യദേവതയുമായ ശാന്തകുമാരിയെ യുവരാജാവിന്റെ ധാത്രിയായ സരളാദേവി കാണി

കളുടെ നയനങ്ങൾക്കു ജന്മസാഫല്യമരുളിക്കൊണ്ടു് വിവാഹവേദിയിലേയ്ക്കു ആനയിക്കപ്പെട്ടു. സൌന്ദൎയ്യത്തിൽ മന്മഥസദൃശനായ യുവരാജാവിന്റെ വാമഭാഗത്തെ അലങ്കരിച്ചിരിക്കുന്ന ആ തേജഃപുഞ്ജത്തെക്കണ്ടു് സാക്ഷാൽ രതീദേവിതന്നെയൊ എന്നു് എല്ലാപേരും സംശയിച്ചുകൊണ്ടിരിയ്ക്കവെ വിവാഹത്തിന്റെ പ്രാരംഭചടങ്ങുകളെല്ലാം കഴിഞ്ഞു് യുവരാജാവു തിരുമേനി ഈശ്വരധ്യാനത്തോടും സകലഗുരുജനങ്ങളുടേയും അനുഗ്രഹത്തോടുംകൂടി ശാന്തകുമാരിയുടെ ഗളത്തിൽ മംഗല്യസൂത്രം അണിയിച്ചു. അനന്തരം ഹാരാൎപ്പണത്തിനായി വധൂവരന്മാരെ എഴുന്നേല്പിച്ചു അഭിമുഖമായി നിൎത്തി. ഇത്രയുംസമയം അതിയായ ലജ്ജയാലും പലവിധ ചിന്താവ്യാകുലതകളാലും അധോമുഖിയായിരുന്ന ശാന്തകുമാരിയ്ക്കു ഇപ്പോൾ ആ വദനചന്ദ്രനെ മേല്പോട്ടുയൎത്താതെ ഗത്യന്തരമില്ലെന്നായി. പരിഭ്രമം, ലജ്ജ നീരസംമുതലായ പലവിധവികാരങ്ങളാലുള്ള പാരവശ്യത്തോടുകൂടി മെല്ലെമെല്ല മേല്പോട്ടുയൎന്ന ശാന്തകുമാരിയുടെ ദീൎഘലോചനങ്ങൾ യുവരാജാവിന്റെ വദനകമലത്തിൽ പതിച്ചു ഹാ! എന്താണവൾ അവിടെ കണ്ടതു്? ശാന്തകുമാരിയ്ക്കു് തലകറങ്ങുന്നതുപോലെതോന്നി. വരണമാല്യവുമായി മേല്പോട്ടുയൎത്തിയ ബാഹുലതകൾ തളരുകയാൽ മാല താഴെ വീഴാതെ സരളാംദേവി താങ്ങേണ്ടിവന്നു. കുടിലിൽ ജനിച്ചു കുപ്പയിലെന്നവിധം വളൎന്ന തന്നെ വിസ്തൃതവും വിഭവസമൃദ്ധവുമായ ആ രാജ്യത്തിന്റെ കിരീടാവകാശിയായ യുവരാജാവു തിരുമേനി ധൎമ്മപത്നിയായി സ്വീകരിച്ചു

മംഗല്യസൂത്രമണിയിച്ചതായ ആ സമയത്തും ആൎര പററി ചിന്തിച്ചുമനമുരുകികൊണ്ടിരുന്നുവൊ, തന്റെ സകലസങ്കടങ്ങളേയും വേരോടെയറുത്ത് ഈ മഹാഭാഗ്യം തനിക്കു നൽകുന്നതിനുവേണ്ടി നിഷ്കളങ്കം രാപ്പകൽ ആരു ബുദ്ധിമുട്ടിയൊ, പ്രഥമസന്ദൎശന ദിവസം തന്റെ പരുഷവാക്കുകളെയെല്ലാം മന്ദഹാസപൂൎവം സ്വീകരിച്ചു തനിക്കുവേണ്ടി അതെല്ലാം ആരു് ആനന്ദമായി കരുതിയൊ, ഭീകരമായ അന്ധകാരത്തിൽ അൎദ്ധരാത്രി സമയത്തു ദുൎഘടമായ പന്ഥാവിൽക്കൂടി സ്വഗൃഹത്തിൽനിന്നും അടിച്ചിറക്കിയതന്നെ കൊച്ചുകുട്ടിയെയെന്നപോലെ വാരിയെടുത്തുകൊണ്ടു് ആരു നടന്നുപോയൊ, ആരെ കാണുന്നതിനുവേണ്ടി അവളുടെ കണ്ണുംകരളും കൊതിപൂണ്ടിരുന്നുവൊ ആ ഗോപാലൻകുട്ടി അവളുടെ ഹൃദയവല്ലഭൻ ചന്ദ്രരശ്മികളെ വെല്ലുവിളിക്കുന്ന മന്ദഹാസത്തോടും, കൈകളിൽ വരണമാല്യത്തോടുംകൂടി കൃപാമൃതം വഴിയുന്ന ദീൎഘനേത്രങ്ങളെ തന്റെ മുഖത്തു പതിപ്പിച്ചുകൊണ്ടുനില്ക്കുന്നു. അടുത്തതായി അവളുടെ ദൃഷ്ടികൾ പതിഞ്ഞതു യുവരാജാവിന്റെ സമീപത്തുതന്നെ നിന്നിരുന്ന രാജശേഖരന്റെ മുഖത്തായിരുന്നു. ശാന്തകുമാരിക്കു അവൾ നില്ക്കുന്നിടത്തുതന്നെ താഴ്ന്നു് അയാളുടെ മുൻപിൽനിന്നും മറഞ്ഞാൽ കൊള്ളാമെന്നുതോന്നി. എന്തെന്നാൽ തലേദിവസം രാത്രിയിൽക്കൂടി തന്നോടു് വളരെ കള്ളങ്ങളെല്ലാം പറഞ്ഞുപിടിപ്പിച്ച ആ യുവാവാണു്, പൊട്ടിപുറപ്പെടുന്ന ചിരി പിടിച്ചമൎത്തിയും തന്റെ നേരെ ഉററുനോക്കിയുംകൊണ്ടവിടെ നിന്നിരുന്നതു്. ഒരു വിധത്തിൽ വിവാഹത്തിന്റെ ചടങ്ങു

കളിൽ ശാന്തകുമാരിയുടെ ഭാഗം സരളാദേവിയുടെ സഹായത്താൽ അവൾ നിർവഹിച്ചു. അതിനുശേഷം ദമ്പതിമാർഹസ്തേനഹസ്തതലാവലംബിതരായി അത്യാഘോഷപൂർവം എതിരേല്ക്കപ്പെട്ട് പൂമച്ചിനുള്ളിൽ പ്രവേശിച്ചു. അവിടുത്തേയും ചടങ്ങുകളെല്ലാം കഴിഞ്ഞും യുവരാജാവും ശാന്തകുമാരിയും രാജശേഖരനും തനിച്ചായപ്പോൾ, അധോമുഖിയായി തന്നിൽതന്നെ മറഞ്ഞെന്നപോലെ സ്ഥിതിചെയ്യുന്ന ശാന്തകുമാരിയെ നോക്കി ചിരിച്ചുകൊണ്ടു് യുവരാജാവ് രാജശേഖരനോടു ചോദിച്ചു.

യുവ: ഗോപാലൻകുട്ടിയെ കാണാത്തതുകൊണ്ടുള്ള സങ്കടത്താലായിരിയ്ക്കും തലയും കുനിച്ചിരിക്കുന്നതു് അല്ലേ ശേഖരാ! ജീവൻ മാത്രമല്ലേ നമ്മുടേതു്. ദേഹം ഗോപാലൻകുട്ടിയുടേതല്ലേ?

ശേഖ: അയ്യോ, തിരുമേനീ! വല്ല ആത്മഹത്യയോ മററോ ചെയ്യാതിരിക്കുവാൻ ഇന്നലെ രാത്രി മുഴുവൻ ഞാൻ ഉറക്കമിളയ്ക്കേണ്ടതായി വന്നു. ഇത്രയുംകൂടി കേട്ടപ്പോൾ ശാന്തത്തിൻെറ വദനശശാങ്കൻ രണ്ടു വിടൎന്ന ചെന്താമരകൾക്കുള്ളിൽ ഒളിച്ചു.

## അദ്ധ്യായം 10.

വിവാഹസംബന്ധമായ ചടങ്ങുകളെല്ലാം പൂൎത്തിയാകുന്ന നാലാംദിവസം ഉച്ചതിരിഞ്ഞു മൂന്നുമണി സമയത്തു് വെണ്മാടം കൊട്ടാരത്തിലുള്ള ഒരു ഹാളിൽ യുവരാജാവും രാജ്ഞി ശാന്തകുമാരിദേവിയും മററു വേ

ണ്ടപ്പെട്ട പരിവാരങ്ങളോടുംകൂടി എഴുന്നള്ളിയിരിയ്ക്കുമ്പോൾ രണ്ടു സ്ത്രീകൾ മുഖം കാണിയ്ക്കുവാൻ വന്നിരിയ്ക്കുന്നതായി ജമിന്താരുടെ പുത്രനായ രാജശേഖരൻ വന്നു തിരുമനസ്സറിയിച്ചു. അവരെ അങ്ങോട്ടു കൂട്ടിക്കൊണ്ടു വരുവാൻ യുവരാജാവു കല്പനയായി. ഉടനെ തന്നെ രാജശേഖരൻ പുറത്തുപോയി നാരായണിഅമ്മയേയും ശാന്തോദരിഅമ്മയേയും കൂട്ടിക്കൊണ്ടു് അകത്തു പ്രവേശിച്ചു. ശാന്തോദരിഅമ്മ ഹാളിൽ പ്രവേശിച്ചിട്ടു് ആദ്യമായി അവരുടെ ദൃഷ്ടികൾ പതിഞ്ഞതു് യുവരാജാവിന്റെ അല്പം പുറകിലായി അദ്ദേഹത്തിന്റെ സ്യാലനെന്ന സ്ഥാനത്തിന്നനുയോജ്യമാംവിധം ആസനസ്ഥനായിരുന്ന രാഘവൻകുട്ടിയുടെ മുഖത്തായിരുന്നു. അവരൊന്നു ഞെട്ടി. മുൻപോട്ടു വച്ചതായ കാൽ പുറകോട്ടു തന്നെവലിഞ്ഞു. ശാന്തോദരിഅമ്മയെ കണ്ടപ്പോൾ ശാന്തകുമാരിയും ഒന്നു നടുങ്ങി. യുവരാജാവും രാജശേഖരനും രാഘവൻകുട്ടിയും ഇതുരണ്ടും മനസ്സിലാക്കിയെങ്കിലും അവരാരും അതു് അറിഞ്ഞതായി ഭാവിച്ചില്ല. അടുത്തതായി അവരുടെ അക്ഷികൾക്കു ലക്ഷ്യമായതു യുവരാജാവിന്റെ മുഖമായിരുന്നു. തന്റെ ഭർത്താവ് തന്നെത്തള്ളി പുറത്താക്കിയ ദിവസം രണ്ടുതവണ പ്രഹരിച്ചു കഴിഞ്ഞശേഷം മൂന്നാമതും പ്രഹരിക്കുവാനായി കയ്യോങ്ങിയപ്പോൾ തടഞ്ഞതായ യുവാവിനെ അവർ ഓർമ്മിച്ചു. അവരുടെ സർവാംഗവും വിയർത്തു. അവയവങ്ങൾ തളർന്നു. ഉടനേതന്നെ ശാന്തോദരിഅമ്മയുടേയും ശാന്തകുമാരിയുടേയും ദൃഷ്ടികൾ തമ്മിലിടഞ്ഞു. ശാന്തോദരിയമ്മ പ്രജ്ഞയററു നിലംപതിച്ചു. നാരായണിയമ്മ ഹാളിൽ കടന്നപ്പോൾ മുതൽ,

ദമ്പതിമാരാകുന്നതിന്ന വേണ്ടിത്തന്നെ ഈശ്വരനാൽ പ്രത്യേകം സൃഷ്ടിക്കപ്പെട്ടതുപോലെ കാണികളുടെ നയനങ്ങൾക്ക് ജന്മസാഫല്യത്തെ പ്രദാനം ചെയ്തുകൊണ്ടിരിന്ന യുവരാജാവിനേയും രാജ്ഞിയേയും മാറിമാറി നോക്കിക്കൊണ്ട വിനയപൂർവ്വം നില്ക്കുകയായിരുന്നതിനാൽ അന്നാജത്തിയുടെ ഈ പാരവശ്യങ്ങളൊന്നും അറിഞ്ഞില്ല. രാഘവൻകുട്ടിയേയും ശാന്തകുമാരിയേയും ശാതോദരി അമ്മയുടെ വിവാഹത്തിൻനാൾമാത്രമല്ലാതെ അവർ കണ്ടിട്ടില്ലാതിരുന്നതിനാലും അതു കഴിഞ്ഞിട്ട കൊല്ലവും രണ്ടുമൂന്നു ആയിരുന്നതിനാലും അവരിവിടെ ഈ സ്ഥാനത്ത് വന്നുചേരുമെന്നുള്ള സംശയം പോലുമില്ലാതിരുന്നതിനാലും അവരെ കണ്ടിട്ടും നാരായണിഅമ്മ അറിഞ്ഞില്ല. സഹോദരി വീഴുന്നതു കണ്ടപ്പോൾ അവർ താങ്ങിയെങ്കിലും അതിനാൽ ശാതോദരിയമ്മയുടെ ഉത്തമാംഗം തറയിൽതല്ലിതകർന്നുപോകാതിരിക്കുവാൻ സഹായിച്ചുവെന്നല്ലാതെ അവർ നിലത്തുവീഴാതിരിക്കുന്നതിന്ന നാരായണിയമ്മയുടെ സഹായം ശക്തമായിഭവിച്ചില്ല. ശാതോദരിയമ്മ നിലത്തുപതിച്ചയുടനെ "ശേഖരാ! അവക്ക വേണ്ടതായ ശുശ്രൂഷകൾ ചെയ്യുവാൻ പരിചാരികമാരോട പറയൂ" എന്നു യുവരാജാവ് കല്പിച്ചു. ഉടനെ തന്നെ നാലഞ്ചു പരിചാരികമാർ വന്ന് പലവിധ ശുശ്രൂഷകളാൽ കുറച്ചുസമയത്തിനകം അവരെ പ്രജ്ഞാവതിയാക്കി. ബോധം വന്നയുടനെ ശാതോദരിയമ്മ എഴുന്നേററ് നാരായണിഅമ്മയുടെ പുറകിലായി ചുമരുംചാരി നിന്നു. "യുവരാജാവും നമ്മെപ്പോലുള്ള മനുഷ്യനല്ലെ. ഞാൻ വേണ്ടതെല്ലാം പറഞ്ഞുകൊള്ളാം. ചേച്ചി കൂട്ടത്തിലൊന്നു

പോന്നാൽമതി"യെന്നുപറഞ്ഞതായ അനുജത്തിയുടെ ഈ പാരവശ്യം കണ്ടപ്പോൾ കുറെ പരിഭ്രമമുണ്ടായെങ്കിലും പിന്നീടു അതിനുള്ള കാരണം മനസ്സിലാകായ്കയാൽ അവൾക്കു ചിരിയാണുണ്ടായതു്. എന്തെന്നാൽ രാജസന്നിധിയായതിനാലുള്ള പരിഭ്രമമാണു് അനുജത്തിയെ ബോധരഹിതിയാക്കിയതെന്നാണു് നാരായണിയമ്മ വിചാരിച്ചതു്. ശാന്തോദരിയമ്മ എഴുന്നേററപ്പോൾ യുവരാജാവു് അവരോടിങ്ങിനെ ചോദിച്ചു.

യുവ: എന്താണു് നിങ്ങൾക്കിവിടെ ബോധിപ്പിക്കുവാനുള്ള സങ്കടങ്ങൾ?

ശാന്തോ: പൊന്നുതിരുമേനി! (ബാഷ്പധാരയോടും കൂപ്പുകയ്യോടുംകൂടി) അറിവില്ലാതെ ചെയ്തുപോയ അപരാധങ്ങൾ കൃപാനിധിയായ അവിടുന്നു സദയം പൊറുത്തു് അഗതിയായ അടിയനിൽ തിരുവുള്ളമുണ്ടാകുമാറാകണം.

യുവരാജാവു് തന്റെ വാമഭാഗത്തായി നിന്നിരുന്ന ശാന്തകുമാരിയുടെ കയ്യിന്മേൽ പിടിച്ചു മുമ്പിലേയ്ക്കു നീക്കി നിർത്തിയിട്ടു പറഞ്ഞു.

യുവ: ഇതാ! നിങ്ങളുടെ "വെണ്മാടത്തിലെറാണി" ഈ റാണിയുടെ വെണ്മാടത്തിലാണു് നിങ്ങൾ ഇപ്പോൾ സങ്കടം പറയുന്നതിനായി ഹാജരായിരിക്കുന്നതു് മനസ്സിലായോ? ആ റാണിയോടുതന്നെ നിങ്ങളുടെ സങ്കടം ഉണർത്തിയ്ക്കുക. ഉടനെ ശാന്തോദരിയമ്മ ശാന്തകുമാരിയുടെ പാദങ്ങളിൽ പതിക്കുവാനായി ഭാവിയ്ക്കുന്നതുകണ്ടു് ശാന്തകുമാരി തടഞ്ഞുകൊണ്ടു പറഞ്ഞു.

ശാന്ത: അരുതരുതു്. നിങ്ങളെന്റെ കാല്ക്കൽ വീഴരുതു്. അതെനിയ്ക്കു ഗുരുത്വക്കേടാണു്. അതങ്ങോട്ടാക

ട്ടെ. എന്നുപറഞ്ഞുകൊണ്ടു് യുവരാജാവിന്റെ മുമ്പിലേയ്ക്കു ചൂണ്ടിക്കാണിച്ചു. ഉടനെ അവർ യുവരാജാവിന്റെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു് വിങ്ങിവിങ്ങി കരയുവാൻ തുടങ്ങി. അതു കണ്ടപ്പോൾ അദ്ദേഹം അവരോടു അവിടെനിന്നുമെഴുന്നേററു മാറി നില്ക്കുവാൻ പറഞ്ഞിട്ടു് ഇതിന്റെയെല്ലാം സംഗതിയെന്തെന്നറിവാനുള്ള ഉൽക്കണ്ഠയോടെ പകച്ചിരിയ്ക്കുന്ന സദസ്യരെ നോക്കി ഇപ്രകാരം പറഞ്ഞു തുടങ്ങി.

"ഇപ്പോൾ ഇവിടെ കണ്ടതായ ഈ രംഗത്തിന്റെ സാരമെന്തെന്നറിയാതെ നിങ്ങൾ പകച്ചിരിയ്ക്കുകയായിരിയ്ക്കാം. അല്ലേ? എന്നാൽ ഇതിന്റെ ചരിത്രം ചുരുക്കമായി ഞാൻ നിങ്ങളെ ധരിപ്പിയ്ക്കാം. സശ്രദ്ധം കേട്ടുകൊള്ളുവിൻ. മാതുലൻ എന്നോടു ഏതെങ്കിലുമൊരു കന്യകയെ വിവാഹം കഴിക്കുന്നതിനായി നിർബന്ധിച്ചു തുടങ്ങിയിട്ടു് കുറെയധികംകാലമായി. എന്നെക്കൊണ്ടുവിവാഹവും കഴിപ്പിച്ചു് പട്ടാഭിഷേകവും നടത്തിയതിനുശേഷം ബാക്കിയുള്ളകാലം ഏകാന്തമായി ഇരുന്നു് ഈശ്വരധ്യാനത്താൽ കഴിച്ചുകൂട്ടണമെന്നാണു് അദ്ദേഹത്തിന്റെ ആഗ്രഹം. ഞാനാണെങ്കിൽ ഈ ഭാരമെല്ലാം തലയിൽ ചുമക്കുന്നതിനുള്ള മടിയാൽ ഒരു ദിവസമെങ്കിലും നീണ്ടുപോകുന്നെങ്കിലത്രയുമാകട്ടെ എന്നു കരുതി ഈ വകസംഗതികളിൽ അശ്രദ്ധനായി ദിവസങ്ങൾ കഴിച്ചുകൂട്ടി. ഈ സംഗതി മനസ്സിലാക്കിയ മാതുലൻ ഇപ്പോൾ കുറച്ചു നാളായിട്ടു് ഈ കായ്യത്തിൽ കലശലായ നിർബന്ധം തുടങ്ങി. എന്റെ അമ്മയും അമ്മാവന്റെ പക്ഷത്തുകൂടി. അവക്കു പുത്രിമാരില്ലാത്ത ദുഃഖം തീരുന്നതിനു ഞാൻ

വിവാഹം കഴിക്കാതെ തരമില്ലെന്നാണ് അമ്മയുടെ വാദം. എന്നാലങ്ങിനെതന്നെയാകാമെന്നു ഞാനും സമ്മതിച്ചു. എന്നാൽ ഞാൻ തിരഞ്ഞെടുക്കുന്ന കന്യകയെയല്ലാതെ ഞാൻ വിവാഹം കഴിക്കുകയില്ലെന്നും വിവാഹത്തോടടുത്തുതന്നെ പട്ടാഭിഷേകവും നിശ്ചയിച്ചിട്ടുള്ളതിനാൽ അതിനു മുൻപായി പാശ്ചാത്യരാജ്യങ്ങളിൽപോയി അവിടുത്തെ ഭരണരീതികളൊന്നു കണ്ടറിഞ്ഞു വരണമെന്നും ഞാൻ നിശ്ചയിച്ചു. അമ്മയും അമ്മാവനും അതിനനുവദിക്കുകയും ചെയ്തു. ഉടനെ ഞാൻ എന്റെ ഗുരുപുത്രനായ ഈ ശേഖരനേയും കൂട്ടിക്കൊണ്ടു് പരിവാരങ്ങളൊന്നും കൂടാതെ വിദേശപര്യടനത്തിനായി തിരിച്ചു. എന്നാൽ ഇവിടെ നിന്നു മിറങ്ങിയപ്പോൾ എനിക്കുതോന്നിയതു് ഒന്നാമതായി നമ്മുടെ പ്രജകളുടെ ജീവിതരീതികൾ ഒന്നു പരിശോധിച്ചതിനുശേഷമാകാം മററുരാജ്യങ്ങളിലേയ്ക്കുപോകുവാനെന്നാണ്. ഉടനെ ഞാൻ എന്റെ ശരീരത്തിലെല്ലാം കറുപ്പുചായംപൂശി നിറവ്യത്യാസം വരുത്തി പ്രച്ഛന്നനായി പ്രജകളുടെ ഇടയിലും ശേഖരൻ പകൽ മുഴവനും ഒളിവായും രാത്രിയിൽ ഞങ്ങളൊരുമിച്ചുംനടന്നു തുടങ്ങി. ഇതുകേട്ടപ്പോഴാണ് തപ്തകാഞ്ചന സദൃശമായ ഈ പൂമേനി കടുംകറുപ്പുവർണ്ണമായി തങ്ങൾക്കു അന്നു കാണുവാനിടയായതിന്റെ കാരണം ശാന്തകുമാരിക്കും മററും മനസ്സിലായതു്.

യുവരാജാവു് തുടൎന്നു. ഞങ്ങളിങ്ങനെ പലയിടത്തും സഞ്ചരിച്ചു ശഷം ഒരുനാൾ മദ്ധ്യാഹ്നസമയത്തു് രവിപുരത്തു എത്തിച്ചേൎന്നു. ലോഹങ്ങളെക്കൂടി ഉരുക്കുവാൻ

ശക്തമായ മദ്ധ്യാഹ്നസൂൎയ്യന്റെ ആതപം സഹിക്കുവാൻ ശക്തരാകാതെ ഞങ്ങൾ ആററിലിറങ്ങിസ്സ്നാനം ചെയ്യാമെന്നു കരുതി ആററിൻകരയിൽ ചെന്നപ്പോൾ അവിടെ പതിന്നാലു വയസ്സുപ്രായം വരുന്ന ഒരു ബാലികസമീപത്തുതന്നെ ഒരു ചെമ്പുകുടവും വച്ചുകൊണ്ടു് ആ പൊരിയുന്ന വെയിലത്തു് ഏകാകിയായിരുന്നു് നിശ്ശബ്ദം കണ്ണുനീർ വാൎക്കുന്നു. അനാഥനിലയിലുള്ള അവളുടെ ഇരുപ്പും ആരുടേയും കരളിനെ ഉരുക്കും വിധമുള്ള രോദനവും കണ്ടപ്പോൾ യഥാൎത്ഥത്തിൽ എന്റെ കരളലിഞ്ഞുപോയി. ഈ സമയത്തു് രാഘവൻകുട്ടിയുടെ നേത്രങ്ങളിൽനിന്നു് രണ്ടുമൂന്നു ബാഷ്പബിന്ദുക്കളുതിൎന്നു നിലത്തു പതിയ്ക്കുകയും സമീപസ്ഥന്മാരുടെയെല്ലാം ശ്രവണപുടങ്ങളെ ഭേദിയ്ക്കുമാറു് ഒരു ദീൎഘനിശ്വാസമുയരുകയും ശാന്തോദരിയമ്മയുടെ ഉത്തമാംഗം താഴുകയും ചെയ്തു. യുവരാജാവു് വീണ്ടും തുടൎന്നു ഇവളുടെ സങ്കടത്തിനുള്ള ഹേതു എന്താണെന്നു അറിയണമെന്നു ഞങ്ങൾ തീൎച്ചയാക്കി. നേരിട്ടു ചോദിച്ചാൽ അവൾ പറയുന്ന കാൎയ്യത്തിൽ ഞങ്ങൾക്കല്പം സംശയം തോന്നുകയാൽ കുറച്ചുമാറി അവൾ കാണാതെ ഞങ്ങളൊരുദിക്കിലൊളിച്ചുനിന്നു. അല്പംകഴിഞ്ഞപ്പോൾഅവൾ നദിയിലിറങ്ങികുളിയും കഴിഞ്ഞു് ഒരുകുടംവെള്ളവുംമുക്കിയെടുത്തുകൊണ്ടു് യാത്രയായി. ഉടനെ അവളുടെ ഗൃഹത്തിന്റെ പടി വരെ അവളറിയാതെ പിൻതുടൎന്ന ശേഷം ഞങ്ങൾ മടങ്ങിപ്പോന്നു പിറേറദിവസവും ആ സമയത്തു ഞങ്ങളുവിടെ ഹാജരായി. അന്നും തലേന്നാളത്തെ ഗതിതന്നെ. ഉടനെ

ഗ്രദ്ധമായി ഞങ്ങൾ ഇവളെപ്പററി അന്വേഷിച്ചപ്പോൾ അവൾക്കു മാതാപിതാക്കന്മാരും മററുമില്ലെങ്കിലും അവളെ സ്നേഹപൂർവം പരിപാലിക്കുന്ന ഒരു സഹോദരനും അവൾക്കു അന്തസ്സായും സുഖമായും ജീവിക്കുന്നതിനുള്ള ധനസ്ഥിതിയുമുണ്ടെന്നും മനസ്സിലായി. പിന്നെ അവളുടെ ദുഷ്ടയായ സഹോദരപത്നി ഭർത്താവ് അറിയാതെ അവളോടെടുക്കുന്ന നാത്തൂൻപോരാണ് അവളുടെ സങ്കടങ്ങൾക്കെല്ലാം കാരണമെന്നും ഞങ്ങളറിഞ്ഞു എന്നാലിനി ആ ഭവനത്തിലെ ഇവളുടെ ജീവിതരീതി എന്താണെന്നറിയണമെന്നുദ്ദേശിച്ച് ഞങ്ങളവളുടെ ഗൃഹപരിസരങ്ങളിൽ ചുററി നടന്നപ്പോൾ അവളുടെ ജ്യേഷ്ഠത്തിയമ്മയുടെ നീചത്വങ്ങൾ ഞങ്ങളെ അത്ഭുതപ്പെടുത്തുകയാണ് ചെയ്തത്. അതായത് എത്ര ദുഷ്ടയായ ഗൃഹനായിക ആയിരുന്നാലും തങ്ങളുടെ ഭൃത്യകളോടുപോലും ചെയ്യാൻ മടിക്കുന്ന നീചകൃത്യങ്ങൾ യാതൊരു സങ്കോചമൊ അലംഭാവമൊ കൂടാതെ ആ സ്ത്രീ ഈ കുട്ടിയിൽ പ്രയോഗിച്ചിരുന്നു. അവരിവളെ പരിഹാസമായി എപ്പോഴും വിളിച്ചിരുന്നത് "വെണ്മാടത്തിലെറാണി" എന്നായിരുന്നു. എത്രമാത്രം ഭൃത്യപ്രവൃത്തികൾ ആ കുട്ടി അവിടെ ചെയ്തിരുന്നാലും ആ ദുഷ്ട അവളോടു ചോദിക്കുന്ന ചോദ്യം "നീ ഇത്രയും സമയം വെണ്മാടത്തിൽ കയറി കാററുംകൊണ്ടിരിക്കുകയായിരുന്നുവോ" എന്നാണ്. ഇതെല്ലാം മനസ്സിലായപ്പോൾ ഇതിനൊരു പരിഹാരം ഉണ്ടാക്കണമെന്നു ഞാൻ നിശ്ചയിച്ചു. ഒരു ദിവസം ഈ കുട്ടിസ്നാനാനന്തരം വെള്ളവും ചുമന്ന് കണ്ണീരുമൊലിപ്പിച്ചു

കൊണ്ടു വരുമ്പോൾ ദാഹാർത്തനായ ഒരു പാന്ഥനെ
പ്പോലെ ഞാനിവളുടെ പുറകെ ആ ഭവനത്തിൽ കയ
റിച്ചെന്നു. ദാഹമുണ്ടായിരുന്നില്ലെങ്കിലും അവൾ തന്ന
തായ ശുദ്ധജലം മുഴുവൻ കുടിച്ചുശേഷം കൌതുകം
കൊണ്ടെന്നപോലെ ഞാൻ അവളുടെ ജീവചരിത്ര
ത്തെ സംബന്ധിച്ചു ചിലതെല്ലാം അവളോടു ചോദി
ച്ചു. അപ്പോഴല്ലേ കുട്ടിയുടെ ഭാവമെല്ലാം പകൎന്നതു്. ആ
വശ്യമില്ലാത്തതൊന്നും അവിടെ നിന്നും ചോദിയ്ക്കാ
തെ ഉടനെ അവിടുന്നിറങ്ങി പൊയ്ക്കൊള്ളണമെന്നും
മററും പറഞ്ഞു് അവളെന്നെ ശകാരിച്ചു തുടങ്ങി. ഇ
തുപറയുമ്പോൾ യുവരാജാവിന്റേയും ശാന്തകുമാരി
യുടേയും വദനങ്ങളിൽ ഒരു ചെറുപുഞ്ചിരി കളിയാടി.

യുവരാജാവു് തുടൎന്നു പറഞ്ഞു തുടങ്ങി. ഉടനെ
ഞാൻ നയത്തിൽ കൂടി. എന്തിനധികം പറയുന്നു. ച
തുരുപായങ്ങളും പ്രയോഗിച്ചു് അവളെ ഞാനൊരുവി
ധത്തിൽ സ്വാധീനപ്പെടുത്തി. അവളുടെ വെള്ളം ചുമ
ടിനെ തടഞ്ഞു. ആദ്യകാലത്തൊന്നും എന്റെ വാക്കുക
ളെ ഗണ്യമാക്കാതെ അവളുടെ ജ്യേഷ്ഠപത്നിയെ ഭയന്നു്
വെള്ളം ചുമടു മുടങ്ങാതെതന്നെ നടത്തിവന്നു. അങ്ങി
നെയിരിയ്ക്കുമ്പോൾ ആ കുട്ടിക്കു എന്നെ സംബന്ധി
ച്ചൊരു സംശയം ജനിച്ചു. അതായതു് ആദ്യകാലത്തു്
അവരുടെ ഗൃഹത്തിലൊരു വല്ല്യമ്മ താമസിച്ചിരുന്നുവ
ത്രെ. അവൾക്കു ഈ കുട്ടിയോടു വലിയ സ്നേഹമായിരു
ന്നു. അവരെ അവളുടെ ജ്യേഷ്ഠയായ ജ്യേഷ്ഠത്തിയമ്മ അ
വിടെ നിന്നും പറഞ്ഞയച്ചു. അവരുടെ പുത്രനാണു്
ഞാനെന്നാണു് ബാലികയ്ക്കുണ്ടായ സംശയം. ഞാനു

മതിനെ സമ്മതിച്ചു. എനിക്കുഗോപാലൻകുട്ടിയെന്നു പേരുമിട്ടു. ഇത്രയും പറഞ്ഞപ്പോഴേയ്ക്കു ശാന്തകുമാരി യുവരാജാവിൻെറ സിംഹാസനത്തിനു പുറകിൽ മറഞ്ഞുകഴിഞ്ഞു. രാജശേഖരൻ ചിരിക്കുന്ന ശബ്ദം പുറത്തു കേൾപ്പാതിരിപ്പാനായി വാ പൊത്തി. യുവരാജാവ് വീണ്ടും തുടൎന്നു. ആ ഒരു വിശ്വാസം ജനിച്ചതോടു കൂടി എൻെറ വാക്കുകളെ അവൾ ബഹുമാനിക്കുവാൻ തുടങ്ങി. ഒരു ദിവസം അവൾ നദീജലം കൊണ്ടുവന്നില്ല. അതിനു ആ ദുഷ്ട ആ കുട്ടിയെ അസഭ്യവാക്കുകളാലഭിഷേകംചെയ്തു. ഈ സമയത്തു ആവളുടെ സഹോദരൻ അവിടെ ചെന്നു കയറി. ഇതിനുമുമ്പ് ഇവർ തമ്മിലുള്ളഈജീവിതരീതികളൊന്നുംഅയാളറിഞ്ഞിരുന്നില്ല. പക്ഷെ അന്ന് അയാൾ ചെന്നതായ സമയം നല്ലതായിരുന്നുവെങ്കിലും സുന്ദരിയായ പ്രിയതമയുടെ ചാടുവാക്യങ്ങളിൽ മയങ്ങി കുററങ്ങളെല്ലാം അയാൾ സഹോദരിയിലാരോപിയ്ക്കുകയാണു ചെയ്തതു്. എല്ലാററിലും ക്രൂരതലായി അവളെ ശകാരപ്പെടുത്തിയതതാണ്. പിറേറന്നാൾ രാവിലെ അവളുടെ സഹോദരൻ കുറെയകലെ എവിടേയ്ക്കോ പോയി. കുറച്ചു ദിവസം കഴിയാതെ അയാൾ മടങ്ങിവരികയില്ലെന്നു നിശ്ചയമുണ്ടായിരുന്ന അയാളുടെ ഭാൎയ്യ അന്നു ആ കുട്ടിയെ പട്ടിണിയിട്ടു. വിശപ്പുസഹിക്കുവാൻ വയ്യാതായപ്പോൾ കുട്ടി അവരോടു ആഹാരം കൊടുക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ ആ നീചഹൃദയ അവളെ അനവധി ശകാരിച്ചുകൊണ്ടു് രണ്ടുപ്രഹരം സമ്മാനിച്ചു. ഈ സമയത്ത് ഞാനിവരുടെ അയല്പക്കാരിയായ ഒരു സ്ത്രീയുടെ ഭവനത്തിൽ ഒരു സൂത്രം പറഞ്ഞു കയറിചെന്നു. അ

വൾക്ക് ഈ കുട്ടിയോടു അതിയായ വാത്സല്യമുണ്ടെന്നെ നിയ്ക്കു മനസ്സിലായതിനാൽ അവരെക്കൊണ്ടുകൂടി ചി ല സംഗതികൾ സാധിയ്ക്കേണ്ടതിലേയ്ക്കാണു് ഞാന വിടെചെന്നതു്. പക്ഷേ അവർ ഒരുനിഷ്കളങ്കയും മഹ മനസ്കയുമായതിനാൽഞാനവരെക്കൊണ്ടുപ്രവത്തിപ്പി ക്കേണമെന്നു് ഉദ്ദേശിച്ചിരുന്നതെല്ലാം പ്രേരണകളൊ ന്നുംകൂടാതെ അവർ തനിയെ ചെയ്തു. ഒടുവിൽ ഈ കു ട്ടിയെ അവളുടെ ജ്യേഷ്ഠത്തിയമ്മ അദ്ധരാത്രി സമയത്തു പിടലിക്കു പിടിച്ചുതള്ളി പടിപ്പുരക്കു പുറത്താക്കി ക തകടച്ചു സാക്ഷയിട്ടു. ഉടനേ ഞാനവിടെചെന്നു് ആ കുട്ടിയെ വിളിച്ചു് ശേഖരനേയുംകൂട്ടി ഇങ്ങോട്ടയച്ചു ശേഷം അവിടെതന്നെ താമസിച്ചു. ബാലികയുടെ സ ങ്കടത്തിനു ശമനമുണ്ടായെങ്കിലും അപരാധിയെ ശി ക്ഷിയ്ക്കേണ്ടതായ ഭാരം എനിൽ ബാക്കിനില്ക്കുകയാ യിരുന്നതിനാലും "എന്റെ ജ്യേഷ്ഠനെ സങ്കടപ്പെടുത്ത രുതു്" എന്നുള്ള മേല്പറഞ്ഞ ബാലികയുടെ അപേക്ഷയെ സാധിക്കേണ്ടതിലേക്കും വേണ്ടിയാണു് ഞാനവിടെ താമസിച്ചതു്. ആ ദുഷ്ടസ്ത്രീയെ ഇത്രമാത്രംഅഹങ്കാരി യാക്കിതീത്തതു് അവൾക്കു ഹൈസ്കൂളിൽ ഒരു ഉദ്യോഗ മുണ്ടായിരുന്നതാണെന്നു മനസ്സിലാക്കി ഒന്നാമതായി ഞാനവരെ അതിൽനിന്നുമൊഴിവാക്കി. അതിനുശേ ഷം അവരുടെ ഭത്താവുവന്നു് സഹോദരിയുടെ വിവര മറിഞ്ഞു് തന്റെ ഭാര്യ സഹോദരിയോടു പ്രവത്തിച്ച വിധംതന്നെ അയാളവരേയും ചെകിട്ടത്തു പ്രഹരിച്ചു് പിടലിക്കു പിടിച്ചു പുറത്തു തള്ളുന്നതുവരെ ഞാൻ ദൃ ക്സാക്ഷിയായി അവിടെനിന്നു അതു കഴിഞ്ഞപ്പോ

ഴത്തിലും വലിയ ദുർഘടമായി. സഹോദരിയുടെ അപ ത്തിനെപററിയുള്ള ചിന്ത അയാളിൽ ചിത്തഭ്രമമാണു ളവാക്കിയതു്. പിന്നെ ആ മനുഷ്യനെ ഒരുവിധത്തിൽ പറഞ്ഞു സമാധാനപ്പെടുത്തി ഈ ദേവനഗരിയിൽ തന്നെ ഒരിടത്തു കൊണ്ടുവന്നു താമസിപ്പിച്ചു. അനന്തരം എൻെറ വിവാഹത്തിൻെറ തലേനാൾ അയാളുടെ സഹോദരിയെ യുവരാജാവ് വിവാഹം കഴിയ്ക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായറിയിച്ച് ഈ കൊട്ടാരത്തിലേക്കു കൂട്ടികൊണ്ടുവന്നു.

അല്ലയോ സദസ്യരെ! ഇതിൽമേല്പറഞ്ഞപെൺകുട്ടി എൻെറ പത്നിയായ ഈ ശാന്തകുമാരിയും അവളെ ഉപദ്രവിച്ചവർ ഇപ്പോഴവളുടെ മുൻപാകെ സങ്കടനിവേദനത്തിനായി എത്തിയിരിക്കുന്ന ഈ സ്ത്രീയുമാണു്. അവരെക്കൊണ്ടു് അവളുടെ മുൻപിൽത്തന്നെ സങ്കടം ബോധിപ്പിക്കണമെന്നും അവരവളെ പരിഹാസമായി വിളിയ്ക്കാറുള്ള "വെണ്മാടത്തിലെറാണി"യെന്നുള്ളപേരു് യഥാർത്ഥമായി ഭവിച്ചുതായി അവരെഅറിയിക്കണമെന്നും കരുതിത്തന്നെയാണു് അവരുടെ സങ്കടങ്ങൾ ഇന്നേദിവസം ഇവിടെവെച്ചു തീക്കുന്നതാണെന്നു് ഞാൻ കാലേക്കൂട്ടി അറിവ് കൊടുപ്പിച്ചിരുന്നതു്. ഇനി ഇവരുടെ സങ്കടമെന്താണെന്നും ഞാനതിനു ചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന പരിഹാരം എന്താണെന്നുംകൂടി വെളിപ്പെടുത്തി നിങ്ങളുടെ ജിജ്ഞാസയെ ഞാൻ മൂലച്ഛേദം ചെയ്യേക്കാം. അവക്കു പറവാനുള്ളതു് അവരുടെ പൊയ്പ്പോയ ഉദ്യോഗം തിരിച്ചു കിട്ടണമെന്നുള്ളതാണു്. നിരപരാധിയും സാധുശീലയുമായ

ഒരു പെൺകുട്ടിയെ അതും മാതാപിതൃവിഹീനയായ തന്റെ ഭർത്തൃസഹോദരിയെ ഇത്രമാത്രം ദ്രോഹിയ്ക്കുന്നതിന്നുമപമാനിക്കുന്നതിന്നുമവരുടെ മനഃസാക്ഷിയെ പ്രേരിപ്പിച്ചതു് ഈ ഉദ്യോഗംമൂലമുള്ള അഹങ്കാരപ്രമത്തതയാകയാൽ മേലിൽ ആ ഉദ്യോഗമവരെക്കൊണ്ടു ഭരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. പിന്നെ എന്റെ പത്നിയും അവരാൽ ദ്രോഹിയ്ക്കപ്പെട്ടവളുമായ ശാന്തകുമാരിയുടെ അപേക്ഷയനുസരിച്ചും അവളുടെ പാദത്തിൽ പതിച്ചു് അവർ ദയവിനെ യാചിയ്ക്കുകയാലും അവൾക്കായി ഞാൻ നിശ്ചയിച്ചിരുന്ന ശിക്ഷയെ തല്ക്കാലം നീട്ടിവച്ചിട്ടു് അവരുടെ ഭർത്താവിന്നു ഇഷ്ടമുള്ളപക്ഷം ആ മനുഷ്യന്റെ ഭാര്യാസ്ഥാനത്തെ സ്വീകരിച്ചുകൊള്ളട്ടെ ഈ സമയത്തു് സദസ്യരെല്ലാപേരും യുവരാജാവിന്റെ മഹാമനസ്കതയെ പുകഴ്ത്തിക്കൊണ്ടു് ചീയേഴ്സു വിളിച്ചു. ഉടനെ യുവരാജാവ് രാഘവൻകുട്ടിയോട ചോദിച്ചു.

യുവ: എന്തു വിചാരിയ്ക്കുന്നു?

രാഘ: മര്യാദയ്ക്കു ജീവിക്കുന്നപക്ഷം അടിയനു വിരോധമില്ല.

യുവ: ശേഖരാ! ആ സ്ത്രീ എന്തു നിശ്ചയിച്ചുവെന്നു ചോദിയ്ക്കൂ.

ഉടനെ ശാതോദരിയമ്മ അകലെനിന്നു യുവരാജാവിനെ നമസ്കരിച്ചുകൊണ്ടു പറഞ്ഞു.

ശാതോ: അഗതിയായ അടിയൻ അവിടുത്തെ തിരുവുള്ളത്തെ ശിരസാ വഹിച്ചുകൊള്ളുന്നു.

യുവ: ശരി, ചെങ്കോൽ പിടിയ്ക്കുന്ന കൈകൾക്കു് നീതി നടത്തുവാൻ ത്രാണിയുണ്ടെന്നുള്ളകാര്യം ഓർമ്മ

യിരിയ്ക്കട്ടെ. , അല്പസമയം മൌനമായി ഇരുന്നശേഷം അദ്ദേഹം വീണ്ടും പറഞ്ഞു.

യുവ: ശാന്തത്തിന്റെ സഹോദരനെ കൊട്ടാരം സർവ്വാധിയായി നിയമിച്ചിരിക്കുന്നു. പിന്നെ ശാന്തത്തിന്ന എത്രയും പ്രിയതരയായിരുന്ന വല്യമ്മ മരിച്ചുപോകയാൽ അവരുടെ സ്മാരകമായി തൽഗൃഹത്തിലേയ്ക്കു് രണ്ടുതലമുറവരെ നിത്യവും കൊട്ടാരം കലവറയിൽ നിന്നു നിത്യവും രണ്ടേകാലും കോപ്പും കൊടുക്കുവാനും അവരുടെ പുത്രനെ കൊട്ടാരം കലവറയുടെ മാനേജരായും നിയമിച്ചിരിക്കുന്നു. ഇനിയൊന്നുള്ളതു് ശാന്തത്തിനോടു എത്രയും വാത്സല്യചിത്തയായ ഈ ശാരിയമ്മയെ സംബന്ധിച്ചാണു്. അവരുടെ ഭർത്താവായ ഹൈക്കോടതിവക്കീൽ ലക്ഷ്മണൻപിള്ളയെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചിരിക്കുന്നു. അപ്പോഴും സദസ്യർ ചിയേഴ്സു വിളിച്ചു. അനന്തരം സദസ്യരോടെല്ലാപേരോടുമായി ഇങ്ങനെ പറഞ്ഞു.

"ഈ ചരിത്രങ്ങളെല്ലാം എല്ലാപേർക്കുമോർമ്മയായിരിയ്ക്കട്ടെ. ഈ രാജ്യത്തിൽ എവിടെവച്ചു് എന്തഴിമതി നടന്നാലും അവിടെയെല്ലാം ഞാനുണ്ടെന്നുള്ള കാര്യം ആരും മറന്നു പോകരുതു്." ഇങ്ങനെ പറഞ്ഞുകൊണ്ടു് അദ്ദേഹം രാജ്ഞി ശാന്തകുമാരീദേവിയുടെ കയ്യും പിടിച്ചു മുകളിലേയ്ക്കെഴുന്നള്ളി. ഹസ്തതാഡനം, ആപ്പ്, ചിയേഴ്സ് മുതലായ സദസ്യരും പിരിഞ്ഞുപോയി.

165530
34458
032:3N114;11
MUL
165530

18 JUN 1956